VI. ധനകാര്യം

2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ടി. തോമസ് : സർ, കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളിൽ നിലയുറപ്പിച്ചുകൊണ്ട് ജനക്ഷേമകരമായ നിരവധി പദ്ധതികൾക്ക് രൂപം കൊടുത്ത് ശോഭനമായ ഒരു വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് 18,287 കോടി രൂപ വരവും 23,018 കോടി രൂപ ചെലവുമുള്ള യാഥാർത്ഥ്യബോധം ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണ്. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് കേരള ജനതയുടെ മുൻപിൽ ആശ്വാസത്തിന്റെയും വിശ്വാസത്തിന്റെയും ഒരു പാത തുറന്ന ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. 'പൊള്ളയായ വാഗ്ദാനങ്ങളോ പൊടിപ്പും തൊങ്ങലും വച്ച വിശദീകരണങ്ങളോ ഇല്ലാതെ കേരളത്തിന്റെ സമ്പദ്ഘടന എന്താണ്, വളർച്ചാ നിരക്ക് എന്താണ്, വ്യവസായ മേഖലയുടെ സ്ഥിതി എന്താണ്, പരമ്പരാഗത മേഖലയുടെ സ്ഥിതി എന്താണ്, പ്രഥമ മേഖലയുടെ സ്ഥിതി എന്താണ്, ദ്വിതീയ മേഖലയുടെ സ്ഥിതി എന്താണ് എന്നെല്ലാം സത്യസന്ധമായി വരച്ചു കാണിക്കുന്ന ഈ ചിത്രം, വളരെയേറെ സ്വാഗതാർഹമായ ഒരു ബഡ്ജറ്റ് സ്പീച്ചാണ് എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ടേൺ ഓവറുള്ള, വരുമാനമുള്ള കമ്പനിയായി പൊതുമേഖലാ സ്ഥാപനങ്ങളുടെ വിലയിരുത്തൽ നടത്തുന്ന റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ്, കേരള 2004-05-ൽ തെരഞ്ഞെടുത്തിരിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡിനെയാണ്. ഏകദേശം 38.52 ശതമാനം മുതൽമുടക്കും ഏകദേശം 103.49 കോടി രൂപ ലാഭവുമുള്ള ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച് ശോഭനമായ ഒരു ചിത്രമാണ് പബ്ലിക് എന്റർപ്രൈസസ് റിപ്പോർട്ടിൽ നമുക്ക് കാണാൻ കഴിയുന്നത്. കുപ്രസിദ്ധമായ ലാവ്‌ലിൻ ഇടപാട് ഇല്ലായിരുന്നെങ്കിൽ ഇതിനേക്കാൾ എത്രയോ മെച്ചമാകുമായിരുന്നു ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ഥിതി എന്ന് ഞാൻ ഓർക്കുകയാണ്. ബോഫോഴ്സ് മുതൽ ശവപ്പെട്ടി കുംഭകോണം വരെ വാതോരാതെ പ്രസംഗിച്ചവരാണ് ബഹുമാന്യരായ പ്രതിപക്ഷ ബഞ്ചിലെ നേതാക്കൾ. കേരളം കണ്ടിട്ടുള്ള, ഇൻഡ്യ കണ്ടിട്ടുള്ള ഏറ്റവും ഗുരുതരമായ ലാവ്‌ലിൻ ക്രമക്കേടിനെ സംബന്ധിച്ച് മൗനം പാലിക്കുന്നത് എന്താണ് ? സി.പി.ഐ.(എം)-ന്റെ സെക്രട്ടറി ബഹുമാനപ്പെട്ട പിണറായി വിജയൻ പറഞ്ഞിരിക്കുന്നത് "എന്റെ കമെന്റ് അനവധി ദിവസങ്ങൾക്കകം ഉണ്ടാകാം, ഉണ്ടാകാതിരിക്കാം" എന്നാണ്. ഇപ്പോൾ സി.പി.ഐ.(എം)-ന്റെ നിലപാട് 'വേണ്ടണം' എന്നാണ്. വേണോ വേണ്ടേ എന്ന് ചോദിച്ചാൻ വേണ്ടണം എന്നുപറയുന്നതാണ് സി.പി.ഐ.(എം)-ന്റെ നിലപാട്. ബോഫോഴ്സ് മുതൽ ശവപ്പെട്ടി വരെ യൂറിയ മുതൽ പഞ്ചസാര കുംഭകോണം വരെ, പടന്നുകയറിയ സി.പി.ഐ.(എം)-ന്റെ സ്ഥിതി എന്താണ് ? സി.ആന്റ്.എ.ജി.-യുടെ പുകഴ്ത്തലുകളുടെ കോലാഹലങ്ങൾകൊണ്ട് പാർലമെന്റും നിയമസഭകളും നിറയുകയായിരുന്നില്ലേ ? എന്റെ കയ്യിലിരിക്കുന്നത്, പീപ്പിൾസ് ഡെമോക്രസിയുടെ ഒരു പതിപ്പാണ്. രാജ്യസഭയിലെ സി.പി.ഐ.(എം) നേതാവ് ശ്രീ. നീലോൽപ്പൽ ബസു സോന്റേർ ഹോട്ടൽ ഇടപാടുമായി ബന്ധപ്പെട്ട് പ്രസംഗിച്ചുകൊണ്ട് പറയുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

"In the interest of probity in public life and transparency governs a full CBI enquiry into all aspects of the deal must be ordered". 145 കോടി രൂപയേയുള്ളൂ സെന്റോർ ഹോട്ടലിന്റെ ക്രമക്കേട്. 374 കോടി രൂപയുടെ ക്രമക്കേട് കണ്ടുപിടിച്ച ലാവ്‌ലിൻ ഇടപാടുമായി ഇതിന് താരതമ്യമുണ്ടോ ? കേരള നിയമസഭ ഇത്രയും ഗുരുതരമായ ആരോപണം ഉന്നയിക്കുമ്പോൾ ശ്രീ. കാർത്തികേയൻ എന്തുപറഞ്ഞു, ശ്രീ. പത്മരാജൻ എന്തുപറഞ്ഞു എന്ന് ചോദിക്കലാണോ നിങ്ങളുടെ ജോലി ? യു.ഡി.എഫും ഐക്യജനാധിപത്യ മുന്നണിയും പ്രത്യേകമായ പ്രകടന പത്രികയും ആശയപരമായ മുന്നേറ്റങ്ങളും ബഹുജന മദ്ധ്യത്തിൽ അണിനിരത്തിയല്ലേ തെരഞ്ഞെടുപ്പിനെ നേരിട്ടത് ? ഞങ്ങൾ എന്ത് ചെയ്തു എന്ന് ചോദിക്കാനുള്ള അവകാശം നിങ്ങൾക്ക് ഉണ്ടോ ? കുറ്റ്യാടി പദ്ധതിയുടെ സി. ആന്റ് എ. ജി. റിപ്പോർട്ട് വന്നപ്പോൾ നിങ്ങൾ എന്ത് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു ? എവിടെയായിരുന്നു പ്രതിപക്ഷ ബഞ്ചുകൾ ? സി.പി.ഐ.-യുടെ മറ്റൊരു നേതാവ് ദീപാങ്കർ മുഖർജി സി. ആന്റ് എ. ജി.-യെപ്പറ്റി പറഞ്ഞിരിക്കുന്നതെന്താണ് ? അദ്ദേഹം പീപ്പിൾസ് ഡെമോക്രസിയിൽ പറഞ്ഞിരിക്കുന്നത് കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയായ സി. ആന്റ് എ. ജി.-യെ ചോദ്യം ചെയ്യുന്നത് ഭരണഘടനയെ ചോദ്യം ചെയ്യുന്നതിന് തുല്യമാണെന്നാണ്. പാമോലിൻ കേസ് മുതൽ ബ്രഹ്മപുരം പദ്ധതിയുടെ കാര്യം വരെ പറഞ്ഞ് പ്രതിപക്ഷാംഗങ്ങൾ അലറുകയായിരുന്നില്ലേ ? നിങ്ങളുടെ ക്യാപ്റ്റന്റെ തലയ്ക്ക് അടികൊണ്ടപ്പോൾ നിങ്ങൾ എവിടെപ്പോയി ? സി. ആന്റ് എ. ജി. പറയുകയാണ് ; പള്ളിവാസൽ, പന്നിയാർ, ചെങ്കുളം ജലവൈദ്യുത പദ്ധതികളുടെ പുതുക്കിപണിയലിനും നവീകരണത്തിനും ബോർഡ് തുനിഞ്ഞത് സി.ഇ.-യുടെ ശുപാർശകളെ അവഗണിച്ചുകൊണ്ടായിരുന്നു. ആസ്തി സംബന്ധമായ ചെലവ് വഹിക്കുന്നതിനുള്ള സി. ഇ.-യുടെ മുൻകൂർ സമ്മതം വാങ്ങുകയോ പദ്ധതികൾക്കായി ധാരണാപത്രം ഒപ്പിടുന്നതിന് മുൻപ് സാദ്ധ്യതാ പഠനം നടത്തുകയോ ചെയ്തിട്ടില്ല. മെമ്പർമാരുടെയോ ബോർഡിന്റെയോ മുൻകൂട്ടിയുള്ള ഔപചാരികമായ അംഗീകാരം കൂടാതെയാണ് വിദഗ്ധോപദേശത്തിനായുള്ള കരാർ ഉറപ്പിച്ചത്. ഉപകരണങ്ങളുടെ വിതരണത്തിനും എഞ്ചിനീയറിംഗ് സേവനത്തിനുമുള്ള അന്തിമ കരാർ ഒരു മന്ത്രിതല പ്രതിനിധി സംഘത്താൽ ഉറപ്പിക്കപ്പെട്ടത് നേരിട്ട് ഇടനിലക്കാരനായി പ്രവർത്തിച്ച ഒരു ഉപദേഷ്ടാവുമായിട്ടായിരുന്നു. യഥാർത്ഥത്തിൽ സാമഗ്രികളുടെ വിതരണവും സേവനവും വരുത്തിയത് എന്താണ് ? കരാറുകാരനാലുള്ള സാങ്കേതിക വിദ്യയുടെ കൈമാറ്റത്താലും എഞ്ചിനീയർമാരുടെ പരിശീലനത്തിന്റെ അഭാവത്താലും ബോർഡ് നടത്തിയ പുതുക്കിപണിയലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സാദ്ധ്യമായിരുന്നില്ല. ഉപകരണങ്ങളുടെ വിവിധ സാങ്കേതിക തകരാറുകൾ കാരണം വൈദ്യുതിയുടെ ഉല്പാദനം പുതുക്കിപണിയലിനുമുമ്പുള്ള നിലയിൽപ്പോലും നിലനിർത്താൻ സാധ്യമായില്ല. അതിനാൽ കേടുപാടുകൾ തീർക്കുന്നതിനായി ഒഴിവാക്കാമായിരുന്ന ചെലവുകൾ ബോർഡിന് വഹിക്കേണ്ടിവന്നു. വൈദ്യുതി ഉല്പാദനത്തിൽ ഒരു മെച്ചവും ഉണ്ടാക്കാത്തതിനാൽ യന്ത്രങ്ങളുടെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തുക എന്ന മുഖ്യലക്ഷ്യം നേടാൻ നമുക്ക് കഴിഞ്ഞില്ല. എന്താണ് പ്രതിപക്ഷം ഇതുസംബന്ധിച്ച് പറയുന്നതെന്ന് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. ബാലാനന്ദൻ കമ്മിറ്റിയുടെ റിപ്പോർട്ടാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൈയിലിരിക്കുന്നത്. ആരായിരുന്നു ഈ ബാലാനന്ദൻ ? 1991-ൽ ബഹുമാന്യനായ ഡോ. മൻമോഹൻ സിംഗ് ഉദാരവൽക്കരണ-ആഗോളവൽക്കരണ നയങ്ങളുമായി കടന്നു വന്നപ്പോൾ മുച്ചൂടും എതിർത്തവരാണ് പ്രതിപക്ഷം. അതിനെത്തുടർന്ന് മഹാരാഷ്ട്രയിൽ എൻട്രോൺ കമ്പനി വന്നു. എൻട്രോൺ വൈദ്യുതി മേഖലയിൽ കൈ കടത്താൻ പോകുന്നു, നമ്മുടെ രാജ്യത്തെ വിദേശ ശക്തികൾക്ക് തീറെഴുതാൻ പോകുന്നുവെന്ന് ഇവർ പറഞ്ഞു. സി.പി.ഐ.(എം) പറഞ്ഞു. സി.ഐ.ടി.യു.-ന്റെ അഖിലേന്ത്യാ സെക്രട്ടറി സഖാവ് ബാലാനന്ദൻ ചെയർമാനായി അഖിലേന്ത്യാതലത്തിൽ വൈദ്യുതി നവീകരണത്തെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. ആഗോള കുത്തക മുതലാളിത്വത്തിന്റെ വരവിൽ അപകടമുണ്ടെന്ന് ആ കമ്മിറ്റി പറഞ്ഞു. എല്ലാ ഇടപാടുകളിലും അവർക്ക് കമ്മീഷനുണ്ട്. അതുകൊണ്ട് പാടില്ലെന്നു പറഞ്ഞു. 1994-ൽ എൽ.ഡി.എഫ്. വന്നു. ബാലാനന്ദൻ കമ്മിറ്റിയെ വച്ചു. എന്തിനായിരുന്നു ? പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളെപ്പറ്റി പഠിക്കുന്നതിനുവേണ്ടിയായിരുന്നു. ഇതു സംബന്ധിച്ച് സംസാരിക്കുമ്പോൾ ഇടുക്കിക്കാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഗൃഹാതുരത്വത്തിന്റെ പ്രശ്നമുണ്ട്. ഇടുക്കിയിലെ ഹൃദയധമനികളിലെ രക്തമാണ് ശ്രീ. പിണറായി വിജയനും കൂട്ടരുംകൂടി കുടിച്ചിരിക്കുന്നത്. കൊള്ളക്കാരനെന്നു നിങ്ങൾ ആക്ഷേപിച്ചിരുന്ന സഖാവ് മണിസാർ സി.പി.-യെ വെട്ടിയപ്പോൾ ഞങ്ങളാണ് വെട്ടിയത് എന്നു പറഞ്ഞു. ആ സർ സി. പി. രാമസ്വാമി അയ്യർ പോലും ചെയ്യാൻ മടിക്കുന്ന ക്രൂരകൃത്യമാണ് അദ്ദേഹത്തിന്റെ കാലത്ത് കൊണ്ടുവന്ന പള്ളിവാസൽ പദ്ധതിയുടെ പേരിൽ നിങ്ങൾ നടത്തിയിരിക്കുന്നത്. 1996 സെപ്റ്റംബർ 19-ന് ബാലാനന്ദൻ കമ്മിറ്റി നിയോഗിക്കപ്പെട്ടു. കാര്യങ്ങൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെപ്പോലെയുള്ളവർക്കറിയാം. ഇലക്ട്രിസിറ്റി ബോർഡ് ഫലപ്രദമായി കൊണ്ടുനടന്ന ആളുകളാണ്. എന്തായിരുന്നു ? 1997 ഫെബ്രുവരി 2-ന് ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. 1996 ഒക്ടോബർ 12 മുതൽ 29 വരെ സഖാവ് പിണറായി വിജയൻ ഒരു നാലംഗ സംഘവുമായി കാനഡ, ഇംഗ്ലണ്ട്, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ ചുറ്റി സഞ്ചരിച്ചു. വാഷിംഗ്ടണിൽ ലോക ബാങ്ക് നേതാക്കളുമായി സംസാരിക്കുന്നു, തൊഴിലാളി വർഗ്ഗത്തിന്റെ പ്രിയപ്പെട്ട നേതാവ് സഖാവ് പിണറായി വിജയൻ, പോരാത്തതിന് ഡയറക്ടറുമായി സംസാരിക്കുന്നു. കേരളത്തിന്റെ വൈദ്യുതി നവീകരണ രംഗത്ത് ഇടപെടാൻ ഒരു ടീമിനെ അയയ്ക്കണമെന്ന് ആവശ്യപ്പെടുന്നു. തുടർന്ന് ടീം അംഗങ്ങൾ ഇംഗ്ലണ്ട് സന്ദർശിക്കുന്നു. വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ആസ്ഥാനം സന്ദർശിക്കുന്നു. കേരളത്തിലും സന്ദർശനം നടത്തണം എന്നു പറയുന്നു. ബൂർഷ്വാ പാർട്ടികളുടെ പ്രതീകം എന്ന് ആക്ഷേപിക്കുന്ന സി.പി.ഐ.(എം)-ന്റെ ആളുകളോട് ഞങ്ങൾ ചോദിക്കുന്നു എങ്ങനെ നിങ്ങളുടെ നേതാക്കൾക്ക് ഇത് പറയാൻ കഴിഞ്ഞുവെന്ന്. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിന്റെ 13, 14 പേജുകളിൽ പറയുന്നത് എന്താണ് ? ഒന്ന്, നവീകരണം ആവശ്യമുള്ള സ്ഥലത്ത് മാത്രം. രണ്ട് ഇത് 'ഭെൽ'-നെയാണ് ഏല്പിക്കേണ്ടത്. ജനറേറ്ററുകൾ പൂർണ്ണമായി മാറ്റുന്നത് ശരിയല്ല. പവർ സ്റ്റേഷന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയോ പുതിയ സ്റ്റേഷൻ സ്ഥാപിക്കുകയോ ചെയ്യാതെ ഉല്പാദനം വർദ്ധിക്കില്ല. നവീകരണം ഒഴിവാക്കാൻ കഴിയാത്തിടത്തു മാത്രം ചെയ്യുക. സ്പെയർ പാർട്ട്സുകൾ ജപ്പാനിലെ ഹിറ്റാച്ചി കമ്പനിയിൽ നിന്നുതന്നെ വാങ്ങിയിരിക്കണം. പൂർണ്ണമായി നവീകരണം എന്ന ആശയം

LIBRARY ARCHIVES Kerala Legislative Assembly

ബാലാനന്ദൻ കമ്മിറ്റി തള്ളി. ബാലാനന്ദൻ കമ്മിറ്റി തള്ളിയ എട്ടാം ദിവസം സെക്രട്ടേറിയറ്റ് അംഗമായ സഖാവ് പിണറായി വിജയൻ ലോക മുതലാളിത്തത്തിന്റെ പ്രതീകമായ ആഗോള കുത്തക കമ്പനികളുടെ പ്രതീകമായ എല്ലാ കമ്മീഷന്റെയും ഉറവിടമായ എന്നു നിങ്ങൾ പണ്ട് പറഞ്ഞിട്ടുള്ള ലാവ്‌ലിനുമായി ചങ്ങാത്തം ഉണ്ടാക്കിയില്ലേ? ശ്രീ. എ. കെ. ആന്റണി മുതൽ ശ്രീ. ശക്തൻ വരെ പോയില്ലേ? നിങ്ങൾ ഈ നിയമസഭയിലെ ഏതെങ്കിലും ഒരു മന്ത്രിയെ വെറുതെ വിട്ടിട്ടുണ്ടോ? അല്പം മുമ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏതോ ഒരു കാര്യത്തിന് ഇടപ്പെട്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചാടിവീഴുന്നു. എന്താണത്? സി. ആന്റ് എ. ജി. റിപ്പോർട്ട് വന്നപ്പോൾ ആ ബഞ്ചുകളിൽ ആളുകളെ കാണാനില്ലല്ലോ. എവിടെ പോയി നിങ്ങൾ? ലാവ്‌ലിൻ കമ്പനിയുമായി ഫിക്സഡ് പ്രൈസ് കോൺട്രാക്ടിൽ നിങ്ങൾ 374.50 കോടി രൂപയ്ക്ക് കരാർ ഒപ്പ് വച്ചില്ലേ? കേന്ദ്ര വൈദ്യുതി അതോറിറ്റി നിർദ്ദേശം തള്ളിക്കളഞ്ഞിരുന്നില്ലേ? ബാലാനന്ദൻ കമ്മിറ്റി തള്ളിയില്ലേ? എന്തിനായിരുന്നു പിണറായി ഞങ്ങളെ പേടിപ്പിച്ചത്? പാർട്ടി നയത്തിന് അപ്പുറം, പോളിറ്റ് ബ്യൂറോയുടെ കണ്ടെത്തലുകൾക്ക് അപ്പുറം, വൈദ്യുതി അതോറിറ്റിക്ക് അപ്പുറം എന്തായിരുന്നു നിങ്ങളുടെ താല്പര്യം? അതിലെ നാലംഗ സംഘത്തിലെ ഒരാൾ സഖാവ് സിദ്ധാർത്ഥ മേനോൻ, അന്നത്തെ ചെയർമാൻ. പിന്നീട് ഞങ്ങൾ നോക്കുമ്പോൾ "കണ്ടുകണ്ടിരിക്കും ജനങ്ങളെ" എന്നുപറഞ്ഞതുപോലെ അദ്ദേഹം കൈരളിയുടെ സി. ആന്റ് എം. ഡി. സ്ഥാനത്തിരിക്കുന്നു. പണം അങ്ങോട്ട് ഒഴുകിയിട്ടുണ്ടോ? എത്ര രൂപ പാർട്ടിക്കായി കിട്ടിയിട്ടുണ്ട്? ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. ബോഫോഴ്സ് മുതൽ ബ്രഹ്മപുരം വരെ അഴിമതി കൊണ്ടുള്ള ആറാട്ട് കൊട്ടിഘോഷിച്ചില്ലേ? എന്ത് കിട്ടി? കിട്ടിയത് എവിടെ പോയി? ആയിരക്കണക്കിന് പാവപ്പെട്ട ക്യാൻസർ രോഗികളുടെ പേര് പറഞ്ഞ് ഇലക്ട്രിസിറ്റി ബോർഡ് കക്ഷിയാകാതെ ഗവൺമെന്റുമായി കരാറുണ്ടാക്കി തട്ടിപ്പ് നടത്തിയില്ലേ? നിങ്ങൾക്ക് ചരിത്രം മാപ്പ് തരില്ല. മലബാറിലെ ഒരു നേതാവ് എന്ന നിലയിൽ പിണറായിയിലെ പാറപ്പുറത്ത് കിളിർത്ത കമ്മ്യൂണിസ്റ്റ് പാർട്ടി പാലോറുമാതയുടെ പശുക്കുട്ടിയിൽ നിന്നും ലാവ്‌ലിന്റെ കോടികളുടെ ഇടങ്ങളിലേക്കുള്ള യാത്രയുണ്ടല്ലോ എവിടെയാണ് നിങ്ങളുടെ ധാർമ്മികത? എവിടെ നിങ്ങളുടെ ആഗോളവൽക്കരണ വിരുദ്ധത? അറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. നിങ്ങൾ പീപ്പിൾസ് ഡെമോക്രസിയിൽ ദേശാഭിമാനിയിൽ ഇന്ന് പറഞ്ഞിരിക്കുന്നത് എന്താണ്? സി. ആന്റ് എ. ജി. പേര് എടുത്ത് പറഞ്ഞിട്ടില്ല. ഇതിനുമുമ്പ് എത്ര പേരുടെ പേരാണ് എടുത്ത് പറഞ്ഞിട്ടുള്ളത്? അതിലൊക്കെ പാവങ്ങളെ കബളിപ്പിക്കാനാണോ നിങ്ങൾ നോക്കുന്നത്? ഈ കരാർ ഒപ്പ് വയ്ക്കുന്നതിന്റെ ഭാഗമായി അന്ന് നിങ്ങൾ എന്തൊക്കെയാണ് പറഞ്ഞത്. ശ്രീ. കാർത്തികേയൻ എം. ഒ. യു. ഒപ്പു വച്ചതിനെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ? ആ കരാറിൽ ഒരു തർക്കം ഉണ്ടായാൽ പരിഹരിക്കാൻ ഇന്ത്യൻ നിയമം ബാധകമാണെന്നു പറഞ്ഞിരുന്നു. അത് എടുത്ത് കളഞ്ഞില്ലേ നിങ്ങൾ? അത് ഉണ്ടായിരുന്നെങ്കിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് 98 കോടി രൂപ കിട്ടുമായിരുന്നില്ലേ? എടുത്തുകളഞ്ഞു. പക്ഷേ ഡയറക്ട് പർച്ചേസ് എഗ്രിമെന്റ് ശ്രീ. പിണറായി വിജയൻ ഉണ്ടാക്കിയതല്ലേ? ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് നിങ്ങൾ ലംഘിച്ചില്ലേ? ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി പ്രത്യേക അക്കൗണ്ട് ഉണ്ടാക്കിയിട്ട് ഒരു രൂപ അതിൽ നിക്ഷേപിച്ചോയെന്നു

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ? അവികസിത രാജ്യങ്ങൾക്ക് കിട്ടേണ്ട നാല് ശതമാനം കമ്മീഷൻപോലും നഷ്ടപ്പെടുത്തിയില്ലേ ? കൺസൾട്ടൻസി ഫീസ് 20 കോടി രൂപ നഷ്ടപ്പെടുത്തിയില്ലേ ? സ്റ്റോർ പർച്ചേസ് മാനുവൽ നിങ്ങൾ ലംഘിച്ചില്ലേ ? എന്തു കൊണ്ട് നിങ്ങൾ ആഗോള ടെൻഡർ വിളിച്ചില്ല ? നിങ്ങൾ ധനകാര്യ വകുപ്പുമായി ആലോചിച്ചോ ? നിങ്ങൾ നിയമവകുപ്പിനോട് ആലോചിച്ചോ ? നിങ്ങൾ നിയമസഭയെ വിശ്വാസത്തിലെടുത്തോ ? ഇതിൽ ഏത് ജനകീയ താല്പര്യം, ഏത് വ്യക്തി താല്പര്യം കണക്കിലെടുത്തു ? പാർട്ടി താല്പര്യമാണോ, സി.പി.ഐ.(എം) താല്പര്യമാണോ ? പാർട്ടിയുടെ നയങ്ങൾ നിങ്ങൾ അംഗീകരിക്കുന്നോ ? ശ്രീ. പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്ന ആ സർക്കാരിൽ സി.പി.ഐ.-കാർ ഉണ്ടായിരുന്നില്ലേ? സി.പി.ഐ.-കാർ ആ കാലത്ത് ജീവിച്ചിരുന്നില്ലേ ? വല്ലതും കിട്ടിയോ ? ശ്രീ. വെളിയം ഭാഗ്ഗവൻ എന്താണ് മിണ്ടാത്തത് ? ശ്രീ. കെ. കരുണാകരനെ നിങ്ങൾ കൂട്ടുകയില്ലെന്നു പറയുന്നു, ശ്രീ. കെ. കരുണാകരൻ പാമോയിൽ കള്ളനാണെന്നാണല്ലേ? അങ്ങനെയാണെങ്കിൽ ഈ കള്ളനുമായി കൂടാൻ പറ്റുമോ നിങ്ങൾക്ക് ? ശ്രീ. വെളിയം ഭാർഗ്ഗവൻ മറുപടി പറയണം. ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. സി.പി.ഐ.-ക്കാരെ വെറുതേ വിടില്ല. ബോഫോഴ്സ്, യൂറിയ, പഞ്ചസാര കുംഭകോണങ്ങൾ തുടങ്ങി എന്തിനോടെല്ലാമാണ് നിങ്ങൾ കയറിക്കളിച്ചത് ? പാർട്ടി സെക്രട്ടറിക്കെതിരെ സി. ആന്റ് എ. ജി. റിപ്പോർട്ട് വരുമ്പോൾ നിങ്ങൾക്ക് വലിയ ആക്രോശം ! ഇന്നലെ യൂണിവേഴ്സിറ്റി കോളേജിൽ

11.00 A. M.] ഒരു ജനകീയ കോടതി നടത്തിപോലും ! ഹിമഗിരിമുടികൾ കൊടികളുയർത്തി അഴിമതികൾ പടഹമുയർത്തി ; പാർട്ടി പത്തി താഴ്ത്തി. ഇവിടെ ഞങ്ങൾ ശ്രീ. ടി. ശിവദാസമേനോനെപ്പറ്റി പറഞ്ഞില്ലല്ലോ ? ഒരുപക്ഷേ അടുത്ത മുഖ്യമന്ത്രിയാകാൻ സാദ്ധ്യതയുള്ള ശ്രീ. പാലൊളി മുഹമ്മദുകുട്ടിയെപ്പറ്റി നമ്മൾ പറഞ്ഞില്ലല്ലോ? ശ്രീ. പിണറായി ജാഥയിലെല്ലാം നാട്ടിലെ പ്രമാണിമാരെ വിളിച്ചുകൊണ്ടു നടന്നിട്ടും ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. സി. ആന്റ് എ. ജി. റിപ്പോർട്ടു വന്നപ്പോഴാണ് ഞങ്ങൾക്ക് അതിന്റെ ഗുട്ടൻസ് പിടികിട്ടിയത്. തൊഴിലാളിവർഗ്ഗ പാർട്ടിയുടെ നേതാവാണോ ഈ പാർട്ടി സെക്രട്ടറി, മി. പിണറായി വിജയൻ ? പ്രതിപക്ഷ നേതാവ് ശ്രീ. അച്ചുതാനന്ദൻ ഇവിടെ ഇല്ലാതെ പോയല്ലോ ? ഞാൻ ദുഃഖിക്കുന്നു. എന്റെ നാട്ടിൽ മലയോര കർഷകൻ ഒരു സെന്റ് കപ്പ ഇടാനുള്ള സ്ഥലം കയ്യേറുമ്പോൾ ആക്രോശിക്കുന്ന പ്രിയപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിക്കുന്നു. അങ്ങ് ഈ സഭയിൽ പ്രസംഗിച്ചില്ലേ ഈ ലാവ്‌ലിൻ കരിംപട്ടിക ആണെന്ന്. ലാവ്‌ലിൻ കരിംപട്ടികയാണെങ്കിൽ ആ കരിംപട്ടികയിൽനിന്ന് കമ്മിഷൻ വാങ്ങിയ സഖാവ് പിണറായി വിജയനെ പാർട്ടിയുടെ കരിംപട്ടികയിൽ പെടുത്താൻ അങ്ങ് ഒന്ന് ഉപദേശിക്കുമോ ?

ശ്രീ. സി. പി. മുഹമ്മദ് : അങ്ങ് ഇവിടെ പറയുന്നത് കേൾക്കാൻ പോലും പ്രതിപക്ഷ ബഞ്ചുകളിൽ ആളുകളില്ല എന്നുള്ളതുതന്നെ അവരുടെ ഗതികേടല്ലേ ?

ശ്രീ. പി. ടി. തോമസ് : മഹാനായ ടാഗോർ പറഞ്ഞതുപോലെ ഇവിടെ ഇതൾ ഉയർത്തിനിൽക്കപ്പെടുന്ന സത്യമുണ്ട്. ഇവിടെ സി.പി.ഐ.(എം)-നെ കാണുകയില്ല. ഗോവർദ്ധനന്റെ യാത്രപോലെ കേരളം മുഴുവൻ അഴിമതി അന്വേഷിച്ചുനടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് അച്ചുതാനന്ദൻ, സഖാവേ പാർട്ടി സെക്രട്ടറിയേറ്റിലെങ്കിലും ഒന്ന് ഉന്നയിക്കുമോ ? അങ്ങയുടെ അഴിമതി വിരുദ്ധതയിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. പക്ഷേ ഈ കോഴക്കേസിനെ സംബന്ധിച്ച് അങ്ങയുടെ നിലപാടറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ഇല്ലെങ്കിൽ നിങ്ങൾ അഞ്ച് വർഷം ഓടി നടന്ന് ഈ കേരളം മുഴുവൻ അഴിമതി വിരുദ്ധത പറഞ്ഞത് കാപട്യമാണെന്ന് കേരളം വിലയിരുത്തും. അതിന് അച്ചുതാനന്ദൻ സഖാവ് തയ്യാറുണ്ടോ ? ഞങ്ങൾക്ക് അറിയണം. വാരിക്കുന്നിന്റെ വിപ്ലവനായകൻ എന്ന് അവകാശപ്പെടുന്ന സഖാവ് അച്ചുതാനന്ദൻ, പാവങ്ങളുടെ കണ്ണീരൊപ്പാൻ പിറന്നുവീണ പാർട്ടിയുടെ നേതാവ് പാർട്ടി സെക്രട്ടറിയുടെ ഈ നഗ്നമായ കൊള്ള തുറന്നുപറയാൻ തയ്യാറുണ്ടോ ? തുറന്നു പറഞ്ഞാൽ ശ്രീമതി ഗൗരിയമ്മയുടെ അനുഭവമായിരിക്കും ശ്രീ. അച്ചുതാനന്ദന്. ശ്രീ. എം. വി. രാഘവന്റെ അനുഭവമായിരിക്കും ഒരു പക്ഷേ സഖാവ് അച്ചുതാനന്ദന്. എങ്കിലും സഖാവ് അച്ചുതാനന്ദൻ പറയുമെന്ന് ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ആരോഹണ അവരോഹണ ക്രമത്തിൽ, താളലയ സമന്വയമായി അങ്ങ് നടത്തിയ പ്രസംഗങ്ങൾ കേട്ട് ആഹ്ലാദചിത്തരായി ഞങ്ങൾ ഇരിക്കാറുണ്ട്. ഞങ്ങൾ അങ്ങയിൽനിന്ന് ഒരു പ്രസംഗം പ്രതീക്ഷിക്കുന്നു. ലാവ്‌ലിനെപ്പറ്റിയും പാമോയിലിനെപ്പറ്റിയും പണ്ട് പറഞ്ഞതുപോലെ ഈ സഭയിലെ ഏതെങ്കിലും മന്ത്രിമാരെ നിങ്ങൾ വെറുതേ വിട്ടിട്ടുണ്ടോ? സി. ആന്റ് എ. ജി. സത്യം പറഞ്ഞിരിക്കുന്നു. മഞ്ഞുമലയുടെ ചെറിയ ഒരു അംശം മാത്രമാണ് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതെന്ന് നമുക്ക് ശാസ്ത്രീയമായിട്ട് അറിയാം. പാർട്ടി സെക്രട്ടറിയുടെ കോഴപ്പണത്തിന്റെ ഇപ്പോഴത്തെ മിനിമം നിരക്ക് ഡോളറിൽ വന്നിരിക്കുന്ന മാറ്റം കണക്കാക്കിയാൽ എത്ര കോടികൂടി കൂടും ? ഇപ്പോൾ ഉല്പാദനം കുറഞ്ഞു. മുപ്പത്തിയേഴ് മുപ്പതായി. നാല്പത്തിയഞ്ച് മുപ്പത്തിയെട്ടായി. മുപ്പത്തിയെട്ട് ഇരുപത്തിയെട്ടായി. അത് കൂട്ടിയാൽ എത്ര കൂടിവരും ? പലിശയും പലിശയുടെ പലിശയും തിരിച്ചടയ്ക്കേണ്ടതിന് എത്ര കോടി കൊടുക്കണം. ക്യാൻസർ രോഗികളെ വിറ്റ് കാശാക്കിയതിന് കേരള സംസ്ഥാനത്തിനും ലോകത്തിനും മുമ്പിൽ ഉണ്ടായ അപമാനത്തിന് ആര് മറുപടി പറയും ? ഉയരും ഞാൻ, നാടാകെ പടരും ; കട്ടൗട്ടിലും പോസ്റ്ററിലും ഇരയെ പിടിക്കുവാൻ നില്ക്കുന്ന കടുവയെപ്പോലെ നിൽക്കുന്ന സാക്ഷാൽ പിണറായി വിജയനോട് ഞാൻ ചോദിക്കുന്നു, എവിടെയാണ് നിങ്ങളുടെ തൊഴിലാളി പ്രേമമെന്ന് ? ഞങ്ങളെപ്പോലെയുള്ള ഇരയെ കിട്ടുകയില്ല. ഒരു ബക്കറ്റ് വാങ്ങിയാൽ ചൂല് സൗജന്യം. കമ്മീഷനുണ്ട്. കമ്മീഷൻ പറയുന്നതു പോലും വകയിരുത്താനുള്ള മാർഗ്ഗമായിരുന്നു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്. എം.ഒ.യു. റൂട്ടുണ്ടായിരുന്നോ ? ഇലക്ട്രിസിറ്റി ബോർഡിനെ നിങ്ങൾ എന്തുകൊണ്ട് കക്ഷിയാക്കിയില്ല ? ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. ഇൻഡ്യ കണ്ട ഏറ്റവും കുപ്രസിദ്ധമായ ബോഫോഴ്സ് കുംഭകോണം മുതൽ നിങ്ങൾ ആക്ഷേപിച്ചില്ലേ ? പാമോയിലും ബ്രഹ്മപുരവും നിങ്ങൾ പറഞ്ഞില്ലേ ?

ശ്രീ. എം. എം. ഹസ്സൻ : കോടിക്കണക്കിനു രൂപ കമ്മീഷൻ പറ്റുകവഴി കോഴക്കേസ്സിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെ പേര് കമ്മിഷൻ പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് പാർട്ടി എന്നാക്കി മാറ്റണമെന്ന് അങ്ങ് വാദിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: തീർച്ചയായിട്ടും. ബഹുമാനപ്പെട്ട എം. എം. ഹസ്സൻ പറഞ്ഞത് നൂറു ശതമാനം ശരിയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സഖാവ് പിണറായിക്കെതിരെ വലിയ ആക്ഷേപമാണല്ലോ ഉന്നയിക്കുന്നത്, ഇതിന് ഇടവരുത്തിയ കരാറുണ്ടാക്കിയ ശ്രീ. ജി. കാർത്തികേയൻ അപ്പുറത്ത് താടിയിൽ കയ്യും കൊടുത്തിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? ശ്രീ. ജി. കാർത്തികേയനെക്കുറിച്ച് എന്താണ് പറയാത്തത്?

ശ്രീ. പി. ടി. തോമസ്: എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ കുഞ്ഞിരാമൻ അറിയേണ്ട ഒരു കാര്യം ഉണ്ട്. വീടു നോക്കാൻ ഏല്പിക്കുന്ന കൂലിക്കാരനെ വീടിന്റെ ഉടമസ്ഥനാക്കി മാറ്റുകയാണ് മി. പിണറായി വിജയൻ ചെയ്തത്. അറിയാമോ? അതാണ് ശ്രീ. പിണറായി ചെയ്തത്. നിങ്ങൾ സി. ആന്റ് എ. ജി. റിപ്പോർട്ടിനെ ആത്മാർത്ഥമായി പിന്തുണയ്ക്കുവാൻ തയ്യാറുണ്ടോ? നിങ്ങൾക്ക് സി. ആന്റ് എ. ജി. റിപ്പോർട്ടിന് പുല്ലുവിലയല്ലേ? തൊഴിലാളി വർഗ്ഗ പാർട്ടിയുടെ പേരു പറഞ്ഞ് പാവപ്പെട്ടവന്റെ പിച്ചക്കാശ് ബക്കറ്റ് പിരിവിലൂടെ സംഘടിപ്പിച്ച് പാർട്ടി കെട്ടിപ്പടുത്താൻ എന്നു പറഞ്ഞ്, അദ്ധ്വാനിക്കുന്നവന്റെയും തൊഴിലാളി വർഗ്ഗത്തിന്റെയും പേരു പറഞ്ഞ് പുന്നപ്രയിൽ, വിയ്യൂരിൽ, കരിവള്ളൂരിൽ, തെളിങ്കാണിയിൽ വിപ്ലവത്തിന്റെ സൂക്തങ്ങൾ പറഞ്ഞ് നടന്നിട്ട് എവിടെപ്പോയി നിങ്ങളുടെ വിപ്ലവത്തിന്റെ കൊടിക്കൂറകൾ? നിങ്ങൾ ലോകത്തിലെ ഏറ്റവും വലിയ തട്ടിപ്പുകാരൻ രാജാവിനെ കൊണ്ടു നടക്കുന്നു! എന്നിട്ട് കേരളം മുഴുവൻ ജാഥ നടത്തുന്നു. ആരുടെ ജാഥ? ഈ പാവപ്പെട്ട കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകനെ നിങ്ങൾ ബഹുമാനിക്കുന്നു. ആ ബഞ്ചിലിരിക്കുന്ന നല്ലവരും കൊള്ളാവുന്നവരുമായ ആളുകളെ ബഹുമാനിക്കുന്നു. തട്ടിപ്പിന്റെ രാജാക്കന്മാരെ സെക്രട്ടറി സ്ഥാനത്തുവച്ച് എഴുന്നള്ളിക്കുന്നു! നിങ്ങൾക്ക് ചരിത്രം മാപ്പ് നൽകുകയില്ല; തൊഴിലാളി വർഗ്ഗം മാപ്പ് തരുകയില്ല. കേരളത്തിന്റെ മുന്നിൽ നിങ്ങൾ ഉയർത്തിയിരിക്കുന്ന കോഴയുടെ കണക്കിന് മറുപടി പറയേണ്ടിവരും. പ്രിയപ്പെട്ട സഖാക്കന്മാർ ഓർമ്മിച്ചിരിക്കണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പോകുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ലാഭത്തിൽ പോകുന്ന പത്ത് സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട ഇലക്ട്രിസിറ്റി ബോർഡ് ഈ നടപടികൾമൂലം കൂടുതൽ കുഴപ്പത്തിലേക്ക് പോകുവാനിടയുണ്ട്. ഇത് ആവർത്തിക്കപ്പെടാതിരിക്കണം. രാജ്യസഭയിലെ സി.പി.ഐ.(എം) നേതാവ് ശ്രീ. നീലോല്പൽ ബസുവിന്റെ വാക്കുകൾ ഞാൻ ഒരിക്കൽക്കൂടി കടമെടുത്തുകൊണ്ട് സമഗ്രമായ അന്വേഷണത്തിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സമ്പദ്ഘടനയുടെ സൂക്ഷ്മതലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ഈ ബഡ്ജറ്റ് കേരളത്തിന്റെ ഭാവിയെ സുപ്രധാനമായ ഒരു കാലഘട്ടത്തിലേക്ക് നയിക്കുന്നതാണ് എന്നു പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്താങ്ങുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. ജയരാജൻ: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തമായി എതിർക്കുകയാണ്. ഇതൊരു ഇലക്ഷൻ സ്റ്റണ്ട് മാത്രമാണ്. ജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടിയുള്ള വെറും പ്രഖ്യാപനങ്ങളാണ്. യു.ഡി.എഫ്.

ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കഴിഞ്ഞ നാല് ബഡ്ജറ്റുകളിലും പ്രഖ്യാപിച്ചിട്ടുള്ള പല കാര്യങ്ങളും നടപ്പിലാക്കിയിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് ഒട്ടേറെ പാക്കേജുകൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ഒട്ടേറെ പാക്കേജുകൾ പ്രഖ്യാപിച്ചു. പക്ഷേ യു.ഡി.എഫ്-.കാരെ സംബന്ധിച്ചിടത്തോളം പ്രഖ്യാപിക്കുന്ന പാക്കേജുകൾക്കപ്പുറം യാതൊരു പ്രവൃത്തിയും ഇല്ല. പാക്കേജുകൾക്ക് പകരം കാലിയായ പാക്ക് മാത്രമാണ് കേരളത്തിലെ ജനങ്ങൾക്ക് കിട്ടിയിരിക്കുന്നത്. ഇപ്പോൾ ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളും നടപ്പിലാക്കാനുള്ളതല്ല. ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടിയുള്ളതാണ്. പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ചാർജ്ജ് 20 പൈസ വച്ച് കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചു. 20 പൈസ വച്ച് കുറയ്ക്കുമെങ്കിൽ എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണം ? ബഡ്ജറ്റിൽ അതിന് തുക വകയിരുത്തിയിട്ടില്ല. വിഴിഞ്ഞം ടെർമിനലിന് അടുത്ത വർഷം 170 കോടി രൂപ കൊടുക്കണം. പക്ഷേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 10 കോടി രൂപ മാത്രമാണ്. പി.ഡബ്ല്യു.ഡി. കരാറുകാർക്ക് കുടിശ്ശികയായി നൽകാനുള്ള 1500 കോടി രൂപയ്ക്ക് യാതൊരു പ്രൊവിഷനും ഇല്ല. അതുപോലെ ആദിവാസികൾക്ക് 5 ഏക്കർ ഭൂമി നൽകുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചത്. അതിനാവശ്യമായ തുക ഇതിലുണ്ടോ ? സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കുറച്ച് പണം മാത്രമേ ഇതിൽ വകയിരുത്തിയിട്ടുള്ളൂ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അരി കൊടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി പ്രഖ്യാപിച്ചു. ഇതിന് 100 കോടി രൂപ ആവശ്യമാണ്. പക്ഷേ അനുവദിച്ചത് 10 കോടി രൂപ മാത്രമാണ്. യഥാർത്ഥത്തിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ വോട്ട് തട്ടിയെടുക്കാൻ വേണ്ടിയുള്ള പ്രഖ്യാപനങ്ങൾ മാത്രമുള്ള ഒരു ബഡ്ജറ്റാണിത്. അതിന്റെ ലക്ഷണമാണല്ലോ 100 അംഗങ്ങളുടെ പിൻബലത്തോടുകൂടി അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റിനെ ന്യായീകരിച്ചുകൊണ്ട് എനിക്കു മുമ്പ് സംസാരിച്ച ശ്രീ. പി. ടി. തോമസ് ബഡ്ജറ്റിലെ രണ്ട് കണക്കു പറഞ്ഞിട്ട് ഉടൻതന്നെ ലാവ്‌ലിനിലേക്ക് വന്നത്. വേറൊന്നും പറയാനില്ല. ഇന്നലെ ബഡ്ജറ്റ് ചർച്ച ആരംഭിക്കുന്നതിനു മുമ്പ് ഇവിടെ ഒരു നാടകം ആരംഭിച്ചു. മൂന്ന് ദിവസം ബഡ്ജറ്റ് ചർച്ചയ്ക്കുവേണ്ടി നീക്കിവച്ചു. ബഡ്ജറ്റ് നിർദ്ദേശങ്ങളിലെ ശരികളും തെറ്റുകളും പരിശോധിക്കാൻ നിയമസഭാംഗങ്ങൾക്ക് അവസരം ! പക്ഷേ ആ അവസരം വിനിയോഗിക്കാതിരിക്കാൻ വേണ്ടി, ഭരണകക്ഷിക്ക് ഒന്നും പറയാനില്ലാത്തതുകൊണ്ട് ചർച്ച ആരംഭിക്കുന്നതിനുമുമ്പുതന്നെ സി. ആന്റ് എ. ജി. റിപ്പോർട്ട് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുത്തു. റിപ്പോർട്ടിന്റെ മലയാളം കോപ്പി ആദ്യം വന്നു, പിന്നീടാണ് ഇംഗ്ലീഷ് കോപ്പി വന്നത്. ആ പുസ്തകം തുറന്നു നോക്കുന്നതിനു മുമ്പു തന്നെ ഭരണകക്ഷി അംഗം ശ്രീ. എം. എം. ഹസ്സൻ ഇവിടെ ചർച്ചയ്ക്ക് നോട്ടീസ് തരുമെന്ന് പ്രഖ്യാപിച്ചു. സി. ആന്റ് എ. ജി.. റിപ്പോർട്ട് ആ അംഗത്തിന് കിട്ടുന്നതിനുമുമ്പ് എങ്ങനെയാണ് അദ്ദേഹം നോട്ടീസ് നൽകാൻ തീരുമാനിച്ചത് ? അതിനകത്ത് എന്തുണ്ടെന്ന് അറിഞ്ഞുകൊണ്ടാണ് അദ്ദേഹം നോട്ടീസ് നൽകിയത് ? തീർച്ചയായും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭരണകക്ഷി അംഗമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ മാത്രമല്ല പ്രതിപക്ഷത്തുനിന്നും നോട്ടീസ് കൊടുത്തിട്ടുണ്ട്. വിശദമായ ചർച്ചയാവാം. ബഡ്ജറ്റ് ചർച്ചയിൽ ശ്രീ. പി. ടി. തോമസ് അത്തരം കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞതുകൊണ്ട് ഞാനും ചില കാര്യങ്ങൾ ഇവിടെ പറയാൻ ഉദ്ദേശിക്കുകയാണ്. പള്ളിവാസൽ, ചെങ്കുളം, പന്ന്യാർ പദ്ധതികളുടെ നവീകരണത്തെ സംബന്ധിച്ചിടത്തോളം സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പരാമർശമുണ്ട്. സി. ആന്റ് എ. ജി.-യുടെ നേരത്തെയുള്ള ഓഡിറ്റ് പാരഗ്രാഫിൽ 374 കോടി രൂപ നഷ്ടമുണ്ടായി എന്നാണ് പറഞ്ഞിട്ടുള്ളത്. അന്തിമ റിപ്പോർട്ട് വന്നിട്ടില്ല. റിപ്പോർട്ടിൽ പറയുന്നത് നവീകരിക്കപ്പെട്ട ഉപകരണങ്ങളിലെ വിവിധ സാങ്കേതിക തകരാറുകൾ കാരണം നവീകരിക്കാൻവേണ്ടി വഹിച്ച 374.57 കോടി രൂപയുടെ ചെലവ് ആനുപാതികമായ നേട്ടമുണ്ടാക്കിയിട്ടില്ല എന്നാണ്. ആനുപാതികമായ നേട്ടമുണ്ടാക്കിയിട്ടില്ലെന്ന് മാറ്റി പറഞ്ഞിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിനെ ഇന്ന് നയിച്ചുകൊണ്ടിരിക്കുന്ന മന്ത്രിയാണല്ലോ ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ്. ഒരു റിട്ട് പെറ്റീഷന് ഇലക്ട്രിസിറ്റി ബോർഡ് ഹൈക്കോടതിയിൽ നൽകിയിട്ടുള്ള സത്യവാങ്മൂലം ഉണ്ട്. പണം കൊടുത്തുകഴിഞ്ഞാൽ എന്തും പ്രസിദ്ധീകരിക്കുന്ന ഒരാൾ എറണാകുളത്തുണ്ട്-നന്ദകുമാർ. ആ നന്ദകുമാർ നൽകിയിട്ടുള്ള കേസിൽ ഇലക്ട്രിസിറ്റി ബോർഡ് അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. അതിലെ രണ്ടാമത്തെ പാരഗ്രാഫ് എന്താണ് ? The averment contained in Para (1) of the writ petition that there is a loss of about Rs. 500 crores to the State of Kerala in its dealing through the KSE Board with a company based in Canada is not true and hence denied. ഇലക്ട്രിസിറ്റി ബോർഡ് സി. ആന്റ് എ. ജി.-യുടെ നിലപാട് അംഗീകരിക്കുന്നില്ല എന്നാണ് അവിടെ കൊടുത്ത സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയത്. എന്നിട്ട് ഇവിടെ എന്തെല്ലാമാണ് പറയുന്നത് ? ഇതിന് അന്ന് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനാണ് ഉത്തരവാദി. ഇവിടെ സി. ആന്റ് എ. ജി. റിപ്പോർട്ടിലെ ആദ്യത്തെ അവതാരികയിൽ എന്താണ് പറയുന്നത് ? വൈദ്യുത നിലയങ്ങളിലെ ജനറേറ്ററുകൾ അവയുടെ ആയുസ്സ് അതിജീവിച്ചുകഴിഞ്ഞു എന്ന കാരണത്താൽ മറ്റ് വിഭവങ്ങൾ ബോർഡിന് ലഭ്യമാക്കുന്നതിനുവേണ്ടി കാനഡയിലെ എസ്.എൻ.സി. ലാവ്‌ലിനുമായി ഒരു ധാരണാപത്രം ഒപ്പിട്ടു. അത് എപ്പോഴാണ് ഒപ്പിട്ടത് ? 1995 ഓഗസ്റ്റ് മാസത്തിൽ. ആരാണ് കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി? ആരാണ് കേരളത്തിന്റെ അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ? ഈ എം.ഒ.യു. പള്ളിവാസൽ, ചെങ്കുളം, പന്ന്യാർ വൈദ്യുതനിലയങ്ങളുടെ പുതുക്കി പണിയലിനുള്ള വിദഗ്ധോപദേശ കരാറായി പരിവർത്തനം ചെയ്യപ്പെടും, അത് എപ്പോഴാണ് ? 1996 ഫെബ്രുവരി മാസം 24-ാം തീയതി. അന്ന് ആരാണ് കേരളം ഭരിച്ചിരുന്നത് ? യു.ഡി.എഫ്. ആണ്. അന്ന് വൈദ്യുതി വകുപ്പുമന്ത്രി ആരായിരുന്നു ? ശ്രീ. ജി. കാർത്തികേയൻ തന്നെ. സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് ചർച്ച ചെയ്യാം. സി. ആന്റ് എ. ജി. റിപ്പോർട്ട് രണ്ടുമൂന്നു തവണ വായിച്ചു. പക്ഷേ എങ്ങനെയാണ് ശ്രീ. പിണറായി വിജയൻ കുറ്റക്കാരനാവുന്നത് ? സി. ആന്റ് എ. ജി. റിപ്പോർട്ട് മുഴുവൻ വായിച്ചു കഴിഞ്ഞാൽ അന്നത്തെ മന്ത്രിമാർക്കും മുഖ്യമന്ത്രിക്കും എതിരായി കേസ് കൊടുക്കുമെങ്കിൽ 374 കോടി രൂപയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആനുപാതികമായ നേട്ടം ഉണ്ടായിട്ടില്ല എന്നുള്ള സി. ആന്റ് എ. ജി.-യുടെ കേസിൽ ഒന്നാം പ്രതിയായി നിൽക്കേണ്ടത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയാണ്. രണ്ടാം പ്രതി ശ്രീ. ജി. കാർത്തികേയനാണ്. തീർച്ചയായും മൂന്നും നാലും പ്രതികളായി മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാരും വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനും വരും. പക്ഷേ ആ കേസിന്റെ വിശദാംശങ്ങൾ നിഷ്പക്ഷമായ ഒരു കോടതി പരിശോധിച്ചാൽ മൂന്നും നാലും പ്രതികളെ വിട്ടയയ്ക്കും. യാതൊരു സംശയവുമില്ല. എന്തുകൊണ്ടാണെന്ന് ഞാൻ പറയാം. ഇപ്പോൾ യു.ഡി.എഫ്. പറയുന്നത് ഒരു ധാരണാപത്രം മാത്രമല്ലേ ഞങ്ങൾ ഒപ്പിട്ടിട്ടുള്ളൂ; അന്തിമ കരാർ ഒപ്പിട്ടത് ശ്രീ. പിണറായി വിജയനല്ലേ എന്നാണ്. ധാരണാപത്രം മാത്രമല്ല ഈ ഉപകരണങ്ങൾ കപ്പലിൽ ഇങ്ങോട്ട് കൊണ്ടുവരാനുള്ള കരാർ വ്യവസ്ഥകൾപോലും ആദ്യത്തെ എം.ഒ.യു.-ൽ ഉണ്ടായിരുന്നു. ഉപകരണങ്ങൾ കപ്പലിൽ കൊണ്ടുവരാനുള്ള വ്യവസ്ഥകൾ ഉള്ളതാണ് ശ്രീ. ജി.കാർത്തികേയൻ ഒപ്പിട്ട കരാർ. 1996 ഫെബ്രുവരി 24-ാം തീയതി ഒപ്പിട്ട കരാറിലെ പതിനേഴാം വകുപ്പിലെ വ്യവസ്ഥ ലംഘിച്ചാൽ വൈദ്യുതി ബോർഡ് കമ്പനിക്ക് നഷ്ടപരിഹാരം നൽകണം. തർക്കപരിഹാരത്തിന് കേസ് നടത്തണമെങ്കിൽ പാരീസിലെ ആർബിട്രേഷൻ കോടതിയിൽ പോകണം. ആർബിട്രേഷൻ ചെലവും കേരള സർക്കാർ വഹിക്കണം. ആ വ്യവസ്ഥയുടെ കുരുക്കിൽ നിന്ന് രക്ഷപ്പെടാൻ പിന്നീട് വന്ന നായനാർ സർക്കാരിന് കഴിയുമായിരുന്നില്ല. ഇതാണ് യാഥാർത്ഥ്യം. ഇവിടെ ശ്രീ. പി. ടി. തോമസ് പറഞ്ഞല്ലോ ആഗോള ടെൻഡർ വിളിച്ചില്ല എന്ന്. ഇടുക്കി പദ്ധതി ആഗോള ടെൻഡർ വിളിച്ചതാണോ? അല്ല. ആഗോള ടെൻഡറിന്റെ മെത്തേഡ് ഉണ്ട്. അതോടൊപ്പംതന്നെ എം.ഒ.യു.-ന്റെ മെത്തേഡുമുണ്ട്. ആ എം.ഒ.യു.-ന്റെ മെത്തേഡ് അവലംബിച്ചത് ആരാണ്? യു.ഡി.എഫ്. ഗവൺമെന്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: എം.ഒ.യു. റൂട്ടിലൂടെ കരാർ കൊടുക്കുന്നു എന്നുപറഞ്ഞു. ബഹുമാനപ്പെട്ട ഇസഹാക് കുരിക്കൾ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ മന്ത്രിയായിരുന്ന 2003-ൽ വൈദ്യുതി പദ്ധതിയായ നേര്യമംഗലം വിപുലീകരണ പദ്ധതിക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വിലക്കിയശേഷം എം.ഒ.യു. റൂട്ടിൽ കരാർ കൊടുത്ത കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. പി. ജയരാജൻ: തീർച്ചയായും അറിയാം. 1996 ഫെബ്രുവരി 24-ന് പ്രാബല്യത്തിൽ വന്ന കരാർ വിദേശ വായ്പ ലഭ്യമാക്കൽ, കനേഡിയൻ സാധന സാമഗ്രികളും സേവനങ്ങളും ലഭ്യമാക്കൽ, കാനഡയിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ട സാധനങ്ങളുടെ ലിസ്റ്റ്, അവയുടെ വില ഇതെല്ലാം ഉൾപ്പെട്ടതാണ്. യു.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകളിൽ പിന്നീട് ചെറിയ മാറ്റങ്ങൾ വരുത്തി. സഖാവ് ഇ. കെ. നായനാരും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയനും കാനഡയിൽ പോയി കൺസൾട്ടൻസി ഫീസിൽ കുറവ് വരുത്തിയിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദിന് അത് നിഷേധിക്കാൻ പറ്റുമോ? അതുപോലെ സാധന സാമഗ്രികൾക്ക് 182 കോടി രൂപ നൽകേണ്ട സ്ഥാനത്ത് 149 കോടി രൂപയാക്കി വെട്ടിക്കുറച്ചിട്ടുണ്ട്. പലിശ നിരക്കിൽ ഒരു ശതമാനത്തോളം കുറവ് ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ സാധ്യമായ കാര്യങ്ങൾ പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ്

നടത്തിയിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് മാധ്യമങ്ങളെ ഉപയോഗിച്ച് ശ്രീ. പിണറായി വിജയനാണ് അതിന്റെ കുറ്റക്കാരനെന്ന നിലയിൽ ചില പ്രചരണങ്ങൾ നടത്തുകയാണ്. ഇക്കാര്യം നിഷ്പക്ഷമായ ഒരു കോടതിയുടെ പരിഗണനയ്ക്ക് വന്നാൽ സഖാവ് ഇ. കെ. നായനാരും ശ്രീ. പിണറായി വിജയനും കുറ്റക്കാരല്ലെന്ന് പ്രഖ്യാപിക്കും എന്നുമാത്രമല്ല, എ. ജി.-യുടെ ശുപാർശ അനുസരിച്ചുള്ള നിഗമനങ്ങളെ അടിസ്ഥാനപ്പെടുത്തി പുതിയ പ്രതികൂടി ആ കേസിൽ വരും. അത് ബഹുമാനപ്പെട്ട കടവൂർ ശിവദാസനാണ്. സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിൽ പറയുകയാണ്, മലബാർ ക്യാൻസർ സെന്ററിന് കിട്ടേണ്ടിയിരുന്ന തുക വാങ്ങിക്കാതിരുന്നതിന്റെ കുറ്റം ആരുടേതാണെന്ന് പറഞ്ഞിട്ടുണ്ട്. കുറ്റം യു.ഡി.എഫ്. ഗവൺമെന്റിന്റേതാണ്. 6 മാസംകൊണ്ട് അതിന്റെ കരാർ വ്യവസ്ഥകൾ പുതുക്കണം. ബഹുമാനപ്പെട്ട ശിവദാസമേനോൻ മന്ത്രി ആയിരുന്ന അവസരത്തിലാണ് കരാർ പുതുക്കേണ്ടിയിരുന്നത്. എന്നാൽ അത് പുതുക്കിയില്ല. മാത്രമല്ല ഈ നവീകരണ കരാർ അനുസരിച്ചുള്ള തുക നൽകുന്ന അവസരത്തിൽ, വസൂലാക്കാനുള്ള അവസരം ഉണ്ടായിരുന്നിട്ടും അത് ചെയ്തിട്ടില്ല. മലബാർ ക്യാൻസർ സെന്റർ മലബാറിലെ ക്യാൻസർ രോഗികളുടെ പ്രതീക്ഷാ കേന്ദ്രമായി മാറണമെന്ന അടിസ്ഥാനത്തിൽ ചെയ്തിട്ടുള്ളതാണ്. കുറ്റ്യാടി പദ്ധതിയെ സംബന്ധിച്ച്. 34 കോടി രൂപയുടെ ധനസഹായം ഇണ്ടായിരുന്നു. അത് വാങ്ങിയിട്ടില്ല. അതേ സമയം ഈ നവീകരണ പദ്ധതിയെ സംബന്ധിച്ചിടത്തോളം സഹായധനമായി നൂറിൽ അധികം കോടി രൂപ വാങ്ങിക്കും എന്ന് ഉറപ്പ് ഉണ്ടാക്കി. പന്ത്രണ്ട് കോടിയോളം കിട്ടിയിട്ടുണ്ട്. ബാക്കി തുക കിട്ടാതിരുന്നതിന് ആ കേസിന്റെ കുറ്റപത്രത്തിൽ പ്രതി ചേർക്കപ്പെട്ട ആളാണ് ശ്രീ. ശിവദാസമേനോൻ. ബാലാനന്ദൻ കമ്മിറ്റിയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. 1997 ഫെബ്രുവരി രണ്ടിനാണ് ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് നൽകുന്നത്. രണ്ട് വർഷം മുൻപുതന്നെ യു.ഡി.എഫ്. കരാർ ഒപ്പിട്ടിരുന്നു. ആ കരാറിൽ നിന്ന് പിൻവാങ്ങാൻ കഴിയുമായിരുന്നില്ല. എൽ.ഡി.എഫ്. ബഹുരാഷ്ട്ര കുത്തകകളെ സഹായിച്ചു എന്നൊക്കെയാണ് ആക്ഷേപം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു ബഹുരാഷ്ട്ര കുത്തകയേയും സഹായിച്ചിട്ടില്ല. കോഴിക്കോട് ഡീസൽ വൈദ്യുത നിലയത്തിന്റെ പണി പൂർത്തി ആക്കിയിട്ടുണ്ട്. അത് ആർക്കാണ് കൊടുത്തത്? Bharat Heavy Electricals Limited എന്ന പൊതുമേഖലാ സ്ഥാപനത്തിനാണ് കൊടുത്തത്. അതുപോലെതന്നെ കായംകുളം താപ വൈദ്യുത നിലയം പൊതുമേഖലയിലാണ് പ്രവർത്തിക്കുന്നത്. കണ്ണൂർ പവർ പ്രോജക്ടിന് വേണ്ടിയിട്ടുള്ള ശ്രമം നടത്തി. അത് പിന്നീട് മാറ്റി. ബഹുരാഷ്ട്ര കുത്തകകൾ എൽ.ഡി.എഫ്.-നെ സഹായിച്ചിട്ടില്ലെന്ന് മാത്രമല്ല പൊതുമേഖലാ സ്ഥാപനങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹായിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ജനങ്ങൾക്ക് അനുകൂലമായ ഒരു നടപടിയും നടത്താത്ത ഈ ഗവൺമെന്റ് പുകമറ പരത്തുകയാണ്. അഴിമതി ആരോപണം എന്ന പുകമറ പരത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനത്തിന്റെ നേതാക്കളെ ആക്ഷേപിക്കുകയാണ്. ഇവിടെ ശ്രീ. പിണറായി വിജയനെ പ്രതിക്കൂട്ടിൽ നിർത്താനാണ് ശ്രമിക്കുന്നത്. ശ്രീ. പിണറായി വിജയൻ ദീർഘകാലത്തെ പൊതു പ്രവർത്തന പാരമ്പര്യമുള്ള നേതാവാണ്. ആ സഖാവിനെ അപായപ്പെടുത്താൻ വേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

കൊലപ്പെടുത്താൻ വേണ്ടി പലതവണ രാഷ്ട്രീയ എതിരാളികൾ ശ്രമിച്ചിട്ടുണ്ട്. ആർ.എസ്.എസ്. പോലുള്ള ഫാസിസ്റ്റ് നേതാക്കൾ അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥയുടെ കാലത്ത് ഈ നിയമസഭയിലെ അംഗമായിരുന്നു ശ്രീ. പിണറായി വിജയൻ. അന്ന് കൂത്തുപറമ്പിൽ പോലീസ് ലോക്കപ്പിൽ കൊണ്ടുപോയി മൃഗീയമായി തല്ലിച്ചതയ്ക്കാൻവേണ്ടി അന്നത്തെ ഭരണ നേതൃത്വം നിർദ്ദേശിച്ചിരുന്നു. അന്നെല്ലാം ശ്രീ. പിണറായി വിജയൻ ഉരുകി തങ്കം പോലെ പുറത്തുവന്നു എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഈ ഓലപ്പാമ്പ് കാട്ടി പേടിപ്പിക്കണ്ട എന്ന് ഭരണ കക്ഷി അംഗങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി : ഈ ജനപ്രിയ ബഡ്ജറ്റിനെ ഞാൻ സഹർഷം പിൻതാങ്ങുകയാണ്. വിശേഷിച്ചും ഒരു കർഷകൻ എന്ന നിലയിൽ ചാരിതാർത്ഥ്യത്തോടു കൂടിയാണ് ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നത്. പുതിയ നികുതികളൊക്കെ പരമാവധി ഒഴിവാക്കി കാർഷിക മേഖലയിലും വ്യവസായ മേഖലയിലും പ്രതീക്ഷ ഉണർത്താൻ ഈ ബഡ്ജറ്റിന് സാധിച്ചു എന്നതാണ് ഏറെ സന്തോഷം. തേങ്ങയ്ക്കും കൊപ്രയ്ക്കും 4 ശതമാനം പ്രവേശന നികുതി ഏർപ്പെടുത്തിയത് കർഷകരെ സംബന്ധിച്ചിടത്തോളം ആശ്വാസമാണ്. ഇക്കണോമിക് റിവ്യൂവിൽ സൂചിപ്പിച്ചതു പോലെ തികഞ്ഞ പ്രതീക്ഷയോടുകൂടിയ ബഡ്ജറ്റാണ് ഇതെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. വൻ കുതിച്ചുചാട്ടം എന്ന് അവകാശപ്പെടാൻ ഇല്ലെങ്കിൽത്തന്നെയും കാർഷിക-വ്യാവസായിക മേഖലകളിൽ പ്രതീക്ഷ ഉളവാക്കുകയാണ്. നിങ്ങൾ ഇറങ്ങിപ്പോകുമ്പോൾ കാർഷിക മേഖലയുടെ സ്ഥിതി എന്തായിരുന്നു ? റബ്ബറിന് ഇന്ന് നാലിരട്ടി വില എന്നു പറഞ്ഞാൽപ്പോലും അപ്പുറത്തിരിക്കുന്നവർക്കാർക്കും സന്തോഷമില്ലെന്ന് പറയുമ്പോൾ എന്തൊരത്ഭുതമാണ്. വരൾച്ച വന്നപ്പോൾ സർവ്വകാല റിക്കോർഡ് ഭേദിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് കർഷകരുടെ കണ്ണീരൊപ്പിയിട്ടുള്ളത് എന്ന് നിങ്ങൾക്ക് അറിയാം. ഒരു കോടിയിൽപ്പരം രൂപ വരെ വരൾച്ച വന്നപ്പോൾ വാങ്ങിച്ച മലയോര മേഖലയാണ് എന്റെ മണ്ഡലം. ലക്ഷക്കണക്കിന് രൂപയാണ്, (90-ഉം 95-ഉം ലക്ഷം രൂപാ) ഓരോ മണ്ഡലത്തിലും നൽകിയിട്ടുള്ളത്. 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് ആയിരം രൂപ വാർഷിക പെൻഷൻ പ്രഖ്യാപിച്ചപ്പോൾ ഒരു നല്ല വാക്ക് പറയാൻ അപ്പുറത്തുള്ള ആളുകൾക്ക് സാധിക്കാത്തത് കഷ്ടമാണ്. ചരിത്രത്തിൽ ആദ്യമായാണ് ആയിരം രൂപ കർഷകർക്ക് ഒരു വർഷത്തിൽ രണ്ട് തവണയായി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. തകർന്നു കിടക്കുന്ന തോട്ടംമേഖല പുനരുദ്ധരിക്കാൻ 50 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇടുക്കി മേഖലയിലടക്കമുള്ള പാവപ്പെട്ട, ദുരിതമനുഭവിക്കുന്ന കർഷക തൊഴിലാളികൾക്കുവേണ്ടി എന്തെങ്കിലും ഒരു നല്ല വാക്ക് പറയണ്ടേ? നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കാനുള്ള തീരുമാനം കാർഷിക മേഖലയിൽ നല്ല കുതിച്ചുചാട്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. കർഷകർക്ക് വായ്പ നൽകുകയാണ്. അടയ്ക്കാ കർഷകർക്ക് മാത്രമല്ല എല്ലാ കർഷകരെ സംബന്ധിച്ചിടത്തോളവും ഗവൺമെന്റുണ്ടെന്നുള്ള തോന്നലെങ്കിലും ഉണ്ടാക്കാൻ സാധിച്ചു. സ്വാതന്ത്ര്യത്തിനുശേഷം കേരളത്തിൽ ഈ ഗവൺമെന്റാണ് പിഴപ്പലിശ ഒഴിവാക്കിയത്. ആറ് മാസം ജപ്തി നടപടികൾ നീട്ടിവച്ചു. ബാങ്കുകൾക്ക് ഉദാരമായി

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാൻ ആവശ്യമായ പ്രചോദനം നൽകി. എന്റെ മണ്ഡലത്തിൽ മുപ്പത് ലക്ഷത്തിൽപ്പരം വരുന്ന കവുങ്ങുകളാണ് നശിച്ചുപോയിട്ടുള്ളത്. നൂറ് രൂപ വച്ചാണ് മുറിച്ച് നീക്കാൻ നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഈ സംഖ്യ കൂടുതൽ വർദ്ധിപ്പിക്കുകയും കൂടുതൽ കർഷകരിൽ ഇതിന്റെ ഗുണഫലം എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്നാണ്. ഒരു തെങ്ങ് മുറിച്ച് മാറ്റുന്നതിന് 250 രൂപ വീതം നൽകണം. അടയ്ക്കാ സംഭരണത്തിന് 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. CAMPCO-ക്ക് ഇതുവരെ രണ്ട് കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. അവശേഷിക്കുന്ന കാശ് കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ കർഷകർ പ്രക്ഷോഭ സമരങ്ങളിലാണ്. അവർക്ക് ഫണ്ട് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആറ് കോടി രൂപ ചെലവഴിച്ച് കുരുമുളക് സംഭരിച്ചതുമൂലം ഒരു പരിധിവരെ ഈ രംഗത്ത് ആശ്വാസം ഉണ്ടായിട്ടുണ്ട്. നെല്ല് സംഭരണം അൽഭുതകരമായ ഫലമാണ് ഉളവാക്കിയിട്ടുള്ളത്. ശ്രീ. അടൂർ പ്രകാശ് വളരെയേറെ പ്രശസ്തനായി മാറിയിയിരിക്കുകയാണ്. സ്വാതന്ത്ര്യത്തിനുശേഷം ഇതുപോലെ നെല്ല് സംഭരിച്ച ഒരു സർക്കാർ കേരളത്തിൽ ഉണ്ടായിട്ടില്ലെന്ന കാര്യം യാഥാർത്ഥ്യബോധത്തോടുകൂടി നിഷേധിക്കാൻ അപ്പുറത്തിരിക്കുന്ന ആളുകൾക്ക് സാധ്യമല്ല. കാർഷിക കടംമൂലം ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്ക് 50,000 രൂപയാണ് നൽകിയിട്ടുള്ളത്. മുമ്പും ആളുകൾ ഇതുപോലെ ആത്മഹത്യ ചെയ്തിരുന്നു. നിങ്ങൾ അറിഞ്ഞിരിക്കുകയില്ല. നിങ്ങൾ ഭരിക്കുന്നതിന്റെ ഹാങ്ങ് ഓവറിൽ ആയിരുന്നു. ഇന്ന് ഈ സർക്കാർ പ്രത്യേകമായ സാഹചര്യങ്ങൾ ഉണ്ടാക്കി. യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞകാല ഭരണമാണ് സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏറ്റവും നല്ല ഭരണം. എന്തുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്, എന്തായിരുന്നു ഞങ്ങൾക്കുണ്ടായിരുന്ന പാര. പൊന്നു കായ്ക്കുന്ന മരം ആയാലും പുരയ്ക്കു ചാഞ്ഞാൽ മുറിക്കണം എന്നുപറഞ്ഞതുപോലെ ശ്രീ. കെ. കരുണാകരനെ മുറിച്ചു നീക്കാൻ ഞങ്ങൾ തയ്യാറായി. ഇപ്പോൾ അപ്പുറത്ത് സുഖമാണല്ലോ ? സുഖമാണെന്നു കരുതുന്നു. ഞങ്ങൾക്ക് ഉണ്ടായ അസ്വാരസ്യവും അകൽച്ചയും തീറാധാരം എഴുതി രജിസ്റ്റർ ചെയ്തു തന്നിരിക്കുകയാണ്. നിങ്ങളെ ശരിപ്പെടുത്താൻ ശ്രീ. കരുണാകരൻ എന്തിനാണ് ? ശ്രീ. ടി. എം. ജേക്കബ്ബ് പോരെ ! ശ്രീ. കരുണാകരൻ അപ്പുറത്ത് എത്രകാലം നിൽക്കും ? പ്രിയങ്ക വന്നാൽ ഇപ്പുറത്തേക്ക് വരാനിരിക്കുകയാണ്. അതുകൊണ്ട് ശ്രീ. കരുണാകരനെ കണ്ട് തുള്ളേണ്ട ! ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞത് നാലയലത്തുപോലും വിശ്വസിക്കാൻ സാധിക്കില്ലെന്നാണ്. ഞങ്ങൾക്ക് അതിനെക്കുറിച്ച് പരാതിയൊന്നും ഇല്ല. നിങ്ങൾ അദ്ദേഹത്തെ വളരെ പ്രായമായ അവസ്ഥയിൽ പന്ത് തട്ടും പോലെ തട്ടരുത് എന്നു മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്. അദ്ദേഹത്തിന് കരിങ്കാലി, പാമോയിൽ കള്ളൻ എന്നുള്ള പേരുകൾ നിങ്ങൾ നൽകിയിട്ടുള്ളതാണ്. രാജൻ കേസിൽ ഉരുട്ടിക്കൊന്നു എന്നതും നിങ്ങൾ നൽകിയിട്ടുള്ളതാണ്. ഞങ്ങളുടെ എല്ലാ ജീർണ്ണതയുടെയും ആൾരൂപമായ ശ്രീ. കെ. കരുണാകരനെ നിങ്ങൾ എടുത്തതോടുകൂടി ഞങ്ങൾ ഒന്നാം ക്ലാസ് പരിശുദ്ധ നെയ്യ് ആയി മാറിയിരിക്കുകയാണ്. അത് നിങ്ങൾ ആസ്വദിക്കണമെന്നു മാത്രമാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. ശ്രീ. കെ. കരുണാകരനില്ലാതെ യു.ഡി.എഫ്. വളരെ ശക്തമായി, ആർജ്ജവത്തോടുകൂടി തിരിച്ചുവരികയാണ്. നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മയുണ്ടല്ലോ ? നാല് കൊല്ലമായി നിങ്ങൾ ആഘോഷിച്ചല്ലോ മഞ്ചേരി തോൽവി ! ശ്രീ. കെ. കരുണാകരൻ ഇല്ലാതെ മഞ്ചേരി പൂർവ്വകാല പ്രതാപത്തിലേക്ക് എത്തി. നിങ്ങൾക്ക് ഒരക്ഷരം പറയാൻ സാധിച്ചില്ല. ഒരു ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ തിരിച്ചുവന്നു. എന്തുകൊണ്ട് നിങ്ങൾക്ക് അത് പറയാൻ സാധിച്ചില്ല ? നിങ്ങൾ എന്തുകൊണ്ട് ഉപതെരഞ്ഞെടുപ്പിൽ ഞങ്ങൾ നേട്ടം കൊയ്തു എന്നു പറയുന്നില്ല. നിങ്ങൾക്ക് അപ്പുറത്ത് ഇപ്പോൾ വളരെ സുഖമാണ്. ഈ സുഖം നിങ്ങൾ ആസ്വദിച്ചാൽ മതി. ആ തകർച്ച വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ നോക്കിക്കാണുകയാണ്. നിങ്ങൾ തിരുവനന്തപുരത്ത് പഠന കോൺഗ്രസ് സംഘടിപ്പിച്ചു. പഠന കോൺഗ്രസ്സ് എന്തായിരുന്നു ? നിങ്ങൾ പറഞ്ഞത് വിദേശ മൂലധനം ആകാം രാജ്യത്ത് വികസനം ആകാം എന്നാണ്. നാലേമുക്കാൽ കൊല്ലമായി ലക്ഷക്കണക്കിന് പാവപ്പെട്ട തൊഴിലാളികളുടെ തൊഴിൽ നിഷേധിക്കാൻ സാഹചര്യമൊരുക്കിയ നിങ്ങൾക്ക് അവരോട് എന്ത് മറുപടി പറയാനുണ്ട് ? നിങ്ങൾക്ക് അറിയാം. നിങ്ങൾ പറഞ്ഞു ആയിരം പഞ്ചായത്തിലും നിങ്ങളുടെ ശവത്തിൽ ചവിട്ടി മാത്രമേ കരിമണൽ വാരാൻ അനുവദിക്കുകയുള്ളുവെന്ന്. ഇപ്പോൾ നിങ്ങൾക്ക് തർക്കം എവിടെയാണ് ? രണ്ടേ രണ്ട് പഞ്ചായത്തിൽ മാത്രമാണ് തർക്കമുള്ളത്. 998 പഞ്ചായത്തിലും തർക്കമില്ല. ഞങ്ങളുടെ കൊക്കിൽ ജീവനുള്ള കാലത്തോളം എക്സ്പ്രസ്സ് ഹൈവേ അനുവദിക്കുകയില്ലെന്ന് നിങ്ങൾ പറഞ്ഞു. ഇപ്പോൾ രണ്ട് ജയരാജൻമാരും അപ്പുറത്തുനിന്ന് പറയുകയാണ് എക്സ്പ്രസ്സ് ഹൈവേയുടെ പണി വളരെപെട്ടെന്ന് തുടങ്ങണമെന്ന്. ഞങ്ങളുടെ പത്രത്തിൽ മാത്രമല്ല, എല്ലാ പത്രങ്ങളിലും വന്നു. നിങ്ങൾക്കുണ്ടായ മാറ്റമാണിത്. എ.ഡി.ബി.-യെ ഈ സംസ്ഥാനത്തുനിന്ന് ഓടിക്കാൻ പണിയെടുത്തവരാണ് നിങ്ങൾ. ഇപ്പോൾ എ.ഡി.ബി.-യെ രണ്ട് കയ്യും നീട്ടി സ്വാഗതം ചെയ്യുക മാത്രമല്ല അവരെ ഒരു കുടക്കീഴിൽ കൊണ്ടുനടക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങൾക്ക് എന്താണ് ഈ രാജ്യത്തെ ജനങ്ങളോട് പറയാനുള്ളത് ? നിങ്ങൾ ഇന്ന് കരിഓയിൽ പാർട്ടിയാണ്. കരിമണൽ പാർട്ടിയല്ല. അസഹിഷ്ണുതയുടെ കൈയും കാലും വച്ചവരാണ് നിങ്ങൾ. നിങ്ങൾ ഒരുത്തരേയും അംഗീകരിക്കില്ല. നിങ്ങൾ എല്ലാവർക്കും എതിരാണ്. നിങ്ങൾ കരിഓയിലാണ്. ആകാശവാണി ഡയറക്ടർ ചെയ്ത തെറ്റ് എന്താണ് ? മിമിക്രി പാടുന്ന ആളെയല്ല നമുക്ക് പ്രതിപക്ഷനേതാവായി വേണ്ടതെന്ന് പറഞ്ഞതുകൊണ്ടാണ് അദ്ദേഹത്തിന്റെ നേരെ നിങ്ങൾ കരിഓയിൽ ഒഴിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിച്ച മാവേലിക്കര ലീലയെ നിങ്ങൾ കരിഓയിൽ ഒഴിച്ചു. നിങ്ങൾ കരിഓയിൽ പാർട്ടിയായി മാറിയിരിക്കുകയാണ്. നിങ്ങൾക്ക് ഒരിക്കലും ഈ രാജ്യത്തെ ജനവികാരം മാനിക്കാൻ കഴിയുകയില്ല. ഇപ്പോൾ ഭരണം കിട്ടാൻ പോകുകയാണ്. തൊപ്പിയും കുപ്പായവുമൊക്കെ അടിപ്പിച്ച് നിങ്ങൾ നാളെ ഭരണത്തിൽ കയറാൻ പോവുകയാണ്. അതുകൊണ്ട് നിങ്ങൾക്ക് കരിഓയിലല്ല, കരിമണലാണ് വേണ്ടത്. നിങ്ങൾക്ക് എക്സ്പ്രസ്സ് ഹൈവേയാണ് വേണ്ടത്. നിങ്ങൾക്ക് എ.ഡി.ബി. ലോൺ ആണ് വേണ്ടത്. നിങ്ങൾ പണം മുടക്കിനെ സ്വാഗതം ചെയ്യുന്നു. ഏത് തരത്തിലുള്ള മുടക്ക് ആയാലും കുഴപ്പമില്ല. എന്നാണ് നിങ്ങൾക്ക് വെളിപാട് ഉണ്ടായത് ? അതുകൊണ്ടാണ് ശ്രീ. വെളിയം ഭാർഗ്ഗവൻ തലയ്ക്ക് വെളിവില്ല എന്ന് പറയാൻ തയ്യാറായിട്ടുള്ളത്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങൾ ഒരു ജാഥ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയില്ലേ ? ഒരക്ഷരം നിങ്ങൾക്ക് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ സാധിക്കുമോ ? സാമൂഹ്യ വികസനത്തെക്കുറിച്ച്, സാമൂഹ്യ നീതിയെക്കുറിച്ച് മിണ്ടാൻ കഴിയുമോ ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്ക് വന്നപ്പോൾ, ദൃശ്യമാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിച്ചപ്പോൾ ഒരക്ഷരം മിണ്ടിയോ നിങ്ങൾ ? നിങ്ങളോട് അരി എത്ര എന്ന് ചോദിച്ചപ്പോൾ പയർ അഞ്ഞാഴി എന്ന് പറഞ്ഞു. നിങ്ങൾ ലീഗിനെ തെറി പറഞ്ഞു, യു.ഡി.എഫ്.-നെ തെറി പറഞ്ഞു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ നിങ്ങളുടെ ശുപാർശ എന്നു പറയാനുള്ള ആർജ്ജവം ആണുങ്ങളെപ്പോലെ കാണിക്കാൻ എന്തുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിക്ക് കഴിയുന്നില്ല ? നിങ്ങൾ സമഗ്ര വികസനത്തെക്കുറിച്ച് പറഞ്ഞു. നിങ്ങൾക്ക് വികസനവുമായി എന്ത് ബന്ധം ? തകരുക, തകർക്കുക, രക്തസാക്ഷികൾ, രക്തപതാക ഇതല്ലാതെ നിങ്ങൾക്ക് ഈ രാജ്യത്തെ വികസനത്തെക്കുറിച്ച് ഒരക്ഷരം മിണ്ടാൻ സാധിക്കുമോ ? നിങ്ങൾക്ക് എന്തെങ്കിലും വികസനത്തെക്കുറിച്ച് പറഞ്ഞുകൂടായിരുന്നോ ? ഈ രാജ്യത്തെ മുഴുവൻ വികസനത്തെയും എല്ലാക്കാലത്തും എതിർത്തവരാണ് നിങ്ങൾ. നിങ്ങൾ ഇലക്ട്രിസിറ്റിയെക്കുറിച്ച് പറഞ്ഞു. എന്താണ് നല്ലളത്തെ സ്ഥിതി ? പോയി നോക്കണം. നിങ്ങൾ ഇറക്കുമതി ചെയ്ത ചരക്കുകളൊക്കെ തുരുമ്പുപിടിച്ച് കിടക്കുകയാണ്. അതുകൊണ്ട് സാമൂഹ്യ നീതിയെക്കുറിച്ച് നിങ്ങൾ പറയേണ്ട ? സമഗ്ര വികസനത്തെക്കുറിച്ച് നിങ്ങൾ പറയേണ്ട ? നിങ്ങൾക്ക് ഭരണം കിട്ടാനും പോകുന്നില്ല. 110 സീറ്റിൽ ഭൂരിപക്ഷം നേടുമെന്ന് പറഞ്ഞ നിങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. കറുത്ത പൂച്ച ഇരുട്ടിൽ തപ്പുന്നതുപോലെ തപ്പിക്കൊണ്ടിരിക്കുകയാണ്. ഓർമ്മയുണ്ടോ നിങ്ങൾ അധികാരത്തിൽ കയറിയകാലം ? 500 ഉറുപ്പികപോലും വണ്ടിചെക്കായി മാറിക്കിട്ടാത്ത കാലമായിരുന്നു. ഇന്ന് എന്താണ് സ്ഥിതി ? 2000-2001-ൽ 213 ദിവസം ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നെങ്കിൽ ഈ വർഷം വെറും 47 ദിവസം മാത്രമാണ് ഓവർഡ്രാഫ്റ്റ്. വെറും 47 ദിവസം. നിങ്ങൾ ആലോചിക്കണം. നിങ്ങൾ പണാധിപത്യത്തിന്റെ അടിമകളായി മാറിയിരിക്കുകയാണ്. വെറുതെയല്ല ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞത്, ഈ രാജ്യത്ത് ഒരു ബൂർഷ്വാ പാർട്ടിയും സ്വാതന്ത്ര്യത്തിനുശേഷം ഇന്നേവരെ കാണിച്ചിട്ടില്ലാത്ത തരത്തിലുള്ള പണക്കൊഴുപ്പാണ് നിങ്ങൾ കാണിച്ചിട്ടുള്ളതെന്ന്. നിങ്ങളുടെ ബ്രേക്ക് ഫാസ്റ്റ് മീറ്റിംഗിൽ ആരാണ് പങ്കെടുത്തത് ? കർഷക തൊഴിലാളികളുണ്ടോ ? ചെങ്കൽ-കരിങ്കൽ തൊഴിലാളികളുണ്ടോ ? ചെത്ത് തൊഴിലാളികളുണ്ടോ ? ആലുക്കാസ് ഉണ്ട്. ജോസ്കോ ഉണ്ട്. എലൈറ്റ് ഗ്രൂപ്പുണ്ട്. കോടാനുകോടീശ്വരൻമാരുടെ അരങ്ങ് തകർക്കലുണ്ട്. അല്ലാതെ ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തെക്കുറിച്ച് എന്ത് മണ്ണാങ്കട്ടയാണ് നിങ്ങൾക്ക് പറയാനുള്ളത് ? ഒന്നും പറയാൻ കഴിയില്ല. നിങ്ങൾ ആകെ മാറി. നിങ്ങളുടെ പാർട്ടിയുടെ അലകും പിടിയും മാറി. കമ്മ്യൂണിസം നിങ്ങളിലില്ല. തോപ്പിൽ ഭാസി പാടിയതുപോലെ..... നിങ്ങൾക്കറിയാമല്ലോ ഏത് രംഗത്താണ് അദ്ദേഹം മരിച്ചുപോയിട്ടുള്ളതെന്ന് ? നിങ്ങളിൽ നിന്ന് കമ്മ്യൂണിസം പൂർണ്ണമായും ചോർന്ന് പോയി. 4020 കോടി രൂപയുടെ ബില്ലാണ് ഞങ്ങൾ കൊടുത്തുതീർത്തത്. ഓരോ ഇടതുപക്ഷ എം.എൽ.എ.-യും പറയും. ചരിത്രത്തിൽ ഇന്നുവരെ ഇതുപോലെ പൊതുമരാമത്ത് വർക്ക് നിങ്ങളുടെ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ടോ ? എത്ര ഡസൻ പാലങ്ങളാണ് ഓരോ മണ്ഡലത്തിലും ? ഗോവിന്ദൻ മാഷിനൊക്കെ കിട്ടിയ പാലങ്ങൾക്ക് കണക്കുണ്ടോ ? എത്ര കറുത്ത

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളാണ് ? എന്താണ് ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗത്തിന് പറയാനുള്ളത് ? ആശ്രയ പദ്ധതി ഞങ്ങൾ കൊണ്ടുവന്നു. കയറിക്കിടക്കാൻ ഒരു കൊച്ചു കൂരപോലും ഇല്ലാത്ത ആയിരക്കണക്കിന് ആളുകൾക്ക് കിടപ്പാടം നൽകി. മാത്രമല്ല അവർക്ക് ഭക്ഷണവും മരുന്നും നൽകി. അവർക്ക് അത്താണിയായി മാറിയിരിക്കുന്നത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സ്ത്രീ ശാക്തീകരണം യാഥാർത്ഥ്യമാക്കിയത് ഞങ്ങളാണ്. ഈ രാജ്യത്തെ വിധവകൾക്ക് പത്ത് കിലോഗ്രാം അരി സൗജന്യമായി നൽകിയത് ഞങ്ങളാണ്. ദശലക്ഷക്കണക്കിന് ആളുകൾക്ക് മൂന്ന് രൂപയ്ക്ക് അരി നൽകിയത് ഞങ്ങളാണ്. നിങ്ങൾക്ക് സഹിക്കുന്നില്ല. നിങ്ങളുടെ ശവപ്പെട്ടിയുടെ അവസാനത്തെ ആണിയാണ് ഈ ഓരോ തീരുമാനവും എന്നതുകൊണ്ടുതന്നെ നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധ്യമല്ല. എന്താണ് ശ്രീ. കുഞ്ഞാലിക്കുട്ടിയോടുള്ള വിരോധം ? നായനാർ മുതൽ ടി. വി. തോമസ് വരെ പലരും വിദേശത്ത് പോയില്ലേ മുതൽ കൊണ്ടുവരാൻ ? എന്തു കിട്ടി ? ഞങ്ങൾ 32,000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവന്നു. സ്മാർട് സിറ്റിയിൽ നിരവധി ഏജൻസികളുമായി ഒപ്പുവച്ചു. ഒരു സ്മാർട് സിറ്റിയിൽ മാത്രം 33,500 ആളുകൾക്ക് പണി. നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ? 33,500 ആളുകൾക്ക് ഒരു സ്മാർട് സിറ്റിയിൽ പണിയാണ്. കൂടാതെ പരോക്ഷമായി ഒരു ലക്ഷത്തിൽപ്പരം പേർക്കും. നിങ്ങൾക്ക് എന്ത് പറയാനുണ്ട് ? അതുകൊണ്ടു തന്നെ ജിം കൊണ്ടുവന്ന ശ്രീ. കുഞ്ഞാലിക്കുട്ടിയോട് വിരോധം. ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗ പാർട്ടികൾക്ക് ഒരക്ഷരം ഉരിയാടാൻ സാധിക്കുന്നില്ല. ഈ വിരോധം നിങ്ങൾ കരഞ്ഞ് തീർക്കുകയല്ലാതെ വേറൊരു രക്ഷയുമില്ല. ഈ രാജ്യത്ത് ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞു..... 20 കോടി രൂപയുടെ റോഡ് വികസനമാണ് തലസ്ഥാന നഗരിയിൽ. 14 വൻകിട ശുദ്ധജല പദ്ധതിയാണ് ഈ തലസ്ഥാന നഗരിയിൽ. വേളി-ആക്കുളം തടാക നവീകരണം ഇവിടെയാണ്. അന്താരാഷ്ട്ര കൺവെൻഷണൽ സെന്റർ ഇവിടെയാണ്. സംസ്ഥാനത്തെ റോഡ് വികസനത്തിന് മാത്രമായി 1612 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ച് എന്തെങ്കിലും പറയണമെങ്കിൽ നിങ്ങൾക്ക് മഷിയിട്ട് നോക്കണം. ആഗോള വിദ്യാഭ്യാസ സംഗമം അത്ഭുതം സൃഷ്ടിച്ചിരിക്കുകയാണ്. ഇൻഡ്യാ രാജ്യത്തു തന്നെ അത്ഭുതമാണ്. ഒരക്ഷരം ഉരിയാടാൻ സാധിക്കുന്നില്ല. ആവശ്യമായ കോളേജുകളും ആവശ്യമായ കോഴ്സുകളും അനുവദിച്ചു. അഴിമതി ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. 2007-ൽ പൂർത്തിയാകുന്ന ടെക്നോ പാർക്കിന്റെ രണ്ടാംഘട്ടത്തിൽ 1000 കോടി രൂപ നിക്ഷേപവും 20,000 പേർക്ക് തൊഴിൽ സാധ്യതയും ഉറപ്പുവരുത്താൻ ഞങ്ങൾക്ക് സാധിച്ചു. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് അന്തസ്സാർന്ന, അങ്ങേയറ്റത്തെ അഭിമാനത്തോടുകൂടിയ രൂപത്തിലുള്ള സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് സംസ്ഥാനത്തെ നേരായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചു. 1500 കോടി രൂപയുടെ നിക്ഷേപമാണ് കൊച്ചിയിൽ സ്മാർട്ട് സിറ്റിക്ക്. അതുപോലെ എൻ.എച്ച്.-47 നാലുവരി പാതയാക്കി മാറ്റുന്നതിനും സാധിച്ചു. ഇതുപോലെ ഒരു മുഖ്യമന്ത്രി ഇൻഡ്യാ രാജ്യത്ത് ഉണ്ടായിട്ടുണ്ടോ ? ഇൻഡ്യ ഇന്നുവരെ കണ്ടിട്ടുണ്ടോ ? 1,23,000 പേരെയാണ് അദ്ദേഹം മുഖാമുഖത്തിൽ 14 ജില്ലകളിൽ പോയിക്കണ്ടിട്ടുള്ളത്. 96,901 പരാതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചത്. 42,151 പരാതികൾക്ക് ഉടൻ പരിഹാരം ഉണ്ടാക്കിക്കൊടുത്തു. സുനാമി വന്നപ്പോൾ ഇതുപോലെ ഒരു നല്ല മാനേജ്മെന്റ് ഇൻഡ്യാ രാജ്യത്ത് എവിടെയെങ്കിലുമുണ്ടായോ? ആഗോള പ്രശസ്തി നേടിയില്ലേ നമ്മുടെ മുഖ്യമന്ത്രിയും മന്ത്രിമാരും? എന്തുകൊണ്ട് ഞങ്ങൾക്ക് അഭിമാനിച്ചുകൂടാ? കമ്പ്യൂട്ടർ അക്ഷയ പദ്ധതി, ആശ്രയ പദ്ധതി, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ കൊണ്ടുവന്നു. നിങ്ങൾക്ക് വൈദ്യുതിയെക്കുറിച്ച് എന്ത് പറയാനുണ്ട്? സ്വാതന്ത്ര്യത്തിനു ശേഷം ഇന്നുവരെ വൈദ്യുതി ചാർജ്ജ് കുറച്ചിട്ടുണ്ടോ? ഇവിടെ ഇതാ ഒരു മന്ത്രി, വൈദ്യുതി ചാർജ്ജ് യൂണിറ്റിന് 20 പൈസ വച്ച് കുറച്ചിരിക്കുകയാണ്. ചരിത്രത്തിൽ അത്ഭുതമാണിത്. 2007-ഓടുകൂടി വെളിച്ചമില്ലാത്ത ഒരു വീടുപോലും ഉണ്ടാകില്ല. അത്ഭുതകരമാണിത്. അതുപോലെ ഹൈടെക് ബസുകളുടെ കാര്യം. എന്തായിരുന്നു മുമ്പത്തെ സ്ഥിതി? മലയോര, കുടിയേറ്റ മേഖലകളിൽ മിനി ബസ്സുകളും ഹൈടെക് ബസ്സുകളും ഇന്ന് കുതിച്ചുപായുകയാണ്. ഒരു നല്ല വാക്ക് പറഞ്ഞുകൂടേ നിങ്ങൾക്ക്? ടൂറിസം ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ശ്രീ. ബിനോയ് വിശ്വത്തിന്റെ ചോദ്യത്തിന്റെ ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ വീണുപോയി അദ്ദേഹം. മിണ്ടാൻ കഴിയുന്നില്ല. കേരളത്തിന് ഏറ്റവുമധികം പ്രതീക്ഷയുളവാക്കുന്ന തുഷാരഗിരി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കാര്യത്തിൽ അങ്ങ് കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഈ ബഡ്ജറ്റിനെ അങ്ങേയറ്റം അഭിമാനത്തോടുകൂടി ഞങ്ങൾ പിന്താങ്ങുകയാണ്. ഇതുപോലൊരു ബഡ്ജറ്റ് ഈ സർക്കാരിന്റെ, നിയമസഭയുടെ അവസാനത്തെ ദിവസങ്ങളിൽ അവതരിപ്പിക്കാൻ സാധിച്ചത് സംസ്ഥാനത്തിന് മുമ്പൊരിക്കലുമില്ലാത്ത പ്രതീക്ഷ ഉണർത്തിയിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ഏടാകൂട മുന്നണിയെ സംബന്ധിച്ചിടത്തോളം അവരുടെ തലയ്ക്ക് അതിശക്തമായി ആഞ്ഞടിക്കാൻകൂടി അവസരം നൽകുന്ന ഈ ബഡ്ജറ്റിനെ ഞാൻ അഭിമാനത്തോടുകൂടി പിന്താങ്ങുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുന്ന പ്രഖ്യാപനങ്ങൾ അടങ്ങിയ ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിന്റെ വിശ്വാസ്യത തന്നെ ഇവരില്ലാതാക്കിയിരിക്കുകയാണ്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 6-ാമത്തെ ബഡ്ജറ്റാണിത്. ഈ 6 ബഡ്ജറ്റുകളിൽ ഇവിടെ നടത്തിയ പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാക്കിയെങ്കിൽ കേരളം എന്നേ സ്വർഗ്ഗലോകമായി മാറിയേനെ! മന്ത്രിമാർ ഈ നിയമസഭയിൽ നൽകുന്ന ഉറപ്പുകളെ സംബന്ധിച്ച് പരിശോധിക്കാൻ അഷ്വറൻസ് കമ്മിറ്റിയുണ്ട്. ഈ ബഡ്ജറ്റിൽ നടത്തുന്ന പ്രഖ്യാപനങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ? നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റിയുടെ അന്വേഷണപരിധിയിൽ ഈ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെക്കൂടി ഉൾപ്പെടുത്തണം. അങ്ങനെ ചെയ്താൽ ഇവിടെ നടത്തിയ പ്രഖ്യാപനങ്ങളുടെ തട്ടിപ്പ് പുറത്തുവരും. കേരളത്തിലെ ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടില്ല എന്നുള്ളതാണ് അത്യന്തം ആപത്ക്കരമായിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ കാർഷിക മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിട്ട ഒരു കാലഘട്ടമാണ് കഴിഞ്ഞ കാലഘട്ടം. ആയിരത്തിലേറെ കർഷകർ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഈയ്യാംപാറ്റകളെപ്പോലെ പിടഞ്ഞുവീണുമരിച്ചു. റബ്ബർ, നാളികേരം ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും വില ഇടിഞ്ഞു. കേരളം കർഷകന്റെ ശവപ്പറമ്പായി. എല്ലാപേരും പ്രതീക്ഷിച്ചത് ഈ ബഡ്ജറ്റിൽ കേരളത്തിലെ കാർഷികമേഖലയെ രക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒന്നാന്തരം പ്രഖ്യാപനങ്ങൾ നടത്തുമെന്നാണ്. നിർഭാഗ്യവശാൽ അദ്ദേഹം ഒരു പ്രഖ്യാപനവും നടത്തിയില്ല. കേരളത്തിലെ കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിട്ടതിന് ഉത്തരവാദി നിങ്ങൾ തന്നെയാണ്. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കൃഷിക്കാരനുവേണ്ടി എത്ര പാക്കേജുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ? ശ്രീ. എ. കെ. ആന്റണിയുടെ 10 കോടി രൂപ, രണ്ടാമത് 100 കോടി രൂപ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ 74 കോടി രൂപ, വീണ്ടും 95 കോടി രൂപ അങ്ങനെ എത്ര കോടി രൂപയുടെ പ്രഖ്യാപനങ്ങൾ കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി നടത്തി ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം. ഇതിലെത്ര കോടി രൂപ കേരളത്തിലെ കൃഷിക്കാരന്റെ കയ്യിലെത്തി ; എത്ര രൂപ കാർഷികമേഖലയ്ക്കു ചെലവഴിച്ചു ? പ്രഖ്യാപനങ്ങൾ നടത്തുകയും തുക കൃഷിക്കാരന്റെ കയ്യിൽ എത്താതെ വരികയും ചെയ്തതിന്റെ ഫലമായി ആത്മഹത്യ തുടരുകയല്ലേ ഇപ്പോഴും ? ആത്മഹത്യ അവസാനിച്ചോ ? ആത്മഹത്യയുടെ പരമ്പര തുടരുകയാണ്. കേരളത്തിലെ കാർഷിക മേഖലയിൽ കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പ്രഖ്യാപനം നടത്തി. അതായത് 10000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപിച്ചു കൊണ്ട് ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകും എന്ന്. 10000 ഹെക്ടർ എന്ന് പ്രഖ്യാപിച്ച സ്ഥലത്ത് എത്ര ഹെക്ടർ നെൽകൃഷി വ്യാപിപ്പിച്ചു. എത്ര പേർക്ക് തൊഴിൽ നൽകി; എത്ര രൂപയാണ് അതിന് ചെലവഴിച്ചത്? ഒരു നയാപൈസപോലും ചെലവഴിക്കാതെ ഇപ്പോൾ വീണ്ടും പറഞ്ഞിരിക്കുന്നു. കേരളത്തിലെ കർഷകനെ ഇങ്ങനെ പറ്റിക്കാമോ ? 18 കോടി രൂപ ചെലവഴിച്ച് 25,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വീണ്ടും വ്യാപിപ്പിക്കും എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷിക്കാരെ ഇങ്ങനെ ദ്രോഹിക്കാമോ? കാർഷികമേഖലയെ ഞെട്ടിക്കുന്ന വിവരങ്ങളാണ് എക്കണോമിക് റിവ്യൂവിലൂടെ പുറത്തുവന്നത്. 1996-ൽ ബഡ്ജറ്റ് അടങ്കലിന്റെ 18.4 ശതമാനം തുക കാർഷികമേഖലയ്ക്ക് മാറ്റിവച്ചിരുന്നുവെങ്കിൽ അതിപ്പോൾ 12.1 ആയി ചുരുങ്ങി. 1996-97, 1997-98 കാലയളവിൽ 400 കോടിയിലേറെ രൂപയാണ് കൃഷിക്കായി ചെലവിട്ടിരുന്നതെങ്കിൽ ഇപ്പോൾ ആ തുക 200 കോടി രൂപയിൽ താഴെയായി ചുരുങ്ങി. കാർഷികമേഖലയെ അവഗണിച്ചതുമൂലം കാർഷിക വളർച്ചാ നിരക്ക് 2.26 ശതമാനമായി താഴ്ന്നിരിക്കുകയാണെന്ന് എക്കണോമിക് റിവ്യൂവിൽ വ്യക്തമാക്കിയിട്ടുണ്ട്. 5 വർഷംമുമ്പ് കേരളത്തിന്റെ മൊത്തം സാമ്പത്തിക വരുമാനത്തിന്റെ 27 ശതമാനമാണ് കാർഷിക മേഖലയിൽനിന്ന് ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 11.5 ശതമാനമായി ചുരുങ്ങിയിട്ടുണ്ട്. കേരളത്തിലെ കാർഷികമേഖല സമ്പൂർണ്ണമായി തകർന്നിരിക്കുകയാണ്. പ്രഖ്യാപനത്തിൽ പറയുന്ന മറ്റൊന്ന് വെർച്വൽ യൂണിവേഴ്സിറ്റിയെപ്പറ്റിയാണ്. നിങ്ങൾ കേരളത്തിലെ പൊന്നുകായ്ക്കുന്ന മരത്തെ നശിപ്പിച്ചു. 1971-ൽ ആരംഭിച്ച കേരള കാർഷിക യൂണിവേഴ്സിറ്റി ഇന്ത്യയിലെ 32 കാർഷിക യൂണിവേഴ്സിറ്റികളിൽ വച്ച് ഒന്നാം സ്ഥാനത്ത് ആയിരുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക സർവ്വകലാശാലയെ നശിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നാമാവശേഷമാക്കി. അതിനെ അഴിമതിയുടെ കേന്ദ്രമാക്കി. പത്രങ്ങളും മാധ്യമങ്ങളും ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവന്നു: കാർഷിക യൂണിവേഴ്സിറ്റിയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇപ്പോൾ ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപനം. എന്താണ് ? Virtual University ! ഇതെല്ലാം കേരളത്തിലെ കാർഷിക രംഗത്തെ തകർത്ത നടപടികളാണ്. ഇവിടെ പൊതുമേഖലയുടെ സ്ഥിതി എന്താണ്? ബഡ്ജറ്റ് പ്രസംഗത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനേയും ഇലക്ട്രിസിറ്റി ബോർഡിനേയും പറ്റിയാണ് പറയുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നടങ്കം നശിക്കുകയാണ്. അവയെ രക്ഷിക്കുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 29 പൊതുമേഖലാസ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്. അതിൽ പ്രധാനപ്പെട്ടതാണ് ട്രിവാൻട്രം റബ്ബർ വർക്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ്, കെൽട്രോൺ പ്രൊജക്ടേഴ്സ്, മന്നം ഷുഗർ മിൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജെന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കൊല്ലം മീറ്റർ കമ്പനി, കെൽ, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, ബാലരാമപുരത്തെ ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് തുടങ്ങിയവ. അവിടെയുള്ള എത്ര തൊഴിലാളികളാണ് തെരുവാധാരമായത് ? 14,000 തൊഴിലാളികളാണ് ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പുറത്തെറിയപ്പെട്ടത്. ഈ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് എന്തെങ്കിലും പ്രഖ്യാപനം നടത്തിയോ ? അതിന് എന്തെങ്കിലും ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ? അതിന് ഒരു പ്രഖ്യാപനവും നടത്തിയില്ല എന്നു മാത്രമല്ല, ഇനിയും പല പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള പരിശ്രമമാണ് നടത്തുന്നത്. തൊഴിലില്ലായ്മയെപ്പറ്റി അങ്ങ് ഒരക്ഷരം പറഞ്ഞിട്ടില്ല. തൊഴിലില്ലാത്തവരുടെ സംഖ്യ കേരളത്തിൽ 40 ലക്ഷം കവിഞ്ഞു. എത്ര ചെറുപ്പക്കാർ ഈ കാബിനറ്റിൽ ഉണ്ട് ? ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. എ. പി. അനിൽകുമാർ, ശ്രീ. അടൂർ പ്രകാശ്, യൂത്ത് ലീഗിന്റെ നേതാവായിരുന്ന ശ്രീ. എം. കെ. മുനീർ എന്നീ ചെറുപ്പക്കാരായിട്ടുള്ള ആളുകൾ ഈ ക്യാബിനറ്റിലുണ്ട്. എന്നിട്ടും കേരളത്തിലെ തൊഴിലില്ലായ്മ സംബന്ധിച്ച് ഒരു വാക്ക് പറയാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ല. നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിന് നൽകിയ വാഗ്ദാനമല്ലേ 15 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് ? തിരുവനന്തപുരത്ത് കഴിഞ്ഞ പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ നിങ്ങൾ നടത്തിയ എല്ലാ പ്രസംഗങ്ങളും കേട്ടു. അപ്പോൾ തൊഴിലില്ലായ്മയെക്കുറിച്ച് പറഞ്ഞതേയില്ല. നിങ്ങൾക്ക് പറയാൻ കഴിയില്ല. നിങ്ങൾക്ക് അത് പറയാൻ നാവ് പൊങ്ങില്ല. നിങ്ങൾക്ക് പേടിയാണ്. ഇപ്പോഴും പറയുന്നില്ല. 200 കോടി രൂപയുടെ തൊഴിൽദാനപദ്ധതി നിങ്ങൾ പ്രഖ്യാപിച്ചില്ലേ ? ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ ഈ നിയമസഭയിൽ പറഞ്ഞു "ഒരു നയാപൈസ പോലും ചെലവഴിക്കാൻ സാധിച്ചില്ല എന്നുള്ള കാര്യം ഞാൻ നിങ്ങളുടെ മുമ്പിൽ സമ്മതിക്കുന്നു" എന്ന്. അങ്ങനെ യുവാക്കളെ വഞ്ചിച്ചില്ലേ ? നിങ്ങൾ രണ്ടാമത് പറഞ്ഞത് 50,000 കോടി രൂപയുടെ നിക്ഷേപം. ശ്രീ. മോയിൻകുട്ടി ഈ നിയമസഭയിൽ ഒരു കാര്യം പറഞ്ഞല്ലോ ? ആഗോളനിക്ഷേപസംഗമം (GIM) വഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് ശ്രീ. എ. കെ. ആന്റണിയും, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും പറഞ്ഞു. ഈ രണ്ടുപേരും സഭയിൽ ഇല്ലാത്തതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആ ഉത്തരവാദിത്വത്തിൽ നിന്ന് യു.ഡി.എഫിന് മാറിനില്ക്കാൻ കഴിയുമോ ? അങ്ങനെ പറഞ്ഞ് വീണ്ടും ചെറുപ്പക്കാരെ വഞ്ചിച്ചു. ഈ ബഡ്ജറ്റിലും ഒരു നയാപ്പൈസ മാറ്റിവച്ചില്ല. ഇപ്പോൾ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ പറയുന്നത് സ്മാർട്ട് സിറ്റിയുടെ കാര്യം. ഇത്രയും ചെറുപ്പക്കാരായ മന്ത്രിമാരുള്ള ഈ ക്യാബിനറ്റിൽ, ബഡ്ജറ്റ് എങ്ങനെ അവതരിപ്പിക്കണമെന്ന് ആലോചിച്ചപ്പോൾ, തൊഴിലില്ലായ്മയുടെ കാര്യം ഒന്നു പരാമർശിക്കയെങ്കിലും വേണമെന്നു പറയാൻ മെനക്കെടാത്ത ഈ മന്ത്രിമാർക്ക് കേരളത്തിലെ ചെറുപ്പക്കാർ മാപ്പ് നൽകുമോ ? അവർ മാപ്പ് നൽകില്ല. കേരളത്തിലെ ചെറുപ്പക്കാരെ വഞ്ചിച്ച സർക്കാരാണ് ഇത്. കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നപോലെ കേരളത്തിലെ ചെറുപ്പക്കാർ ആത്മഹത്യയിലേക്ക് പോവുകയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർ ആത്മഹത്യയുടെ മുനമ്പിൽ എത്തിനിൽക്കുകയാണ്. നിങ്ങൾക്ക് ചരിത്രം മാപ്പ് നൽകാൻ പോകുന്നില്ല. കേരളത്തിലെ പോലീസിന് ഈ ബഡ്ജറ്റിൽ പണം മാറ്റി വച്ചിരിക്കുന്നത് എന്തിനാണ് ? കേരളത്തിലെ ആളുകളെ ഉരുട്ടിക്കൊല്ലുന്നതിനാണോ ? അതിനുവേണ്ടിയാണോ പോലീസുകാർ ? മുഖ്യന്ത്രിയുടെ ചുമതല വഹിക്കുന്ന അങ്ങ് ഇത് മനസ്സിലാക്കണം. ഉദയകുമാർ എന്നയാളിനെ ഉരുട്ടിക്കൊന്നത് എന്തിനാണെന്നറിയാമോ ? അദ്ദേഹം 4000 രൂപ കൈക്കൂലി കൊടുക്കാത്തതിനാണ്. കയ്യിലുണ്ടായിരുന്ന 4000 രൂപ കൈക്കൂലി കൊടുത്തിരുന്നെങ്കിൽ ആ കാപാലികന്മാരായ പോലീസുകാർ ഉദയകുമാറിനെ ഉരുട്ടിക്കൊല്ലില്ലായിരുന്നു. ആര്യനാട് പോലീസ് സ്റ്റേഷനിൽ നടന്നത് എന്താണ് ? ശ്രീ. ജി. കാർത്തികേയൻ പറഞ്ഞല്ലോ, അദ്ദേഹം ഒന്നും ചെയ്തിട്ടില്ലെന്ന്. ഞാൻ ചോദിക്കുന്നു, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കോ, മറ്റ് ഏതെങ്കിലും മന്ത്രിക്കോ ഈ തെരഞ്ഞെടുപ്പു വരാൻപോകുന്ന സന്ദർഭത്തിൽ ആര്യനാട് പോയി ചാരായം സംബന്ധിച്ച് പരാമർശിക്കാൻ സാധിക്കുമോ ? ലക്ഷോപലക്ഷം വരുന്ന ആ പ്രദേശത്തെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കന്നാസിൽ ചാരായം കൊണ്ടുപോയി പിടിച്ചെടുത്തതാണെന്ന് പോലീസുകാർ എഴുതിത്തന്ന മറുപടി അങ്ങ് വായിച്ചില്ലേ ? അവിടെ എന്താണ് നടക്കുന്നത് ? അവിടെ പാവപ്പെട്ട 42 വയസ്സുള്ള ആലപ്പണിക്കാരനായ ചെറുപ്പക്കാരനെ ചാരായ കേസിൽപ്പെടുത്തി കേരളത്തിലെ പോലീസുകാർ ഉരുട്ടിക്കൊന്നില്ലേ ? കേരളത്തിൽ പോലീസിനുവേണ്ടി എന്തിനാണ് പണം നീക്കിവയ്ക്കുന്നത് ? ഇവിടെ നടന്നിട്ടുള്ള പ്രക്ഷോഭങ്ങളെ, സമരങ്ങളെ സർക്കാരിന്റെ നയസമീപനത്തിന് എതിരായി നടത്തിയിട്ടുള്ള പോരാട്ടങ്ങളെയെല്ലാം തല്ലിച്ചതയ്ക്കാനാണോ ? ഇവിടെയുള്ള നിയമസഭാ സാമാജികന്മാരുടെ തന്നെ തലതല്ലിപ്പൊളിക്കാനാണോ ? ഇവിടെയിരിക്കുന്ന ശ്രീ. പി. എസ്. സുപാലിന്റെ തല ഇവിടുത്തെ പോലീസ് തല്ലിപ്പൊളിച്ചതാണ്. ചെറുപ്പക്കാർക്ക്, തൊഴിലിനുവേണ്ടി നടത്തിയ പ്രക്ഷോഭ സമരത്തിൽ എത്ര നിയമസഭാസാമാജികന്മാരുടെ തലതല്ലിപ്പൊളിച്ചു? കേരളത്തിൽ എത്രമാത്രം വിദ്യാർത്ഥികളും വിദ്യാർത്ഥിനികളുമാണ് പോലീസിന്റെ ക്രൂരമായ, പൈശാചികമായ മർദ്ദനത്തിന് വിധേയമായത് ? ശ്രീ. കോവൂർ കുഞ്ഞുമോൻ പോലീസിന്റെ ക്രൂരമായ മർദ്ദനത്തിന് വിധേയമായി. ആ പോലീസിനെ നിങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ ? നിങ്ങൾ പറഞ്ഞാൽ കേൾക്കുന്നുണ്ടോ ? പോലീസിന് ഭ്രാന്തുപിടിച്ച മട്ടാണ്. രാവിലെ ബഹുമാനപ്പെട്ട എം. മുരളി ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചു. എന്തിനാണ് ? അതിൽ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരെ കണ്ട ഉടനെ ഓടി എന്നാണ്. ഓടിച്ചുകൊല്ലുക, അടിച്ചുകൊല്ലുക, മർദ്ദിച്ചുകൊല്ലുക, ലോക്കപ്പ് മർദ്ദനം ഒക്കെ നടക്കുകയാണ്. ലോക്കപ്പിലുള്ള എത്ര ആളുകളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊലചെയ്യപ്പെട്ടത് ? പോലീസ് സേനയ്ക്കു നൽകുന്ന പണം നല്ല കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനു വേണ്ടി നിർദ്ദേശം കൊടുക്കാൻ തയ്യാറാകണം. കേരളത്തിലെ സമസ്തമേഖലകളെയും നിങ്ങൾ തകർത്തെറിഞ്ഞു. വിദ്യാഭ്യാസ നയത്തെക്കുറിച്ച് എന്തുപറയുന്നു എന്ന് ഇവിടെ ശ്രീ. സി. മോയിൻകുട്ടി ചോദിച്ചു. വിദ്യാഭ്യാസ നയത്തെക്കുറിച്ച് ആരും ഒന്നും പറയാൻ പോകുന്നില്ല. സർവ്വതും നശിപ്പിച്ചു. കേരളത്തിന്റെ സുതാര്യമായ വിദ്യാഭ്യാസ സമ്പ്രദായം നശിപ്പിച്ചു. നിങ്ങൾ കാർഷിക മേഖല തകർത്തു, പൊതുമേഖലയെ തകർത്തു, കേരളത്തിലെ പരമ്പരാഗത മേഖലയെ തകർത്തു തരിപ്പണമാക്കി. സർവ്വസ്വവും നശിപ്പിച്ച ഒരു സർക്കാരിനു വേണ്ടിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിനെ ഒന്നുകൂടി ശക്തിയായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട സ്നേഹിതൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുന്നു എന്നുപറഞ്ഞു. ഞാൻ അതേ ഭാഷയിൽ ഈ ബഡ്ജറ്റിനെ ശക്തിയായി അനുകൂലിക്കുന്നു. കഴിഞ്ഞ കുറേ കാലങ്ങളായി കേരളത്തിൽ വന്നിട്ടുള്ള ബഡ്ജറ്റുകളും പാസ്സാക്കലുമൊക്കെ നമുക്കറിയാം; കേരളത്തിൽ എന്തെങ്കിലും ഒരു നല്ല കാര്യം ചെയ്തിട്ടുണ്ടെങ്കിൽ വലതുപക്ഷ ഗവൺമെന്റുകൾ മാത്രമേ ചെയ്തിട്ടുള്ളൂ. കഴിഞ്ഞ 40 വർഷമായി പറയാനല്ലാതെ, തടുക്കാനല്ലാതെ, കുഴപ്പമുണ്ടാക്കാനല്ലാതെ രാജ്യത്തെ സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. എനിക്ക് നിങ്ങളോട് പിണക്കമുണ്ടായിട്ടല്ല, പക്ഷേ ഒന്നു നോക്കിയാൽ ഇപ്പോൾ പ്രസംഗിച്ചു പ്രസംഗിച്ച് വസ്തുതകളിൽ നിന്ന് മാറിപ്പോകാനല്ലാതെ വസ്തുതകളിലേക്ക് ഇറങ്ങിവരാൻ ആരും തയ്യാറാകുന്നില്ല. കേരളത്തിൽ ധാരാളം പ്രശ്നങ്ങളുണ്ട്. ഇല്ലെന്ന് പറയുന്നില്ല. ആ പ്രശ്നങ്ങൾ നമുക്കെങ്ങനെ പരിഹരിക്കാൻ കഴിയും ? കൂട്ടായ യത്നത്തിലൂടെ ഒരു സമാധാന പശ്ചാത്തലമുണ്ടാക്കുവാൻ ആ ഭാഗത്തിരിക്കുന്ന ആളുകൾ സമ്മതിക്കില്ല. അതിനെയൊക്കെ മറികടന്ന് വളരെ ആർജ്ജവബുദ്ധിയോടുകൂടി, തന്റേടത്തോടുകൂടി ബുദ്ധിമാനായ ശ്രീ. വക്കം പുരുഷോത്തമൻ ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചപ്പോൾ ഇത്രയും വലിയ കാര്യങ്ങൾ, നല്ല കാര്യങ്ങൾ ചെയ്യാൻ പോകുന്നല്ലോയെന്നോർത്ത് ഞാനും സന്തോഷിച്ചു. നമുക്ക് ഒന്നിച്ചിരിക്കാം, തർക്കിക്കണ്ട, നമുക്കൊന്നിച്ചിരുന്ന് ഈ പറയുന്ന ഓരോ കാര്യവുമെടുത്ത് പരിശോധിക്കാം. അതിൽ പരമാർത്ഥമുണ്ടെങ്കിൽ നിങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ലേ ? അതല്ല, നിങ്ങൾക്ക് എതിർക്കണമെങ്കിൽ എതിർക്കാം. എതിർത്തതുകൊണ്ട് രാജ്യത്തിന് എന്തെങ്കിലും പ്രയോജനമുണ്ടോ ? നിയമസഭയിൽ വന്നതുകൊണ്ട് അടുത്തിരുന്ന് നമുക്ക് ചിന്തിക്കാൻ പാടില്ലേ ? എന്താണ് കേരളത്തിന്റെ പ്രശ്നങ്ങൾ ? ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ബഡ്ജറ്റിലെ വകയിരുത്തൽ മതിയാകുമോ ? തോല്പിക്കാൻവേണ്ടിയൊന്നും മത്സരിക്കരുത് ! എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇന്നത്തെ കാലാവസ്ഥ അനുസരിച്ച് കുറെയൊക്കെ പരിഹരിക്കാൻ ഈ ബഡ്ജറ്റിനു കഴിയും. അത്രയുംപോലും അംഗീകരിക്കാൻ കഴിയാതെ എല്ലാം തെറ്റ്, എല്ലാം തെറ്റ്, നമ്മുടേത്

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ശരിയെന്നു പറയുന്ന ഒരു മൂഢസ്വർഗ്ഗത്തിൽ നിന്ന് മാറണം. എത്രയോ കാലമായി ഇവിടെ ജനാധിപത്യ ഗവൺമെന്റ് ഭരണം തുടങ്ങിയിട്ട് ? അന്നുമുതൽ ഇന്നുവരെ കമ്മ്യൂണിസ്റ്റുകാർ എന്തെങ്കിലും തുടങ്ങിയാൽ കോൺഗ്രസ്സുകാർ എതിർക്കുകയാണ്, കോൺഗ്രസ് തുടങ്ങിയാൽ കമ്മ്യൂണിസ്റ്റുകാർ എതിർക്കുകയാണ്. ഈ നയം ശരിയല്ല. ഇത് കൊച്ചുകുഞ്ഞുങ്ങളുടെ സ്വഭാവമാണ്. നല്ലതുണ്ടെങ്കിൽ അംഗീകരിക്കുക, നല്ലതല്ലെങ്കിൽ അതിനെ കുറ്റം പറഞ്ഞോളൂ. അതിൽ തെറ്റില്ല. പക്ഷേ നല്ലതെല്ലാം കൊണ്ടുവന്നത് കോൺഗ്രസ് ആയതുകൊണ്ടോ, കൊണ്ടുവന്നത് ജനാധിപത്യ ഗവൺമെന്റായതുകൊണ്ടോ എതിർക്കണമെന്നു പറയുന്നത് ശരിയല്ല. ആ നയം ശരിയല്ല. മിടുക്കന്മാർ മിടുക്ക് കാണിക്കുന്നത് അവിടെയല്ല. അവർ രാജ്യത്തിന്റെ പ്രധാന പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിന് അനുകൂലമായ തീരുമാനങ്ങൾ എടുക്കാൻ ശ്രമിക്കും, ആ ഭാഗമെങ്കിലും ഞങ്ങൾ അംഗീകരിക്കുന്നു എന്നുപറയാനുള്ള സംസ്ക്കാരം വിദ്യാഭ്യാസത്തിൽ നിന്ന് ഉണ്ടാകേണ്ടതായിരുന്നു. ഇത് അതല്ല, കൊണ്ടുവന്നത് ശ്രീ. വക്കം പുരുഷോത്തമൻ, എതിർക്കെടാ എതിർക്ക് എന്ന സമീപനമാണ് സ്വീകരിക്കുന്നത്. നിങ്ങൾ മൂന്നുനാല് പ്രാവശ്യം ഈ സംസ്ഥാനം ഭരിച്ചല്ലോ ! എന്ത് ചെയ്തു ? ഈ രാജ്യം നിലനിൽക്കത്തക്ക രീതിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോ അവർക്ക് അനുകൂലമായി നിൽക്കുന്ന ആളുകളോ എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? ശാശ്വതമായി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അത് ജനാധിപത്യ ചേരികൾ മാത്രമാണ്. ഞാൻ അവരെ പൊക്കി പറയുകയല്ല, ഞാൻ പറഞ്ഞത് ഇവിടെ ജനാധിപത്യ ഭരണം തുടങ്ങിയതിൽപ്പിന്നെ ഈ രാജ്യത്തെ ഓരോ മന്ത്രിസഭയും ചെയ്തിട്ടുള്ള കാര്യങ്ങൾ എടുത്തുനോക്കുമ്പോൾ അതിൽ ബഹുഭൂരിപക്ഷവും ചെയ്തിട്ടുള്ളത് വലതുഭാഗത്തിരിക്കുന്ന ആളുകളാണ്, അല്ലെങ്കിൽ വലതുഭാഗം കക്ഷികളാണെന്നു കാണാം. ഇടതുകക്ഷികളല്ലെന്ന് നമുക്കറിയാം. പാർട്ടിയുണ്ടാക്കാൻ വേണ്ടി ഈ രാജ്യത്തിന്റെ ഖജനാവ് കൊള്ളയടിക്കാൻ, എത്രയോ സന്ദർഭങ്ങൾ നിങ്ങൾ ഉപയോഗിച്ചിട്ടുണ്ട് ? ..... (ബഹളം) ..... കേരള കോൺഗ്രസ്സ് അങ്ങനെ പാർട്ടിയുണ്ടാക്കാനോ മറ്റുള്ള കാര്യങ്ങൾക്കോ ഒന്നും രാജ്യത്തിന്റെ ഒരു സ്വത്തും നേടാറില്ല. ആർക്കെങ്കിലും പറയാൻ കഴിയുമോ ഞാൻ അടുത്ത പ്രാവശ്യം മടങ്ങി വരുമെന്ന് ? നിങ്ങൾക്ക് പറയാമോ ? മറ്റുള്ളവരെ തകർക്കുക എന്നുള്ളതല്ല മിടുക്ക്. നിങ്ങൾ വിദ്യാഭ്യാസമുള്ള ആളുകളല്ലേ ? ഈ രാജ്യം ഇന്നനുഭവിക്കുന്ന വിഷമങ്ങളെപ്പറ്റി ഒന്നിച്ചിരുന്ന് ഒരേസമയം ചിന്തിക്കാൻ നമുക്ക് കഴിയണം. കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒന്നിച്ചിരുന്ന് നമ്മുടെ ശക്തിയെ ഉപയോഗിക്കാൻ ശ്രമിക്കണം. കമ്മ്യൂണിസ്റ്റുകാരെ കോൺഗ്രസ്സുകാർക്കും എതിർക്കണം. കോൺഗ്രസ്സുകാരെ കമ്മ്യൂണിസ്റ്റുകാർക്കും എതിർക്കണമെന്ന മൂഢമായ ചിന്താഗതിയാണ് നമുക്കുള്ളത്. നമ്മുടെ പിൻതലമുറക്കാർ ഇതല്ലേ കേൾക്കാൻ പോകുന്നത് ? എതിർക്കുകയും അനുകൂലിക്കുകയും ചെയ്യുന്ന രണ്ടു കാര്യങ്ങൾ മാത്രമേയുള്ളു. സമവായം വേണം. യോജിക്കൽ ഒന്നുമില്ല. അപ്പോൾ രണ്ടുകൂട്ടരും ഒന്നിച്ചിരുന്ന് പ്രശ്നങ്ങൾ പഠിക്കാനും ആ കിട്ടുന്ന പാഠങ്ങൾ മറ്റുള്ളവർക്ക് പ്രായോഗികമാക്കി എത്തിച്ചുകൊടുക്കാനും എന്താണ് മാർഗ്ഗമെന്ന് ചിന്തിക്കാൻ ഇതുവരെ കഴിഞ്ഞില്ലല്ലോ ? എല്ലാവരും വിദ്യാഭ്യാസമുള്ളവരല്ലേ ? അങ്ങനെ ഒരു ചിന്താഗതിയിലേക്ക് വരണം. നിങ്ങൾ മറ്റുള്ള വിദേശ രാജ്യങ്ങളിലെ അസംബ്ലി കേൾക്കാറില്ലേ ? പാർലമെന്റിലെ ചർച്ചകൾ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കാറില്ലേ? അവിടെയെല്ലാം കൂട്ടായി ആലോചിക്കും. കൂട്ടായി ആലോചിച്ച് അവർ കാര്യങ്ങൾ കൊണ്ടുവരും. ഇവിടെ അതല്ല, ഈ ബഡ്ജറ്റ് കൊണ്ടുവന്നത് ആരാണ്? ശ്രീ. വക്കം പുരുഷോത്തമൻ. എന്നാൽ എതിർക്കട്ടെയെന്നുപറയുന്ന മൂഢസ്വർഗ്ഗം ഉപേക്ഷിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് നല്ല കാര്യങ്ങൾ ഈ ബഡ്ജറ്റിലുണ്ടെങ്കിൽ അത് നിങ്ങൾ അംഗീകരിക്കണം. പശ്ചിമ ബംഗാളിൽ എന്തു നടക്കുന്നു എന്ന് ഞാൻ ചോദിക്കുന്നില്ല. എനിക്ക് കേരളത്തിലെ കാര്യങ്ങൾ മാത്രമേയുള്ളൂ. അവിടേയും ഇവിടേയും നോക്കി അവിടെ മുടിക്കലോ ഇവിടെ തിന്നലോ എന്തുമായിക്കോട്ടെ. കേരളത്തിന്റെ ഇന്നത്തെ ഈ ചിന്താഗതിയിൽ മാറ്റം വരണം. കഴിഞ്ഞ മൂന്ന് നാല് മാസമായി കേരളത്തിൽ എന്താണ് നടക്കുന്നത്? എത്രയോ പരിഷ്ക്കാരങ്ങൾ, എത്രയോ മാറ്റങ്ങൾ ഉണ്ടായി. അതൊക്കെ ജനങ്ങളുടെ അരികിലേക്ക് എത്തിച്ചുകൊടുക്കാൻ സമയം കണ്ടെത്തണം. മാറ്റങ്ങളെല്ലാം ജനങ്ങൾ അറിയുമ്പോൾ, ജനങ്ങളുടെ പക്കൽ ചെല്ലുമ്പോൾ, അവിടെ പിടിച്ചുനിന്നിട്ട് കാര്യമില്ല, ഫലമുണ്ടാവില്ല എന്നുള്ളത് കണിശമാണ്. ഈ രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചാണ് നിങ്ങൾ വോട്ട് സമ്പാദിക്കുന്നത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. നമ്മളെല്ലാം വിദ്യാഭ്യാസമുള്ള ആളുകളല്ലേ? ആളുകൾ പത്രം വായിക്കുമ്പോൾ ഇങ്ങനെയാണല്ലോ ഇവരൊക്കെ പറയുന്നത് എന്ന് കുഞ്ഞുങ്ങൾപോലും ഓർത്തു പോകും. എല്ലാവരും കേരളത്തെ ഒരുപോലെ കാണാനും കേരളത്തിന്റെ പ്രശ്നങ്ങൾ പഠിക്കാനും പഠിക്കുന്ന പ്രശ്നങ്ങൾ പ്രായോഗികമാക്കാനും ശ്രമിക്കണം. ഇവിടെ പിച്ചാത്തി കിട്ടിയാൽ കുത്തിക്കൊല്ലുന്ന രീതിയിലാണ് പ്രതിപക്ഷം പ്രസംഗിക്കുന്നത്. അങ്ങനെയൊന്നും പോകണ്ട. തെറ്റുണ്ടെങ്കിൽ തിരുത്തണം. തെറ്റ് ചൂണ്ടിക്കാണിച്ചാൽ ഞങ്ങൾ തിരുത്തുമല്ലോ? ഈ രാജ്യത്തെ പ്രശ്നങ്ങൾ പഠിക്കുകയും പഠിച്ചത് പകർത്തി അതിനനുകൂലമായി ബഡ്ജറ്റ് കൊണ്ടുവരികയും ചെയ്ത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അനുമോദിക്കുന്നു. ഒരുപാടു പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്ക് സാധിക്കും. തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് കൊണ്ടുവന്നതാണെന്നൊന്നും വിചാരിക്കണ്ട. ജനങ്ങളുടെ മുന്നിൽ ഈ പിത്തലാട്ടമൊന്നും കാണിക്കേണ്ട ആവശ്യമില്ല. ഈ രാജ്യത്ത് ആര് എന്ത് ചെയ്തു എന്ന് കഴിഞ്ഞ 50 വർഷത്തെ അനുഭവത്തിലൂടെ ജനങ്ങൾ മനസ്സിലാക്കും. അതിനുള്ള തെളിവുകൾ ഞങ്ങളുടെ പക്കലുണ്ട്. ബഹുമാനപ്പെട്ട സി.എഫ്. തോമസ് രാവിലെ പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറയാൻ വിട്ടുപോയി. ഖാദിക്ക് റിബേറ്റ് കൊടുക്കുന്നതിനുള്ള പണം അനുവദിക്കണമെന്ന് അദ്ദേഹം പറയുമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ പറയാൻ അദ്ദേഹം മറന്നുപോയി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനെപ്പറ്റി ചിന്തിക്കണം. ഖാദി മേഖലയെക്കുറിച്ച് പല അപശബ്ദങ്ങളും നാം കേൾക്കുന്നുണ്ട്. കുറെയൊക്കെ പരിഹരിച്ചാൽ തരക്കേടില്ല. ഞാൻ നിർത്തുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. നടപ്പാക്കേണ്ടിവരികയില്ല എന്ന ഉത്തമബോദ്ധ്യത്തോടുകൂടി അസത്യങ്ങളും അർദ്ധസത്യങ്ങളും അയഥാർത്ഥങ്ങളുമായ കണക്കുകൾ കൊണ്ട് രൂപകല്പന ചെയ്ത ഒരു ബഡ്ജറ്റാണിത്. കേരള സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ ഐശ്വര്യപൂർണ്ണമാക്കുന്നതിനും

12.00 NOON]

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള യുക്തിസഹമായ ഒരു സമീപനവും ഈ ബഡ്ജറ്റിൽ ഇല്ല എന്നുള്ളതിനാലാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഒരു ബഡ്ജറ്റിന്റെ കണക്കുകൾ സത്യസന്ധമായിരിക്കണം; വിശ്വാസ്യതയുള്ളതായിരിക്കണം; യാഥാർത്ഥ്യബോധത്തോടു കൂടിയുള്ളതായിരിക്കണം. ഇതൊന്നും ഈ ബഡ്ജറ്റിൽ ഇല്ല. ഞാൻ ശ്രീ. വക്കം പുരുഷോത്തമനെബഹുമാനിക്കുന്ന ഒരാളാണ്; എങ്കിലും അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് എതിർത്തു പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുകടത്തെപ്പറ്റി പറയുന്നുണ്ട്. ബഡ്ജറ്റ് ഇൻ ബ്രീഫിൽ ഈ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് എത്രയാണെന്ന് പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് ഇൻ ബ്രീഫിൽ 48,000 കോടി രൂപയുടെ പൊതുകടം ഉണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ബഡ്ജറ്റ് പ്രസംഗത്തിൽ എന്തുകൊണ്ടാണ് 2004 മാർച്ചുമാസം വരെയുള്ള 41,000 കോടി രൂപയുടെ കടം മാത്രമായി അദ്ദേഹം ചുരുക്കിയത്? അർദ്ധസത്യത്തിൽ അദ്ദേഹം ഒതുക്കുകയാണ് ചെയ്തത്. പെൻഷനുകൾ കൊടുക്കുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ചെറിയ ചെറിയ തുകകൾ വേണ്ടുന്ന വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ ഇവയെക്കുറിച്ചെല്ലാം പറഞ്ഞു. കാര്യമായ തുകയുടെ വിനിയോഗം വേണ്ടുന്ന, പതിനായിരക്കണക്കിന് ആളുകൾക്ക് ധനസഹായം ചെയ്യേണ്ടുന്ന, കർഷകത്തൊഴിലാളി പെൻഷന്റെ കുടിശ്ശികയെക്കുറിച്ചോ തൊഴിലില്ലായ്മാ വേതനത്തെക്കുറിച്ചോ പറയാൻ അദ്ദേഹം വിസ്മരിച്ചുപോയി. പി.ഡബ്ല്യൂ.ഡി.-യിലെ കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അദ്ദേഹം പറഞ്ഞിരിക്കുന്നത് 2005 മാർച്ച് 31 വരെയുള്ളതു കൊടുക്കുമെന്നാണ്. ഞാൻ പറയുന്നു 2004 മാർച്ച് 30 വരെയുള്ള ബില്ല് മാത്രമേ കൊടുത്തിട്ടുള്ളൂ എന്ന്. രണ്ടു വർഷത്തിലേറെ കുടിശ്ശിക ഇപ്പോഴും പൊതുമരാമത്ത് വകുപ്പിൽ നിൽക്കുകയാണ്. ബഡ്ജറ്റ് പ്രസംഗം പോലെയുള്ള ഒരു ആധികാരിക രേഖയിൽ, വസ്തുതാ വിരുദ്ധമായി കണക്കുകൾ പറയാൻ കഴിയുമോ? അദ്ദേഹത്തിന്റെ കണക്കുകൾ മുഴുവൻ തെറ്റാണ്, അയഥാർത്ഥമാണ്, അസത്യമാണ്. അതുകൊണ്ട് ഇതിൽ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഒന്നുംതന്നെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. നിങ്ങളുടെ സമീപനമെന്താണ്? മുൻഗണനാക്രമമെന്താണ്? ഇവിടത്തെ അടിസ്ഥാന മേഖലയുടെ വികസനത്തിന്, പ്രശ്ന പരിഹാരത്തിന് എന്താണ് മാർഗ്ഗം? ഇവിടെ വ്യവസായത്തെക്കുറിച്ചൊക്കെ ശ്രീ. സി. മോയിൻകുട്ടി പറഞ്ഞു. വ്യാവസായിക മേഖലയിലെ മുതൽ മുടക്ക് എന്താണ്? ഈ ബഡ്ജറ്റിന്റെ സമീപനമെന്താണ്? കഴിഞ്ഞ വർഷത്തെക്കാൾ ഏതാണ്ട് 80 കോടി രൂപ കുറച്ചാണ് ഈ വർഷം വകകൊള്ളിച്ചിട്ടുള്ളത്. ആകെയുള്ളതിന്റെ 3.08 ശതമാനമാണ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ. ഇത്തവണ അത് 2.72 ശതമാനമാണ്. ഇതാണ് വ്യാവസായിക-തൊഴിൽ മേഖലയോടുള്ള സമീപനം. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പറയുന്നു, കഴിഞ്ഞ വർഷം ബഡ്ജറ്റിൽ 1004 കോടി രൂപ നീക്കിവച്ച സ്ഥാനത്ത് ഇത്തവണ 294 കോടി രൂപയാക്കി കുറച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റിന് 304 കോടി രൂപ എന്നുള്ളത് 160 കോടി രൂപയായി കുറഞ്ഞു. പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കുന്ന പദ്ധതികൾ ഉൾപ്പെടെയുള്ള ഹൗസിംഗ് മേഖലയ്ക്കുള്ള ധനസഹായം 4.99 ശതമാനത്തിൽ നിന്ന് 3.67 ശതമാനമായി കുറച്ചു. അടിസ്ഥാന മേഖലയായ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമീപനവും മുൻ ഗവൺമെന്റിന്റെ സമീപനവും തമ്മിൽ ബന്ധമുണ്ടോ ? ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണത്തിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയുടെ 9.3 ശതമാനം കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവച്ചുവെങ്കിൽ ഈ വർഷത്തെ ബഡ്ജറ്റിൽ 7.87 ശതമാനമാണ് നീക്കിവച്ചിട്ടുള്ളത്. ഇതല്ലേ സമീപനം ?

ശ്രീ. കെ. കെ. ഷാജു : അങ്ങൊരു കൃഷിക്കാരനാണ്, കുട്ടനാട്ടുകാരനാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കുട്ടനാട്ടിലെ കർഷക ജനതയക്ക് ഇത്രയേറെ ആനുകൂല്യങ്ങൾ കിട്ടിയ കാലയളവ് ഇതിനു മുമ്പ് ഒരിക്കലെങ്കിലും ഉണ്ടായിട്ടുണ്ടോ ? അങ്ങ് സത്യസന്ധമായി ഇതിനെ വിലയിരുത്തുമോ ?

ഡോ. കെ. സി. ജോസഫ് : 'പണ്ടേ ദുർബല, 'പിന്നെ ഗർഭിണി' എന്നു പറഞ്ഞതുപോലെയാണ് നെൽക്കൃഷിക്കാരുടെ സ്ഥിതി. എണീറ്റുനിൽക്കാൻ നിവൃത്തി ഇല്ലാതെ, നട്ടെല്ല് ഒടിഞ്ഞുനിൽക്കുന്ന കൃഷിക്കാരെക്കുറിച്ച് ശ്രീ. കെ. കെ. ഷാജു ഉൾപ്പെടെ നമുക്കാർക്കും ഒന്നും പറയാൻ കഴിയില്ല. സമീപനം വളരെ മോശമാണ്. കാർഷിക മേഖലയുടെ സ്ഥിതി എന്താണ് ? നിങ്ങൾ വാചാലമായി പറയുന്നുണ്ടല്ലോ. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ അവസാന വർഷം, കാർഷിക മേഖല മുഴുവൻ തകർന്നിരിക്കുന്ന ഒരു സന്ദർഭമാണ്, ആ കാലഘട്ടത്തിൽ സാമ്പത്തിക തകർച്ചയുടെ മുഴുവൻ കാരണവും കാർഷിക മേഖലയുടെ തകർച്ചയായിരുന്നു. ആ കാലഘട്ടത്തിൽ പ്പോലും സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 16.23 ശതമാനം കാർഷിക മേഖലയിൽ നിന്നുള്ള വരുമാനമായിരുന്നു. നിങ്ങൾ അഞ്ച് കൊല്ലം കാർഷിക മേഖലയ്ക്കുവേണ്ടി മുഴുവൻ ഉദ്ധാരണ പ്രവർത്തനങ്ങളും നടത്തിയതിനുശേഷം ഇപ്പോൾ എത്ര ശതമാനമാണ് ? മൊത്തം വരുമാനത്തിന്റെ 12.53 ശതമാനമാണ് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം. രണ്ട് ശതമാനമാണ് കുറവു വന്നത്. കാർഷിക രംഗത്തെ വളർച്ചാനിരക്കുപോലും കഴിഞ്ഞ വർഷം 1.8 ശതമാനത്തിൽ നിന്ന് ഈ വർഷം 1.7 ശതമാനമായി കുറഞ്ഞു. അതായത് .01 പെർസെന്റായി കുറഞ്ഞു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. കെ. അബ്ദുറബ്ബ്]

2000-2001-ൽ അഗ്രിക്കൾച്ചറൽ മേഖലയിലെ ക്രെഡിറ്റ് 20 ശതമാനമായിരുന്നെങ്കിൽ ഈ വർഷം 17 ശതമാനമായി കുറഞ്ഞു. കാർഷിക മേഖലയോടുള്ള നിങ്ങളുടെ സമീപനം എന്താണ് ? കാർഷിക മേഖലയെ എങ്ങനെ നിലനിർത്താൻ കഴിയും ? നിങ്ങളുടെ അഞ്ച് വർഷത്തെ ഭരണത്തിൽ റബ്ബർ മേഖലയിൽ ഒഴിച്ച് മറ്റെല്ലാ കാർഷിക മേഖലയിലും ഉൽപ്പാദനം കുറഞ്ഞു. നാളികേരമുൾപ്പെടെ മുഴുവൻ കാർഷിക മേഖലകളിലും വിലയും ഉൽപ്പാദനവും കുറഞ്ഞു. കാർഷിക മേഖലയെ സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു പ്രവർത്തനവും നിങ്ങൾ നടത്തുന്നില്ല.

ശ്രീ. പി. ടി. തോമസ് : ഡോ. കെ. സി. ജോസഫ് കൃഷിക്കാരുടെ താൽപ്പര്യത്തെപ്പറ്റി പറയുകയാണല്ലോ. അതിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാനൊന്ന് ചോദിക്കട്ടെ. ത്രിതല പഞ്ചായത്തുകൾക്ക് 40 ശതമാനം തുക ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റിവച്ചപ്പോൾ 40 ശതമാനത്തിന്റെ 70 ശതമാനം അഗ്രിക്കൾച്ചറിനാണ്. ആ 70 ശതമാനം വകമാറ്റി ചെലവഴിക്കുന്നതുകൊണ്ടാണ് കാർഷിക രംഗത്ത് കുറവുണ്ടായിരിക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഡോ. കെ. സി. ജോസഫ് : ഞാൻ ആ പോയിന്റിലേയ്ക്ക് വരാം. അദ്ദേഹം പറഞ്ഞതിനുള്ള മറുപടി പറയാം. അധികാര വികേന്ദ്രീകരണത്തിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത് പ്രാദേശിക ഗവൺമെന്റുകളാണ്. അതുപോലെ നമ്മുടെ ഗവൺമെന്റിന് ഒരു ദിശാബോധമുണ്ടായിരുന്നെങ്കിൽ, കാർഷിക മേഖലയെ രക്ഷിക്കണമെന്നുണ്ടായിരുന്നെങ്കിൽ കേരളത്തിന്റെ പ്രത്യേക സ്ഥിതിയിൽ ക്രോപ്പ് ഓറിയന്റഡ് പ്ലാനിംഗ് വേണമായിരുന്നു. ഓരോ ക്രോപ്പിന്റേയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. നെൽകൃഷിയുടെ പ്രശ്നങ്ങൾ, നാളികേരകൃഷിയുടെ പ്രശ്നങ്ങൾ ഇവയൊക്കെ വ്യത്യസ്തമാണ്. അതുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നീക്കിവച്ചുകഴിഞ്ഞാൽ അതിൽനിന്ന് വ്യത്യസ്തമായി കൃഷി വകുപ്പ് ഡയറക്ടറേറ്റിലൂടെ ഓരോ കാർഷിക മേഖലയിലെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതനുസരിച്ചുള്ള തുക നീക്കി വയ്ക്കാനുമുള്ള ഉത്തരവാദിത്വം കാണിക്കുകയും വേണം. കാർഷിക മേഖലയോട് താൽപര്യമുണ്ടായിരുന്നെങ്കിൽ ഗവൺമെന്റ് അത് കാണിക്കണമായിരുന്നു. ആ താൽപര്യം കാണിക്കാത്തതുകൊണ്ടാണ് കാർഷിക മേഖല കൂടുതൽ തകർന്ന് എണീക്കാൻ കഴിയാത്ത സ്ഥിതിയിൽ എത്തിയത്. ആ നിലയിൽ കാർഷിക മേഖലയെ പൂർണ്ണമായി തകർത്തു. കാർഷിക മേഖലയെ രക്ഷിക്കാനായി ക്രിയാത്മകമായ യാതൊരും പദ്ധതിയും നിങ്ങൾ നടപ്പാക്കിയില്ല. നിങ്ങൾക്കറിയാം ഈ ബഡ്ജറ്റിൽ പറഞ്ഞ ഏതെങ്കിലും കാര്യം നടക്കുമോ ? നിങ്ങൾ സംഭരണത്തെക്കുറിച്ച് പറഞ്ഞു. എവിടെയെങ്കിലും ഫലപ്രദമായ രീതിയിൽ സംഭരണം നടക്കുന്നുണ്ടോ ? ആലപ്പുഴ ജില്ലയിൽ മാത്രം ഒന്നര ലക്ഷത്തോളം ടൺ നെല്ല് കെട്ടിക്കിടക്കുന്നു. ഇതൊക്കെ എന്ന് സംഭരിക്കാൻ കഴിയും ? വലിയ സ്തംഭനം ആ രംഗത്തുണ്ടാകാൻ പോകുകയാണ്. അങ്ങനെയുള്ള വലിയ പ്രശ്നങ്ങളെക്കുറിച്ച് നിശബ്ദത പാലിച്ചതിനുശേഷം ഇവിടെ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടുമായി വരുന്നു. ഞാൻ ഒറ്റ കാര്യം പറയാം. ശ്രീ. എം. എം. ഹസ്സൻ ഇവിടെ ഇരിക്കുന്നതുകൊണ്ട് പറയുകയാണ്. അദ്ദേഹം ഇന്നലെ നോട്ടീസ് കൊടുത്തു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലാതെ, വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയന്റെ കാലഘട്ടത്തിലല്ലാതെ സംസ്ഥാനത്ത് മൊത്തത്തിൽ വൈദ്യുതി മേഖലയിലെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് മേഖലകളിലും ഒരേപോലുള്ള വികസനം സാദ്ധ്യമായ മറ്റേതെങ്കിലും കാലഘട്ടം ചൂണ്ടിക്കാണിക്കാൻ കഴിയുമോ ? ഇവിടത്തെ പ്രസരണ രംഗം മെച്ചപ്പെടുത്താൻ ഉൽപ്പാദന വിതരണ ശൃംഖല മെച്ചപ്പെടുത്താൻ കഴിഞ്ഞില്ലേ ? നിങ്ങൾ ഇപ്പോൾ വിലകുറച്ചുവെന്ന് മേനി പറഞ്ഞുകൊണ്ട് നടക്കുന്നുണ്ടല്ലോ ! എന്ത് വില കുറച്ചു ? ഇവിടെ പവർകട്ടില്ലാത്ത വർഷമെന്ന് പറയാൻ അവസരം നൽകിയത് ആരാണ് ? ശ്രീ. പിണറായി വിജയന്റെ ശക്തമായ നേതൃത്വത്തിലുള്ള ശക്തമായ നടപടികൾ കൊണ്ടല്ലേ അത് സാധിച്ചത് ? ശ്രീ. പിണറായി വിജയൻ മന്ത്രിസ്ഥാനമൊഴിഞ്ഞ് പാർട്ടി നേതൃത്വത്തിലേക്ക് പോകുമ്പോൾ, തിരുവനന്തപുരത്ത്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് പൗരസ്വീകരണം കൊടുത്തപ്പോൾ ശ്രീ. എം. എം. ഹസ്സൻ ശ്രീ. പിണറായി വിജയനെക്കുറിച്ച് പറഞ്ഞ വാക്ക് മറന്നുപോയോ ? ഏറ്റവും ശക്തനും കാര്യക്ഷമതയുമുള്ള മന്ത്രിയായി ശോഭിച്ച ശ്രീ. പിണറായി വിജയന് തിരുവനന്തപുരത്തെ പൗരാവലിയെ സാക്ഷി നിർത്തി സർട്ടിഫിക്കറ്റ് നൽകിയ ശ്രീ. എം. എം. ഹസ്സൻ ഇപ്പോൾ ശ്രീ. പിണറായി വിജയനെ ക്രൂശിക്കാൻ പോകുന്നത് ആർക്കുവേണ്ടി അച്ചാരം വാങ്ങിയിട്ടാണ് ? ശ്രീ. പിണറായി വിജയൻ കേരളത്തിൽ വൈദ്യുതിമന്ത്രിയായിരുന്ന വർഷങ്ങളിൽ കേരളത്തിൽ കാര്യക്ഷമതയുള്ള ഊർജ്ജസ്വലമായ ചലനാത്മകമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന മന്ത്രിയെന്ന് കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഒരേ സ്വരത്തിൽ പറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയെ ഈ നിലയിലുള്ള ഉമ്മാക്കി കാട്ടി തകർത്ത് അതുവഴി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ക്ഷീണം വരുത്താമെന്ന് കരുതുന്നുണ്ടെങ്കിൽ അത് വ്യാമോഹമാണ്. അത് കേരളത്തിൽ നടക്കാൻ പോകുന്നില്ല. ശ്രീ. പിണറായി വിജയൻ ഉൾപ്പെടെയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ അംഗീകരിക്കുമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, നമ്മുടെ എല്ലാപേരുടേയും പ്രശംസാപാത്രമായി മാറിയിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. സമസ്ത മേഖലകളിലും സർവ്വൈശ്വര്യം പ്രധാനം ചെയ്യുന്ന ഒരു ബഡ്ജറ്റാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. സമൂഹത്തിന്റെ എല്ലാ മേഖലകളിലും എല്ലാ വിഭാഗം ആളുകൾക്കും ഉപകാരപ്രദമായിട്ടുള്ള ഒരു ബഡ്ജറ്റാണിത്. പ്രതിപക്ഷം ഇലക്ഷൻ ബഡ്ജറ്റ് ആണെന്നുള്ള ആരോപണമാണ് ഉന്നയിക്കുന്നത്. കഴിഞ്ഞ നാലരവർഷമായി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ആസൂത്രണത്തിന്റെ തിളക്കം ഈ സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റിലും പ്രതിഫലിച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഒട്ടേറെ വിമർശനങ്ങൾ കേട്ടിട്ടാണെങ്കിലും ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പൂർണ്ണമായും വിജയിച്ചു. കഴിഞ്ഞ നാലരവർഷം പ്രതിപക്ഷത്തിന്റെയും മാധ്യമ ലോകത്തിന്റെയും നിരന്തര വിമർശനത്തിന് വിധേയമായിക്കൊണ്ടിരുന്ന ഒരു സർക്കാരാണിത്. മാധ്യമപെരുപ്പം എന്ന പ്രതിഭാസത്തിന്റെ ഗുണഫലങ്ങളും ദോഷഫലങ്ങളും നേരിട്ടുകണ്ട ഒരു കാലഘട്ടമായിരുന്നു. സർക്കാരിന്റെ ഓരോ നീക്കവും വിമർശനബുദ്ധിയോടെയാണ് മാധ്യമങ്ങൾ നേരിട്ടത്. മാധ്യമങ്ങൾ പറഞ്ഞതുപോലെയാണെങ്കിൽ കേരളത്തിൽ ഇപ്പോൾ മലകളും തോടുകളും പുഴകളും ഒക്കെ അന്യാധീനപ്പെട്ടുപോകുമായിരുന്നു. പുഴ വിൽക്കാൻ പോകുന്നു, കടൽ വിൽക്കാൻ പോകുന്നുയെന്നൊക്കെ കേട്ട് പാവപ്പെട്ട ജനങ്ങൾ അമ്പരന്നുപോയ ഒരു കാലഘട്ടമാണ് കഴിഞ്ഞുപോയത്. എന്റെ നിയോജക മണ്ഡലത്തിലൂടെ ഒഴുകുന്ന പെരുന്തോട് ബഹുരാഷ്ട്ര കമ്പനിക്ക് വിൽക്കാൻ പോകുന്നുയെന്നുവരെ നമ്മുടെ നാട്ടിലെ കൂട്ടി സഖാക്കൾ പ്രചരിപ്പിക്കുകയും അവിടത്തെ ജനങ്ങൾ പരിഭ്രാന്തരാകുകയുമുണ്ടായി. ഞാൻ മാധ്യമങ്ങളെയും ചാനലുകളെയും കുറ്റം പറയുകയല്ല. കേരളത്തിലെ പൊതുരംഗത്തെ അനീതിക്കും അവഗണനയ്ക്കും തെറ്റായ പ്രക്ഷോഭണത്തിനുമെതിരെ ജാഗ്രതയോടെ നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാധ്യമ ലോകത്തിന്റെ സേവനം വളരെ വലുതാണ്. വ്യക്തിപരമായി എനിക്കുപോലും ഗുണം ചെയ്ത സംഭവം കഴിഞ്ഞ ദിവസം ഈ സഭയും ജനങ്ങളും കണ്ടു. ഞാൻ സഭയിലിരുന്ന് ഉറങ്ങിയെന്ന് ഒരാരോപണമുണ്ടായല്ലോ. സത്യത്തിൽ ഉറങ്ങിയെന്നുള്ളത് എനിക്കുപോലും വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷെ അതുകൊണ്ടൊരു ഗുണമുണ്ടായി. പത്രത്തിൽ വായിച്ച വിവരമനുസരിച്ച് എം.എൽ.എ. ഹോസ്റ്റലിലെ ചെറുപ്പക്കാരായ രണ്ട് ഡോക്ടർമാർ നിർബന്ധപൂർവ്വം എന്റെ രക്തം പരിശോധിച്ചു. പരിശോധിച്ചപ്പോൾ സ്വതവേയുള്ള ഷുഗർ കൂടുതലാണെന്ന് മാത്രമല്ല തൈറോയിഡ് ഗ്രന്ഥി തീരെ പ്രവർത്തിപ്പിക്കാത്ത ഹൈപ്പോ തൈറോയിഡ് എന്ന ഗുരുതരമായ രോഗമുണ്ടെന്ന് അറിയാനും കഴിഞ്ഞു. ഡയബറ്റിക് കോമ ഏത് നിമിഷവും ഉണ്ടാകാമെന്നും അഞ്ച് മിനിറ്റ് ഇരുന്നാൽ ഇനിയും ഉറങ്ങിപ്പോകുമെന്നും അവർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ സഭയിൽ ശ്രീ. കെ. കെ. ഷാജു ഇല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ സഭയിൽ ഒറ്റയ്ക്ക് ഇരിക്കുന്ന ഏക വ്യക്തിയാണ് ഞാൻ. പലവട്ടം ആവശ്യപ്പെട്ടിട്ടുണ്ട് എനിക്കൊരു companion-നെ തരണമെന്ന്. ശ്രീ. കെ. കെ. ഷാജു ഇല്ലെങ്കിൽ, എന്നെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കാൻ അങ്ങയുടെ ശ്രദ്ധയും നിങ്ങളുടെ ശ്രദ്ധയുമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ അസുഖം അറിയാനുള്ള അവസരമുണ്ടാക്കിത്തന്ന പത്രപ്രവർത്തകരോട് എനിക്ക് നന്ദിയുണ്ട്. ഞാൻ പറഞ്ഞുവന്നത് മാധ്യമങ്ങളുടെ ശ്രദ്ധയെയും വിമർശനത്തെയും അതുകൊണ്ട് എനിക്കുണ്ടായ ഗുണത്തെയും സംബന്ധിച്ചാണ്. എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു ഗൂഢസംഘം പ്രൊഫഷണലായി നടത്തിയ ഒരു പദ്ധതിയുടെ ഫലമായാണ് വളരെ ഫലപ്രദമായ രീതിയിലുള്ള ഒരു തരംഗം കഴിഞ്ഞ നാലരവർഷം സർക്കാരിനെതിരെ ഉണ്ടായത്. സർക്കാർ എന്തെങ്കിലും ചെയ്യാൻ തുടങ്ങുന്നതിനുമുൻപേ ഈ വിവരം മാധ്യമങ്ങളിൽ വിപരീതാർത്ഥത്തിൽ വാർത്തയാകുന്നു. ആ സമയത്ത് വളരെ കൃത്യതയോടുകൂടി സമരങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. വേണ്ട സമയത്ത് കോടതികളിൽ കേസ് കൊടുക്കുന്നു. താൽക്കാലിക വിധികളുണ്ടാകുന്നു. കൃത്യമായി ആസൂത്രണം ചെയ്ത നാടകങ്ങളാണ് അന്ന് അരങ്ങേറിയത്. ഇതിന്റെ മറുവശമാണ് കഴിഞ്ഞ നാലര വർഷം കേരളത്തിലെ ജനങ്ങൾ കണ്ടത്. പ്രീഡിഗ്രി ബോർഡ് സമരം മുതൽ സ്വാശ്രയ കോളേജുകൾ വരെയുള്ള സമരങ്ങൾ നാം കണ്ടു. സി.പി.ഐ.(എം.) എന്ന രാഷ്ട്രീയ പാർട്ടിയുടെ രാഷ്ട്രീയ പാപ്പരത്വം ഞാൻ മനസ്സിലാക്കുന്നു. പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം എന്നീ വിഷയങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നതിന് എന്റെ സുഹൃത്ത് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കാൻ പോകുന്നുവെന്ന് കേട്ടു. സി.പി.ഐ.(എം.)-ന്റെ രാഷ്ട്രീയ ഇളക്കി മറിച്ചിലുകൾ ഒരു പാഠ്യവിഷയമാക്കണമെന്നും അതിനുവേണ്ടി ഘടകകക്ഷിയായ സി.പി.ഐ.-യിൽ ആരെങ്കിലും ഒരു ബിൽ അവതരിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. 2001 ഒക്ടോബറിൽ എ.ഡി.ബി. വായ്പ വാങ്ങാൻ ആന്റണി മന്ത്രിസഭ തീരുമാനിച്ചപ്പോൾ എൽ.ഡി.എഫ്. പ്രക്ഷോഭം നടത്തി. 2005 ഫെബ്രുവരിയിൽപ്പോലും എ.ഡി.ബി. പ്രതിനിധികളെ എൽ.ഡി.എഫ്. തടഞ്ഞുവച്ചു. എന്നാൽ 2006 ജനുവരി ആയപ്പോഴേക്കും സി.പി.ഐ.(എം) എ.ഡി.ബി. ആനുകൂലികളായി. 2003 മേയ് മാസത്തിലാണ് എക്സ്പ്രസ്സ് ഹൈവേയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനമുണ്ടായത്. 2003 മുതൽ 2005 ജൂൺ വരെ എൽ.ഡി.എഫ്.-ന്റെ പ്രതിഷേധം കേരളത്തിലെ ജനം കണ്ടു. വടക്കുള്ള സി.പി.ഐ.(എം) എം.എൽ.എ.-മാർക്ക് അത് വേണം, തെക്കുള്ളവർക്ക് അത് വേണ്ട. 2005 ജനുവരിയിലായിരുന്നു കരിമണൽ ഖനനത്തിന് സർക്കാർ തീരുമാനമെടുത്തത്. കരിമണൽ കുന്നിൽ ചെങ്കൊടി പാറിച്ചു. അവിടെയും ഉണ്ടായി സമരം. ആറാട്ടുപുഴ പഞ്ചായത്തിൽ ഹർത്താൽ. പക്ഷേ 2005 ഡിസംബറിൽ കേരള വികസന സെമിനാറിൽ, സുവനീറിൽ കരിമണൽ കമ്പനിയുടെ പരസ്യം കണ്ടപ്പോൾ പാവം സഖാക്കൾ വിശ്വസിച്ചില്ല. ഇപ്പോൾ കരിമണൽ ഖനനത്തിന് നിരോധനം ഇല്ലെന്നായി. നിലം നികത്തൽ, ജിം, സ്വാശ്രയ വിദ്യാഭ്യാസ നയം തുടങ്ങിയ എത്രയോ ഉദാഹരണങ്ങൾ ഇനിയുമുണ്ട്. ഇതിനെ വെടക്കാക്കി തനിക്കാക്കുക എന്ന് മലബാറിൽ പറയും. ആ തന്ത്രമാണ് സി.പി.ഐ.(എം) പ്രയോഗിക്കുന്നത്. സി.പി.ഐ.(എം)-ന്റെ നിലപാട് മാറ്റാൻ നാലും അഞ്ചും വർഷമാണ് എടുക്കുന്നത്. ലോകം അതിവേഗത്തിൽ മുന്നോട്ടുപോകുമ്പോൾ നാല് വർഷംകൊണ്ട് എത്ര പിന്നിലാകുമെന്ന് ആലോചിക്കാൻ സി.പി.ഐ.(എം)-ന്റെ ആളുകൾ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി നാം നമ്മെത്തന്നെ ബലി കൊടുക്കുകയാണ്. ഇതാണ് പശ്ചിമബംഗാളിൽ നടന്നത്. ഇത്തവണത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പ് സി.പി.ഐ.(എം.) സുഹൃത്തുക്കൾ വായിച്ച് മനസ്സിലാക്കണമെന്ന ഒരു അഭ്യർത്ഥനകൂടി എനിക്കുണ്ട്. എല്ലാ മാറ്റങ്ങളെയും ഹൃദയവിശാലതയോടെ സ്വീകരിക്കാൻ നമ്മൾ തയ്യാറാകണം. എത്ര എതിർത്താലും അനിവാര്യമായ മാറ്റങ്ങൾ സംഭവിക്കുകതന്നെ ചെയ്യും. ഒട്ടേറെ വികസന പ്രവർത്തനങ്ങൾ സി.പി.ഐ.(എം) നേതൃത്വം കൊടുക്കുന്ന ഈ പ്രവർത്തനങ്ങളിലൂടെ നഷ്ടപ്പെട്ടിട്ടുണ്ട്. എന്റെ മണ്ഡലത്തിൽത്തന്നെ വലിയൊരു വ്യവസായം നഷ്ടപ്പെട്ട കാര്യം ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. ബഹുമാന്യനായ കെ. പി. രാജേന്ദ്രൻ ഈ സഭയിൽ ഇല്ലാതെപോയി. അദ്ദേഹമാണ് ആ സമരത്തിന് നേതൃത്വം കൊടുത്തത്. അദ്ദേഹത്തിന്റെ സുഹൃത്തായ ശ്രീ. പി. നാരായണൻ എനിക്ക് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞത് ക്ലിങ്കർ പ്ലാന്റ് യൂണിറ്റ് കൊണ്ട് ഒരു മലിനീകരണവുമില്ലെന്നാണ്. അങ്ങനെയുള്ള ഒരു വ്യവസായം വരുന്നതിനെയാണ് ശ്രീ. കെ. പി. രാജേന്ദ്രൻ നേതൃത്വം കൊടുത്തു കൊണ്ട് എതിർത്തത്. ആ ഒരു ഇന്റർവ്യൂ എനിക്ക് തന്നതിന് പാർട്ടി സെക്രട്ടറി വിശദീകരണം ചോദിച്ചുകൊണ്ട് ബഹുമാന്യനായ പി. നാരായണന് നോട്ടീസ് അയയ്ക്കുന്ന സാഹചര്യംവരെ ഉണ്ടായി. 1998 ആഗസ്റ്റ് 7-നാണ് സൗരാഷ്ട്ര സിമന്റ് കമ്പനിയുമായി കേരള സർക്കാർ എം.ഒ.യു. ഒപ്പുവച്ചത്. 1998-ൽ ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഭരിച്ചിരുന്നത്. 2000 ജനുവരി 13-ന് ബഹുമാന്യയായ സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കമ്പനിയുമായി ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പിട്ടു. പക്ഷേ എൽ.ഡി.എഫ്.-ന്റെ ഭരണ കാലത്ത് അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ, 36 വർഷത്തിനു ശേഷം കൊടുങ്ങല്ലൂരിൽ വലിയ മാറ്റം ഉണ്ടായപ്പോൾ ആ മാറ്റത്തെ അംഗീകരിക്കാൻ കഴിയാതെ ഒരു ദുഃസ്വപ്നംപോലെ ഇന്നും പ്രതിപക്ഷം മനസ്സിൽ സൂക്ഷിക്കുകയാണ്. ആ വലിയ ഒരു വ്യവസായത്തെ ശക്തമായി എതിർക്കുകയാണ് ചെയ്തത്. ആ വ്യവസായത്തോടൊപ്പംതന്നെ കൊടുങ്ങല്ലൂരിന് ലഭിക്കേണ്ടിയിരുന്ന 1341 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടു. അവിടെ വരേണ്ടിയിരുന്ന തുറമുഖത്തിന്റെ ചരിത്രംകൂടി ഈ അവസരത്തിൽ ഞാൻ ഓർമ്മിക്കുകയാണ്. അതിനെയാണ് എൽ.ഡി.എഫ്. ശക്തമായി എതിർക്കുന്ന അവസ്ഥ ഉണ്ടായത്. ജന്മം കൊടുത്തവർതന്നെ വധിക്കാൻ ശ്രമിക്കുന്ന അവസ്ഥയാണ് കൊടുങ്ങല്ലൂരിൽ ഉണ്ടായത്. ഇവിടെ മാങ്കോട് രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര പേർക്കാണ് തൊഴിൽ കൊടുത്തത് എന്ന് ചോദിച്ചു. ഒരു വ്യവസായം തുടങ്ങിയാൽ അല്ലേ അല്ലെങ്കിൽ തൊഴിൽ മേഖല സൃഷ്ടിക്കപ്പെട്ടാൽ അല്ലേ യുവാക്കൾക്ക് തൊഴിൽ കൊടുക്കാൻ അവസരം ഉണ്ടാകുകയുള്ളൂ. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന വലിയൊരു വ്യവസായ യൂണിറ്റും തുറമുഖവുമാണ് കൊടുങ്ങല്ലൂരിന് നഷ്ടപ്പെട്ടത്. യുവാക്കളുടെ തൊഴിൽ നഷ്ടപ്പെടുത്തുന്നവർതന്നെ അതിനെതിരെ ശക്തമായി വാദിക്കുന്നതു കേൾക്കുമ്പോൾ നാണം തോന്നുകയാണ്. എ.ഡി.ബി. വായ്പയുടെ കാര്യത്തിലായാലും എക്സ്പ്രസ്സ് ഹൈവേയുടെ കാര്യത്തിലായാലും പുതിയ വ്യവസായശാലകൾ വരുന്ന കാര്യത്തിലായാലും മറ്റെല്ലാ കാര്യങ്ങളെയും നിങ്ങൾ ശക്തമായി എതിർക്കുകയാണ്. അതെല്ലാം കഴിഞ്ഞിട്ട് ഇവിടെ ഇരുന്നുകൊണ്ട് ജനങ്ങൾ കേൾക്കാൻ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ലെന്നു പറയുന്ന വാദഗതിയാണ് എനിക്ക് മനസ്സിലാകാത്തത്. ലാവ്‌ലിൻ ഇടപാടിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലാവ്‌ലിൻ സി.പി.ഐ.(എം)-ന്റെ കാഴ്ചയിൽ ഒരു സംസ്ഥാന പ്രശ്നമല്ല, സി.പി.ഐ.(എം)-ന്റെ അടുക്കള കാര്യം മാത്രമാണ്. സി.പി.ഐ.(എം)-ന്റെ അടുക്കള ഭരണത്തിന് നേതൃത്വം കൊടുക്കുന്നത് ആരാണ് ? തീർച്ചയായും സി.പി.ഐ.(എം)-ന്റെ അടുക്കള ഭരണത്തിന് നേതൃത്വം കൊടുക്കുന്നത് കണ്ണൂർകാർ തന്നെയാണ്. ഇന്നലെ ലാവ്‌ലിൻ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചു. അതിനെക്കുറിച്ച് ഇന്നത്തെ ചർച്ചയ്ക്ക് നേതൃത്വം കൊടുക്കാൻ നിയോഗിച്ചത് ആരെയാണ് ? സഖാവ് പി. ജയരാജനും സഖാവ് എം. വി. ജയരാജനും. എന്താ കണ്ണൂർകാർ മാത്രം പങ്കെടുത്താൽ മതിയോ ? ബാക്കിയുള്ള സി.പി.ഐ.(എം)-കാർക്ക് ചർച്ചയിൽ പങ്കെടുക്കണ്ടേ ? സത്യം പറഞ്ഞുപോയാലോയെന്ന് പേടിച്ചിട്ടാണ് കണ്ണൂർകാരെ മാത്രം ശ്രീ. പിണറായി വിജയൻ നിയോഗിച്ചത്. ശബ്ദം പുറത്തു വരാതിരിക്കാനാണോ ? ഇന്നത്തെ ദിവസത്തെ ചർച്ചയിൽ രണ്ട് സഖാക്കൾ മാത്രമേയുള്ളൂ.

ശ്രീ.പി. ജയരാജൻ : ഇന്നത്തെ ചർച്ചയിൽ സി.പി.ഐ.(എം)-ലെ മൂന്ന് സഖാക്കൾ പങ്കെടുക്കുന്നുണ്ട്. ശ്രീ. ജയചന്ദ്രൻ എന്നുപറയുന്ന സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി മെമ്പറെ നിങ്ങൾക്ക് അറിഞ്ഞുകൂടാത്തതുകൊണ്ടാണോ അതോ താങ്കളുടെ കണ്ണിന് വല്ല കുഴപ്പവുമുണ്ടോ ?

ശ്രീ. ഉമേഷ് ചള്ളിയിൽ : പ്രധാനമായും ചർച്ചയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റിൽ രണ്ടുപേർ മാത്രമേയുള്ളൂ.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട ഉമേഷ് ചള്ളിയിൽ, ഇവിടെ ഡോ. കെ. സി. ജോസഫ് സംസാരിച്ചപ്പോൾ കേരളം മുഴുവൻ പ്രകാശം പരത്തിയ മന്ത്രിയായിരുന്നു ശ്രീ. പിണറായി വിജയനെന്ന് പറയുകയുണ്ടായി. സി.പി.ഐ.(എം)-ലെ ആളുകൾപോലും അങ്ങനെ അവകാശപ്പെട്ടിട്ടില്ല. ഒരു ഉദാഹരണം പറയാം. 1991-96

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ യു.ഡി.എഫ്. സർക്കാർ തുടങ്ങിയ പദ്ധതികൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കമ്മിഷൻ ചെയ്യുകയാണ് ഉണ്ടായത്. ലോവർ പെരിയാർ–180 മെഗാവാട്ട്, കക്കാട്–50 മെഗാവാട്ട്, ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്–106 മെഗാവാട്ട്, ബി.എസ്.ഇ.എസ്. (കൊച്ചി)–157 മെഗാവാട്ട്, മൈലത്തറ–20 മെഗാവാട്ട്, പേപ്പാറ–3 മെഗാവാട്ട്, കുറ്റ്യാടി എക്സ്റ്റൻഷൻ–50 മെഗാവാട്ട്, കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്–120 മെഗാവാട്ട് അങ്ങനെ 600 മെഗാവാട്ടാണ് എൽ.ഡി.എഫ്. തുടങ്ങിയത്. എന്നിട്ട് ശ്രീ. പിണറായി വിജയൻ കേരളം മുഴുവൻ വെളിച്ചത്തിലെത്തിച്ചു എന്നാണ് പറയുന്നത്. ഈ യാഥാർത്ഥ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. ഉമേഷ് ചള്ളിയിൽ : ഇവർക്ക് ഒരു കാര്യത്തിലും നയമില്ല. പവർ കട്ട് ഇല്ലാതെ നാലേമുക്കാൽ വർഷം കടന്നുപോയത് ഇവർ അറിഞ്ഞിട്ടില്ല. അത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ ഉണ്ടായത് ?

ശ്രീ. വി. കെ. ചന്ദ്രൻ : കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയിൽ ശ്രീ. പി. ടി. തോമസ് ഒരാളാണ് വായിക്കുന്നതെന്നാണ് ഞങ്ങൾ കേട്ടിരുന്നത്. ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് ഒഴിഞ്ഞ് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ആയതിനുശേഷം മാതൃഭൂമിയിലും മലയാള മനോരമയിലും ഒരു മുഖപ്രസംഗം വന്നിരുന്നു. ആ മുഖപ്രസംഗം ശ്രീ. പി. ടി. തോമസ് വായിച്ചിരിക്കാൻ ഇടയില്ല. കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടി പ്രചരിപ്പിക്കുന്നത് ആകെ വായിക്കുന്ന ഒരാൾ ശ്രീ. പി. ടി. തോമസ് എന്നാണ്. ഇക്കാര്യം തെറ്റാണെന്ന് അങ്ങേക്ക് അറിയാമോ ?

ശ്രീ. ഉമേഷ് ചള്ളിയിൽ : നേരത്തേ ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിച്ചിട്ടുണ്ട്. ഡോ. കെ. സി. ജോസഫ് പറയുന്നുണ്ടായിരുന്നു. ഒഴിഞ്ഞുപോയവരെക്കുറിച്ചും മരിച്ചവരെക്കുറിച്ചും. ഭംഗിവാക്കല്ലേ പറയാറുള്ളൂ. അത് അങ്ങനെ പറഞ്ഞുപോയതാണ്. സദുദ്ദേശത്തോടുകൂടിയല്ല. കാർഷിക മേഖല, വിദ്യാഭ്യാസ മേഖല, സാമ്പത്തിക മേഖല അങ്ങനെ എല്ലാ മേഖലകളിലും വലിയ ഉണർവ്വ് സൃഷ്ടിച്ചുകൊണ്ട് ഒട്ടേറെ മാറ്റങ്ങൾക്ക് വഴിതെളിയിച്ച സർക്കാരാണ് യു.ഡി.എഫ്. ബഹുമാന്യനായ വക്കം പുരുഷോത്തമന്റെ അറിവിലേക്ക് ഒരു നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കാനുണ്ട്. ഏറ്റവും കൂടുതൽ തൊഴിലവസരം ഉണ്ടാകാൻ പോകുന്ന, കേരളം ഉറ്റുനോക്കുന്ന ഒരു മേഖലയാണ് ടൂറിസം. ആ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് അങ്ങ് നിർദ്ദേശിച്ച പുതിയ നികുതി വലിയ ഭാരമായിരിക്കും എന്നുള്ള അഭിപ്രായമുണ്ട്. അത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നമസ്കാരം !

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇത്തവണത്തെ ബഡ്ജറ്റിൽ കുറെ പ്രഖ്യാപനങ്ങൾ ഉണ്ട്. ഇതിനുമുമ്പ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിലും കുറെ പ്രഖ്യാപനങ്ങളൊക്കെ ഉണ്ടായിരുന്നു. ആ പ്രഖ്യാപനങ്ങളൊക്കെ ജലരേഖകളായി മാറി. ആ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും കാര്യമായ ഒരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രിക്ക് അവകാശപ്പെടാനില്ല. രണ്ടു മാസം കഴിയുമ്പോൾ ഈ പ്രഖ്യാപനങ്ങൾക്ക് എന്തു സംഭവിച്ചുവെന്ന് വിലയിരുത്തുന്നതിനു പോലും അദ്ദേഹം ഉണ്ടാകുകയില്ലെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിനർത്ഥം ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ വെറും തട്ടിപ്പാണ് എന്നാണ്. ഈ ബഡ്ജറ്റ് പ്രസംഗം അദ്ദേഹം തുടങ്ങുന്നത്, "കഴിഞ്ഞുപോയ വർഷം ദേശീയ തലത്തിലും സംസ്ഥാനതലത്തിലും വികസനത്തിൽ ഒരു കുതിച്ചുചാട്ടത്തിന്റേയും പുത്തനുണർവിന്റേയും വർഷമായിരുന്നു. ആഗോളതലത്തിൽ ഭാരതം ഇന്ന് രാഷ്ട്രീയമായും സാമ്പത്തികമായും ഏവരും ഉറ്റുനോക്കുന്ന ഒരു രാഷ്ട്രമായി മാറിക്കഴിഞ്ഞിരിക്കുന്നു. വിഭാഗീയതകൾക്കും മറ്റും അതീതമായി ഈ മഹാരാജ്യത്തെ ഓരോ പൗരനും "ഞാൻ ഒരു ഇൻഡ്യാക്കാരനാണ്" എന്ന് അഭിമാനപുരസ്സരം തലയുയർത്തി പറയുന്നതിൽ ആഹ്ളാദിക്കുന്ന ഒരു സ്ഥിതി വിശേഷം വന്നുകഴിഞ്ഞു" എന്നാണ് എവിടെയാണ് ആഹ്ളാദിക്കുന്നത്? ഇന്ന് ഈ രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിയുടെ ആളുകൾ വേൾഡ് ബാങ്കിന്റെ മുൻ ഉദ്യോഗസ്ഥരാണ്. ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രി ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കും മുതലാളിമാർക്കും കോടതിയിൽ പോയി കേസ് നടത്തുന്ന വക്കീലാണ്. അതിന്റേതായ ദുഷ്ഫലങ്ങൾ ഈ രാജ്യം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് തുടരണമെന്ന് ആഗ്രഹിക്കുന്നവർക്കുപോലും ഈ ഗവൺമെന്റിനെ കുറിച്ച് ഒരു നല്ല വാക്ക് പറയാനില്ലാത്ത അവസ്ഥാവിശേഷം തുടരുകയാണ്. പിന്നെ എവിടെയാണ് അഭിമാനം? അമേരിക്കയുടെ ഇംഗിതങ്ങൾക്കനുസരിച്ച് നീങ്ങുന്ന അവസ്ഥാവിശേഷത്തിലേക്ക് ഈ രാജ്യം എത്തിനിൽക്കുകയാണ്. മഹത്തായ സ്വാതന്ത്ര്യ സമരകാലത്തു തന്നെ ശക്തമായ സ്വാതന്ത്ര്യ വിരുദ്ധ നിലപാട് സ്വീകരിച്ച പാരമ്പര്യമാണ് നമുക്കുള്ളത്. ഇന്ത്യയിൽ നടന്ന സ്വാതന്ത്ര്യ സമരം കേവലം ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നും ഇൻഡ്യയ്ക്കുള്ള മോചനത്തിന്റെ സമരം മാത്രമായിരുന്നില്ല. ആഫ്രിക്കയിലായാലും ഏഷ്യയിലായാലും ലാറ്റിൻ അമേരിക്കയിൽ ആയാലും ലോകമെമ്പാടും കോളനി വാഴ്ചയ്ക്കെതിരെ പൊരുതിയ എല്ലാ ജനതയ്ക്കും രാഷ്ട്രങ്ങൾക്കും ശക്തികൾക്കും ആവേശം പകർന്ന പാരമ്പര്യമാണ് നമുക്കുള്ളത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആദ്യ ദശകങ്ങളിൽ മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും വി. കെ. കൃഷ്ണമേനോനും ഒക്കെ നമ്മുടെ വിദേശ നയത്തിന് രൂപം നൽകി നടപ്പിലാക്കിയിരുന്ന കാലത്ത് എല്ലാ സാർവ്വദേശീയ പ്രശ്നത്തിലും ആ സാമ്രാജ്യത്വ വിരുദ്ധ നിലപാട് നിലനിർത്താനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. അത് വിയറ്റ്നാം പ്രശ്നമാകട്ടെ, ലാവോസ് പ്രശ്നമാകട്ടെ, കൊറിയാ പ്രശ്നമാകട്ടെ, സ്യൂയസ് പ്രശ്നമാകട്ടെ ശക്തമായ സാമ്രാജ്യ വിരുദ്ധ നിലപാട് സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. ഇപ്പോൾ അങ്ങ് അഭിമാനം കൊള്ളുമ്പോൾ ഏതെങ്കിലും കാര്യത്തിന് കഴിയുന്നുണ്ടോ? അഫ്ഗാനിസ്ഥാനിലെ നിരപരാധികളായ ജനങ്ങളെ നിരന്തരം ആക്രമിച്ച് കൊന്നൊടുക്കിയ അമേരിക്കൻ സാമ്രാജ്യത്വം, ഇറാനിലെ ജനങ്ങൾക്കുനേരെ ഇപ്പോഴും അക്രമം നടത്തിക്കൊണ്ടിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കരചരണങ്ങൾക്കനുസരിച്ച് ചലിക്കുന്ന ഗവൺമെന്റല്ലേ കേന്ദ്രം ഭരിക്കുന്നത്? അതിൽ എന്ത് അഭിമാനമാണുള്ളത്? അപമാനകരമായ സ്ഥിതിയാണുള്ളത്. കാർഷിക രംഗത്തെ നേട്ടങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സി. മോയിൻ കുട്ടി ഇവിടെ പറഞ്ഞു. കർഷകർക്കും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കക്ഷികൾക്കും കാർഷിക സംഘടനകളുണ്ട്. ഒരു രാഷ്ട്രീയവുമില്ലാത്ത പ്രസ്ഥാനങ്ങളുണ്ട്. അവർ നൽകിയ നിവേദനങ്ങളിൽത്തന്നെ പറയുന്നുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പലിശ എഴുതിത്തള്ളി കാർഷിക പാക്കേജ് നടപ്പിലാക്കി. കേരളത്തിലെ കർഷകരുടെയും കാർഷിക കടങ്ങൾ മൊത്തം എഴുതി തള്ളണം എന്നാണ് ഞങ്ങളുടെ ആവശ്യം. പലിശപോലും എഴുതിത്തള്ളാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അങ്ങ് ഈ സ്ഥാനത്തുനിന്ന് പോകുന്നതിനുമുൻപ് ഇതെങ്കിലും ഒന്ന് എഴുതിത്തള്ളണം. അങ്ങ് നല്ല കാര്യങ്ങൾ ചെയ്ത പാരമ്പര്യം ഉള്ള ഒരാളാണ്. അതുകൊണ്ട് കർഷകരുടെ പലിശയെങ്കിലും എഴുതിത്തള്ളണം. ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത് ഇന്നലെ സി. ആന്റ് എ. ജി. റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാതിരുന്നെങ്കിൽ അദ്ദേഹം എന്തിനെക്കുറിച്ച് പ്രസംഗിക്കുമെന്നാണ്. ഐക്യ ജനാധിപത്യ മുന്നണി മുങ്ങിച്ചാകാൻ പോകുന്ന ഒരു കപ്പലാണ്. ഏത് വയ്ക്കോൽ തുമ്പിലും തുരുമ്പിലും പിടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നവരാണ് ഇപ്പോൾ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പിടിച്ച് ഒരു പരീക്ഷണം നടത്തുന്നത്. പക്ഷേ അതിന്റെ പേരിൽ ഇവർ നടത്തുന്ന എല്ലാ ആക്രമണങ്ങളും അവർക്കുതന്നെ തിരിച്ചടിക്കാൻ പോകുകയാണ് എന്നുള്ളതാണ് ബഹുമാനപ്പെട്ട ശ്രീ. പി. ജയരാജൻ ഇവിടെ വിശദമായി വ്യക്തമാക്കിയത്. ആര് എന്തു പറഞ്ഞാലും കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നു ശ്രീ. പിണറായി വിജയൻ എന്നുള്ള സത്യം നിഷേധിക്കാൻ കഴിയില്ല. അതിനെക്കുറിച്ചുള്ള വിശദാംശം ഇവിടെ പറഞ്ഞുകഴിഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ല എന്ന് കേട്ടിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഇടതുപക്ഷ പ്രസ്ഥാനത്തിനും ഇൻഡ്യയിലെ ഇടതുപക്ഷ ജനാധിപത്യ ശക്തികൾക്കും വിലയേറിയ സംഭാവനയാണ് നൽകിയത്. ഇങ്ങനെ ഒരു പുകമറ സൃഷ്ടിച്ച്, അടിസ്ഥാരഹിതമായ ആരോപണങ്ങൾ സൃഷ്ടിച്ച് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ മങ്ങൽ ഏൽപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് ശരിയല്ല. നിങ്ങൾ അത് കരുതണ്ട. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്ന അദ്ദേഹം കണ്ണൂർ സഹകരണ ബാങ്കിന്റെ ജില്ലാ പ്രസിഡന്റ് എന്നുള്ള നിലയിലും കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റ് എന്ന നിലയിലും തന്റെ ഭരണപ്രാഗത്ഭ്യം തെളിയിക്കുകയും കിട്ടിയ ഒരു ചെറിയ കാലഘട്ടംകൊണ്ട് കേരളത്തിലെ വൈദ്യുതി വകുപ്പുമന്ത്രി എന്നുള്ള നിലയിൽ കേരളം കണ്ട പ്രഗത്ഭനായ ഭരണാധികാരി എന്ന് തെളിയിക്കുകയും ചെയ്തു. കേരളത്തിന്റെ വൈദ്യുതോൽപ്പാദന രംഗത്തും വൈദ്യുതിയുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും വലിയ നേട്ടങ്ങൾ നേടിത്തന്ന ആളാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും ശരിയായ രീതിയിൽ വിവരങ്ങൾ കൊടുക്കാതെ അതിനെ സംബന്ധിച്ച് സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള അവസരം മനഃപൂർവ്വം നിഷേധിച്ച് അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എന്തെങ്കിലുമൊക്കെ പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചാൽ നടക്കില്ല. നിങ്ങൾക്ക് അത് ദോഷകരമായി ബാധിക്കും. നിങ്ങളുടെ കാലത്ത് നടത്തിയതിൽ നിങ്ങൾതന്നെ വേണ്ട കാര്യങ്ങൾ ചെയ്യാതെ പോയി എന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. ഏതായാലും ഈ പ്രഖ്യാപനങ്ങൾകൊണ്ട് പറ്റിക്കാം എന്ന് വിചാരിക്കണ്ട. ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, 1991-1996-ലെ യു.ഡി.എഫ് സർക്കാർ 426 കോടി രൂപ മിച്ചം വച്ച് ഏൽപ്പിച്ചുകൊടുത്ത ഖജനാവുമായി 1996-2001 കാലത്ത് ഭരണം നടത്തിയ എൽ.ഡി.എഫ്. സർക്കാരിന്റെ ധൂർത്തും അഴിമതിയും രാഷ്ട്രീയവൽക്കരണ പക്ഷപാത പ്രവർത്തനങ്ങളും മാത്രംകൊണ്ട് 4,020 കോടി രൂപയുടെ വണ്ടി ചെക്കിന്റെ പണം കൊടുത്തു തീർക്കാനുള്ള അവസ്ഥയിൽ 23,000 കോടി രൂപയുടെ പൊതു കടത്തോടുകൂടി ആന കരിമ്പിൻ കാട്ടിൽ കടന്നതുപോലെ സമസ്ത മേഖലകളും തകർത്തുതരിപ്പണമാക്കി. മുഖ്യമന്ത്രി മെറ്റൽ ഡിറ്റക്ടറിന്റെയും സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും സംരക്ഷണത്തിൽ ആഫീസിലും വീട്ടിലും കഴിയേണ്ട സ്ഥിതിയിലും സി. പി. ഐ. (എം)-ന്റെ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനെ ഇസഡ് ഗ്രൂപ്പിൽപ്പെടുത്തി കരിമ്പൂച്ചകളുടേയും പോലീസ് വാഹന വ്യൂഹങ്ങളുടേയും പോലീസ് നായ്ക്കളുടേയും ആംബുലൻസ് വാനിന്റെയും അകമ്പടിയോടെ നാട്ടിൽ നടക്കേണ്ട സ്ഥിതിയിലുമെത്തിച്ചു. കഴിഞ്ഞ 5 വർഷം കൊണ്ട് ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ് ഗവൺമെന്റ് കഠിനാദ്ധ്വാനത്തിലൂടെ വിഭവസമാഹരണം നടത്തി സമസ്ത മേഖലകളിലും ഉണ്ടാക്കിയ മാറ്റങ്ങളുടേയും വൻപിച്ച നേട്ടങ്ങളുടേയും ഫലമായി വികസിപ്പിച്ചെടുത്ത സമാധാനപരമായ വികസന അന്തരീക്ഷത്തിൽ ഉറപ്പിച്ചെടുത്ത സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് കേരളത്തെ മുന്നോട്ടുനയിച്ചു. കേരളം കണ്ടതിൽ ഏറ്റവും പ്രഗത്ഭനും ഭരണ നൈപുണ്യവാനുമായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ ശോഭനമായ ഒരു ഭാവി സ്വപ്നം കണ്ടുകൊണ്ട് സമസ്ത മേഖലകളും വികസിപ്പിച്ചെടുക്കുന്നതിനും മുഴുവൻ ജനവിഭാഗങ്ങൾക്കും പ്രയോജനകരവും നേട്ടവും ഉണ്ടാക്കിക്കൊടുക്കുന്നതിനുമായി അവതരിപ്പിച്ച കാര്യമാത്ര പ്രസക്തമായ മനുഷ്യമുഖമുള്ള ഒരു ബഡ്ജറ്റാണിതെന്ന് പറയാതിരിക്കാൻ വയ്യ. ഭാവനാപൂർണ്ണമായി തികഞ്ഞ ഉത്തരവാദിത്വബോധത്തോടെ സംസ്ഥാനത്തെ ജനങ്ങളോടും പാർട്ടിയോടും മുന്നണിയോടും ഉള്ള കടപ്പാട് പൂർണ്ണമാക്കിക്കൊണ്ട് തികച്ചും നീതിപൂർവ്വമായ വികസന സമ്പൂർണ്ണമായ, ജനോപകാരപ്രദമായ പ്രഖ്യാപനങ്ങൾകൊണ്ട് പ്രതിപക്ഷത്തെയും എതിരാളികളെയും നിശബ്ദമാക്കി, ഓരോ പ്രഖ്യാപനവും അവർക്കെതിരായ ഓരോ അമ്പെയ്ത്തായി മാറ്റി എതിർപക്ഷത്തെ പൂർണ്ണമായി പരാജയപ്പെടുത്തിയ എന്റെ ബഹുമാന്യനായ സ്നേഹിതൻ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമന് അഭിനന്ദനത്തിൽ കോർത്തിണക്കിയ പൂമാലയും പൂച്ചെണ്ടും ഞാൻ അർപ്പിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് എൽ.ഡി.എഫ്. ഗവൺമെന്റിനെ അധികാരം ഏൽപ്പിച്ചത്. 462 കോടി രൂപ ട്രഷറിയിൽ മിച്ചം വച്ചുകൊണ്ടാണ്. 2001-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് യു.ഡി.എഫ്.-ന് ഭരണം കൈമാറിയപ്പോൾ ഏൽപ്പിച്ചുതന്നത് 4,020 കോടി രൂപയുടെ വണ്ടിച്ചെക്കിന്റെ കുടിശ്ശിക കൊടുത്തു തീർക്കാനും 23,000 കോടി രൂപയുടെ പൊതുകടവും ആയിരുന്നു. അതുവരെ 39 കൊല്ലം കേരളം ഭരിച്ച ഗവൺമെന്റുകൾ ഉണ്ടാക്കിവച്ച കടം 11,000 കോടി രൂപയായിരുന്നു. ഇവർ അഞ്ച് കൊല്ലം കൊണ്ടാണ് അത് 23,000 കോടി രൂപയായി വർദ്ധിപ്പിച്ചത്. 2000-2001-ൽ 365 ദിവസത്തിൽ 213 ദിവസവും ഓവർഡ്രാഫ്റ്റ് ഭരണമാണ് നടത്തിയത്. 2005-2006-ൽ കേവലം 47 ദിവസം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുള്ളൂ എന്നുപറയുമ്പോൾ ഈ ഗവൺമെന്റ് ഉണ്ടാക്കിയ ധനസ്ഥിതിയും കാര്യക്ഷമതയും എത്രമാത്രമാണെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. റവന്യു ചെലവുകളുടെ വളർച്ചാനിരക്ക് 1996-2001 ൽ 21 ശതമാനമായിരുന്നത് ഈ ഗവൺമെന്റ് 2001-2005-ൽ 11 ശതമാനമാക്കി കുറച്ചിട്ടുണ്ട്. അതുപോലെ 1996-2001 വരെ റവന്യു വരവ് 12.2 ശതമാനമായിരുന്നത് ഈ ഗവൺമെന്റ് 13.6 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റവന്യു കമ്മി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 46 ശതമാനമായിരുന്നത് 27 ശതമാനമാക്കി കുറയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പൊതുക്കടം 44,000 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിന്റെ കാരണം വളരെ വ്യക്തമാണ്. ഇവർ വരുത്തിവച്ച കടങ്ങളുടെ തിരിച്ചടവും പലിശയും ഇവരുടെ കാലത്ത് കൊടുത്തുതീർക്കേണ്ടിയിരുന്ന മുഴുവൻ ആനുകൂല്യങ്ങളും ക്ഷേമ പെൻഷനും കുടിശ്ശികയായിരുന്നു. 45 മാസംവരെയുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ ഉണ്ടായിരുന്നു. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയായിരുന്നു, അവരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർത്തിട്ടുണ്ടായിരുന്നില്ല. സമസ്ത മേഖലകളും കടമാക്കി എല്ലാ സ്ഥലത്തും ബാധ്യതയാക്കി, ബാധ്യതകൾ എല്ലാം തീർത്തിട്ടുണ്ട്. നമ്മുടെ വളർച്ചാനിരക്ക് ദേശീയ ശരാശരി 8 ശതമാനമായിരിക്കെ ഈ ഗവൺമെന്റ് 8.1 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അപ്പോൾതന്നെ കാര്യക്ഷമത എത്രമാത്രമാണെന്ന് നമുക്ക് കാണാൻ കഴിയും. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഇൻഡ്യയിൽ മൂന്നാം സ്ഥാനത്ത് എത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ 10.2 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സേവന മേഖലകളുടെ വളർച്ചാനിരക്ക് 9.9 ശതമാനത്തിൽ നിലനിർത്താനും സാധിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ നിന്ന് കുറച്ച് സേവന മേഖല നിലനിർത്താൻ കഴിഞ്ഞത് ഇത് ആദ്യമായാണ്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം ഉണ്ടാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ തൊഴിലില്ലായ്മയെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്ന് പറഞ്ഞു. എനിക്ക് അപ്പോൾ തോന്നിയത് ബഡ്ജറ്റ് ഒന്നുംതന്നെ വായിച്ചിട്ടില്ല, വായിച്ചാലും ചിലർക്ക് മനസ്സിലാകില്ല എന്നാണ്. വല്ലാർപാടം ടെർമിനൽ നടപ്പിലാക്കിക്കഴിഞ്ഞു. എത്ര പേർക്കാണ് അവിടെ തൊഴിൽ കിട്ടുന്നത്? വിഴിഞ്ഞം തുറമുഖ വികസനം എഗ്രിമെന്റ് ഒപ്പിട്ടുകഴിഞ്ഞു. കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ കല്ലിടാൻ പ്രധാനമന്ത്രി വരാൻ കാത്തിരിക്കുകയാണ്. കൊച്ചി റിഫൈനറിയിലെ സിംഗിൾ ബോയ് മൂറിംഗ്, പെട്രോ കെമിക്കൽ കോംപ്ലക്സ്, കൊച്ചി മെട്രോ, കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി, ദേശീയപാത നാലുവരിയാക്കൽ, എക്സ്പ്രസ്സ് ഹൈവേ, റെയിൽപാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും, മേൽപ്പാലങ്ങളുടെ നിർമ്മാണവും ഗോശ്രീ പാലങ്ങളുടെയും ദ്വീപുകളുടെ വികസനവും, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളുടെ വികസനം, ശബരിമല-ഗുരുവായൂർ വികസന പദ്ധതികൾ, തീരദേശ മലയോര വികസന പദ്ധതികൾ, വയനാട് പാക്കേജ് പദ്ധതി നടപ്പിൽവരുത്തൽ തുടങ്ങി 50,000-ത്തിലേറെ കോടി രൂപയുടെ പദ്ധതികൾ ഈ രാജ്യത്ത് നടപ്പിലാക്കുമ്പോൾ എത്രയോ ആളുകൾക്കാണ് ജോലികിട്ടാൻ പോകുന്നത്. 44 ലക്ഷം പേരാണ് ഇപ്പോൾ എംപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾത്തന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരാണ് ഇവിടെ പണിയെടുക്കുന്നത്. ഇവിടെ ആളെ കിട്ടാനില്ല. ഇതിനെയൊക്കെ ഇവർ തടയുന്നത് എന്താണെന്നറിയാമോ? ഇവിടെ എഞ്ചിനീയറിംഗ് കോളേജിലും മെഡിക്കൽ കോളേജിലുമൊക്കെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നതിനെ തടയുന്നത്, തൊഴിൽ അവസര സ്ഥാപനങ്ങൾ വരുന്നതിനെ തടയുന്നത് എന്തിനാണെന്നറിയാമോ? ആളുകൾ വിദ്യാഭ്യാസമുള്ളവരും തൊഴിൽ ഉള്ളവരുമായി തീർന്നാൽ ഇവരുടെ പിറകേ സിന്ദാബാദ് വിളിക്കാനും തെരഞ്ഞെടുപ്പ് സ്ലിപ്പ് കൊടുക്കാനും ആളെ കിട്ടുകയില്ല. ഇവരുടെ പിറകേ നടക്കാൻ ആളില്ലാതായി. ഇല്ലാത്ത സമരങ്ങൾ ചെയ്യാൻ ആളെ കിട്ടുന്നില്ല. മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷ തടയാൻ എറണാകുളത്തും പാലക്കാട്ടും തൃശ്ശൂരിലും നിന്ന് ആളെ കൊണ്ടുവരുന്നു. എറണാകുളത്ത് ആളെ കിട്ടിയില്ല. എറണാകുളത്തുള്ളവർ ബുദ്ധിയുള്ളവരാണ്. എറണാകുളത്ത് കമ്മ്യൂണിസ്റ്റുകാരുണ്ട്, പക്ഷെ സമരത്തിന് കിട്ടിയില്ല. പാലക്കാട് നിന്നും തൃശ്ശൂരിൽ നിന്നും ആളെ കൊണ്ടുവന്നാണ് വിദ്യാർത്ഥിളെയും രക്ഷകർത്താക്കളെയും തടഞ്ഞത്. ആ സ്ഥിതിയിൽ എത്തി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നതിനെയും രാജ്യത്ത് ആളുകൾ വിദ്യാസമ്പന്നരാകുന്നതിനെയും തൊഴിലവസരങ്ങൾ വന്ന് തൊഴിൽ കിട്ടുന്നതിനെയും തടയുന്നതിനുള്ള ശ്രമം ഇവർ നടത്തുന്നത് അതുകൊണ്ടാണ്. ആ വസ്തുത ഈ രാജ്യത്തെ ജനങ്ങൾക്ക് മനസ്സിലായിത്തുടങ്ങി. അതുകൊണ്ട് ഇപ്പോൾ ഇവരുടെ സമരങ്ങൾ ഒന്നും ഏൽക്കുന്നില്ല. അപ്പോഴാണ് ഇവർ പറഞ്ഞതൊക്കെ മാറ്റിപ്പറയാൻ തുടങ്ങുന്നത്. ഞാൻ സാന്ദർഭികമായി ഒന്ന് പറഞ്ഞോട്ടെ, ഇവിടെ എ.ഡി.ബി.-യിൽ നിന്ന് വായ്പ എടുത്തതിനെപ്പറ്റി വലിയ പ്രശ്നമാണ്. മാർക്സിസ്റ്റുകാർ പലതും പറഞ്ഞു, ഇപ്പോൾ മാറ്റി. എക്സ്പ്രസ്സ് ഹൈവേയുടെ കാര്യത്തിൽ വലിയ എതിർപ്പ്. എ.ഡി.ബി. ചർച്ച എൽ.ഡി.എഫ്.-ന്റെ കാലത്താണ് തുടങ്ങിയത്. 1999-2000, 2000-2001-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. ശിവദാസമേനോൻ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എ.ഡി.ബി.-യിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1977 ജൂൺ 12-ാം തീയതി ശ്രീ. ശിവദാസമേനോനും ജൂലൈ 4-ാം തീയതി നായനാരും, 1998 ഒക്ടോബർ മാസം 31-ാം തീയതി വീണ്ടും ശ്രീ. ശിവദാസമേനോനും 1998 ആഗസ്റ്റിൽ വീണ്ടും നായനാരും കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. ഗുജറാത്തിന് എ.ഡി.ബി. വായ്പ കൊടുത്തപ്പോൾ ഉടനെതന്നെ ആ വായ്പ നമ്മളും വാങ്ങിയെടുക്കാൻ വേണ്ടി പ്ലാനിംഗ് ബോർഡിൽ നടപടി സ്വീകരിക്കാൻ ശ്രീ. ഐ. എസ്. ഗുലാത്തിയോട് ഗവൺമെന്റ് ആവശ്യപ്പെട്ടു. അതുപ്രകാരം എ.ഡി.ബി.-യുടെ ആളുകൾ എൽ.ഡി.എഫ്. ഭരണകാലത്ത് 11-പ്രാവശ്യം കേരളം സന്ദർശിച്ചു. ഡോ. തോമസ് ഐസക് അപ്പോൾ നിയമസഭയിൽ ഇല്ല. 11-പ്രാവശ്യവും അവരുമായി ചർച്ച നടത്തിയപ്പോൾ ഡോ. തോമസ് ഐസക് പങ്കെടുത്തിട്ടുണ്ട്. അതിൽ ഏഴ് പ്രാവശ്യം ഗവൺമെന്റ് തലത്തിൽ മുഖ്യമന്ത്രിയും ശ്രീ. ശിവദാസമേനോനും ഉൾപ്പെടുന്ന മന്ത്രിമാരുമായി അവർ ചർച്ചനടത്തി. ഇതിൽ ഒരു പ്രാവശ്യം പ്രതിപക്ഷത്തെക്കൂടി ക്ഷണിച്ചിട്ടുണ്ട്. അന്ന് പ്രതിപക്ഷത്തെ പ്രതിനിധീകരിക്കാൻ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണിയും ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന ശ്രീ. ടി. എം. ജേക്കബും പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എ.ഡി.ബി.-യുമായിട്ടുള്ള ധാരണാപത്രം

LIBRARY ARCHIVES Kerala Legislative Assembly

നായനാർ മന്ത്രിസഭ അംഗീകരിച്ചത് 2000 ആഗസ്റ്റ് 12-ാം തീയതി ചേർന്ന കാബിനറ്റിലാണ്. ആ കാബിനറ്റ് രേഖ എനിക്ക് കിട്ടുകയില്ല, കാബിനറ്റ് രേഖ രഹസ്യമാണ്, സംശയമുള്ളവർക്ക് അത് പരിശോധിക്കാവുന്നതാണ്. അത് സെക്രട്ടേറിയറ്റിലുണ്ട്. അവിടെ പോയാൽ കാണാം. മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം തയ്യാറാക്കാൻ ചേർന്ന മന്ത്രിസഭാ വകുപ്പു സെക്രട്ടറിമാരുടെ തീരുമാനമനുസരിച്ച് വിളിച്ചുകൂട്ടിയ വകുപ്പുസെക്രട്ടറിമാരുടേയും വകുപ്പു തലവൻമാരുടേയും യോഗത്തിൽ ഡോ. തോമസ് ഐസക്ക് പങ്കെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൺസൽട്ടന്റിനെ നിയമിക്കാൻ തീരുമാനിച്ചു. നാല് പേർ അപേക്ഷിച്ചു. അതിൽ എ.ഡി.ബി.-ക്ക് ഇഷ്ടമുള്ളവരെ തെരഞ്ഞെടുക്കാൻ ചുമതലപ്പെടുത്തി. എ.ഡി.ബി. തെരഞ്ഞെടുത്ത ആളെ അംഗീകരിക്കാൻ തീരുമാനിച്ചു. ആ തീരുമാനമുണ്ടാകുന്നത് 2001 ഫെബ്രുവരി 23-ാം തീയതിയാണ്. ആ 23-ാം തീയതിയാണ് ഒറ്റ ദിവസം കൊണ്ട് തീരുമാനമെടുക്കുകയും ധനകാര്യ സെക്രട്ടറി മുതൽ 4 സെക്രട്ടറിമാരും അഞ്ചാമതായി ശ്രീ. ടി. ശിവദാസമേനോനും ആറാമതായി മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാരും ആ ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും ചെയ്തത്. ഇത് രേഖയാണ്. അതിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ശിവദാസമേനോൻ 2001 ഫെബ്രുവരി 23-ന് ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് വായിക്കാൻ അറിയാമെങ്കിൽ എടുത്തുവായിക്കണം, ലൈബ്രറിയിൽ ഉണ്ട്. അതിലെ പേജ് 35-ൽ 67-ാം ഖണ്ഡികയിൽ "വിദേശസഹായ പദ്ധതികൾ", എന്നതിൽ "സംസ്ഥാന സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിൽ വിദേശസഹായ പദ്ധതികൾക്കുള്ള പ്രാധാന്യം ഈ സഭയ്ക്ക് അറിവുള്ളതാണല്ലോ. ഇൻഡ്യാ ഗവൺമെന്റിന്റെ അംഗീകൃത തത്വം അനുസരിച്ച് ഇപ്രകാരമുള്ള സഹായധനം 30 ശതമാനം ഗ്രാന്റും 70 ശതമാനം വായ്പയുമായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ഇതിന്റെ പലിശ നിരക്ക് ആകർഷകമാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൊത്തം വിദേശസഹായ പദ്ധതിയുടെ തുലോം 0.39 ശതമാനം മാത്രമായിരുന്നു നമ്മുടെ വിഹിതം" എന്നുപറഞ്ഞാൽ വിദേശസഹായം വാങ്ങുന്നതിന് മുൻ ഗവൺമെന്റ് വേണ്ടത്ര ശുഷ്കാന്തി കാണിച്ചിരുന്നില്ല എന്നാണ്. പദ്ധതിയുടെ 0.39 ശതമാനം മാത്രമേ വാങ്ങിയിട്ടുള്ളൂ; കുറ്റപ്പെടുത്തുകയാണ്. "വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കുന്നതിൽ മുൻ ഗവൺമെന്റ് കാണിച്ച അലംഭാവപൂർണമായ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി ഈ ഗവൺമെന്റ് നടത്തിയ തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി ഗണ്യമായ മുതൽമുടക്കുള്ള വൻ പദ്ധതികൾ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 800 ദശലക്ഷം അമേരിക്കൻ ഡോളർ അടങ്കലുള്ള ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് പ്രോജക്ട് പ്രത്യക്ഷത്തിൽ നടപ്പിലാക്കിത്തുടങ്ങിയില്ല. എങ്കിൽക്കൂടി ഈ പദ്ധതി അംഗീകരിപ്പിക്കാൻ നമ്മുടെ ഭരണകാലത്ത് കഴിഞ്ഞു. ഈ വൻ പദ്ധതിയുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഇപ്പോൾ എ.ഡി.ബി. ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടു കൂടിയുള്ള 89 ദശലക്ഷം യു.എസ്. ഡോളറിന്റെ റൂറൽ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ കരാർ ഒപ്പിട്ടുകഴിഞ്ഞു. കുടിവെള്ളത്തിനായി 200 കോടി രൂപയുടെ ഡച്ച് സഹായ പദ്ധതിയും ഈ വർഷം യാഥാർത്ഥ്യമാവുന്നതാണ്. 90 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള വനവൽക്കരണ പദ്ധതി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി 40 കോടി രൂപ ഞാൻ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നു. 2100 കോടി രൂപയുടെ ഹൈവേ പ്രോജക്ട് ലോക ബാങ്കിന്റെ പരിഗണനയിലാണ്. JBIC- (Japan Bank for International Co-operation) സഹായത്തോടെയുള്ള അട്ടപ്പാടി പദ്ധതി പൂർണ്ണതോതിൽ നടന്നുവരുന്നു. നമ്മുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 6100 കോടി രൂപയുടെ വിദേശസഹായ പദ്ധതികൾക്ക് അനുവാദം ലഭിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പദ്ധതിയുടെ 0.39 ശതമാനം മാത്രമേ മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന് വാങ്ങാൻ കഴിഞ്ഞുള്ളൂ. അവരുടെ അലംഭാവവും അലസതയുംകൊണ്ട് വിദേശസഹായം ലഭിച്ചിട്ടില്ല. എ.ഡി.ബി.-യിൽ നിന്ന് പണം എടുത്തിട്ടില്ല. ലോക ബാങ്കിൽ നിന്ന് പണമെടുത്തിട്ടില്ല. ഡച്ച് സർക്കാരിന്റെ പണം വാങ്ങിയിട്ടില്ല. ഞങ്ങൾ ഇതൊക്കെ വാങ്ങി ഇതെല്ലാം ഇവിടെ നടപ്പിലാക്കാൻ പോകുന്നു. എക്സ്പ്രസ് ഹൈവേ വരുന്നു. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നു. യാഥാർത്ഥ്യ ബോധമില്ലാത്ത, നടപ്പിലാക്കാൻ കഴിയാത്ത ഒരു ബഡ്ജറ്റ് പ്രസംഗം നടത്തി ഒന്നിനും ഒരു പൈസയും മാറ്റിവയ്ക്കാതെ ഒരു ബഡ്ജറ്റ് പ്രസംഗം നടത്തി ഇറങ്ങിപ്പോയ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ചരമ പ്രസംഗമാണിത്. ഇപ്പോൾ ആ സ്ഥാനത്ത് സമസ്ത മേഖലകളിലും വികസനം കണ്ടു, എല്ലാ വിഭാഗം ദുർബല ജനങ്ങൾക്കും ആനുകൂല്യം വാരി വിതറി അവർക്ക് സംരക്ഷണം നൽകി പണമെവിടെയെന്ന് നിങ്ങൾ ചോദിച്ചു, നിങ്ങൾ പണം മാറ്റിവച്ചിട്ടുണ്ടോ? അതാണ് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകുകയില്ല എന്ന്. നിങ്ങൾക്ക്, പാടത്ത് ട്രാക്ടർ ഇറക്കണമെന്നു പറഞ്ഞപ്പോൾ 10 കൊല്ലം കഴിഞ്ഞാണ് മനസ്സിലായത്. കമ്പ്യൂട്ടർ വേണമെന്ന് പറഞ്ഞിട്ട് 10 കൊല്ലം കഴിഞ്ഞാണ് മനസ്സിലായത്. നിങ്ങൾക്ക് എ. ഡി. ബി. വായ്പ വേണമെന്ന് പറഞ്ഞിട്ട് 5 കൊല്ലം കഴിഞ്ഞാണ് മനസ്സിലായത്. ആദ്യമൊക്കെ 10 കൊല്ലം കഴിഞ്ഞാണ് മനസ്സിലായിരുന്നത്. ഇപ്പോൾ അത് ചുരുങ്ങി 5 കൊല്ലം കഴിയുമ്പോൾ മനസ്സിലായിത്തുടങ്ങിയിട്ടുണ്ട്. ഈ ബഡ്ജറ്റും 5 കൊല്ലം കഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. 5 കൊല്ലം കൂടി ഞങ്ങൾ ഭരിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ഇത് ഗുണമാണെന്ന് മനസ്സിലാകും. അപ്പോൾ നിങ്ങൾ പിൻതാങ്ങും. നെഹ്രു കുടുംബത്തിന്റെ ആധിപത്യം അവസാനിപ്പിക്കാനും നെഹ്രു കുടുംബത്തിന്റെ ഭരണ കുത്തക തകർക്കാനും കോൺഗ്രസിന്റെ ഭരണം ഇല്ലാതാക്കാനും കുറേക്കാലം നിങ്ങൾ സമരം ചെയ്തില്ലേ? കാൽ നൂറ്റാണ്ടു കാലം നിങ്ങൾ സമരം ചെയ്തില്ലേ? ഇപ്പോൾ നെഹ്രു കുടുംബത്തിൽ കല്യാണം കഴിച്ചുകൊണ്ടുവന്ന സോണിയാ ഗാന്ധിയെ നിങ്ങൾ പിൻതാങ്ങിയില്ലേ? നിങ്ങളുടെ സ്ഥിതി അതാണ്. നിങ്ങൾക്ക് ആദ്യം പറഞ്ഞാൽ മനസ്സിലാകുകയില്ല. പിന്നീട് മനസ്സിലാകും. പക്ഷേ മനസ്സിലായി വരുമ്പോഴേക്കും വെള്ളം ഒഴുകിയങ്ങ് പോകും, അതിന്റെ പ്രയോജനം കിട്ടില്ല. ഈ ബഡ്ജറ്റ് പരിശോധിച്ചാൽ എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ അതിനെല്ലാം പണം മാറ്റിവച്ചിട്ടുണ്ടെന്നുകാണാം. നാലു കൊല്ലംകൊണ്ട് നിങ്ങൾ തകർത്തുതരിപ്പണമാക്കിയ കശുവണ്ടി, കയർ, മൽസ്യത്തൊഴിലാളി, കൈത്തറി മേഖല തുടങ്ങിയവയെല്ലാം പുനരുദ്ധരിച്ചു. 235 ദിവസം കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് പണി നൽകിയെന്നു പറഞ്ഞാൽ എന്ത് വലിയ നേട്ടമാണ് ഉണ്ടായത്. നിങ്ങൾ തകർത്ത ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന് 160 കോടി രൂപയാണ് 2001-ലെ നഷ്ടം. പലിശ കൊടുക്കാൻ 65 കോടി രൂപ വേണമായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിനെ ഇന്ന് ലാഭത്തിലാക്കി.

1.00 P.M.] നിങ്ങൾ ലോഡ് ഷെഡിംഗിലൂടെ പവർകട്ടിലൂടെ ജനങ്ങൾക്ക് ഇരുട്ടടി നൽകിയ ജനങ്ങൾക്ക് ഇന്ന് കറണ്ട് നൽകി, കണക്ഷൻ നൽകി വർദ്ധിച്ച ചാർജ് കുറച്ച് ആശ്വാസം നൽകി. അത് നിങ്ങൾക്ക് മനസ്സിലാക്കാൻ വളരെ സമയമെടുക്കും. 12 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഈ ഗവണ്മെന്റ് ലാഭത്തിലാക്കി. എല്ലാ മേഖലകളിലും ലാഭമുണ്ടാക്കി. ഇതുപോലെ നേട്ടമുണ്ടാക്കിയ, ജനങ്ങൾക്ക് പ്രയോജനമുണ്ടാക്കിയ ഭാവി കേരളത്തെ കരുപ്പിടിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കിയ ഒരു ഗവണ്മെന്റിനെ കേരളം കണ്ടിട്ടില്ല. അത്രയേറെ നേട്ടമുണ്ടാക്കി. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി. ആ ഗവണ്മെന്റ് ജനവിധി തേടാൻ പോകുകയാണ്. അപ്പോൾ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചതുപോലെയാണ്. ശ്രീ. വക്കം പുരുഷോത്തമനിൽ നിന്നുണ്ടായ ഇടിവെട്ടും ഇടിമിന്നലുംകൊണ്ട് ബോധരഹിതരായ നിങ്ങളുടെ മേൽ സി. ആന്റ് എ. ജി.-യുടെ പാമ്പ് വന്ന് കടിച്ച് അവശനിലയിലാണ്. നിങ്ങൾ എന്തെല്ലാം അഴിമതി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. നിങ്ങളുടെ ഒരു അഴിമതിക്കേസിൽ ഞാൻ പ്രതിയാണ്. ഇത് പതിനൊന്നാം കേരള നിയമസഭയുടെ അവസാന സമ്മേളനമാണ്. എന്താ കേസ്, പാമോലിൻ. എഗ്രിമെന്റ് വച്ച ദിവസത്തെ യു.എസ്. ഡോളറിന്റെ വിലയാണ് നിശ്ചയിച്ചിരുന്നതെങ്കിൽ ഒരു കോടി നാൽപ്പത്തിയാറ് ലക്ഷം രൂപ ലാഭം കിട്ടുമായിരുന്നു. ഇറക്കുമതി ചെയ്ത ദിവസത്തെ വില നിശ്ചയിച്ചുകൊണ്ട് ഒരു കോടി നാൽപ്പത്തിയാറ് ലക്ഷം രൂപ നഷ്ടം വരുത്തി. 17 കോടി രൂപ വിറ്റ് ലാഭമുണ്ടാക്കി. അത് പറഞ്ഞിട്ടില്ല. അതിന് ഇറക്കുമതി ചെയ്ത ദിവസത്തെ വില കൊടുക്കാൻ വേണ്ടി ഗൂഢാലോചന നടത്തിയെന്ന കേസ് നിങ്ങൾ ഉണ്ടാക്കി. നിങ്ങൾ 374 കോടി രൂപ ദുരുപയോഗം ചെയ്തിട്ട് ഒരു യൂണിറ്റ് കറണ്ടുപോലും കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ആ പണം മുഴുവനും പോയി. മലബാർ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള 100 കോടി രൂപയിൽ 15 കോടി രൂപ മാത്രമേ അവിടെ വിനിയോഗിച്ചുള്ളൂ. 85 കോടി രൂപ നിങ്ങൾ തട്ടിയെടുത്തു എന്ന് സി. ആന്റ് എ. ജി. പറഞ്ഞിരിക്കുന്നു. ലാവ്‌ലിൻ 10 പൈസ കൊടുക്കാനില്ലെന്ന് അറിയിച്ചിരിക്കുന്നു. ശ്രീ. വി. ഡി. സതീശൻ ആടിനെ പട്ടിയാക്കുന്നു എന്ന് ഇവിടെ പറഞ്ഞു. ശ്രീ. എം. വി. ജയരാജൻ ആടിനെ പട്ടിയാക്കുകയല്ലേ? എന്താ ചെയ്തത്? അരിയെത്രയെന്ന് ചോദിച്ചാൽ പയറഞ്ഞാഴി. കൺസൾട്ടൻസിയായി നിയമിച്ച ലാവ്‌ലിനെ പദ്ധതി നടത്തിപ്പിനായി മെഷീണറി സപ്ലയറായി, കൺസ്ട്രക്ഷൻ കോൺട്രാക്ടറായി മാറ്റിയ നിങ്ങളെക്കുറിച്ചാണ് സി. ആന്റ് എ. ജി. പറഞ്ഞത്. ഇവിടെ നിയമിച്ചത് കൺസൾട്ടൻസിയായിട്ടാണ്. രാത്രി അത്താഴത്തിനു വന്നവനെ വീട്ടിൽ ഭർത്താവായി തീർക്കുന്ന സ്ഥിതിയുണ്ടോ? കൺസൾട്ടൻസിയായി നിയമിച്ചവരെ എന്തിന് നിങ്ങൾ കൺസ്ട്രക്ഷൻ കോൺട്രാക്ടറാക്കി? സി. ആന്റ് എ. ജി. അതാണ് ചോദിച്ചത്. ഇതിന് വ്യക്തമായ മറുപടി പറയണം. ഈ രാജ്യത്തെ ജനങ്ങളോട് മറുപടി പറയണം. മുഖ്യമന്ത്രിയായി കാസർഗോഡുനിന്നും എഴുന്നള്ളി ആലപ്പുഴ എത്തിയപ്പോഴേക്കും ഏതാണ്ട് മതിയായി. തിരുവനന്തപുരത്ത് എത്തിയപ്പോൾ ഗ്യാസ് പോയി. എന്തെങ്കിലും ശേഷിക്കുന്നുണ്ടോ ഈ ലാവ്‌ലിൻ എന്നയാളുടെ ശവപ്പറമ്പിൽ, 'വീണിതല്ലോ കിടക്കുന്നു ധരണിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ശോണിതവുമെണ്ണിഞ്ഞയ്യോ' എന്ന് പറഞ്ഞതുപോലെയാണ് ഇപ്പോൾ. നിങ്ങളുടെ അവസ്ഥ. അതുകൊണ്ട് അഹങ്കരിക്കരുത്. നിങ്ങൾക്ക് കുറേക്കാലമായി അഹങ്കാരമുണ്ടായിരുന്നു. ഈ രാജ്യത്തോടും ജനങ്ങളോടും ഉത്തരവാദിത്വം നിർവ്വഹിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ജനോപകാരപ്രദമായ കേരളത്തിന്റെ ശോഭനമായ ഭാവിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ ആത്മാർത്ഥമായി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ (ശ്രീ. എം. മുരളി)]

ശ്രീ. പി.സി. ജോർജ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ടി.എച്ച്. മുസ്തഫയ്ക്ക് സാധാരണയുള്ള ശക്തി ഇന്ന് കണ്ടില്ല. അദ്ദേഹത്തിന് എന്ത് സംഭവിച്ചു എന്ന് എനിക്ക് അൽഭുതം തോന്നുന്നു. സാധാരണ ഈ നിയമസഭാ ഹാൾതന്നെ മലീമസമാക്കുന്ന ശബ്ദമുഖരിതമായ അന്തരീക്ഷമാണ് ഉണ്ടാക്കുന്നത്. എന്തുകൊണ്ടോ അദ്ദേഹത്തിന്റെ ശബ്ദം കുറഞ്ഞിട്ടുണ്ട്. അത് നന്നായി. കാര്യമായി എന്തോ അദ്ദേഹം പഠിക്കുന്നുണ്ട്. അതുകൊണ്ടായിരിക്കും ശബ്ദം കുറഞ്ഞു പോയത്. ഈ ബഡ്ജറ്റിനെ എങ്ങനെ അനുകൂലിക്കാൻ കഴിയും? ഒരു കാരണവശാലും കഴിയില്ല എന്ന ബോധത്തോടുകൂടി തെരഞ്ഞെടുപ്പ് മുന്നിൽകണ്ടു കൊണ്ടുള്ള ഒരു ബഡജറ്റാണ് ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ അവതരിപ്പിച്ചത്. അവതരണത്തിൽത്തന്നെ അദ്ദേഹം നാടകീയമായി പ്രഖ്യാപിക്കപ്പെട്ടു. 'ഞാൻ മൽസര രംഗത്തില്ല' എന്ന് ഒരു സെന്റൻസുകൂടി എഴുതി ചേർക്കേണ്ടതായിരുന്നു. 'ഞാൻ മൽസരിച്ചാൽ ജയിക്കത്തില്ലെന്ന് എനിക്കും ബോദ്ധ്യമുണ്ട്, അതുകൊണ്ട് ഞാൻ മൽസരിക്കുന്നില്ല' എന്ന്. എങ്കിൽ എത്രയോ നന്നായി. ഞാൻ ചോദിക്കട്ടെ, വരുന്ന സാമ്പത്തിക വർഷം പദ്ധതിച്ചെലവിന് 6409 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്, ബഡ്ജറ്റ് രേഖപ്രകാരം സർക്കാർ കടം കൊള്ളുന്നത് ഏകദേശം ഏഴായിരം കോടി രൂപയാണെന്ന് കണക്കു നോക്കിയാൽ അറിയാം. മൊത്തം നിക്ഷേപത്തേക്കാൾ കൂടിയ തുക കടം എടുക്കുന്നത് നിങ്ങളുടെ സാമ്പത്തികാസൂത്രണത്തിൽ പറ്റിയ ഏറ്റവും വലിയ പാളിച്ചയല്ലേ? അത് മനസ്സിലാക്കണ്ടേ? ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചല്ലോ? ഒരു പൈസ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ? കേന്ദ്ര സഹായത്തെപ്പറ്റി അദ്ദേഹം പറയുന്നുണ്ട്. അത് മുഴുവൻ വിദേശ സഹായമാണ്. അതിൽ എത്രയാണ് കേന്ദ്ര സഹായം; എത്രയാണ് വിദേശ സഹായമെന്ന് പറയാനുള്ള ബാദ്ധ്യത അങ്ങ് കാണിക്കണ്ടേ? എന്തുകൊണ്ട് കാണിക്കാൻ പറ്റിയില്ല. കാർഷിക മേഖലയെ ഇതുപോലെ തകർത്തു തരിപ്പണമാക്കിയ ഒരു ബഡ്ജറ്റുണ്ടോ? അങ്ങ് കൃഷിയുടെ വികസനത്തിനുവേണ്ടി മാറ്റി വച്ചത് 833.86 കോടി രൂപയാണ്. തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിന് 50 കോടി രൂപയെന്ന് പ്രഖ്യാപിച്ചു. നെൽകൃഷി വികസനത്തിന് 18 കോടി രൂപ പ്രഖ്യാപിച്ചു. വേറെ ഒന്നും പ്രഖ്യാപിച്ചില്ല. ബാക്കിയെന്താണ്? കാർഷിക മേഖലയെ തകർക്കണമെന്നല്ലേ ഉദ്ദേശം? വിദേശ മൂലധനമുടക്കിന്റെ അടിസ്ഥാനത്തിൽ ആഗോളവൽക്കരണ നയം നടപ്പിലാക്കിയില്ലേ? അതിന്റെ ആരംഭകാലം മുതൽ കേരളത്തിന്റെ കാർഷികമേഖലയെ തകർത്തിരിക്കുകയല്ലേ? അതിന് ചൂട്ടുപിടിക്കുന്ന ബഡ്ജറ്റല്ലേ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്? ബാക്കി കൃഷിയെപ്പറ്റി പറഞ്ഞ തുക മുഴുവനും ഇലക്ഷൻ സ്റ്റണ്ടാണ്. ഒരു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

പോലും ഇല്ല, കൃഷിയെ അപ്രധാനമായി കാണുന്ന സാമ്പത്തിക കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിലുള്ളത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഞാൻ ഒരു ആരോപണവും ഇവിടെ ഉന്നയിക്കുന്നില്ല. അങ്ങ് എക്സൈസ് വകുപ്പുമന്ത്രിയാണ്. ഞാൻ വിനയത്തോടുകൂടി ചോദിക്കട്ടെ! ശ്രീകാര്യത്തെ ഗ്രീൻ പാലസ് എന്നുപറയുന്ന ഹോട്ടൽ സ്റ്റാർ ഹോട്ടലല്ലേ? അവിടെ ബാർ ഉണ്ടായിരുന്നല്ലോ? അങ്ങ് ഏത് നിയമപ്രകാരമാണ് ഹോട്ടൽ ഉടമ ആവശ്യപ്പെട്ടതനുസരിച്ച് വട്ടിയൂർക്കാവിലുള്ള ജെ.ജെ. പാലസ് ഹോട്ടലിന് നിലവിലുള്ള ബാർ ലൈസൻസ് കൊടുത്തത്? അത് ഏത് നിയമപ്രകാരമാണെന്ന് പറയണം. അഴിമതി ഒന്നും ഉന്നയിക്കുന്നില്ല. ത്രീ സ്റ്റാർ സൗകര്യമുള്ള ഹോട്ടലിനല്ലേ ബാർ കൊടുക്കേണ്ടത്? കേന്ദ്ര ഗവണ്മെന്റ് ഏജൻസിയല്ലേ ആ പദവി കൊടുക്കുന്നത്? ശ്രീകാര്യത്തെ ഗ്രീൻ പാലസ് ഹോട്ടലിന്റെ ലൈസൻസ് മാറ്റി ജെ.ജെ. പാലസിനുകൊടുത്തു. വീണ്ടും ഗ്രീൻ പാലസ് ഹോട്ടൽ അപേക്ഷ കൊടുത്തപ്പോൾ എന്തിനാണ് ഗ്രീൻ പാലസ് ഹോട്ടലിന് വീണ്ടും ലൈസൻസ് കൊടുക്കുന്നത്? എനിക്ക് മനസ്സിലാകുന്നില്ല. ഗ്രീൻ പാലസ് ഹോട്ടലിന്റെ ലൈസൻസ് മാറ്റി ജെ.ജെ. ഹോട്ടലിന് കൊടുക്കുക. ഒരു ഉടമതന്നെ-ജയദേവൻ, ഹോട്ടലിന് വീണ്ടും ലൈസൻസ് ആവശ്യപ്പെട്ടപ്പോൾ അങ്ങ് ഗ്രീൻ പാലസ് ഹോട്ടലിന് വീണ്ടും കൊടുത്തു. ഏത് നിയമപ്രകാരമാണ് കൊടുത്തത്? അത് പറയാനുള്ള ധാർമ്മിക മര്യാദ കാണിക്കണമെന്നുമാത്രമേ എനിക്ക് അങ്ങയോട് പറയാനുള്ളു. ടൂറിസം മന്ത്രി ഇവിടെയില്ല. അദ്ദേഹത്തെ കാണാത്തതിൽ എനിക്ക് ദുഃഖമുണ്ട്. ടൂറിസം മേഖലയുടെ വളർച്ചയാണല്ലോ ഏറ്റവും അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, 2000-ലെ ചന്ദ്രശേഖരമേനോൻ കമ്മീഷൻ ശബരിമലയിൽ 57 പാവങ്ങൾ മരിച്ച സംഭവത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് വച്ചു. സഭയിൽ വച്ച ആ റിപ്പോർട്ടിൻമേൽ എന്തുകൊണ്ട് നിങ്ങൾ നടപടി സ്വീകരിച്ചില്ല എന്ന് ദേവസ്വം മന്ത്രി മറുപടി പറയണം. ശബരിമല വികസനത്തിന് മാസ്റ്റർ പ്ലാൻ എങ്ങനെ വേണമെന്ന അഭിപ്രായം ആ കമ്മീഷൻ റിപ്പോർട്ടിൽ ഇല്ലല്ലോ? 2003 ജനുവരി 28-ന് ആ റിപ്പോർട്ട് വച്ചതാണ്. ആ റിപ്പോർട്ട് സഭയിലുള്ളപ്പോഴാണ് ശബരിമല വികസനത്തിന് മാസ്റ്റർപ്ലാൻ ഉണ്ടാക്കാൻ 75 ലക്ഷം രൂപ കൊടുത്ത് എക്കോസ്മാർട്ട് എന്ന പ്രൈവറ്റ് കമ്പനിയെ ഏൽപ്പിച്ചത്. അതിന്റെ ന്യായമെന്താണ്? ഞാൻ അഴിമതി ആരോപണമൊന്നും ഉന്നയിക്കുന്നില്ല. ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ടുള്ളപ്പോൾ എന്തുകൊണ്ട് എക്കോസ്മാർട്ട് എന്നുപറയുന്ന കമ്പനിക്ക് നിങ്ങൾ 75 ലക്ഷം രൂപ കൊടുത്ത് ഇത് ചെയ്തു എന്നുപറയണം. അതുപോലെതന്നെ ടൂറിസത്തിന്റെ വികസനത്തെപ്പറ്റി നമ്മളെല്ലാവരും വാതോരാതെ സംസാരിക്കുന്നു. ഞാൻ ചോദിക്കട്ടെ, ഡൊമസ്റ്റിക് ഫെയറിന് ഒരൊറ്റ ഐ.എ.എസ്.-കാരൻ പോകില്ല. ഇന്റർനാഷണൽ ഫെയറിന് മന്ത്രിയും പരിവാരങ്ങളുമൊക്കെക്കൂടി കെട്ടിപ്പെറുക്കി പോവുകയാണ്. എന്തൊരു പോക്കാണ് ഇത്? ടൂറിസം ഡിപ്പാർട്ടുമെന്റിലെ ഐ.എ.എസ്.-കാരനുണ്ടല്ലോ? 14 വകുപ്പാണ് അയാളുടെ കയ്യിലിരിക്കുന്നത്. അയാളും ഭാര്യയും മകനുമായിട്ട് ഇന്റർനാഷണൽ ഫെയറിന് പോകും. അടുത്ത ഫെയറിന് ഭാര്യയും മകളുമായിട്ട് പോകും. ഇതൊന്നും ഈ ഗവൺമെന്റ് എന്തുകൊണ്ട് കാണുന്നില്ല; എന്ത് ലാഭം കിട്ടുന്നു? ഇതിന്റെ പേരിൽ ഐ.എ.എസ്.-കാരൻ വന്ന് ഈ സംസ്ഥാനത്ത് ടൂറിസം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാനുള്ള റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് തന്നിട്ടുണ്ടോ? നിങ്ങൾ അത് പരിശോധിച്ചിട്ടുണ്ടോ? അടുത്ത ഇന്റർനാഷണൽ ഫെയറിന് ഐ.എ.എസ്.-കാരും മന്ത്രിമാരും പോവുകയാണ്. ഡൊമസ്റ്റിക് ഫെയർ നടക്കുന്നു, ഒരൊറ്റ ഡൊമസ്റ്റിക് ഫെയറിലെങ്കിലും ഐ.എ.എസ്-കാർ പോയിട്ടുണ്ടോ? ആ ഫെയറിൽ എന്ത് നടക്കുന്നു എന്ന് പരിശോധിക്കുന്നുണ്ടോ? എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ അവിടത്തെ മന്ത്രിമാരും ഐ.എ.എസ് ഉദ്യോഗസ്ഥരും ആ ഡൊമസ്റ്റിക് ഫെയറിൽ പങ്കെടുക്കും, ടൂറിസ്റ്റുകളെ ആകർഷിക്കും. ഇവിടെ അത് നടക്കുന്നില്ല. ഇപ്പോൾ വീണ്ടും പോകാൻ തയ്യാറെടുക്കുകയാണ്. 14 വകുപ്പും വച്ച് ഒരു ഭരണം. ഫെബ്രുവരി 18 മുതൽ ഇറ്റലിയിൽ നടക്കുന്ന ബി.ഐ.റ്റി മേളയുണ്ട്, മാർച്ച് 8-ാം തീയതി മുതൽ നടക്കുന്ന ഐ.റ്റി.ബി മേളയുണ്ട്. ഇതിനൊക്കെ പോകാൻ നിൽക്കുകയാണ്. എന്തിനാണ് പോകുന്നത്? ഇന്റർനാഷണൽ മേളകൾ നടക്കുമ്പോൾ നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റ് സ്ഥിരമായി ഉദ്യോഗസ്ഥരെ അയച്ചാൽ അവിടെ നടക്കുന്ന കാര്യങ്ങൾ ഇവിടെ വന്ന് പറയില്ലേ? ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ എന്നിവർ കഴിഞ്ഞ വർഷം ടൂറിസവുമായി ബന്ധപ്പെട്ട് നടത്തിയ വിശദമായ വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അത് വായിച്ചാൽ ബോധംകെട്ടുപോകും. ശ്രീ. വക്കം പുരുഷോത്തമന് മുഖ്യമന്ത്രിയുടെ ചാർജുള്ളപ്പോഴാണ് ഇതൊക്കെ നടക്കുന്നതെന്ന് അറിയണം. എന്താണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുന്നു, ടൈപ്പിസ്റ്റുമാരായി സർവ്വീസിൽ കയറുന്നവർക്ക് കാറ്റഗറി ചെയ്ഞ്ചിനായി ഡിഗ്രി വേണമെന്നാണ് നിയമം. വ്യാജ സർവ്വകലാശാലകളിൽ നിന്ന് വ്യാജ ഡിഗ്രി വാങ്ങി ഈ സംസ്ഥാനത്ത് പണിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണെന്നറിയാമോ? ഇവിടെ സെക്രട്ടേറിയറ്റിലെ അറുപത് ജീവനക്കാരുടെ ബിരുദം വ്യാജമാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. രണ്ട് അഡീഷണൽ സെക്രട്ടറിമാർ, ഡയറക്ടർ ഓഫ് പ്രിന്റിംഗ്, മൂന്ന് ജോയിന്റ് സെക്രട്ടറിമാർ, ഇരുപത്തിമൂന്ന് ഡെപ്യൂട്ടി സെക്രട്ടറിമാർ, ഒൻപത് അണ്ടർ സെക്രട്ടറിമാർ, ഇരുപത് സെക്ഷൻ ഓഫീസർമാർ, നാല് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ എന്നിവരാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിലെ സ്റ്റാഫും വ്യാജ ഡിഗ്രിക്കാരനാണ്. റവന്യൂ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ള ആളും വ്യാജ ഡിഗ്രിക്കാരനാണ്. ഇത് ആരാണ് കണ്ടെത്തിയിരിക്കുന്നത്? ഇവരെപ്പറ്റിയൊക്കെ അന്വേഷിക്കുന്നത് ജി.എ.ഡി.യിലെ ഡെപ്യൂട്ടി സെക്രട്ടറിയാണ്. മുഖ്യമന്ത്രിക്ക് പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഇത് കണ്ടെത്തിയിരിക്കുന്നത്. നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു? മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പോലും വ്യാജ ഡിഗ്രിക്കാർ ജോലി ചെയ്യുകയാണ്. എന്തുകൊണ്ട് ഇതിനെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുന്നില്ല? ഇവിടെ രണ്ടുമൂന്ന് ദിവസമായി പറയുന്നു വലിയൊരു സംഭവം നടക്കാൻ പോകുന്നു, ഇടതുപക്ഷത്തെ മുഴുവൻ തകർക്കാൻ പോകുന്ന സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട് വരുന്നുവെന്ന്. ഞാൻ വിചാരിച്ചു ഇത് ഇങ്ങോട്ട് വന്ന് കഴിയുമ്പോൾ ഞങ്ങളെല്ലാവരും കൂടി തകർന്നുപോകുമെന്ന്. ഇന്ന് രാവിലെ ശ്രീ. പി. ടി. തോമസ് പറഞ്ഞപ്പോഴാണ് ഇതിനകത്ത് മല എലിയെ പ്രസവിച്ച പോലെയാണെന്ന് മനസ്സിലാക്കിയത്. എന്തൊരു വിവരക്കേടാണ് ഇത്? ഞാൻ ചോദിക്കട്ടെ, നിങ്ങൾ 5 കൊല്ലം പൂർത്തീകരിക്കാൻ പോകുന്നു. നിങ്ങൾ 5 കൊല്ലം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു? 17 മെഗാവാട്ട്. ഞങ്ങൾ 5 കൊല്ലം കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയന്റെ കാലത്ത് 1076 മെഗാവാട്ട് വൈദ്യുതി ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചു. ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന പൊതു പ്രവർത്തകരെ അപമാനിച്ചുകൊണ്ട് നിങ്ങൾ റിപ്പോർട്ടുമായി വന്നു. ആ റിപ്പോർട്ടിനകത്ത് ഇപ്പോൾ എന്താണ്? വാദി തന്നെ പിടിക്കപ്പെട്ടില്ലേ? ആരാണ് ഒന്നാം പ്രതി? ശ്രീ. എ. കെ. ആന്റണി. രണ്ടാം പ്രതി ആരാണ്? ശ്രീ. ജി. കാർത്തികേയൻ. അദ്ദേഹം പറഞ്ഞത് ശരിയാണെങ്കിൽ അത് അംഗീകരിച്ചാൽ മൂന്നും നാലുമായിട്ട് വരുന്നത് ഇ. കെ. നായനാരും ശ്രീ. പിണറായി വിജയനുമാണ്. എന്തൊരു ഗതികേടാണെന്ന് അറിയാമോ? ജനങ്ങളാൽ തിരസ്ക്കരിക്കപ്പെട്ട ഒരു ഗവൺമെന്റ്, ജനോപകാരപ്രദമായ നടപടികൾ നടപ്പിലാക്കാൻ കഴിയാത്ത നാണംകെട്ട ഒരു ഗവൺമെന്റ്, നാലേമുക്കാൽ കൊല്ലം ജനങ്ങൾക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിയാതെ ഭരണം നടത്തിയ ഗവൺമെന്റ്, തകരാൻ പോകുന്ന ഗവൺമെന്റ്, ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട ഗവൺമെന്റ്, ഈ ഗവൺമെന്റിന് ബഡ്ജറ്റ് അവതരിപ്പിക്കാൻപോലും അവകാശമില്ല. വരവ് ചെലവ് കണക്ക് മാത്രമായിരുന്നു വയ്ക്കേണ്ടിയിരുന്നത്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ അദ്ദേഹത്തിന്റെ യാത്രയയപ്പ് കൂടി സ്വീകരിക്കുക എന്ന ചിന്താഗതി യോടുകൂടിയ ഒരു രാഷ്ട്രീയ പ്രസംഗമാണ് ബഡ്ജറ്റിലൂടെ നടത്തിയത്. ആ ഒരൊറ്റ കാര്യം കൊണ്ട് തന്നെ ഈ ബഡ്ജറ്റിനെ എതിർത്തേ മതിയാകൂ. വളരെ ശക്തമായി ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. ജോർജ് ജെ. മാത്യു: സർ, കഴിഞ്ഞ 15 വർഷമായി ഞാൻ നിയമ സഭയിലെ ഒരംഗമാണ്. ഈ 15 വർഷത്തിനിടയിൽ പത്ത്, പതിനാറ് ബഡ്ജറ്റുകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇപ്രാവശ്യത്തെ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കൃഷിക്കാർക്ക് ഇത്രയും ആനുകൂല്യം നൽകുന്ന ഒരു ബഡ്ജറ്റ് ഇതുവരെ കണ്ടിട്ടില്ല. പക്ഷേ ഇവിടെ സംഭവിച്ചത്, സി. ആന്റ് എ. ജി. യുടെ റിപ്പോർട്ട് വന്നതുകൊണ്ട് ഈ ബഡ്ജറ്റിലേക്ക് ആരുടെയും ശ്രദ്ധയുണ്ടായില്ല എന്നുള്ളതാണ്. സി.ആന്റ്.എ.ജി.യുടെ പ്രധാനപ്പെട്ട വെളിപ്പെടുത്തലുകൾ ആടിനെ പട്ടിയാക്കുന്ന രീതിയിൽ പ്രതിപക്ഷാംഗങ്ങൾ വളച്ചൊടിച്ച് ചിത്രീകരിക്കുക യാണുണ്ടായത്. യഥാർത്ഥത്തിൽ സി.ആന്റ്.എ.ജി റിപ്പോർട്ടിൽ വളരെ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് എല്ലാ പത്രങ്ങളിലും വളരെ വ്യക്തമായി വരികയും ചെയ്തിട്ടുണ്ട്. ഞാൻ സി. ആന്റ് എ. ജി.യുടെ റിപ്പോർട്ടിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. കാരണം എന്റെ സുഹൃത്തുക്കൾ വളരെ വിശദമായി ആരാണ് സി. ആന്റ് എ. ജി.യുടെ റിപ്പോർട്ട് പ്രകാരം 374 കോടി രൂപ നഷ്ടം വരുത്തിയതെന്നതിനെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ അക്കാര്യത്തിൽ ഉടനടി വേണ്ട നടപടികൾ സ്വീകരിച്ച് കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കണം. ബഡ്ജറ്റുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്ന് ആദ്യം സംസാരിച്ചത് ഒരുപക്ഷേ അങ്ങേ ഭാഗത്തുനിന്ന് ഭാവി ധനകാര്യ വകുപ്പുമന്ത്രി എന്ന് പ്രതീക്ഷിക്കുന്ന ഡോ. തോമസ് ഐസക് ആണ്. അദ്ദേഹം ബഡ്ജറ്റിനെ നിശിതമായി വിമർശിക്കുമെന്നാണ് വിചാരിച്ചത്. എന്നാൽ ബഡ്ജറ്റിലെ കാർഷിക മേഖലയ്ക്ക് നീക്കിവച്ചിരിക്കുന്ന തുക പര്യാപ്തമല്ല; പരമ്പരാഗതമായ മേഖലയെ അവഗണിച്ചിരി ക്കുകയാണ്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾക്ക് പണം കണ്ടെത്തിയിട്ടില്ല എന്നാണ് അദ്ദേഹം പ്രധാനമായും പറഞ്ഞത്. അദ്ദേഹം മറ്റ് കാര്യങ്ങളിലേക്ക് ഒന്നുംകടന്നില്ല. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ സംസാരിച്ചപ്പോൾ പറഞ്ഞു ഈ ഗവൺമെന്റിന് ഒരു ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള സാഹചര്യം ഇല്ല, കാരണം അതിന്റെ കാലാവധി രണ്ട് മൂന്ന് മാസം കഴിയുമ്പോൾ അവസാനിക്കുകയാണെന്ന്. ഞാൻ ശ്രീ. കെ. പി. രാജേന്ദ്രനോട് ചോദിക്കട്ടെ, ബഡ്ജറ്റ് പ്രസന്റ് ചെയ്യുക എന്നുള്ളത് ഒരു സ്റ്റാറ്റ്യൂട്ടറി ഒബ്ലിക്കേഷനാണ്. തീർച്ചയായിട്ടും അതിൽനിന്ന് മാറിനിൽക്കാൻ ആർക്കും സാധ്യമല്ല. അങ്ങനെ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ നിങ്ങൾ പറയേണ്ടിയിരുന്നത് ഏത് കാര്യത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ യാഥാർത്ഥ്യമല്ലാത്ത കാര്യങ്ങൾ പറഞ്ഞത് എന്നാണ്. എന്റെ പഴയ പാർട്ടിയിലെ സുഹൃത്ത് ഡോക്ടർ കെ.സി.ജോസഫ്, ഈ ബഡ്ജറ്റ് കൃഷിക്കാർക്ക് എതിരാണെന്ന് പറഞ്ഞ് പ്രസംഗിക്കുന്നത് കേട്ടപ്പോൾ സത്യം പറഞ്ഞാൽ എനിക്ക് ലജ്ജ തോന്നി. പിന്നെ ശ്രീ. പി. സി. ജോർജ് കാര്യമായി ഒന്നും പറഞ്ഞില്ല. അദ്ദേഹം മറ്റ് കാര്യങ്ങളിലേക്ക് കടക്കുകയാണ് ചെയ്തത്. ഇവിടെ ഡോക്ടർ തോമസ് ഐസക് പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ പാർട്ടി കഴിഞ്ഞ 27 വർഷമായി ബംഗാൾ ഭരിക്കുകയാണ്. ബംഗാളിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? ബംഗാളിന്റെ ഇന്നത്തെ അവസ്ഥയെന്നു പറയുന്നത് കഴിഞ്ഞ കുറെ നാളുകളായി സംഭവിച്ച കാര്യങ്ങളെപ്പറ്റി പറയുകയാണ്. ബംഗാൾ 8 കോടി ജനസംഖ്യയുള്ള സംസ്ഥാനമാണ്. അവിടെ 33.36 ശതമാനം ആളുകൾ നിരക്ഷരരാണെന്ന് ഓർക്കണം. 27 വർഷം നിങ്ങൾ ഭരിച്ചു കഴിഞ്ഞപ്പോഴുള്ള അവസ്ഥയാണ്, സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിൽ പത്തൊമ്പതാമത്തെ സംസ്ഥാനമാണ് ബംഗാൾ. ബംഗാളിലെ 72 ശതമാനം ജനങ്ങൾ ഗ്രാമവാസികളാണ്. ആ ഗ്രാമങ്ങളിൽ ചെല്ലുകയാണെങ്കിൽ സാക്ഷരത 63.42 ശതമാനം മാത്രമാണ്. കോൺഗ്രസ് അല്ല അവിടെ ഭരിച്ചത്. കഴിഞ്ഞ 27 വർഷമായി നിങ്ങൾ തുടർച്ചയായി ഭരിക്കുകയാണ്. 40,794 റവന്യൂ വില്ലേജുകളിൽ 39 ശതമാനത്തിലും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ല. 15.38 ശതമാനം വില്ലേജുകളിൽ മാത്രമേ യു.പി. സ്ക്കൂളുകളുള്ളൂ. ഹൈസ്ക്കൂളുകൾ വെറും 8.36 ശതമാനം സ്ഥലങ്ങളിലെ ഉള്ളൂ. അപ്പോൾ അവിടെ ഡോക്ടർ തോമസ് ഐസക്കും മറ്റ് എൽ.ഡി.എഫ്. നേതാക്കളും പറഞ്ഞുവരുന്നത് എന്താണ്? കേരളത്തെ ബംഗാൾ മോഡലാക്കണം. ഇന്ന് ബംഗാൾ ഭരിക്കുന്ന ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ, വളരെ ബുദ്ധിപരമായി കാര്യങ്ങൾ തിരിച്ച് വിടാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. അപ്പോഴാണ് ഇവിടെയുള്ള ആൾക്കാർ ആ പഴയ കലിയുഗത്തിലേക്ക് കേരള സംസ്ഥാനത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞിരിക്കുന്നത് എന്താണ്? "പരിഷ്ക്കരിക്കുക അല്ലെങ്കിൽ നശിക്കുക" എന്ന ശ്രീ. ബുദ്ധദേവിന്റെ മുദ്രാവാക്യത്തിന് തുറന്ന പിന്തുണ നൽകുകയായിരുന്നു സി.പി.ഐ.(എം.) സംസ്ഥാന നേതൃത്വം. പശ്ചിമബംഗാളിൽ സോഷ്യലിസമോ കമ്മ്യൂണിസമോ നടപ്പിലാക്കുകയല്ല ഞങ്ങൾ ചെയ്യുന്നതെന്നും തങ്ങൾ മുതലാളിത്തം സൃഷ്ടിക്കുകയാണെന്നുമുള്ള സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി ശ്രീ. നിരുപൻസെന്റെ പ്രസ്താവന ഈ പിന്തുണയുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. ശ്രീ. ഭട്ടാചാര്യ, കാലഹരണപ്പെട്ട വിശ്വസംഹിതകൾ മുറുകെ പിടിക്കാൻ മാത്രം മണ്ടന്മാരല്ല ഞങ്ങൾ, മാർക്സിസ്റ്റുകാരായ ആശയഗതിക്കാർ എന്ന് പറയുകയുണ്ടായി. നിങ്ങൾ ഒരുകാര്യം ഓർക്കണം. പഴയ തത്വസംഹിതകളെ മുറുകെ പിടിച്ച് ബംഗാളിനെ നിങ്ങൾ 27 വർഷം കൊണ്ട് നാമാവശേഷമാക്കി. വിദ്യാഭ്യാസത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിലും മറ്റ് എല്ലാ കാര്യത്തിലും ഒന്നാമതായി നിൽക്കുന്ന കേരളത്തെ നിങ്ങൾ ബംഗാൾ മാതൃകയിൽ ആക്കാൻ നോക്കാമെന്നു പറയുമ്പോൾ ലജ്ജാകരമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ബുദ്ധിമാന്മാരായ ജനങ്ങൾ ഇക്കാര്യം വളരെ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തെ നിങ്ങൾ ഒരു നൂറ്റാണ്ട് പുറകോട്ട് നയിക്കുന്ന കാര്യങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ പ്രധാനമായിട്ട് പല കാര്യങ്ങളും പറഞ്ഞു. ഞാൻ ഇവിടെ ആ കാര്യങ്ങളൊന്നും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു കാര്യം മാത്രമേ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നുള്ളു. അടുത്ത തെരഞ്ഞെടുപ്പിൽ ഇന്നത്തെ അവസ്ഥയിൽ ഞങ്ങൾ തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആർക്കും ഒരു സംശയവും വേണ്ട. തമാശയൊന്നുമല്ല ഈ പറയുന്നത്. നിങ്ങൾ 1991 ൽ എന്താണ് ചെയ്തത്. നിങ്ങൾ അധികാരത്തിൽ തിരിച്ചുവരുമെന്നു പറഞ്ഞു നേരത്തേതന്നെ നിയമസഭ പിരിച്ചുവിടുകയുണ്ടായി. എന്നാൽ ഞങ്ങൾ തന്നെ 1991-ൽ അധികാരത്തിൽ വരുന്ന അവസ്ഥയാണ് ഉണ്ടായത്. ഞാൻ പ്രധാനമായിട്ടും രണ്ടുമൂന്ന് കാര്യങ്ങൾ പറയാനാണ് ആഗ്രഹിക്കുന്നത്. ഞാൻ നിയമസഭയുമായി ബന്ധപ്പെടാൻ തുടങ്ങിയിട്ട് പത്ത് പതിനഞ്ച് വർഷമായി. ഇത്രയധികം കാര്യങ്ങൾ കർഷകർക്കുവേണ്ടി ചെയ്ത ഒരു ഗവൺമെന്റ് വേറെ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. അഗ്രികൾച്ചറൽ റീസർജൻഡ് ഫണ്ട് 50 കോടി രൂപയായി അനുവദിച്ചിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പ്രത്യേകമായി ഒരു കാര്യം പറയാനുള്ളത് 50 കോടി രൂപ എന്തിനുവേണ്ടി ചെലവാക്കുന്നുയെന്നു പറയണം. കൃഷിക്കാർക്ക് വേണ്ടത് എക്സ്പെർട്ട് അഡ്വൈസ് ആണ്. അതുപോലെതന്നെ വളം ഫ്രീയായിട്ടും വിലകുറച്ചും കൊടുക്കുമെന്ന് പറയുന്നുണ്ട്. യഥാർത്ഥ കർഷകർക്ക് വേണ്ടത് മണ്ണ് പരിശോധിക്കുന്നതോടെപ്പം ആ ചെടിയുടെ ഇലകൂടി പരിശോധിച്ച് വളം എത്രമാത്രം കുറവുണ്ട് എന്നു മനസ്സിലാക്കുന്ന രീതി വേണം. ഇന്ന് മണ്ണ് പരിശോധന, മണ്ണ് പരിശോധന എന്നു മാത്രം പറയും. മണ്ണ് പരിശോധന കൊണ്ട് ഒരു ഭൂമിയിൽ എത്രമാത്രം വളം ഉണ്ടെന്നു മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ആ ചെടിക്ക് എത്രമാത്രം അവയിലബിളായിട്ടുള്ള വളം ഉണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. കൂട്ടത്തിൽ അതിന്റെ ഇലകൂടി പരിശോധിക്കുന്ന സംവിധാനം ഉണ്ടെങ്കിൽ ആ വളം എത്രമാത്രം ആ ചെടിക്ക് എടുക്കാൻ സാധിക്കുമെന്നു മനസ്സിലാക്കാൻ സാധിക്കും. എനിക്ക് പറയാനുള്ളത് പ്രത്യേകമായി ഈ ഫണ്ടിൽ നിന്ന് കുറഞ്ഞത് 5 കോടി രൂപയെങ്കിലും കേരളത്തിൽ രണ്ടുമൂന്ന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മണ്ണും ഇലയും പരിശോധിക്കുന്ന കേന്ദ്രങ്ങൾ തുടങ്ങാനായി നീക്കിവയ്ക്കണം. ഗവൺമെന്റിന് സാധിക്കുന്നില്ലെങ്കിൽ തീർച്ചയായിട്ടും ആ കാര്യം ബന്ധപ്പെട്ട കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 50 ശതമാനമെങ്കിലും മൊത്തമാകുന്ന ചെലവുകൾക്ക് നൽകുകയാണെങ്കിൽ അവർ അക്കാര്യങ്ങൾ ഏറ്റെടുത്ത് ചെയ്യാൻ തയ്യാറാകും. അതുപോലെ തന്നെ മറ്റൊരു കാര്യം പറഞ്ഞു, ഉല്പാദനക്ഷമതകൂടിയ സങ്കരയിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിനും മറ്റും ഈ പദ്ധതികൾക്ക് സബ്സിഡി നൽകുന്നതാണ് എന്ന്. യാഥാർത്ഥ്യം പറയുകയാണെങ്കിൽ ഗവൺമെൻറിന്റെ ഏത് ഫാമിലാണ് നല്ലയിനം വിത്തുകൾ കിട്ടുന്നത്? ഉദാഹരണം പറയുകയാണെങ്കിൽ, ഏല ചെടികളുടെ കാര്യത്തിൽ അവർ നല്ലയിനം ഏല തൈകൾ വിതരണം ചെയ്തുയെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത്. എവിടെയാണ് ഗവൺമെന്റിന് നല്ലയിനം ഏലത്തൈകൾ ഉള്ളത്? ആകപ്പാടെ പാമ്പാടുംപാറയിൽ ഒരു റിസർച്ച് സ്റ്റേഷൻ ഉണ്ട് അവിടെ ഒരു ഏലച്ചെടി പോലും ഇല്ല. പിന്നെ സെൻട്രൽ ഗവൺമെന്റിന്റെ ഒരു സ്ഥാപനമുണ്ട്. ആ സ്ഥാപന മാണെങ്കിൽ പഴയ കാലത്ത് നല്ല രീതിയിൽ പ്രവർത്തിക്കുമായിരുന്നു. ഇന്ന് കൃഷിക്കാ രന്റെ അടുത്ത് നല്ല വിത്ത് കണ്ടാൽ അവർ വന്ന് ആ വിത്ത് വാങ്ങിക്കൊണ്ടുപോവു കയാണ്. പക്ഷേ, അത് വളർത്തിയെടുക്കാനുള്ള ശേഷി അവർക്കില്ല. യാഥാർത്ഥ്യം പറ യുകയാണെങ്കിൽ ഈ കേന്ദ്രങ്ങൾ ഒന്നുംതന്നെ ചെയ്യുന്നില്ല. കർഷകന് വേണ്ടത് എന്താണെന്നുവച്ചാൽ പ്രധാനപ്പെട്ടതായിട്ട്, നല്ല ഇനം വിത്തുകൾ ശേഖരിച്ച് നല്ല രീതിയിലുള്ള നഴ്സറി ഉണ്ടാക്കി അത് വിതരണം ചെയ്യാനുള്ള ഒരു സംവിധാനമാണ്. മറ്റൊരു പ്രധാന കാര്യം 60 വയസ്സ് കഴിഞ്ഞ പാവപ്പെട്ട കൃഷിക്കാർക്ക് പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഇതുവരെ ഉണ്ടാകാത്ത ഒരു കാര്യമാണ്. ഒരു പക്ഷേ തുക കുറച്ച് കുറവായിരിക്കും. എന്നാലും തുടക്കം എന്നുള്ള നിലയിൽ ഒരു നല്ല കാര്യമാണ് ചെയ്തിരിക്കുന്നത്. തീർച്ചയായിട്ടും അതിന് വലിയ ഒരു അപ്രീസിയേഷൻ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പിന്നെ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞിരിക്കുന്നത് വസ്തുക്കളുടെ ആധാരം നടത്തുമ്പോൾ, ധനനിശ്ചയ ആധാരം വരുമ്പോൾ അതിന് വെറും ആയിരം രൂപ കൊടുത്താൽ മതിയെന്നാണ്. ഒരു വലിയ ഭാഗ ഉടമ്പടി വരുമ്പോൾ ഒരു വിട്ടുവീഴ്ചയായിട്ടാണ് ഞങ്ങൾ അതിനെ കാണുന്നത്. ഇവിടെ പല പ്രാവശ്യം ശ്രമം നടത്തിയെങ്കിലും ഉദ്യോഗസ്ഥരുടെ നിഗൂഢമായ നീക്കങ്ങളുടെ ഫലമായി പലപ്പോഴും ഇവിടത്തെ ഭൂമിയുടെ ന്യായവില നിശ്ചയിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. വളരെ നിസ്സാരമായ കാര്യമാണ്. നിങ്ങൾ തീരുമാനിക്കണം. എന്താണ് കൃഷി ഭൂമിയുടെ വില; എന്താണ് ഇപ്പോൾ സർക്കാരിന് കിട്ടിക്കൊണ്ടിരിക്കുന്നത് എന്ന്. നേരത്തേ പറഞ്ഞു, മുന്നൂറ് കോടി രൂപ ഇതിനകത്ത് നഷ്ടം വന്നുവെന്ന്. എത്രരൂപയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്; എന്ത് വിലയ്ക്കാണ് ഇപ്പോൾ നിങ്ങൾ ഓരോ ഭൂമിയും രജിസ്റ്റർ ചെയ്യുന്നത് എന്ന് കാൽക്കുലേറ്റ് ചെയ്തുനോക്കുക. നിങ്ങൾ നൂറ് രൂപയ്ക്ക് ഭൂമി മേടിക്കുകയാണെങ്കിൽ പന്ത്രണ്ടര രൂപ സർക്കാരിന് ലാഭം കിട്ടുമെന്ന് വന്നാൽ ആരെങ്കിലും ഈ തുക അടയ്ക്കുമോ? ഈ കള്ളക്കണക്ക് വരുന്നതിന്റെ പ്രധാന കാരണം, അഞ്ച് ശതമാനം ആറ് ശതമാനത്തിൽ കൂടുതൽ വില വരുകയാണെങ്കിൽ ഒരു കാരണവശാലും അടയ്ക്കുകയില്ല. അപ്പോൾ തീർച്ചയായും നിങ്ങൾ ചെയ്യേണ്ട ഒരു കാര്യം എന്നുപറയുന്നത് ഭൂമിയുടെ വില, തമിഴ്നാട്ടിലെപ്പോലെ ആക്കണം. അവർ നോക്കുന്നത്, അവർക്ക് ഇത്ര രൂപ കഴിഞ്ഞ പ്രാവശ്യം കിട്ടി. ഇത്ര രൂപവച്ച് ഭൂമിക്ക് വില എഴുതുകയാണെങ്കിൽ ആ തുക അല്ലെങ്കിൽ അതിന്റെ ഒരു പത്ത് ശതമാനം കൂട്ടി തുക ലഭിക്കുവാനുള്ള സാഹചര്യമുണ്ടാകുന്നതാണ്. പ്രായോഗികമായിട്ടുള്ള ഒരു അവസ്ഥയാണുള്ളത്. അതുകൊണ്ട് അങ്ങനെയുള്ള ഒരു സമ്പ്രദായം വരുകയാണെങ്കിൽ തീർച്ചയായിട്ടും ഇതിന് പ്രയോജനമുണ്ട്. ഇതിനകത്ത് കൃഷിക്കാരനെ സംബന്ധിച്ച് കൊടുക്കുന്ന വായ്പകളുടെ അളവ് എന്ന് പറയുന്നത് ഇരട്ടിയാക്കും എന്നുപറയുന്നുണ്ട്. കൃഷിക്കാർ വായ്പ എടുക്കുന്നത് പല ആവശ്യങ്ങൾക്കുവേണ്ടിയാണ്. അവരുടെ വീടിന്റെ ആവശ്യങ്ങളുണ്ടാകും. അവർക്ക് പല ആവശ്യങ്ങളുണ്ട്. കൃഷിയെ സംബന്ധിച്ച് അവർക്ക് ശരിയായ രീതിയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ, കൃഷിയുടെ വിപുലീകരണം, അല്ലെങ്കിൽ മോഡേണൈസേഷൻ ഇങ്ങനെയുള്ള കാര്യത്തിന് ഒരു പ്രത്യേക പ്ലാൻ തയ്യാറാക്കി തരുകയാണെങ്കിൽ അവർക്ക് കോർപ്പസ് ഫണ്ടിൽനിന്ന് പലിശയില്ലാത്ത വായ്പ അല്ലെങ്കിൽ നിസ്സാര പലിശയ്ക്ക് വായ്പ കൊടുക്കണം. ഇന്നിപ്പോൾ വലിയ പലിശയൊന്നുമില്ല. കഴിഞ്ഞ കാലത്ത് ഉള്ളതുപോലെ പതിനേഴ് ശതമാനവും ഇരുപത് ശതമാനവും ഒന്നുമില്ല. സാധാരണഗതിയിൽ ബാങ്കിൽ പോകുകയാണെങ്കിൽ കാർഷിക വായ്പകൾ ഏതാണ്ട് 8, 9 ശതമാനത്തിന് കിട്ടും. കർഷകനെ സംബന്ധിച്ച് 9 ശതമാനം പലിശ എന്ന് പറയുന്നത് വലിയൊരു പലിശയാണ്. ആ പലിശ കുറച്ച് ഇളവു ചെയ്ത് കിട്ടണം. പ്രത്യേക പ്ലാനിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ആ ഭൂമി മേടിക്കുവാൻ വേണ്ടിയിട്ട് കർഷകർ വായ്പയെടുക്കുന്നത് ഇങ്ങനെ കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ നല്ല രീതിയിൽ കൃഷി കൊണ്ടുപോകുന്നതിനുവേണ്ടി ഒരു പദ്ധതി സമർപ്പിച്ച് അതിനെ അംഗീകരിക്കുകയാണെങ്കിൽ തീർച്ചയായിട്ടും അതിന്റെ പലിശ കുറച്ച് കൊടുക്കുവാനുള്ള ഒരു സാഹചര്യം ഉണ്ടാക്കണം. അങ്ങനെയാണെങ്കിൽ മാത്രമേ അതുകൊണ്ട് കൃഷിക്കാർക്ക് പ്രയോജനം ഉണ്ടാകുകയുള്ളൂ. അതു കൂടാതെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. തോട്ടങ്ങൾ അല്ലെങ്കിൽ വലിയ കമ്പനി മേഖലയിലുള്ള തോട്ടങ്ങൾക്ക് ഒഴിച്ച് കാർഷികാദായ നികുതി ഒഴിവാക്കണമെന്നുള്ളത് നാളുകളായി കൃഷിക്കാർ ആവശ്യപ്പെടുന്ന ഒരു കാര്യമാണ്. ഇവിടെ ധാരാളം ധനകാര്യ വകുപ്പുമന്ത്രിമാർ വന്നിട്ടുണ്ട്. ഒരുപാട് കാലങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. 1981 മുതൽ ഞങ്ങൾ പ്രഖ്യാപനങ്ങൾക്കായി കാത്തിരിക്കുന്നു. കാരണം മൊത്തമായി സംസ്ഥാനത്ത് കിട്ടുന്ന 26 കോടി രൂപയിൽ 23 കോടി രൂപയും കമ്പനികളിൽ നിന്നാണ് ലഭിക്കുന്നത്. ബാക്കി തുക പിന്നെ പതിനായിരക്കണക്കിന് കർഷകരെ ഉദ്യോഗസ്ഥർ ഹരാസ് ചെയ്ത് മേടിക്കുന്ന ഒരു തുകയാണ്. ഇതിന്റെ കളക്ഷൻ ഫീസ് പോലും കിട്ടാത്ത ഒരു അവസ്ഥയാണ്. ഇന്ന് ആ ടാക്സ് ആണ് റദ്ദ് ചെയ്തിരിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഇതിനകത്ത് ഇന്നിപ്പോൾ ടാക്സ് റദ്ദ് ചെയ്തപ്പോൾ ഇതുവരെ കോമ്പൗണ്ടിംഗ് ടാക്സ് കൊടുക്കുന്ന ഒരാൾക്ക് പ്ലാന്റേഷൻ ടാക്സ് ഇല്ലായിരുന്നു. പ്ലാന്റേഷൻ ടാക്സെന്നു പറയുന്നത് കൃഷിക്കാരൻ ഒരു പ്ലാന്റേഷനിൽ തൈകൾ കുഴിച്ചുവയ്ക്കുകയാണെങ്കിൽ അത് ഉദ്യോഗസ്ഥർ വന്ന് എണ്ണി തിട്ടപ്പെടുത്തി നൽകുന്നതിൽ വരുന്നതാണ്. എനിക്ക് ഒരു നിർദ്ദേശം വയ്ക്കുവാനുള്ളത്, ഞാൻ പ്ലാന്റേഷൻ നികുതി വേണ്ടാ എന്ന് പറയുന്നില്ല. പ്ലാന്റേഷൻ ടാക്സ് ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടാണെങ്കിൽ വെച്ചോ. ഒരു കാര്യം, അഞ്ച് ഹെക്ടർ കഴിഞ്ഞുള്ള സ്ഥലത്തിന് നിങ്ങൾ കരം ഈടാക്കുന്നതുപോലെ തന്നെ ഇതിന് ആ തുകയുംകൂടി കൂട്ടിയിട്ട് അത് മൊത്തമായി ഈടാക്കുകയാണെങ്കിൽ വലിയ പ്രയാസങ്ങൾ വരില്ല. അല്ലെങ്കിൽ ഉദ്യോഗസ്ഥ രീതിയിൽ ടാക്സെല്ലാം കളക്ട് ചെയ്യാനുള്ള ബുദ്ധിമുട്ട് ഉണ്ടാകും. നിങ്ങൾക്ക് എത്ര രൂപയാണ് കിട്ടാനുള്ളത്; എത്ര രൂപയാണ് നഷ്ടപ്പെടുന്നത് എന്ന് നോക്കി അത്രയും രൂപ നിങ്ങൾ കരത്തിൽ കൂട്ടിയിടുക. അഞ്ച് ഹെക്ടർ കഴിഞ്ഞിട്ടുള്ള സ്ഥലത്തിന് കരം കൂട്ടിയിടുകയാണെങ്കിൽ ഒരു നയാപ്പൈസ പോലും നഷ്ടമില്ലാത്ത സാഹചര്യ മുണ്ടാകും. ഏതായാലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ തിരിച്ചുവന്നിട്ടുണ്ട്. അദ്ദേഹം ഞാൻ പറഞ്ഞ നല്ല കാര്യങ്ങൾ കേട്ടോ എന്നെനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിയില്ല. നിസ്സാര കാര്യങ്ങളാണ്. പ്രത്യേകിച്ച് ഇൻകം ടാക്സ് എടുത്തു കളഞ്ഞാലും പ്ലാന്റേഷൻ ടാക്സ് ഒന്നുകിൽ അഞ്ച് ഹെക്ടർ കഴിഞ്ഞ് ബാക്കിയുള്ള സ്ഥലത്തിന് ചെറിയ കരംപോലെ കൂട്ടിയിട്ടാൽ പോക്കറ്റിലേക്ക് വരാനുള്ള ഒരു തുകപോലും പോകുകയില്ല. പക്ഷേ സർക്കാരിനെ സംബന്ധിച്ച് കളക്ടിംഗ് ഫീസിനത്തിൽ ഇല്ലാത്ത പ്രയോജനമുണ്ടാകുകയും ചെയ്യും. ഇത്രയധികം നല്ല കാര്യങ്ങൾ ചെയ്ത ധനകാര്യ വകുപ്പുമന്ത്രി, ഇത്രയും നല്ല ബഡ്ജറ്റ്, അവതരിപ്പിച്ച ഒരു ധനകാര്യ വകുപ്പുമന്ത്രി, ഞങ്ങളുടെ സുഹൃത്തുക്കൾ, കൃഷിക്കാരുടെ ആളുകൾ എന്ന് അഭിമാനിക്കുന്ന സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ ഈ ബഡ്ജറ്റ് എതിർക്കുകയാണെന്ന് പറഞ്ഞ് ഞങ്ങളുടെ നാട്ടിൽ ചെല്ലുകയാണെങ്കിൽ അവർക്ക് ചാണകം കൊണ്ടുള്ള ഏറ് കിട്ടും എന്ന കാര്യത്തിൽ. യാതൊരു സംശയവും വേണ്ട.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ഞാൻ എല്ലാം ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവസാനം കൃഷിക്കാരന് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് പറഞ്ഞു.

ശ്രീ. ജോർജ് ജെ. മാത്യു: ഇല്ല, ഇല്ല. കൃഷിക്കാരന് ബുദ്ധിമുട്ട് ഉണ്ടാക്കുകയില്ല. കൃഷിക്കാരന് വേണ്ടി നല്ല കാര്യങ്ങൾ ചെയ്തു. ചെറിയ രണ്ട് മൂന്ന് കാര്യങ്ങളിൽ തിരുത്തൽ കൂടി വരുകയാണെങ്കിൽ അതിന് യാതൊരു കുഴപ്പവുമില്ല എന്നാണ് പറഞ്ഞത്. ഡോ. കെ. സി. ജോസഫും അതുപോലെ മറ്റുള്ളവരുമാണ് ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. ഇത്രയും നല്ല ഒരു ബഡ്ജറ്റ് കൃഷിക്കാർക്കുവേണ്ടി അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, തട്ടിക്കൂട്ടിയ ഈ തട്ടിപ്പു ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൂറു മേനി കൊയ്ത് യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ശുദ്ധനായ നമ്മുടെ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കര നാരായണൻ നെഞ്ചത്തടിച്ച് നിലവിളിച്ചുകൊണ്ട് പറഞ്ഞു, ഞാനാണ് കേരളത്തിലെ ഏറ്റവും വലിയ പിച്ചക്കാരൻ എന്ന്. കട്ടൻ ചായ കുടിക്കുവാൻ പോലും കയ്യിൽ പണമില്ല എന്നാണ് അദ്ദേഹം വിലപിച്ചിരുന്നതെങ്കിൽ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ഞാൻ പിച്ചക്കാരനല്ല മറിച്ച് സമ്പന്നൻ ആണെന്ന് നടിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന അരക്കിട്ട് ഉറപ്പിച്ച് ഭദ്രമാക്കി കാഷായ വസ്ത്രം അണിഞ്ഞ് കാശിക്ക് പോകുകയാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അദ്ദേഹം പോകുന്ന പോക്കിൽ സമ്പത്തെല്ലാം ബഡ്ജറ്റിലൂടെ വാരി വിതറുമെന്ന് പറയുന്നു. ദാനധർമ്മാദികൾക്കായി ഖജനാവ് തുറന്നുവയ്ക്കുമെന്ന് അദ്ദേഹം എല്ലാ ആൾക്കാരോടും വിശദമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭരണകക്ഷിയുടെ ചില എം.എൽ.എ.മാരെല്ലാം മുൻകാല വിരോധം മറന്ന് ധനകാര്യ വകുപ്പുമന്ത്രിയെ കെട്ടിപ്പിടിച്ച് ഉമ്മ വയ്ക്കുമ്പോൾ പുറത്ത് ജനം പുച്ഛത്തോടെ ചിരിക്കുകയാണ്. എന്താണ് നമ്മുടെ കേരള തറവാടിന്റെ സ്ഥിതി? തറവാടിന്റെ കഴുക്കോലും ഉത്തരവും മോന്തായവുമെല്ലാം കടപ്പെടുത്തിയിട്ടാണ് അദ്ദേഹം പോകുന്നത്. നാളെ കടക്കാരെല്ലാം ഒരുമിച്ചു വന്ന് കഴുത്തിന് പിടിക്കുന്നുവെങ്കിൽ എന്ത് ചെയ്യും? ഇനി ഭരണത്തിൽ വരുന്ന അടുത്ത ഗവൺമെന്റ് അല്ലേ ഇത് അനുഭവിക്കേണ്ടിവരിക? ധനകാര്യ വകുപ്പുമന്ത്രി പറയുന്നു, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ബാധ്യത വെറും 44,000 കോടി രൂപയാണെന്ന്. എന്നാൽ സാമ്പത്തിക വിദഗ്ദ്ധർ പറയുന്നു, മാർച്ച് 31 ആകുമ്പോൾ അത് 54,000 കോടി രൂപയാകും എന്ന്. ഈ വർഷം ഏറ്റവും കുറഞ്ഞ ദിവസം ട്രഷറി പൂട്ടിക്കിടന്നുവെന്ന് വീമ്പ് പറയുന്ന നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി വട്ടിപ്പലിശയ്ക്ക് കടം വാങ്ങിയിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു നമ്മുടെ ട്രഷറിയുടെ സ്ഥിതി? എത്ര ദിവസം അത് തുറക്കുമായിരുന്നു? നമ്മുടെ പുതിയ വനം വകുപ്പുമന്ത്രി ശ്രീ. സുജനപാൽ ഈ മന്ത്രി സഭയിലുള്ള കള്ളക്കളികൾ മുഴുവൻ പഠിച്ചിട്ടില്ല. ഇന്ന് ചോദ്യോത്തര വേളയിൽ അദ്ദേഹം നമ്മുടെ മോശമായ സാമ്പത്തിക അവസ്ഥയെപ്പറ്റി മൂന്നു പ്രാവശ്യം മെൻഷൻ ചെയ്തു. ഈ വർഷം അനുവദിച്ച എം.എൽ.എ. ഫണ്ടിന്റെ ഒരു ഗഡു മാത്രമേ ഇതുവരെ നല്കിയിട്ടുള്ളൂ. അതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാകളക്ടർ ഫൈനാൻസ് സെക്രട്ടറിക്ക് അയച്ച ഒരു കത്തിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത്, ഫണ്ടിന്റെ അഭാവത്തിൽ ഭരണാനുമതി നല്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്ത സ്ഥിതി സംജാതമായിട്ടുണ്ടെന്നാണ്. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാൽ എം.എൽ.എ.-മാർ നിർദ്ദേശിച്ച പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കുന്നതുപോലും നിർത്തിവയ്ക്കേണ്ടിവരും. ഇവിടെയാണോ നമ്മുടെ സാമ്പത്തിക ഭദ്രത? ആദിവാസി ഫണ്ടുവരെ അവർ പൂഴ്ത്തിവച്ചു. തമിഴ്നാടിന്റെ കോഴിക്കമ്പനികളിൽനിന്ന് നമുക്ക് കിട്ടേണ്ട 81 കോടി രൂപയിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടി? ലോട്ടറിക്കാർക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ എത്ര കോടിയാണ് സർക്കാരിന് നഷ്ടപ്പെട്ടത്? പാട്ടത്തിനു നല്കിയ സർക്കാർ ഭൂമിയിൽ നിന്ന് ഇനിയും പിരിഞ്ഞു കിട്ടേണ്ടത് എത്ര കോടി രൂപയാണ്? മദ്യ കമ്പനികൾ സെക്കന്റ്സ് ഇവിടെയാകെ വ്യാപകമാക്കിയതു കാരണം ബിവറേജസ് കോർപ്പറേഷന് കിട്ടിയിരുന്ന എത്ര കോടി രൂപയാണ് നഷ്ടപ്പെട്ടത്? വാറ്റ് വന്നാൽ എല്ലാ സാധനങ്ങൾക്കും വില കുറയുമെന്നും എല്ലാ കച്ചവടക്കാരും കൃത്യമായി നികുതി നല്കുമെന്നും പറഞ്ഞിരുന്നു. ഏതെങ്കിലും ഒരു സാധനത്തിന്റെ വില കുറഞ്ഞോ? നികുതി വെട്ടിപ്പുകാരുടെ സുവർണ്ണ കാലഘട്ടമല്ലേ ഈ കഴിഞ്ഞ അഞ്ച് വർഷം? കേന്ദ്ര സർക്കാർ നല്കിയ അഞ്ഞൂറ് കോടി രൂപയുടെ കോമ്പൻസേഷൻ കൊണ്ട് ഈ വർഷം നമ്മൾ തല്ക്കാലം പിടിച്ചുനിന്നു. തമിഴ്നാട്ടിലും ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് സാരിയും പണവും മദ്യവും വിതരണം ചെയ്യാറുണ്ട്. അതിന്റെ പരിഷ്കരിച്ച പതിപ്പാണ് ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ ഇവിടെ പരീക്ഷിക്കുന്നത്. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്റെ ഗാംഭീര്യവും ചന്തവുമുള്ള നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ആനയ്ക്കും ആന പാപ്പാന്മാർക്കുംവരെ അവാർഡ് നല്കിയിരിക്കുന്നു. കേരളത്തിലെ ജനങ്ങളെ ഇങ്ങനെ വഞ്ചിക്കുവാൻ കഴിയുമോ? ഇതുപോലെയുള്ള തട്ടിപ്പുബഡ്ജറ്റ്കൊണ്ട് തൊട്ടതിനും തോന്നിയതിനുമൊക്കെ നായനാർ സർക്കാരിനെ കുറ്റപ്പെടുത്തിയതുകൊണ്ടോ ബംഗാളിലെയും ചൈനയിലെയും കഥ പറഞ്ഞതുകൊണ്ടോ ലാവ്‌ലിൻ, ലാവ്‌ലിൻ എന്ന് ഉറഞ്ഞുതുള്ളിയതുകൊണ്ടോ ഈ സർക്കാരിന് അഞ്ചുവർഷത്തെ ദുർഭരണം മൂടിവയ്ക്കുവാൻ കഴിയുകയില്ല. പ്രബുദ്ധരായ കേരളമക്കൾ അഞ്ചുവർഷത്തെ ദുർഭരണം ശരിക്കും അനുഭവിച്ച് അറിഞ്ഞവരാണ്. എനിക്ക് ഒറ്റ കാര്യമേ പറയാനുള്ളൂ. ഈ നാടകം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുകൊണ്ട് നമ്മുടെയെല്ലാം മുകളിൽ സർവ്വശക്തനായ ദൈവം തമ്പുരാൻ ഇരിക്കുന്നു. അദ്ദേഹം ഈ ദുർഭരണം നടത്തിയവരെ വെറുതേവിടാൻ പോകുന്നില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ജനവിധി ദൈവവിധിയായിരിക്കും. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞതുപോലെ തമിഴ്നാട്ടിൽ തെരഞ്ഞെടുപ്പിന് മുമ്പ് സാരി വിതരണം ചെയ്യുകയും ആനുകൂല്യം നൽകുകയും ചെയ്യുന്നതുപോലെയുള്ള ഒരു ബഡ്ജറ്റ് അല്ല ഇത്. 2001-02-ൽ പൊതുക്കടം 23,919 കോടി രൂപയും 2004-05-ൽ 41,878 കോടി രൂപയുമായി. പൊതുക്കടത്തിന്റെ കാര്യത്തിൽ 17,959 രൂപയുടെ വർദ്ധനവുണ്ടായി എന്നുള്ള കാര്യം ഞങ്ങൾ സമ്മതിക്കുന്നു. അത് എന്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതി ചെലവ് മാത്രം 15,619 കോടി രൂപയാണ്. അതിനുശേഷം മുൻ സർക്കാർ വരുത്തിവച്ച കുടിശ്ശികയായ 4020 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. അതുപോലെ കെ.എസ്.ഇ.ബി., പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കൊക്കെ കൊടുക്കേണ്ടിയിരുന്ന വലിയ കുടിശ്ശിക കൊടുത്തു തീർത്തത് ഈ ഗവൺമെന്റാണ്. അത് 1158 കോടി രൂപയാണ്. അതുപോലെ, സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതിരിക്കാൻ വേണ്ടി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ശുപാർശ പ്രകാരം 2003-04-ൽ നൽകിയ തുക 556 കോടി രൂപയാണ്. അങ്ങനെയാണ് കടം വർദ്ധിച്ചത്. അല്ലാതെ സാരി വിതരണം നടത്തിയതുകൊണ്ടോ കെടുകാര്യസ്ഥതകൊണ്ടോ അല്ല. ഇതൊരു തെരഞ്ഞെടുപ്പ് ബഡ്ജറ്റാണെന്ന് എല്ലവരും പറയുന്നു. ഒരു കാര്യം മനസ്സിലാക്കണം. വാറ്റ് നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. വാറ്റ് നടപ്പാക്കിയാൽ രണ്ടുമൂന്ന് വർഷത്തേക്ക് പുതിയ നികുതി നിർദ്ദേശം നടപ്പാക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം നിലനിൽക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഇല്ലാതെ വളരെ മാതൃകാപരമായ ഒരു ബഡ്ജറ്റ് സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. നിങ്ങൾ നൽകുന്ന ദുർവ്യാഖ്യാനം മാത്രമാണ് തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്നുള്ളത്. യഥാർത്ഥത്തിൽ വളരെ ഭംഗിയായി നാട്ടിലെ സാധാരണക്കാരെയും പാവപ്പെട്ടവരെയും സഹായിക്കാൻ കഴിയുന്ന തരത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ജോർജ് ജെ. മാത്യു ഒരു നല്ല കർഷകൻ കൂടിയാണ്. അദ്ദേഹത്തിന്റെ അനുഭവത്തിൽ നിന്നാണ് "11 വർഷമായി ഞാൻ നിയമസഭയിൽ അംഗമാണ്, ഇതുവരെ കൃഷിക്കാരെ ഇത്രയും സഹായിച്ച ബഡ്ജറ്റ് ഉണ്ടായിട്ടില്ല" എന്നുപറഞ്ഞത്. നെല്ല്, നാളികേരം, ഏലം, കുരുമുളക്, വാനില ഇവയ്ക്കെല്ലാം കൈത്താങ്ങായി ഈ ബഡ്ജറ്റ് നിൽക്കുകയാണ്. കൃഷിക്ക് സഹായം നൽകുന്ന ജൈവക്കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. അതുപോലെ തേങ്ങയ്ക്കും കൊപ്രയ്ക്കും നാല് ശതമാനം പ്രവേശന നികുതി ചുമത്തിയതുവഴി കേരളത്തിലെ ഉൽപ്പന്നങ്ങളെ സംരക്ഷിക്കാൻ ശക്തമായ പിന്തുണയാണ് കൃഷിക്കാർക്ക് നൽകിയിട്ടുള്ളത്. കാർഷികാദായ നികുതി മുഴുവൻ ഒഴിവാക്കാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായി. നിങ്ങളുടെ കാലത്ത് അതിന് കഴിഞ്ഞിട്ടുണ്ടോ? കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചത് എന്റെ പ്രിയപ്പെട്ട നേതാവായ ശ്രീ. കെ.എം. മാണി മന്ത്രിയായിരുന്നപ്പോഴാണ്. അതുപോലെ പിന്നീടൊരിക്കൽ കൃഷിക്കാർക്ക് ഒരു ആനുകൂല്യം പ്രഖ്യാപിക്കുന്നത് ഈ ബഡ്ജറ്റിലാണ്. നിങ്ങൾ എത്രയോ നാൾ ഭരിച്ചു. പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻവേണ്ടി ഒരു ഹെക്ടർ ഭൂമിയിൽ താഴെയുള്ള കൃഷിക്കാർക്ക് പ്രതിവർഷം നൽകാൻ തീരുമാനിച്ച ആയിരം രൂപ വർദ്ധിപ്പിക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. ഒരു പദ്ധതി തുടങ്ങിവയ്ക്കാൻ ഗവൺമെന്റിന് കഴിഞ്ഞല്ലോ. നിങ്ങൾക്ക് അത് ഇനി എടുത്തുകളയാൻ കഴിയുമോ? ഇനി വരുന്ന ഗവൺമെന്റുകൾക്ക് കാലാകാലങ്ങളിൽ തുക വർദ്ധിപ്പിക്കാനല്ലാതെ എടുത്തുകളയാൻ കഴിയില്ല. കർഷകരെ സഹായിക്കാൻ ഇതുപോലെ പദ്ധതികൾ ആവിഷ്ക്കരിച്ച ഒരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി വന്ന സമയത്ത് നമ്മുടെ ഖജനാവിന്റെ സ്ഥിതി എന്തായിരുന്നു? ആ അവസ്ഥയിൽ നിന്ന് മോചനം നേടാൻവേണ്ടി ഗവൺമെന്റ് ജീവനക്കാരുടെ ചില ആനുകൂല്യങ്ങൾ തിരിച്ചു പിടിച്ചിരുന്നു. അതെല്ലാം തിരിച്ചു നൽകുമെന്ന് അന്ന് പറഞ്ഞിരുന്നു. അന്ന് എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാക്കിയത്. എന്താണ് സംഭവിച്ചത്? അന്ന് പിടിച്ചെടുത്ത മുഴുവൻ ആനുകൂല്യങ്ങളും തിരിച്ചു നൽകി എന്നുമാത്രമല്ല, ജീവനക്കാർക്ക് എത്രയോ വലിയ പരിപാടികളും ക്ഷേമപദ്ധതികളുമാണ് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് 7 ലക്ഷം രൂപ വരെ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. 2002-03 കാലത്തിൽ ജോലിയിൽ പ്രവേശിച്ചവർക്ക് ക്ഷാമബത്ത കൊടുക്കും. അതുപോലെ ശമ്പളം വർദ്ധിപ്പിക്കാൻ പോകുന്നു. സംസ്ഥാന ജീവനക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മുമ്പ് ആന്ധ്രാപ്രദേശിൽ ശ്രീ. ചന്ദ്രബാബു നായിഡു മന്ത്രിയായിരുന്ന കാലത്ത് ഐ. ടി. മേഖലയിൽ ഒരുപാട് വികസനം നടത്തി. പക്ഷേ സാധാരണ ജനങ്ങളിലേക്ക് അത് എത്തിയില്ല. ഞങ്ങൾക്ക് അതറിയാം. ഈ ഗവൺമെന്റ് വളരെ ദീർഘവീക്ഷണത്തോടുകൂടി രണ്ട് കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. ഒന്ന്, ഈ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തെ സഹായിക്കാനും അവരെ കൈപിടിച്ച് ഉയർത്താനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു. എല്ലാ മേഖലകളിലും നേട്ടമുണ്ടാക്കുന്ന നിരവധി മെഗാ പ്രോജക്ടുകൾ ഈ സംസ്ഥാനത്ത് നടപ്പാക്കി. ഏറ്റവും പാവപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടിയാണല്ലോ അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സുമായി അമ്പതിനായിരം ആളുകൾക്ക് ജോലി നൽകിയിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ഈ പ്രസംഗംകേട്ടിട്ട് ഇത് കേരളത്തെപ്പറ്റിയാണോ പറയുന്നത് എന്ന സംശയമുണ്ട്. അങ്ങ് പറഞ്ഞു ശ്രീ. വക്കം പുരുഷോത്തമനെ പോലെ ഇത്രയും നല്ല കൃഷിക്കാരന്റെ സ്നേഹിതൻ ഇല്ല, ഇത്രയും നല്ല ഒരു ബഡ്ജറ്റ് കൃഷിക്കാർക്കുവേണ്ടി ഇല്ല എന്ന്. 'എട്ട് ബഡ്ജറ്റ്' എന്ന് താങ്കളുടെ നേതാവ് ഇവിടെ സ്ഥിരം പറയുന്നതാണ്. എട്ട് ബഡ്ജറ്റുകളിലും ചെയ്തതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ചെയ്തു എന്നാണോ അങ്ങയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ്: അത് ഞാൻ പറഞ്ഞല്ലോ. ആ കാലഘട്ടത്തിലും ഇപ്പോഴുമൊക്കെ കർഷകർക്കുവേണ്ടി ഏറ്റവും നല്ല കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്.

മി. ചെയർമാൻ: Your time is over. Please conclude.

ശ്രീ. റോഷി അഗസ്റ്റിൻ: ഇവർ ഇവിടെ പ്രസംഗിക്കുന്ന സമയത്ത് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഒരു ഭാഗവും കേൾക്കാതെയാണ് ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായം പറഞ്ഞത് എന്നുള്ള വിവരം ശ്രീ. സ്റ്റീഫൻ ജോർജിന് മനസ്സിലായോ?

ശ്രീ. സ്റ്റീഫൻ ജോർജ്: അങ്ങനെയാണല്ലോ. എപ്പോഴും കേൾക്കാതെയും അറിയാതെയും മനസ്സിലാക്കാതെയും സഭയിലും പുറത്തും സംസാരിക്കുന്ന ഒരു ബഹുമാന്യ വ്യക്തിയാണ് അദ്ദേഹമെന്ന് നമുക്ക് രണ്ടുപേർക്കും അറിയാമല്ലോ. അംഗൻവാടി വർക്കർമാർക്ക് ആനുകൂല്യം വർദ്ധിപ്പിച്ച് കൊടുത്തു, 'അന്നപൂർണ്ണ' പദ്ധതിയിൽ വൃദ്ധരായ അഗതികൾക്ക് പത്ത് കിലോ അരി സൗജന്യമായി നൽകുന്നു, ആദിവാസി വിഭാഗങ്ങൾക്ക് പെൻഷൻ പ്രഖ്യാപിച്ചു. തീരദേശത്ത് 'തീരദീപം' പദ്ധതി ആവിഷ്ക്കരിച്ചു, 20 കോടി രൂപയുടെ കേന്ദ്ര നിക്ഷേപം, വല്ലാർപാടം കണ്ടെയിനർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന് 2118 കോടി രൂപ, കായംകുളം എൻ.ടി.പി.സി. താപനിലയ വികസനത്തിന് 6600 കോടി രൂപ, പെട്രോ കെമിക്കൽ വാതക പ്ലാന്റ് സമുച്ചയം ഏഴായിരം കോടി രൂപ, പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് 1510 കോടി രൂപ. അന്താരാഷ്ട്ര കപ്പൽ റിപ്പയറിംഗ് സമുച്ചയം 315 കോടി രൂപ, കൊച്ചിൻ റിഫൈനറിയുടെ 'സിംഗിൾ ബോയ് മൂറിംഗ്' പദ്ധതി 720 കോടി രൂപ തുടങ്ങി നിരവധി കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്തത്. സ്വകാര്യ മേഖലയിൽ 'ജിം' മുഖേന പതിനായിരം കോടി രൂപയുടെ നിക്ഷേപമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ജിം മുഖേന പതിനെട്ട് പദ്ധതികൾക്ക് 346 കോടി രൂപയാണ് ഈ സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞത്. അങ്ങനെ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയ ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. 1985-ൽ ഗോർബച്ചേവ് സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സകല ആസ്തികളും ദേശസാൽക്കരിച്ചു. അവിടെ പാർട്ടി പ്രവർത്തനം നിരോധിച്ചു. 1991 ഡിസംബർ 31-ന് സോവിയറ്റ് യൂണിയൻ തന്നെ ഇല്ലാതായി. ദേശസാൽക്കരണം നടത്തിയ സമയത്ത് പാർട്ടിയുടെ ആസ്തി 80 കോടി ഡോളറായിരുന്നു. രണ്ട് ലക്ഷത്തിൽപ്പരം ശമ്പളക്കാർ ഉണ്ടായിരുന്നു. അനേകം വൻകിട പത്രങ്ങളുണ്ടായിരുന്നു. അയ്യായിരത്തിലേറെ ബഹുനില കെട്ടിടങ്ങളുണ്ടായിരുന്നു. പാർലമെന്റിൽ ഇത് ദേശസാൽക്കരിക്കാനും സോവിയറ്റ് യൂണിയൻ ഇല്ലാതാക്കാനും 283 വോട്ടുകൾക്കാണ് പ്രമേയം പാസ്സായത്. സോവിയറ്റ് യൂണിയനിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിരിച്ചുവിട്ടതുപോലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പിരിച്ചുവിടേണ്ടിയിരിക്കുന്നു. 2005 മേയ് മാസം 24-ാം തീയതി പ്രസിദ്ധീകരിച്ച എക്കണോമിക് ടൈംസ് പത്രത്തിൽ സി.പി.ഐ.(എം)-ന്റെ ആസ്തി നാലായിരം കോടി രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. പി. ചിദംബരത്തെ ഒരു ദിവസം പത്രാധിപനാക്കിയാൽ നിങ്ങൾ എന്തുചെയ്യുമെന്ന് അറിയാൻ എക്കണോമിക് ടൈംസിന്റെ മാനേജുമെന്റിനെ ചുമതല ഏൽപ്പിച്ചപ്പോഴാണ് ഈ രഹസ്യം പുറത്തുവരുന്നത്. നാലായിരം കോടി രൂപയുടെ പദ്ധതി, 25 കോടി രൂപയുടെ അമ്യൂസ്മെന്റ് പാർക്ക്, ചാനൽ എന്നിങ്ങനെ പോകുന്നു കാര്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ യഥാർത്ഥത്തിൽ ഗോർബച്ചേവ് ചെയ്തതുപോലെ കേരളത്തിൽ ചെയ്യേണ്ട സ്ഥിതി വിശേഷം ഉണ്ടായിരിക്കുന്നു. അത് ആര് ചെയ്യുമെന്നുള്ള കാര്യമാണ് ജനങ്ങൾ നോക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയ്യുമോ അല്ലെങ്കിൽ ആര് ചെയ്യുമെന്നുള്ള കാര്യം കാത്തിരുന്ന് കാണാം. ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റിൽ വാരിക്കോരിയാണ് ശ്രീ. വക്കം പുരുഷോത്തമൻ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. അതിന് അദ്ദേഹത്തിന് ഇത്രയും ധൈര്യം ഉണ്ടാകുവാനുള്ള കാര്യം അദ്ദേഹം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്; വിടപറയുകയാണ്. ഒരു കാരണവശാലും യു.ഡി.എഫ്. തിരിച്ചുവരില്ലെന്നുള്ളതുകൊണ്ടും അദ്ദേഹത്തിന് അത് നടപ്പാക്കാനുള്ള ബാധ്യത ഇല്ലാത്തതുകൊണ്ടുമാണ് ഈ ആനുകൂല്യങ്ങൾ മുഴുവൻ പ്രഖ്യാപിച്ചിട്ടുള്ളത്. മാത്രമല്ല സാക്ഷാൽ ശ്രീ. വക്കം പുരുഷോത്തമൻ വിചാരിച്ചാലും ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിയുകയില്ല എന്ന് അദ്ദേഹത്തിന് നല്ല ബോദ്ധ്യമുണ്ട്. ചെറുതായി ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുന്നു. കുടുംബശ്രീ അക്ഷയ പദ്ധതിക്ക് 84 കോടി രൂപ, ദേശീയ നഗര വികസനത്തിന് 90 കോടി രൂപ, എക്സൈസ് അക്കാഡമിക്ക് 50 കോടി രൂപ, സുനാമിയിൽ തകർന്ന തുറമുഖങ്ങൾ നന്നാക്കാൻ 26 കോടി രൂപ, ഐ.ടി.ഐ.-ക്ക് അഞ്ചേകാൽ കോടി രൂപ, കർഷകർക്ക് ആയിരം രൂപ വരെ വാർഷിക പെൻഷൻ, വാനില കൃഷിക്കാർക്ക് 20 ലക്ഷം രൂപ വരെ സബ്സിഡി. രോഗം വന്ന കവുങ്ങ് വെട്ടി മാറ്റാൻ 100 കോടി രൂപ, 100 ഏക്കറിൽ തീറ്റ പുൽ കൃഷി, പാവപ്പെട്ടവരുടെ രണ്ട് പ്രസവത്തിന് 700 രൂപ, നല്ല നാട്ടാനയ്ക്കും പാപ്പാനും വരെ അവാർഡ്. അങ്ങനെ നിന്നുകൊണ്ട് പുളകം കൊള്ളുകയല്ലേ? എന്നാൽ കേരളത്തിൽ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പ്രേരക്മാർക്ക് ഒന്നര വർഷമായി ഓണറേറിയം കൊടുക്കുന്നില്ല. ഇതു സംബന്ധിച്ച് എന്തെങ്കിലും ഒന്ന് പറയേണ്ടതായിരുന്നു. വാരിക്കോരി കൊടുക്കുമെന്ന് പറഞ്ഞിട്ടുള്ള ഈ ബഡ്ജറ്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ സമ്പത്ത് എവിടെനിന്ന് ഉണ്ടാക്കും എന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. വ്യവസായ മേഖലയുടെ സ്ഥിതിയാണ് ഏറ്റവും പരിതാപകരം. കേരളത്തിലെ ജനങ്ങൾ ജീവിക്കുന്നത് എങ്ങനെയെന്ന് അപ്പുറത്തുനിന്ന് പ്രസംഗിച്ചവർക്ക് അറിയാമോ എന്ന് അറിയില്ല. പരമ്പരാഗത മേഖലകളായ വ്യവസായം, കൃഷി എന്നീ രണ്ട് മേഖലകളെ ആശ്രയിച്ചാണ് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും ജീവിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നാണ് ഗവൺമെന്റ് പറയുന്നത്. പബ്ലിക്ക് എന്റർപ്രൈസസ് ബോർഡിന്റെ റിപ്പോർട്ടിൽ പറയുന്നത് എന്താണ്? കുറേ വ്യവസായങ്ങൾ നഷ്ടത്തിൽ ഓടുന്നുണ്ട്. അതിന്റെ ഭാഗമായി 501.5 കോടി രൂപയുടെ നഷ്ടമാണ്. കുറേ വ്യവസായങ്ങൾ ലാഭം ഉണ്ടാക്കുന്നുണ്ട്: 288 കോടി രൂപ ലാഭം വന്നിട്ടുണ്ട്. രണ്ടുംകൂടിയുള്ള വ്യത്യാസം 213 കോടി രൂപയാണ്. മിസ്മാനേജ്മെന്റും അഴിമതിയും പിടിപ്പുകേടും നഷ്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളാണ് എന്നൊക്കെയാണ്. ഒരു കാര്യം മാത്രം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 128 കോടി രൂപ പ്രതിവർഷം വരുമാനമുണ്ടായിരുന്ന കെ.എം.എം.എൽ-ന് ഇപ്പോൾ ഒൻപത് കോടി രൂപയേ ലാഭം ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

കെ.എം.എം.എൽ-ന് എം.എസ് പ്ലാന്റ് പ്രവർത്തിപ്പിക്കാതെ സ്വകാര്യ കമ്പനിയിൽ നിന്ന് കൂടിയ വിലയ്ക്ക് സിന്തറ്റിക്ക് വാങ്ങുന്നതിന്റെ ഫലമായിട്ടാണ് ഈ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വിഹിതം വയ്ക്കലാണ് യഥാർത്ഥത്തിൽ നടക്കുന്നത്. സംസ്ഥാന ഗവൺമെന്റിന് വിവിധ ഇനം നികുതിയായി ഈ സ്ഥാപനങ്ങളിൽനിന്നും 1303 കോടി രൂപ ലഭിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന് 569 കോടി രൂപയും. അങ്ങനെ 1872 കോടി രൂപ വിവിധ നികുതി ഇനത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് യു.പി.എ. ഗവൺമെന്റ് വന്നതിനുശേഷം, ശ്രീ. ഉമ്മൻചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി ആയതിനുശേഷം ഒരു പ്രഖ്യാപനം നടത്തി. ഒറ്റത്തവണ സഹായ പദ്ധതി. ആ ഒറ്റ തവണ സഹായ പദ്ധതി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഒരു ലക്ഷത്തി ഇരുപത്തയ്യായിരം പേരാണ് പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലി യെടുത്തിരുന്നത്. അതിൽ വി.ആർ.എസ്. വഴി മുപ്പതിനായിരം തൊഴിലാളികളെ ഇതിനോടകം തന്നെ പിരിച്ചുവിട്ടു. അതല്ലേ ഇപ്പോൾ നടന്നു കഴിഞ്ഞിരിക്കുന്നത്? പതിനായിരക്കണക്കിന് ജീവനക്കാരുടെ ഒഴിവുകളാണ് ഗവൺമെന്റ് സെക്ടറിൽ ഉള്ളത്. ചെറുകിട-ഗ്രാമീണവ്യവസായ രംഗം ഇന്ന് തകർന്നുതരിപ്പണമായിരിക്കുകയാണ്. നാലായിരം ചെറുകിട വ്യവസായ യൂണിറ്റുകളാണ് സ്വകാര്യ മേഖലയിൽ പൂട്ടപ്പെട്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയിൽ ദശലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. കയർ മേഖല എടുക്കാം. നാല് ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്നതിൽ രണ്ടേകാൽ ലക്ഷം തൊഴിലാളികളും സഹകരണ സംഘങ്ങളിലൂടെയാണ് പണിയെടുക്കുന്നത്. കയർ സഹകരണ സംഘങ്ങളെ തകർത്തു. ആ സ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങൾ കൊണ്ടുവന്ന് ആ മേഖല പൂർണ്ണമായി തകർക്കുന്ന സമീപനമാണ് എടുത്തിട്ടുള്ളത്. അതു തന്നെയാണ് കടലോര മേഖലയിലെയും സ്ഥിതി. മൽസ്യ മേഖലയിൽ സഹകരണ സംഘങ്ങളെ തകർത്തുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അവിടെയും സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് മൽസ്യ മേഖലയിൽ സഹകരണ സംഘങ്ങളെ തകർക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത് എന്ന് കാണാൻ കഴിയും. ഈ രൂപത്തിൽ കയർ മേഖലയും മറ്റ് പരമ്പരാഗത മേഖലയും പൂർണ്ണമായ തകർച്ചയിലാണ്. പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളെ വഞ്ചിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. റബ്ബറിന് 80 രൂപയിൽ അധികം വില വന്നിട്ടും കൂലി പുതുക്കി നിശ്ചയിക്കാൻ തയ്യാറാകാത്ത ഗവൺമെന്റാണ് അപ്പുറത്തിരിക്കുന്നത്. മൽസ്യത്തൊഴിലാളികൾക്ക് സബ്സിഡി റേറ്റിൽ മണ്ണെണ്ണ കൊടുക്കുന്നതിന് ആലോചിച്ചിട്ടില്ല. 33 രൂപ വിലയ്ക്ക് മണ്ണെണ്ണ വാങ്ങിച്ചാണ് അവരുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് എന്ന് കാണാൻ കഴിയും. അതിന് പരിഹാരം കാണാൻ കഴിഞ്ഞ അഞ്ച് വർഷമായിട്ടും ഒരു ചെറുവിരൽ പോലും അനക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇവിടെ ഗവൺമെന്റ് സ്ഥാപനങ്ങൾ തന്നെ തൊഴിൽ നിയമങ്ങൾ ലംഘിക്കുകയാണ്. Inter-State Migrant Workmen Act നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിന്റെ ഫലമായി കന്നുകാലികളെ ജോലി എടുപ്പിക്കുന്നതുപോലെയാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികളെ ജോലി എടുപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് തിരുവനന്തപുരത്ത് തൊഴിലാളികൾ മരിക്കാൻ ഇടയായത്. വ്യവസായ ഉൽപ്പാദന സൂചിക 2001 മുതൽ കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. സൂചിക 302-ൽ നിന്ന് 248 ആയി. വ്യവസായ രംഗത്ത് മൂലധന നിക്ഷേപം വൻതോതിൽ കുറഞ്ഞിരിക്കുന്നു. വ്യവസായ വളർച്ചാ നിരക്ക് 2003-04-ൽ 7.14 ആയിരുന്നത് 2004-05-ൽ 5.77 ആയി കുറഞ്ഞിരിക്കുകയാണ്. സംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. 19-നും 29-നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകർ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഉള്ളത് കേരളത്തിലാണ്. അഞ്ച് വർഷത്തെ ഭരണത്തിന്റെ ഈ നേട്ടങ്ങളെല്ലാം കാണാതെ പോയിട്ട് കാര്യമുണ്ടോ? കേരളത്തിലെ ഗ്രാമങ്ങളിൽ 36.3 ശതമാനവും പട്ടണങ്ങളിൽ 34.3 ശതമാനവും തൊഴിൽ രഹിതരാണ്. ഇതാണ് കേരളത്തിന് അഞ്ച് വർഷത്തെ പ്രത്യേകമായ ഉയർച്ചയിലേക്ക് പോകാൻ കഴിഞ്ഞു എന്നു പറയുന്നത്. വിവര സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ഒരു ലക്ഷത്തി എഴുപത്തിയാറായിരം പേർ തൊഴിലിനുവേണ്ടി കാത്തിരിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: ബഹുമാനപ്പെട്ട മെമ്പർ തൊഴിൽരഹിതരെ സംബന്ധിച്ച് പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത് അങ്ങേക്ക് അറിയാമോ? തെങ്ങിൽ കയറവേ താഴെ വീണ് മരണപ്പെട്ടാൽ 25,000 രൂപ കൊടുക്കും.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇവിടെ തൊഴിലിനുവേണ്ടി കാത്തിരിക്കുന്നവരിൽ വിവര സാങ്കേതിക വിദ്യാഭ്യാസമുള്ള 10 ശതമാനം ഒഴിച്ച് ബാക്കിയുള്ളവരെ മുഴുവനും വിദ്യാഭ്യാസം ഇല്ലാതെയാക്കി മാറ്റുകയും തൊഴിലിൽ നിന്ന് പിരിച്ചു വിടുകയും ചെയ്യുന്ന നയമാണ് ഈ ഗവൺമെന്റ് തുടരുന്നത്.

ശ്രീ. പി. സി. ജോർജ്: ഈ ബഡ്ജറ്റിൽ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ അനുഭാവം എത്രയാണെന്നുള്ളതിന് തെളിവാണ് ഇപ്പോൾ പത്ത് എം.എൽ.എ.-മാർ മാത്രമേ സഭയിൽ ഉള്ളൂ എന്നുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇതിനോട് യാതൊരു താൽപ്പര്യവും ഇല്ലാത്തതിന്റെ പ്രശ്നമുണ്ട്. കാർഷിക മേഖല പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന വളർച്ചാ നിരക്ക് 3.05 ശതമാനം ആണ്. ആദ്യത്തെ 3 വർഷങ്ങളിൽ 2.21 ശതമാനം വളർച്ച ഉണ്ടായി. എൽ.ഡി.എഫ്.-ന്റെ കാലത്ത് 16.2 ശതമാനം ആയി മൊത്തം വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക്. എന്നാൽ 2003-04-ൽ കാർഷികമേഖലയുടെ പങ്ക് 13.62 ശതമാനമായി, ഇക്കഴിഞ്ഞ വർഷം അത് 12.53 ശതമാനം ആയി ഇടിഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയിൽ റബ്ബർ കർഷകരുടെ സ്ഥിതി മാത്രമാണ് അല്പം മെച്ചപ്പെട്ടു എന്ന് പറയാവുന്നത്. നെല്ല്, ഏലം, കുരുമുളക്, വാനില, തേയില എന്നീ മേഖലയിൽ കർഷകർ കടക്കെണിയിൽ അകപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. പാലുൽപ്പാദനത്തിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ 22 ശതമാനത്തിന്റെ ഇടിവാണുണ്ടായത്. മുട്ട ഉൽപ്പാദനം 1.64 ശതമാനം കുറഞ്ഞിരിക്കുകയാണ്. നമ്മുടെ പാൽ, മുട്ട വിപണി തമിഴ്നാട് കയ്യടക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റിന് ഇതു സംബന്ധിച്ച് ചിന്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ? കാർഷികമേഖലയുടെ തകർച്ചയെത്തുടർന്ന് നൂറുകണക്കിന് വരുന്ന കർഷകർ

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്യുകയാണ്. അതിന് സ്ഥിരമായ ഒരു പരിഹാരം കാണാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? കാർഷിക ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത

2.00 P.M.] ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ഒരു സംരംഭത്തെക്കുറിച്ച് ഈ ഗവൺമെന്റ് ചിന്തിച്ചിട്ടുണ്ടോ? വിദ്യാഭ്യാസ രംഗം എടുത്ത് പരിശോധിച്ചാൽ വരേണ്യ വർഗ്ഗത്തിന് മാത്രം സഹായകരമാകുന്ന വിദ്യാഭ്യാസ നയമാണ് ഗവൺമെന്റ് അനുവർത്തിച്ചുവരുന്നതെന്ന് കാണാൻ കഴിയും. കച്ചവട കേന്ദ്രങ്ങളാക്കി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഇന്ന് ഗവൺമെന്റ് പണം മുടക്ക് കുറച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി കേരളത്തിൽ നിന്ന് തുടച്ചുനീക്കപ്പെട്ടിരുന്ന പകർച്ചവ്യാധികൾ തിരിച്ചു വന്നുകൊണ്ടിരിക്കുകയാണ്. മലേറിയ, ഡെങ്കിപ്പനി അതുപോലെ പുതിയ രോഗങ്ങൾ എന്ന നിലയിൽ മാനസികരോഗങ്ങളും എയ്ഡ്സ് പോലെയുള്ള രോഗങ്ങളും കേരളത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. അതേസമയം പ്രൈവറ്റ് മേഖലയെ ഗവൺമെന്റ് വൻതോതിൽ പ്രോൽസാഹിപ്പിക്കുകയുമാണ്. സാമ്പത്തിക രംഗത്ത് ഗവൺമെന്റ്. വലിയ നേട്ടമുണ്ടാക്കി എന്നാണ് പറയുന്നത്. 9.2 ശതമാനത്തിന്റെ നേട്ടം. ഏതെല്ലാം രംഗത്താണ് നേട്ടമുണ്ടായിരിക്കുന്നത്? റിയൽ എസ്റ്റേറ്റിന്റെ കാര്യത്തിൽ നേട്ടമുണ്ടായിട്ടുണ്ട്. അതുപോലെയുള്ള നേട്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്. അല്ലാതെ കാര്യമായ നേട്ടമുണ്ടെന്ന് പറയാൻ കഴിയുമോ? അല്ലെങ്കിൽ കാർഷിക മേഖലയിലോ ഉൽപ്പാദന മേഖലയിലോ നേട്ടമുണ്ടായി എന്ന് ഗവൺമെന്റിന് അവകാശപ്പെടാൻ കഴിയുമോ? അതാണ് ഞാൻ പറഞ്ഞത്. കൊടുത്തുതീർക്കാനുള്ള കടവും കുടിശ്ശികയും കൂടി ചേർത്താൽ, 41,877-ന്റെ കൂടെ ബാക്കിയുള്ളതുകൂടി ചേർത്താൽ എത്രയാണ് കടമെന്ന് തിട്ടപ്പെടുത്താൻ കഴിയുമോ? അത് മാത്രമല്ല, ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന തുകയനുസരിച്ചുള്ള തുക മാറ്റിവയ്ക്കാത്തതുകൂടി ചേർത്താൽ കടത്തിന്റെ അളവ് കൃത്യമായി തിട്ടപ്പെടുത്താൻപോലും കഴിയാത്ത അവസ്ഥയല്ലേ ഉള്ളത്? അതുകൊണ്ട് ഈ ഗവൺമെന്റിന്റെ നയമെന്ന് പറയുന്നത് നമ്മുടെ നാട്ടിലെ സാധാരണക്കാർ, ഇടത്തരക്കാർ, തൊഴിലാളികൾ അതുപോലെ മറ്റ് വിഭാഗങ്ങൾക്ക് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാത്തതാണ്. ഇവിടെ ബഡ്ജറ്റ് അവതരണത്തിന് മുമ്പ്തന്നെ അടിക്കാൻ കിട്ടിയ ഒരു വടി കൊണ്ടുവരുന്നപോലെയാണ്. ജൂൺ മാസത്തിലോ ജൂലൈ മാസത്തിലോ കൊണ്ടുവന്ന് അവതരിപ്പിക്കേണ്ടിയിരുന്ന സി.ആന്റ്.എ.ജി.-യുടെ റിപ്പോർട്ട് എത്ര പാടുപെട്ടാണ് ഇന്നലെ സഭയിൽ അവതരിപ്പിച്ചത്? അതിൽ എന്താണുള്ളത്? പുലി വരുന്നേ പുലി വരുന്നേ എന്നുപറഞ്ഞ് പ്രചരണം നടത്തിയിട്ട് വന്നു കഴിഞ്ഞപ്പോൾ അതിൽ കാര്യമായി ഒന്നുമില്ല ഞാൻ ചോദിക്കട്ടെ, സെൻട്രൽ ഇലക്ട്രിസിറ്റി ബോർഡ് ലാവ്‌ലിന്റെ കാര്യം പറയുമ്പോൾ ആരാണ് പ്രതിക്കൂട്ടിൽ ആകുന്നതെന്ന് നിങ്ങൾ പരിശോധിച്ചാൽ മതി. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശം ലംഘിച്ചുകൊണ്ട് ലാവ്‌ലിനുമായി കരാർ ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. ജി. കാർത്തികേയൻ വൈദ്യുതി വകുപ്പുമന്ത്രിയുമായിരുന്ന സന്ദർഭത്തിലാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ടുള്ള നവീകരണം നടത്താൻ തീരുമാനിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. എസ്.എൻ.സി. ലാവ്‌ലിനുമായി എം.ഒ.യു. ഒപ്പു വച്ചതും യു.ഡി.എഫ്. ഗവൺമെന്റാണ്. അതുപോലെ കൺസൾട്ടൻസി

LIBRARY ARCHIVES Kerala Legislative Assembly

കരാർ ഒപ്പു വച്ചതും യു.ഡി.എഫ്. ഗവൺമെന്റാണ്. റിട്ടയർ ചെയ്ത ചീഫ് എൻജിനീയറെക്കൊണ്ട് റിപ്പോർട്ട് അനുകൂലമായി എഴുതി വാങ്ങിച്ചതും യു.ഡി.എഫ്. ഗവൺമെന്റാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ നടപടികളും നടത്തിയത് ശ്രീ. എ. കെ. ആന്റണിയും ശ്രീ. സി. വി. പത്മരാജനും ശ്രീ. ജി. കാർത്തികേയനും അടങ്ങുന്ന സെറ്റാണ്. അത് മാത്രമല്ല കൺസൾട്ടൻസി കരാരിൽ യന്ത്രസാമഗ്രികളുടെ ബഡ്ജറ്റ് ഉൾപ്പെടുത്തുന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ മന്ത്രി മന്ദിരങ്ങളിലൊന്നും ഇരിക്കാൻ പറ്റാത്തതുപോലെ, കറന്റ് ഉണ്ടായിരുന്നില്ലല്ലോ. കേരളം ഇരുട്ടിലായിരുന്നല്ലോ! എന്നും പവർ കട്ട് ആയിരുന്നല്ലോ! അത് മാറ്റിയെടുക്കാൻ നിങ്ങൾ ഒപ്പുവച്ച കരാർ വേഗത്തിൽ നടപ്പാക്കുക മാത്രമാണ് ചെയ്തത്. മാത്രമല്ല മുഖ്യമന്ത്രി നായനാർ കാനഡ സന്ദർശിച്ചത് ഗ്രാന്റ് ഇനത്തിൽ കിട്ടുമെന്ന് കരുതിയ പണം മലബാർ ക്യാൻസർ സെന്ററിന് വാങ്ങിച്ചെടുക്കാൻ വേണ്ടിയാണ്. അത് ഗവൺമെന്റ് അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് എം.ഒ.യു. ഒപ്പു വച്ചത്. തുടർന്ന് അധികാരത്തിൽ വന്ന നിങ്ങൾ രാഷ്ട്രീയ കാരണങ്ങളാൽ ആ പണം വാങ്ങാൻ സഹായിക്കാത്ത നിലപാടാണ് സ്വീകരിച്ചത്. മാത്രമല്ല. ഇവിടെ മറ്റൊരു കാര്യം ഉണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇപ്പോൾ സി.ആന്റ്.എ.ജി.-ക്ക് അവസാനമായി കൊടുത്ത റിപ്പോർട്ടുണ്ടല്ലോ! ആ റിപ്പോർട്ട് ആദ്യ ഘട്ടത്തിൽ കൊടുത്തിരുന്നെങ്കിൽ ഈ പരാമർശമൊന്നും വരുമായിരുന്നില്ല. എന്നിട്ടും നിങ്ങൾ കെ.പി.സി.സി. യോഗം ചേർന്നപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദിനെ തട്ടും കുത്തും എന്നൊക്കെ പറഞ്ഞപ്പോഴാണ് പത്ര സമ്മേളനം വിളിച്ച് ഈ ലാവ്‌ലിൻ അതിൽ പെടുകയില്ല എന്ന് പറഞ്ഞത്. ആ അന്തസ്സൊക്കെ നമുക്ക് മനസ്സിലാകും. ശ്രീ. പി. ടി. തോമസും എല്ലാംകൂടി ഇവിടെ ഉന്നയിക്കുന്നത് കേട്ടപ്പോൾ എനിക്ക് തോന്നിയത് അതിൽ പ്രതികളായി വരാൻ പോകുന്നത് ശ്രീ. സി. വി. പത്മരാജനും ശ്രീ. എ. കെ. ആന്റണിയും ശ്രീ. കാർത്തികേയനുമാണ് എന്നാണ്. ഇവരെല്ലാം നേരത്തേ തന്നെ അദ്ദേഹത്തെ പുകച്ച് പുറത്തുചാടിച്ചവരാണ്. ഇവിടെനിന്ന് പോയിക്കഴിഞ്ഞിട്ടും ഇത്ര വൈരാഗ്യം നിങ്ങൾക്ക് ഉണ്ടെന്ന് മനസ്സിലായത് ഇതിന്റെ അവതരണം കേട്ടപ്പോഴാണ്. ഈ ജനവിരുദ്ധ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഇവിടെ പറയുന്നത് കേട്ടാൽ തോന്നും നാല്-നാലര വർഷം ഈ ഗവൺമെന്റ് വളരെ സ്തുത്യർഹമായ രീതിയിൽ, വളരെ ആസൂത്രിതമായ രീതിയിൽ ഈ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടി അത്യദ്ധ്വാനം ചെയ്തുണ്ടാക്കിയ നേട്ടങ്ങളൊക്കെ കാറ്റിൽ പറത്തുന്ന വിധത്തിലാണ് അപ്പുറത്ത് സംസാരിച്ചത് എന്ന്. ഞാൻ ചോദിക്കട്ടെ: യാഥാർത്ഥ്യബോധത്തോടെ, സത്യസന്ധമായി വിലയിരുത്തിയാൽ എന്താണ് സ്ഥിതി? പ്രതിപക്ഷം, ഭരണ പക്ഷം എന്നതൊക്കെ വിടാം. നമ്മുടെ രാജ്യത്തിന്റെ കാര്യമാണല്ലോ! ശരിക്കും മിസൈൽ പോലെ കുതിച്ചുയർന്ന വളർച്ചാ നിരക്കല്ലേ ഇവിടെയുള്ളത്? 9.2 ശതമാനം വളർച്ച റിക്കാർഡാണ്. ദേശീയ വളർച്ചാ നിരക്ക് 7.5 ശതമാനം മാത്രമുള്ളപ്പോഴാണ് 9.2 ശതമാനം വളർച്ച ഈ സംസ്ഥാനത്ത് ഉണ്ടാകുന്നത്. അതിൽ ടൂറിസവുമൊക്കെ വരും. പതിമൂന്നര ശതമാനത്തോളം കുതിച്ചുയർന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതേക്കുറിച്ചൊന്നും പറയുന്നില്ല. 44,050 കോടി രൂപയുടെ ആഭ്യന്തര ഉൽപ്പാദനം നിസ്സാരമാണോ? ആളോഹരി വരുമാനം 24,048 കോടി രൂപയാണ്. ദേശീയ ആളോഹരി വരുമാനം 20,813 കോടി രൂപ മാത്രമാണ്. മാത്രമല്ല. കാർഷിക മേഖലയിൽ വമ്പിച്ച ഉണർവുണ്ടായി. വിദ്യാഭ്യാസ രംഗത്ത് നിങ്ങളുടേയും ഞങ്ങളുടേയും ഭരണകാലങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണ്? ഇടതുഭരണ കാലത്തെ കടം വർദ്ധനവ് 137 ശതമാനം. ഇത്രയും നേട്ടങ്ങളൊക്കെ ഉണ്ടാക്കി എല്ലാ ആനുകൂല്യങ്ങളും കൊടുത്ത് ഒന്നാം തീയതി ശമ്പളം കൊടുക്കുമ്പോൾത്തന്നെ പെൻഷൻ കൊടുത്തിരിക്കണം അല്ലെങ്കിൽ ഞാൻ ശമ്പളം വാങ്ങില്ല എന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിയാണ്. വരുമാനത്തിന്റെ 95 ശതമാനവും പെൻഷനും മറ്റുമായി ചെലവഴിക്കുകയാണ്. പിന്നെ നമ്മുടെ രാജ്യം മുന്നോട്ടുപോകുന്നത് എങ്ങനെയാണ്? നേരത്തെ ഒരുപാട് ആളുകൾ പ്രസംഗിച്ചു. ഞാൻ ചോദിക്കട്ടെ. പി.എസ്.സി. നിയമനം വഴി മാത്രം എത്രപേരെ നിയമിച്ചു. സത്യം മറച്ചു വയ്ക്കാതെ പറയണം. ഇടതുപക്ഷം അഞ്ച് കൊല്ലംകൊണ്ട് 1,11,187 പേരെയാണ് നിയമിച്ചത്. നിങ്ങൾ നിരോധന നിയമമുണ്ട് എന്നൊക്കെ പറയുന്നുണ്ടല്ലോ? എന്നിട്ടും യു.ഡി.എഫ്. ഈ നാലരക്കൊല്ലം കൊണ്ട് തൊഴിൽ കൊടുത്തത് 1,31,890 പേർക്ക്. ഇനി രണ്ട് മാസത്തെ കണക്കുകൂടി വരുമ്പോൾ ഒന്നര ലക്ഷം ആകും. ഞാൻ ചോദിക്കട്ടെ 1,11,000 ആണോ 1,50,000 ആണോ വലുത്? നിങ്ങൾ തീരുമാനിക്കണം. പ്രകടന പത്രികയല്ല ഞാൻ പറയുന്നത്. നടപ്പാക്കിയ കാര്യങ്ങളാണ്. പി.എസ്.സി. നിയമനത്തിന്റെ കാര്യങ്ങളാണ് പറഞ്ഞത്. പി.എസ്.സി. വഴി ഒന്നര ലക്ഷം പേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പത്തോ ഇരുപതോ ഇരട്ടി സ്വകാര്യ മേഖലയിലും മറ്റ് മേഖലയിലുമായി കൊടുത്തിട്ടുണ്ടാകില്ലേ? എത്ര പേർക്ക് തൊഴിൽ കൊടുത്തു? വസ്തുത മറച്ചുവച്ചുകൊണ്ട് വെറുതെ ആടിനെ പട്ടിയാക്കിയാൽ ജനം വിശ്വസിക്കില്ല. ജനങ്ങൾക്ക് അറിയാം. ഞാൻ ചോദിക്കട്ടെ, ശ്രീ. കെ. വി. കുഞ്ഞിരാമന്റെ ഭാര്യവരെ സ്വകാര്യമായി പറഞ്ഞില്ലേ, "നമ്മുടെ ഭരണം പോക്കാണ്, നല്ലത് ഇവർ തന്നെ" എന്ന്. പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. വി. കുഞ്ഞിരാമന്റെ മുഖം പറയുന്നത് അതാണ്. സംശയം വേണ്ട. മുഖം മനസ്സിന്റെ കണ്ണാടിയാണ്. ഞാൻ മുഖം വായിച്ചിട്ടാണ് പറയുന്നത്. നിഷേധിക്കാൻ പറ്റുമോ? ഇല്ല. ഉള്ളത് പറയുമ്പോൾ ഉറിയും ചിരിക്കും. ശ്രീ. കെ.വി. കുഞ്ഞിരാമനും ചിരിക്കും. ചിരിച്ചുകൊണ്ട് ഇരിക്കുകയാണ്.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

വൈദ്യുതി നിരക്കിനെക്കുറിച്ച് ഞാൻ ചോദിക്കട്ടെ. ചരിത്രത്തിൽ വൈദ്യുതി നിരക്ക് കുറച്ച ഏതെങ്കിലും ഒരു ഗവൺമെന്റ് നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിട്ടുള്ള മന്ത്രിസഭ തന്നെയായിരിക്കും. നിങ്ങൾക്ക് രണ്ട് വാക്ക് അഭിനന്ദിച്ചുകൂടേ? ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ഒരുപാട് വൈദ്യുതി കണക്ഷൻസ് കൊടുത്തു. നിങ്ങളുടെ ഗവൺമെന്റിന് എത്ര കണക്ഷൻസ് കൊടുക്കാൻ സാധിച്ചിട്ടുണ്ട്? ധാരണാപത്രത്തിൽ ഒപ്പുവച്ച എം.ഒ.യു. ഇപ്പോൾ ഒരു വിഷയമാണ്. എസ്.എൻ.സി. ലാവ്‌ലിന്റെ റിപ്പോർട്ട് വന്നപ്പോൾ ഒരു ഞെട്ടലുണ്ടായിട്ടുണ്ട്. ഞങ്ങൾ പറയുമ്പോൾ നിങ്ങൾ സഹിഷ്ണതയോടുകൂടി കേൾക്കണം. ഇവിടെ നിങ്ങൾ പറഞ്ഞത് എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ ധാരണാപത്രം ഉണ്ടാക്കുക മാത്രമാണ് 1995-ൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ മിനിസ്റ്ററായിരുന്നപ്പോൾ ചെയ്തത് എന്നാണ്. മറുപടിക്ക് വേണ്ടി ഞാൻ ചോദിക്കുകയാണ്. ധാരണാപത്രം ഒപ്പിട്ട എം.ഒ.യു. പള്ളിവാസൽ, ചെങ്കുളം, പന്ന്യാർ എന്നീ വൈദ്യുതനിലയങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള വിദഗ്ധോപദേശ കരാറായി മാത്രമായിട്ടാണ് 1996-ൽ പരിവർത്തനം ചെയ്തത്. എന്നാൽ 1997 ഫെബ്രുവരി മാസത്തിൽ ഉപകരണങ്ങളുടെ വിതരണവും എഞ്ചിനീയറിംഗ് സേവനങ്ങളും കൂടി എസ്.എൻ.സി.-യെ ഏൽപ്പിച്ചു. എന്നുപറഞ്ഞാൽ ദല്ലാളിനെക്കൊണ്ട് കല്യാണാലോചനയ്ക്ക് ഒരാൾ ഏൽപ്പിച്ചയച്ചപ്പോൾ ദല്ലാളിനെത്തന്നെ കല്യാണം കഴിച്ച അവസ്ഥയാണിന്ന് സി.പി.ഐ. (എം)-ന് ഉള്ളത്. കൺസൾട്ടൻസിയായിട്ടാണ് ഇവിടെ നിയമിച്ചത്. പിന്നെയെന്തിനാണ് നിങ്ങൾ അവരെ ജോലി ഏൽപ്പിച്ചത്? ചോദിച്ചതിന് മറുപടി പറയണം.

ശ്രീ. എം. വി. ജയരാജൻ: കൺസൾട്ടൻസി കരാർ മാത്രമായിട്ടാണെങ്കിൽ എന്തിനാണ് 182 കോടി രൂപയുടെ കരാർ ശ്രീ. ജി. കാർത്തികേയൻ പോയി ഒപ്പിട്ടത്? 182 കോടി രൂപ ഒരു വർക്കിനും സേവനമേഖലയിൽ മാത്രമായി അന്നത്തെ എഗ്രിമെന്റിൽ വയ്ക്കില്ല. ഞാൻ വായിക്കാം. .....(ബഹളം).....

ശ്രീ. സി. മമ്മൂട്ടി: ഇവിടെ 1995-ൽ ഒപ്പിട്ടു എന്നുപറയുന്നത് പദ്ധതി ഇനങ്ങളുടെ നടത്തിപ്പിനായി സേവനങ്ങളും മറ്റ് വിഭവങ്ങളും ബോർഡിന് ലഭ്യമാക്കുന്നതിലേക്കായി .....(ബഹളം)..... ഈ വിഭവം എന്നു പറഞ്ഞത് തെറ്റിദ്ധരിക്കേണ്ട. ഇത് ഒരിക്കലും കരാറല്ല. മറ്റ് വിഭവങ്ങൾ എന്നു പറയുന്ന ധാരണാപത്രം ഒപ്പിട്ടത് .....(ബഹളം)..... ആടിനെ പട്ടിയാക്കാൻ പറ്റില്ല. നിങ്ങൾ ആയിരം വട്ടം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞാലും സത്യം മിഥ്യയാകില്ല. പിന്നെ എന്തിനാണ് നിങ്ങൾ ബേജാറാകുന്നത്? .....(ബഹളം)..... ആദ്യം റിപ്പോർട്ട് വന്നു. എന്നെ സംസാരിക്കാൻ അനുവദിക്കണം. അന്തിമ റിപ്പോർട്ട് വരട്ടേയെന്ന് പറഞ്ഞത് ശ്രീ. പ്രകാശ് കാരാട്ടാണ്. എന്തിനാണ് നിങ്ങൾ അങ്ങനെ പറഞ്ഞത്? അന്തിമ റിപ്പോർട്ട് വന്നു. വസ്തുതകൾ മൂഴുവൻ ഈ രാജ്യത്തെ ജനങ്ങൾക്ക് കാണാൻ കഴിയുന്ന പകൽ വെളിച്ചംപോലെ നിൽക്കുകയാണ്. നിങ്ങൾ പറയുമ്പോൾ ഞങ്ങൾ ഒച്ചപ്പാടുണ്ടാക്കാതെ കേൾക്കുന്നല്ലോ. കേട്ടിട്ട് മറുപടി പറയണം. നിങ്ങൾക്കവസരം വരുമ്പോൾ നിങ്ങൾ പറയണം. തെറ്റായി വ്യാഖ്യാനിക്കുകയല്ല വേണ്ടത്? ഈ കാര്യങ്ങൾ ഏൽപ്പിക്കാൻവേണ്ടി ഇടനിലക്കാരനായി ഏൽപ്പിച്ച ആളെ എല്ലാം ഏൽപ്പിച്ചുയെന്ന് സി. ആന്റ് എ. ജി. വ്യക്തമായി പറയുകയാണ്. ഇവിടെ ഇപ്പോൾ ഈ പ്രശ്നത്തിൽ 376.5 കോടി രൂപ പാഴായിക്കഴിഞ്ഞു. എങ്ങനെ? നിങ്ങളുടെ ഈ പ്രവർത്തനംമൂലം സംസ്ഥാന ഗവൺമെന്റിന് 122.5 കോടി രൂപയുടെ നഷ്ടമുണ്ടായി. തലശ്ശേരിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് പണം കിട്ടുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് കിട്ടേണ്ട രൂപ കിട്ടിയില്ല. അതിന് നിങ്ങൾ അത് ചെയ്യണമായിരുന്നു. പക്ഷേ നിങ്ങൾ എന്തിനാണിതൊക്കെ ചെയ്യുന്നത്? ഇതിലെ വസ്തുതകൾ വളച്ചൊടിക്കാൻ കഴിയുന്നതല്ല. സി. ആന്റ് എ. ജി. റിപ്പോർട്ട് പുറത്തുവന്നതിലൂടെ അടിയേറ്റത് പടനയിച്ച ശ്രീ. പിണറായി വിജയനാണ്. സമഗ്ര വികസനവും സാമൂഹ്യനീതിയുമെന്ന് പറഞ്ഞ് പട നയിച്ച നായകൻ ആരോപണങ്ങളുടെ ശരമേറ്റ് പിടഞ്ഞുവീണപ്പോൾ പട നയിക്കാൻ ആളില്ലാതെ കഷ്ടപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയിലായി. സി.പി.ഐ.(എം.) ഇപ്പോൾ എന്തിനാണ് ബേജാറാകുന്നത്? പറയുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും വെട്ടിത്തുറന്നു പറയുന്നതിന് എന്താണ് പ്രയാസം? ഇത് ആദ്യത്തെ സംഭവമല്ല. ഇവരിപ്പോൾ വിദേശനിക്ഷേപത്തിനെയോ, കുത്തകയുടെ കാര്യങ്ങളെപ്പറ്റിയോ പറയും. പക്ഷേ അവരുടെ ആവശ്യം വരുമ്പോൾ അതിനെ ന്യായീകരിക്കും. എ.ഡി.ബി. പ്രശ്നം വന്നപ്പോൾ ഈ സഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തിയത് ആ ഒരൊറ്റ വിഷയത്തിലാണ്. എതിർത്തിരുന്നവർ, ഇടതുപക്ഷം ഭരിക്കുന്ന കോർപ്പറേഷനുകൾക്ക് എ.ഡി.ബി. സഹായം കിട്ടുമെന്നുറപ്പായപ്പോൾ അനുകൂലിക്കുന്നു. അന്ന് ദേശവിരുദ്ധം പറഞ്ഞിരുന്നവർ ഇന്ന് ദേശീയ ഭക്തരായി. എ.ഡി.ബി.-യെക്കുറിച്ച് പറയുമ്പോൾ സി.പി.ഐ. പറയുന്നത് ഞങ്ങൾ ശക്തമായി എതിർക്കുന്നുവെന്നാണ് സി.പി.ഐ.(എം.) പറയുന്നു അനുകൂലിക്കുന്നുവെന്ന്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമെന്താണെന്ന് അവരാണ് ഇപ്പോൾ വ്യക്തമാക്കേണ്ടത്? ഒരു ഭാഗത്ത് എതിർപ്പും മറുഭാഗത്ത് അനുകൂലിക്കലും. ഇങ്ങനെയുള്ള നിങ്ങളുടെ ഇരട്ടത്താപ്പ് നയം ഇനിയെങ്കിലും അവസാനിപ്പിക്കണം. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളൊന്നും നീതീകരിക്കാൻ കഴിയാതെ വരുമ്പോൾ അപ്പുറവും ഇപ്പുറവും എന്തെങ്കിലും പറഞ്ഞ് ആളുകളെ വിഡ്ഢികളാക്കാൻ ഈ പ്രബുദ്ധകേരളത്തിൽ സാധ്യമല്ല. ഡി.ഐ.സി.-യെക്കുറിച്ച് ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞതെന്താണ്? ഡി.ഐ.സി.-യുടെ നേതാവ് ശ്രീ. കെ. മുരളീധരൻ പറയുന്നത് "നമ്മൾ തമ്മിൽ വേളി തന്നെ വേണം, സംബന്ധം പോരാ"യെന്ന്; സി.പി.ഐ. (എം) പറയുന്നത് "നമുക്ക് വേളി പറ്റില്ല സംബന്ധം തന്നെ മതി"യെന്ന്. സി.പി.ഐ. പറയുന്നത് "ഞങ്ങൾക്ക് കണ്ടൂടാ, തൊട്ടൂടാ, തൊട്ടാൽ കുളിച്ചാൽ പോരാ, നാല് പ്രാവശ്യം കുളിക്കണം" എന്ന്. ഏതായാലും നിങ്ങൾ തന്നെ തീരുമാനിക്കണം എന്ത് വേണമെന്ന്? പൊല്ലാപ്പ് നിങ്ങൾക്കായതുകൊണ്ട് ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. പക്ഷേ നിങ്ങളൊരു കാര്യം മനസ്സിലാക്കണം. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ചെയ്ത ഓരോ കാര്യവുമെടുത്തു പരിശോധിച്ചാൽ അത് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഒരോ നല്ല കാര്യവും പ്രഖ്യാപിച്ച് ഈ രാജ്യത്തെ സമ്പൂർണ്ണമായ വികസനത്തിന് വഴിയൊരുക്കി. രണ്ടാഴ്ചകൊണ്ട് 2,44,000 റവന്യു അദാലത്തുകൾ തീർത്തു. ഇപ്പോൾ ബഡ്ജറ്റ് പ്രഖ്യാപിച്ചപ്പോൾ ഏത് മേഖലയെയാണ് ഒഴിവാക്കിയത്? എല്ലാ മേഖലകൾക്കും ആനുകൂല്യം കൊടുത്തു. കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തു. കർഷകർക്ക് പെൻഷൻ അനുവദിച്ചത് ആദ്യത്തെ സംഭവമാണ്. കർഷകർക്ക് വർഷത്തിൽ 1000 രൂപ എന്നുള്ളത് 5000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ് അതുപോലെ അനാഥശാലാ ഗ്രാന്റ് 200 രൂപയായി വർദ്ധിപ്പിക്കണം. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം പ്രതിമാസം 100 രൂപയായി വർദ്ധിപ്പിച്ചു. മരം കയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കെ അത്യാഹിതം സംഭവിക്കുന്ന മരംകയറ്റ തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന ധനസഹായം 25000 രൂപയാക്കിയത് നിസ്സാര സംഭവമല്ല. നെൽകൃഷി വികസനത്തിന് 18 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. "നിങ്ങൾ പദ്ധതി തുടങ്ങുകയല്ലാതെ ഫണ്ട് വച്ചിട്ടുണ്ടോ"യെന്ന്. ഇന്നലെ ഡോ. തോമസ് ഐസക് ചോദിച്ചു. എല്ലാത്തിനും ഫണ്ട് വച്ചിട്ടുണ്ട്. ഒന്നും ഒഴിവാക്കിയിട്ടില്ല. നാളികേര വികസനത്തിനും എം.ജി.പി.-ക്കും തുക നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ വികസനത്തിന് 25 കോടി രൂപ, കമ്പ്യൂട്ടറിനുമാത്രം 5 കോടി രൂപ, വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കാൻ 1 കോടി രൂപ, കൃഷി ഭൂമി വാങ്ങുന്നതിന് ഭൂമിയുടെ ഈടിന്മേൽ 25 ലക്ഷം രൂപ വായ്പ അനുവദിക്കാനുള്ള സംവിധാനം, ക്ഷയരോഗികളുടെ ധനസഹായം 200 രൂപയായി വർദ്ധിപ്പിച്ചു, ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കാൻ 7.50 കോടി രൂപ അനുവദിച്ചു. വൃദ്ധരായ അഗതികൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നതിന് 54 ലക്ഷം രൂപ വകയിരുത്തി. ഇതൊക്കെ നിസാര കാര്യമാണോ? മാത്രമല്ല ബി.പി.എൽ.-കാർക്ക് 3 രൂപ നിരക്കിൽ പ്രതിമാസം 35 കിലോഗ്രാം അരി കൊടുക്കുന്നതിന് 10 കോടി രൂപയുടെ ഫണ്ടും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് 7 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിട്ട് നിങ്ങൾ ഭരണത്തിൽ വരുന്നതിനെപ്പറ്റി പറയുന്നതെന്താണെന്നറിയാമോ? ഒരു കാര്യം പറയാം, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന് ഇവിടെയുള്ള മീഡിയകളും ജനങ്ങളും എല്ലാവരും പ്രവചിക്കുകയും വളരെയധികം റിട്ടയേർഡ് ഉദ്യോഗസ്ഥരടക്കം അതിൽ ചേക്കേറുകയും ചെയ്തു. അവസാനം റിസൽട്ടു വന്നപ്പോൾ ജയിച്ചത് യു.പി.എ. ഗവൺമെന്റാണ്. അതുപോലെ ഇവർ ഇതെല്ലാം പറയും കാരണം ഇലക്ഷൻ വരികയാണ്. സന്തോഷിക്കാനും പ്രതീക്ഷിക്കാനും വകയുണ്ട്. ഇലക്ഷൻ കഴിഞ്ഞ് അധികാരത്തിൽ വരുന്നത് വീണ്ടും യു.ഡി.എഫ്. തന്നെയായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾക്കും സംശയമില്ല എന്ന് ഞങ്ങൾക്കറിയാം. കാർഷികാദായ നികുതി ഒഴിവാക്കിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കാൻ 10 കോടിരൂപ, തെങ്ങുകൃഷിക്ക് 10 കോടി രൂപ, എല്ലാ പഞ്ചായത്തുകളിലും ഗ്രാമീണ സ്പോർട്ട്സ് സമുച്ചയം. ഇതൊക്കെ നിസ്സാര കാര്യമാണോ? നിങ്ങൾ വിദേശ നിക്ഷേപത്തെപ്പറ്റിയൊക്കെ പറയുന്നുണ്ടല്ലോ. നിങ്ങൾ വിദേശ നിക്ഷേപത്തെ എതിർക്കേണ്ടത് പശ്ചിമ ബംഗാളിലാണ്. എന്താണ് കാരണമെന്ന് അറിയാമോ? അവിടെ ഗ്രാമീണ മേഖല വളരെ താഴോട്ടാണ്. ഇത് ഞാൻ പറയുന്നതല്ല, നിങ്ങളുടെ ഘടകകക്ഷിനേതാവായ ശ്രീ. എം. പി. വീരേന്ദ്രകുമാർ മാനേജിംഗ് ഡയറക്ടറായിട്ടുള്ള മാതൃഭൂമി വീക്കിലിയിൽ വന്ന റിപ്പോർട്ടാണ്. ഞാൻ കൂടുതലൊന്നും വായിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം. അവിടെയുള്ള ഭൂരിപക്ഷം ജനങ്ങളും നിരക്ഷരരാണ്. പ്രാഥമിക വിദ്യാഭ്യാസം 39% പേർക്കും ഇല്ല. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലേറെയായി നിങ്ങൾ ഒറ്റയ്ക്ക് ഭരിച്ച ഒരു സംസ്ഥാനമാണ് ബംഗാൾ. ഇവിടെ യു.ഡി.എഫ്.-ഉം ഇടതുപക്ഷവും മാറിമാറി വരുന്നു. യു.ഡി.എഫ്. ഇടയ്ക്കിടയ്ക്ക് പുട്ടിന് തേങ്ങ ഇടുന്നപോലെ വരുന്നതുകൊണ്ടാണ് നമ്മൾ രക്ഷപ്പെടുന്നത്. നിങ്ങളുടെ കൈയിലായിരുന്നുവെങ്കിൽ ഇവിടെ സ്ഥിതി ബംഗാളിനേക്കാൾ ദയനീയമാകുമായിരുന്നു. ബംഗാളിൽ 13-ഉം 14-ഉം വയസ്സുള്ള 93 ശതമാനം വിദ്യാർത്ഥികൾ കൊഴിഞ്ഞുപോവുകയാണ്. അവിടെ ഡ്രോപ്ഫാൾസ് 74.5 ശതമാനം ഉണ്ട്. അടച്ചുറപ്പുള്ള വീടുകൾ എന്നുപറയാവുന്നത് ഒന്നരക്കോടി അതായത് 40 ശതമാനം വീടുകൾ പോലുമില്ല. ഇതിൽ 59 ശതമാനം ഒറ്റമുറിയുള്ള വയാണ്. ഇതിൽ ഏറ്റവും ദയനീയമായ സ്ഥിതി പശ്ചിമ ബംഗാളിൽ ഗ്രാമീണ മേഖലയിലെ 80 ശതമാനം വീടുകളിലും വൈദ്യുതിയില്ല. ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി നമ്മൾ വൈദ്യുതി കൊടുക്കുകയാണ്. അവിടെ 80 ശതമാനം വീടുകളിലും വൈദ്യുതിയില്ല, മണ്ണെണ്ണയെ ആശ്രയിക്കുകയാണ്. എന്നിട്ടാണ് നിങ്ങൾ വികസനം പറയുന്നത്. 60 ശതമാനം നഗരങ്ങളിലും കറന്റില്ല. ബംഗാളിൽ 73 ശതമാനം ആളുകൾക്ക് കക്കൂസില്ല. ദയനീയമായ സ്ഥിതിയാണ്. എന്നിട്ട് ആ ബംഗാൾ സ്വർഗ്ഗമാണെന്നുപറയുന്നു. ആ ബംഗാൾ ആണ് ഇവിടെ കൊണ്ടുവരുന്നത്. അവിടെയും ഇവിടെയും തമ്മിൽ വ്യത്യാസമുണ്ട്. ഇവിടെ ഗ്രാമീണ മേഖലയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിനുശേഷമാണ് വിദേശ നിക്ഷേപവും തൊഴിലിനുവേണ്ടിയുള്ള വ്യവസായവും എല്ലാവിധ പുരോഗതിയും കൊണ്ടുവരുന്നതെങ്കിൽ അവിടെ ഗ്രാമീണമേഖല ഇരുട്ടിൽ തപ്പുമ്പോഴാണ് വിദേശ കുത്തകകളെ കൊണ്ടുവന്ന് അസന്തുലിതാവസ്ഥയും കലാപവുമുണ്ടാക്കുന്നത്. നിങ്ങൾ അവിടെ ചെയ്യുന്നതെന്താണ്? ഐസ് കട്ടയ്ക്ക് പെയിന്റടിക്കുന്നതു പോലെയാണ്. ഒരു പ്രയോജനവുമില്ല. താഴേക്കിടയിലുള്ള ആളുകൾക്കുകൂടി പ്രയോജനം വരുന്ന വിധത്തിൽ എല്ലാ മേഖലകളിലും വികസനമുണ്ടെങ്കിൽ മാത്രം അടിസ്ഥാനവർഗ്ഗ വികസനമുണ്ടാക്കണം. അവിടെ അതില്ല. ഇവിടെ എല്ലാ മേഖലകളിലും വികസനമുണ്ട്. അതുകൊണ്ടാണ് ഞങ്ങളിത് പ്രോത്സാഹിപ്പിക്കുന്നത്. അതുകൊണ്ട് നിങ്ങൾ അക്കാര്യത്തിൽക്കൂടി ശ്രദ്ധിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അവിടെ പോയിട്ട് നിങ്ങൾ സമരം ചെയ്യണം. ഇവിടെ ആദ്യം യു.ഡി.എഫ്. ഗവൺമെന്റ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നു, പിന്നെ എൽ.ഡി.എഫ്. ഗവൺമെന്റ് പ്ലസ് ടു കൊണ്ടുവന്നു. എന്താണ് കാര്യം? യു.ഡി.എഫ്. പച്ച മലയാളത്തിൽ 'അമ്മേ കോഴി നെല്ലുതിന്നുന്നു' എന്നുപറയും. എൽ.ഡി.എഫ്. കുറച്ചുകഴിഞ്ഞ് കാര്യം മനസ്സിലാക്കിയിട്ട് 'മാതാവേ കുക്കുടം ധാന്യം ഭുജിക്കുന്നു' എന്നുപറയും. പറഞ്ഞ അതേകാര്യംതന്നെ ഇവരുടെ ഭാഷയിൽ വീണ്ടും പറയുന്നു. എല്ലാം എതിർത്തവർ ഇപ്പോൾ എല്ലാം അംഗീകരിക്കുന്നു. കമ്പ്യൂട്ടർവൽക്കരണം മുതൽ എല്ലാം എതിർത്തു. എതായാലും സമഗ്രവികസനത്തിന് വിധേയമാകുന്നവിധത്തിൽ ഈ സംസ്ഥാനത്തെ നയിക്കുകയും ഏറ്റവും അവസാനവർഷം ഈ സംസ്ഥാനത്തെ സമഗ്ര വികസനത്തിലേക്ക് നയിക്കുന്ന വിധത്തിലുള്ള നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ച് ജനങ്ങൾക്കുവേണ്ടി, പാവപ്പെട്ടവർക്കുവേണ്ടി, ദുർബല വിഭാഗങ്ങൾക്കുവേണ്ടി, കർഷകത്തൊഴിലാളികൾക്കുവേണ്ടി, കർഷകർക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. അതോടോപ്പം ഒരു കാര്യംകൂടി ഉണ്ട്. ഇവിടത്തെ പാവപ്പെട്ട കൈത്തറിത്തൊഴിലാളികളുടെ ഉല്പന്നങ്ങളെ വാറ്റിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കൈത്തറി ഉല്പന്നങ്ങളുമായി മത്സരിക്കാൻ കഴിയാത്തതുകൊണ്ടാണ് വാറ്റിൽ നിന്ന് ഒഴിവാക്കണം എന്ന് പറഞ്ഞത്. കർഷകർക്ക് പ്രയാസങ്ങളോ മരണമോ ഉണ്ടാകുമ്പോൾ അവരുടെ കുടുംബത്തിന് സഹായം ലഭിക്കുന്ന വിധത്തിൽ കർഷകർക്ക് ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതി അങ്ങ് ആവിഷ്ക്കരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഖാദി ഉല്പന്നങ്ങളെ വാറ്റിൽ നിന്ന് ഒഴിവാക്കണം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുമ്പോൾ ഈ സംസ്ഥാനത്ത് കുഴപ്പമുണ്ടാകുമെന്നാണ്. ഇവർ ഉദ്ദേശിച്ചത്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ആത്മാഹൂതിയടക്കം രക്തച്ചൊരിച്ചിൽ ഉണ്ടായിട്ടുണ്ടെങ്കിൽ ഒരു തുള്ളി ചോരപോലും ഇറ്റാതെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തെയും, മുന്നോക്ക പിന്നോക്ക വിഭാഗങ്ങളെ ഒറ്റക്കെട്ടായി സമന്വയിപ്പിച്ച് എല്ലാവരും ഈ സാമൂഹ്യ നീതി നടപ്പാക്കുന്നതിനുവേണ്ടി ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തു. പിന്നോക്ക വിഭാഗങ്ങളുടെ കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കുകയും മുന്നോക്ക വിഭാഗങ്ങളുടെ താത്പര്യം പരിരക്ഷിക്കുകയും ചെയ്തു കൊണ്ട് ഈ സംസ്ഥാനത്തെ നയിക്കുന്ന സമഗ്രമായ ഒരു നല്ല ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട്, പിന്തുണച്ചുകൊണ്ട്, അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, 2006-2007-ലേക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിലെ മൂന്നേമുക്കാൽ കോടി ജനങ്ങൾ മാത്രമല്ല, കേരളത്തിനു പുറത്തുള്ള മറ്റു സംസ്ഥാനങ്ങളും ആ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരും അംഗീകരിച്ചിരിക്കുന്നു എന്നുള്ളതാണ് പൊതുവെ മനസ്സിലാക്കാൻ സാധിച്ചത്. ഇവിടെ ബഡ്ജറ്റിനെക്കുറിച്ച് സംസാരിച്ചപ്പോൾ പ്രതിപക്ഷത്തുള്ള 42 ആളുകൾക്ക് ബഡ്ജറ്റിനെ എതിർക്കാതെ നിവർത്തിയില്ല. ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചാൽ പ്രതിപക്ഷം എതിർക്കുക എന്നുള്ളത് ഒരു നയമാണ്. എത്ര നന്നായാലും അതിൽ കവിഞ്ഞ ഒന്നും പ്രതിപക്ഷത്തുനിന്നും ആരും ഇതേവരെ സംസാരിച്ചതായി ഞാൻ കേട്ടില്ല, ഇനി സംസാരിക്കാൻ സാധിക്കുമെന്നും എനിക്ക് തോന്നുന്നില്ല. അഥവാ സംസാരിക്കുന്നുണ്ടെങ്കിൽ അതിൽ ഇനി സത്യത്തിന്റെ കണികയോ ആത്മാർത്ഥതയോ ഉണ്ടെന്ന് വിശ്വസിക്കാൻ ആത്മാർത്ഥതയുള്ളവർക്ക് പ്രയാസവുമാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കളും സി.പി.ഐ.-യുടെ നേതാക്കളും വേറെ പാർട്ടികളൊന്നുമില്ല, ആകെ രണ്ടു പാർട്ടികൾ മാത്രമേയുള്ളൂ. പിന്നെ ഏതെങ്കിലും പാർട്ടിയുണ്ടെങ്കിൽ അതുമുണ്ടാകും. വേറെ പാർട്ടികളുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഉണ്ടെങ്കിൽ ഇരുന്നോട്ടെ, എനിക്ക് വിരോധമില്ല. ഞാൻ യുദ്ധത്തിനൊന്നുമില്ല. പക്ഷേ നാല് ബഡ്ജറ്റ് അവതരിപ്പിച്ച ഒരു പഴയ ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഈ ബഡ്ജറ്റ് ഞാൻ രണ്ടുമൂന്ന് പ്രാവശ്യം വായിച്ചു. ഈ ബഡ്ജറ്റിൽ കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളേയും പരാമർശിച്ചിട്ടുണ്ട്, സ്പർശിച്ചിട്ടുണ്ട്, തലോടിയിട്ടുണ്ട്, ആനുകൂല്യം നൽകിയിട്ടുണ്ട്. പക്ഷേ വായിച്ചപ്പോൾ എനിക്ക് തോന്നിയത് മുഖ്യമന്ത്രിയുടെ മനസ്സുകൂടി ഇതിൽ പ്രതിഫലിക്കുന്നു എന്നാണ്. വളരെ ആലോചിച്ച് എഴുതിയ ഒരു ബഡ്ജറ്റാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിട പറഞ്ഞു. വിടപറഞ്ഞത് ഇനി തിരിച്ചുവരില്ല എന്നുള്ളതുകൊണ്ടാണ് എന്നുപറയുന്നവർക്ക് അവർ തിരിച്ചുവരുമെന്നുള്ളതിന് എന്തെങ്കിലും ഉറപ്പുണ്ടോ? ഇന്നത്തെ സാഹചര്യത്തിൽ, ഒരു കാലത്തും ചിരിക്കാത്ത ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദൻ ചിരിച്ചു നടക്കുന്നതു കണ്ടപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രന് എന്താണ് തോന്നുന്നത് എന്നെനിക്കറിയില്ല. നമ്മൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ മനസ്സിലാക്കാതെ മുന്നോട്ടുപോയിട്ട് കാര്യമില്ല. ഗവൺമെന്റുകൾ വരും, പോകും. ഇത് ഈ നിയമസഭയുടെ അവസാനത്തെ സമ്മേളനമാണ്. ഇനി നമുക്ക് ഇവിടെ തിരിച്ചുവരണമെങ്കിൽ ജനങ്ങളുടെ സർട്ടിഫിക്കറ്റ് വേണം. അതുകൊണ്ട് 22-ാം തീയതിയോ 24-ാം തീയതിയോ സഭ അവസാനിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമീദേവിയെ തൊട്ടു നമസ്ക്കരിച്ച് നമുക്ക് പോകാം. വരണമെന്ന് ആഗ്രഹമുള്ളവർക്ക് ഒരു പ്രാർത്ഥനകൂടി നടത്താം. ഞാൻ ഈ ബഡ്ജറ്റിലെ മറ്റു വശങ്ങളെക്കുറിച്ച് അല്ലെങ്കിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് അല്ലെങ്കിൽ ഈ ഗവൺമെന്റ് 5 വർഷമായി ചെയ്തത് ഒന്നും പറയുന്നില്ല. അതിനെക്കുറിച്ച് ധാരാളം പരാമർശിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് 5 വർഷം ഭരിച്ചു. ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കാൻ പോകുന്നു. 2001-ൽ ഭരണം ഏറ്റെടുത്തപ്പോൾ വളരെ ബുദ്ധിമുട്ടായിരുന്നു എന്നുള്ളത് ഡോ. തോമസ് ഐസക്കിനൊഴികെ എൽ.ഡി.എഫിനും കേരളത്തിലെ ജനങ്ങൾക്കും അറിയാം, സാമ്പത്തിക ശാസ്ത്രജ്ഞർക്കും അറിയാം. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പിറ്റേ ദിവസം അദ്ദേഹം ദേശാഭിമാനിയിൽ ഒരു ലേഖനം എഴുതി. കമ്മിയിൽ മായം, കുതിക്കുന്നതു കടഭാരം. ഞാൻ ആ ബഡ്ജറ്റ് ഒന്നും വായിക്കുന്നില്ല. അദ്ദേഹത്തിനോടു അങ്ങനെ എഴുതാൻ പറഞ്ഞു, എഴുതി എന്നു മാത്രമേയുള്ളൂ. കടം കൂടിയിട്ടുണ്ട്. കടം കൂടിയിട്ടില്ല എന്നൊന്നും ആരും പറയുന്നില്ല. ഇനിയും ഓരോ വർഷം ചെല്ലുന്തോറും കടം കൂടും. ഈ സംസ്ഥാനത്ത് എന്നല്ല ഏത് സംസ്ഥാനത്തും വികസനം വേണമെങ്കിൽ കടം കൂടും. ഏത് വികസ്വര രാജ്യങ്ങളുടെയും സാമ്പത്തിക ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് കടം കൂടിയിട്ടുണ്ടെന്നാണ്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായി സ്ഥാനമേറ്റെടുത്ത ഉടനെ, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ, ഒരു ധവള പത്രം പുറപ്പെടുവിച്ചു; അത് പുറപ്പെടുവിച്ചു കഴിഞ്ഞപ്പോൾ, നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ ആഗ്രഹം ഫലിക്കാത്തതുകൊണ്ടോ ഫലിച്ചതു കൊണ്ടോ എന്നെനിക്ക് അറിയില്ല, ഒരു ബദൽ ധവളപത്രം കൊണ്ടുവന്നു. അതാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. (ധവളപത്രം ഉയർത്തിക്കാട്ടി) "എല്ലാ സംസ്ഥാനങ്ങളും പ്രതിസന്ധിയിൽ"- കേരള സർക്കാർ, ധവളപത്രം-ഒരു ബദൽ രേഖ, പ്രതിപക്ഷ നേതാവ്, കേരള നിയമസഭ. അതിൽ പറഞ്ഞിരിക്കുന്നത്, "കേരളത്തിൽ മാത്രമാണ് സാമ്പത്തിക പ്രതിസന്ധി എന്ന തെറ്റിദ്ധാരണ പരത്തുന്നതിനായി വലിയ ശ്രമം നടത്തിയിട്ടുണ്ട്. ഇതു ശരിയാണോ എന്ന് പരിശോധിക്കാം. കേരളത്തിൽ മാത്രമല്ല സാമ്പത്തിക പ്രതിസന്ധിയുള്ളത്. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളും സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് നട്ടം തിരിയുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി 1980-കളെ അപേക്ഷിച്ച് 1990-ൽ കൂടുതൽ മോശമായി എന്നും വരുമാനത്തിന്റെ ശതമാനം കണക്കാക്കുന്ന നിലയിൽ സംസ്ഥാനങ്ങളുടെ ധനകമ്മിയും റവന്യു കമ്മിയും കുത്തനെ ഉയർന്നുവെന്നും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നടത്തിയ പഠനം വ്യക്തമാക്കുന്നു." ഞാൻ എഴുതിയതല്ല, ശ്രീ. എ. കെ. ആന്റണി എഴുതിയതല്ല, ശ്രീ. വക്കം പുരുഷോത്തമൻ എഴുതിയതല്ല, സാക്ഷാൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ എഴുതിയതാണ്. 2001-ലെ കടം 43,000 കോടി രൂപയായിരുന്നു എന്നു പറഞ്ഞാൽ കടം കൂടാതിരിക്കുമോ? എൽ.ഡി.എഫ്. ആദ്യം ഭരണം ഏറ്റെടുത്തപ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ ഇരട്ടിയായില്ലേ നിങ്ങൾ പിരിഞ്ഞപ്പോൾ? ഇവിടെയുള്ള റവന്യു വരുമാനവും റവന്യു എക്സ്പെൻഡിച്ചറും മാത്രം കണക്കാക്കി നിങ്ങൾ വികസനം വേണ്ടെന്നുവച്ചാൽ, ഒരു നയാ പൈസ കൂടില്ല. ശമ്പളം കൊടുത്താൽ മതിയോ? പലിശ കൊടുത്താൽ മതിയോ? പെൻഷൻ കൊടുത്താൽ മതിയോ?

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് വികസനം വേണം. വികസനം വരികയാണെങ്കിൽ കടം കൂടും. ഇന്ത്യാ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും കടം കൂടിയിട്ടുണ്ട്. ഞാൻ വെസ്റ്റ് ബംഗാളിന്റെ കാര്യമൊന്നും പറയുന്നില്ല. അതൊക്കെ ചരിത്ര സത്യങ്ങളാണ്. വെസ്റ്റ് ബംഗാളിന്റെ കടം കേരളത്തിന്റെ കടത്തിനേക്കാൾ നാലിരട്ടിയുണ്ട്. ഉണ്ടാകും. വലിയ സംസ്ഥാനമല്ലേ? യു. പി. അതിനേക്കാൾ വലുതാണ്. നമുക്ക് അതിനെയല്ല ആക്ഷേപിക്കേണ്ടത്. നമ്മൾ കണക്കാക്കേണ്ടതും വിലയിരുത്തേണ്ടതും ഇവിടത്തെ വികസന പ്രവർത്തനങ്ങളുടെ ഗ്രോത്ത് എങ്ങനെയാണ് എന്നാണ്. നമ്മൾ ഒരു കാര്യം ആലോചിക്കണം. ഞാൻ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. "വികസനച്ചെലവുകൾ, ശമ്പളം, ക്ഷേമ പെൻഷനുകൾ എന്നിങ്ങനെ എല്ലാ രംഗത്തുമുള്ള ചെലവുകളിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടായിട്ടും 1997-2001 കാലഘട്ടത്തിൽ മാത്രം 1594 കോടി രൂപയുടെയും ആഭ്യന്തര നികുതിയിനത്തിൽ 1400 കോടി രൂപയുടെ കുറവുണ്ടായിട്ടും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കടബാദ്ധ്യത മൊത്തം സംസ്ഥാനങ്ങളുടെ കടത്തിന്റെ വർദ്ധനയായ 135 ശതമാനത്തിൽ ഒതുക്കിനിർത്താൻ കഴിഞ്ഞു" ഇപ്പോൾ 75 ശതമാനം. നിങ്ങളുടെ ഡോക്യുമെന്റാണത്. ശ്രീ. പിണറായി വിജയന്റേതല്ല, ശ്രീ. വി. എസ്. അച്ചുതാനന്ദന്റേതാണ്. അതിലാണ് ഇത് പറഞ്ഞിരിക്കുന്നത്. കടം ഇനിയും കൂടും. ധവളപത്രത്തിൽ മാത്രമല്ല, റെഡ് പത്രത്തിലും അത് തന്നെയാണ് എഴുതിവച്ചിരിക്കുന്നത്. നമ്മൾ സാമ്പത്തിക ഭദ്രത ഉണ്ടാക്കിയത് നികുതി പിരിവിൽ ഒരു ഇഫക്ടീവ്നസ് ഉണ്ടാക്കിയിട്ടാണ്. ഓരോ വർഷവും ആയിരവും ആയിരത്തി ഇരുന്നൂറു കോടി രൂപ വർദ്ധനവുണ്ടാക്കിയാണ്, നമ്മൾ ഇതുണ്ടാക്കിയത്. സാമ്പത്തിക ഉത്തരവാദിത്വ നിയമവും ഗവൺമെന്റ് കാര്യങ്ങൾക്ക് ഗ്യാരന്റിയുടെ പരിധിയും നിശ്ചയിച്ചു. ഇതൊക്ക നമ്മൾ നിയമസഭയിൽ പാസ്സാക്കിയതല്ലേ?.....(ബഹളം).....ഞാൻ വെസ്റ്റ് ബംഗാളിനെയൊന്നും താരതമ്യം ചെയ്യാൻ പോകുന്നില്ല. അവിടത്തെ ധനകാര്യമന്ത്രി ശ്രീ. അസീംദാസ് ഗുപ്ത, എന്റെ ഒരു ഫ്രണ്ടാണ്. ഞാൻ ഒരു ദിവസം അദ്ദേഹത്തോട് ഒരുകാര്യം ചോദിച്ചു, വാറ്റിന്റെ കമ്മിറ്റിയുടെ കൺവീനറാണ് അദ്ദേഹം, "മിസ്റ്റർ ഗുപ്ത, നിങ്ങൾ വെസ്റ്റ് ബംഗാളിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് വാങ്ങുന്നുണ്ടല്ലോ?" "വാങ്ങിക്കുന്നുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു. "കേരളത്തിലെ നിങ്ങളുടെ സഖാക്കൾ എ.ഡി.ബി. ലോൺ പോലും പാടില്ല എന്നു പറയുന്നുണ്ടല്ലോ?" "How can I reply to that" എന്നാണ് അദ്ദേഹം പറഞ്ഞത് .....(ബഹളം)..... ശ്രീ. അസീംദാസ് ഗുപ്തയെ ശ്രീ. ടി. കെ. ദേവകുമാറിന് അറിയില്ല. പക്ഷേ ഞാൻ അറിയും. ശ്രീ. വക്കം പുരുഷോത്തമൻ ആരാണെന്നു ചോദിച്ചാൽ ഞാൻ എന്തു പറയും? ഇ. കെ. നായനാർ ആരാണെന്നു ചോദിച്ചാൽ ഞാൻ എന്തു പറയും? വെസ്റ്റ് ബംഗാളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് പാടില്ലെന്നു പറഞ്ഞിട്ടുണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. ഏതായാലും വെസ്റ്റ് ബംഗാളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ രണ്ടായിരം കോടി രൂപയുടെ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് വാങ്ങിച്ചിട്ടുണ്ട്. എ.ഡി.ബി. ലോണും വാങ്ങിച്ചിട്ടുണ്ട്. ഓരോ രംഗത്തുമുണ്ടായ വളർച്ച എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. എ.ഡി.ബി.-യുടെ കാര്യത്തിൽ പുതിയതായി എനിക്ക് ഒന്നും പറയാനില്ല. എല്ലാവരും ഇവിടെ പറഞ്ഞു കഴിഞ്ഞു. നായനാരും ഡോ. തോമസ് ഐസക്കും ശ്രീ. ടി. ശിവദാസമേനോനും

LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന്, ആറുപ്രാവശ്യം അതിന്റെ ഡിസ്ക്കഷൻ നടത്തി. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ്, വേൾഡ് ബാങ്ക് ലോൺ, എ.ഡി.ബി. ലോൺ ഇതൊന്നും വികസ്വര രാജ്യങ്ങൾക്ക് വാങ്ങാതെയിരിക്കാൻ കഴിയില്ല. ഏഷ്യയിൽ വച്ച് ഏറ്റവും കൂടുതൽ വികസനമുണ്ടായത് ചൈനയിലാണ്. ഏറ്റവും കൂടുതൽ ഐ.എം.എഫ്. ലോൺ വാങ്ങിച്ചിരിക്കുന്നത് അവരാണ്. വാങ്ങണമെന്നാണ് ഞാൻ പറയുന്നത്. വെസ്റ്റ് ബംഗാൾ ഇനിയും വാങ്ങണം. അവിടെ പുതിയ സ്കൂളുകൾ വരട്ടെ, പുതിയ അധ്യാപകർ വരട്ടെ, എല്ലാ ഡെവലപ്മെന്റ്സും വരട്ടെ. വീടുകൾ വരട്ടെ. അപ്പോൾ അതിനൊക്കെ പണം കടം വാങ്ങി ഇൻവെസ്റ്റ്മെന്റ് ഉണ്ടാക്കട്ടെ. നമ്മൾ അതിനെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. ഏത് സംസ്ഥാനമാണെങ്കിലും അതിനെ പ്രോൽസാഹിപ്പിക്കണം.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് ഏത് ജനവിഭാഗത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളവും ഉപകാരപ്രദമായ ഒരു ബഡ്ജറ്റാണ്. ഇത് ഉപകാരപ്രദമല്ലാത്ത ഒരു ബഡ്ജറ്റാണെന്ന് പറഞ്ഞാൽ ഈ പറയുന്ന ഏത് ഉപകാരമാണ് വേണ്ടതെന്ന് പറയണം. ഇലക്ട്രിസിറ്റി ബോർഡിനെക്കുറിച്ച് ശ്രീ. വി. എസ് അച്ചുതാനന്ദൻ ധവളപത്രത്തിൽ പറഞ്ഞിട്ടുണ്ട്. ഞാൻ അത് വായിച്ച് സമയം കളയുന്നില്ല. നിങ്ങൾ അത് വായിക്കണം. അതിൽ പറഞ്ഞിരിക്കുന്നത്, ഇലക്ട്രിസിറ്റി ബോർഡ് ലാഭമുണ്ടാക്കാനുള്ളതല്ല എന്നാണ്. ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജ് കുറയ്ക്കുമ്പോൾ ഗവൺമെന്റ് പണം കൊടുക്കണം. ശ്രീ. ആര്യാടൻ മുഹമ്മദ് അതല്ലേ ചെയ്യുന്നത്? ഞാൻ ഈ വക കാര്യങ്ങളൊക്കെ വിടുന്നു. ഇത് നല്ല ബഡ്ജറ്റാണെങ്കിലും ഇത് ഇലക്ഷൻ ബഡ്ജറ്റ് തന്നെയാണ്. ഞങ്ങൾ മേയ് മാസത്തിൽ ഇലക്ഷനെ നേരിടാൻ പോകുകയാണ്. നിങ്ങൾ ഇലക്ഷനെ നേരിടുന്നില്ലേ? വെസ്റ്റ് ബംഗാളിലെയും, തമിഴ്നാട്ടിലെയും ത്രിപുരയിലെയും ബഡ്ജറ്റ് ഇലക്ഷൻ ബഡ്ജറ്റാണ്. ഞങ്ങൾ ഇലക്ഷൻ നേരിടാൻവേണ്ടി ജനങ്ങൾക്കുമുന്നിൽ വച്ചിട്ടുള്ള ബഡ്ജറ്റാണ് ഈ ബഡ്ജറ്റ്. ഞങ്ങൾക്കാർക്കും ചതിയിൽ കളവില്ല കൂട്ടരേ! അതുകൊണ്ടാണ് പറഞ്ഞത്. എങ്ങനെയാണ് ഇലക്ഷൻ ബഡ്ജറ്റ് അല്ലെന്ന് പറയുന്നത്. ഇത് ജനങ്ങൾ അംഗീകരിക്കട്ടെ. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി മുഴുവൻ ബഡ്ജറ്റും പാസ്സാക്കാനുള്ള അംഗീകാരം ജനങ്ങൾ തരട്ടെ! ഇന്ന് കേരളത്തിലെ രാഷ്ട്രീയ സ്ഥിതി എന്താണ്? ഇൻഡ്യാ രാജ്യത്തെ രാഷ്ട്രീയ സ്ഥിതി എന്താണ്? ഘോരഘോരം പ്രസംഗിക്കുന്ന സി.പി.ഐ.(എം)-ഉം സി.പി.ഐ.-യും ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ പാർട്ടിയും പാർലമെന്റിൽ അവിശ്വാസ പ്രമേയം കൊണ്ടുവരുമെന്ന് പറഞ്ഞപ്പോൾ ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞത് എന്താണ്? "ഞങ്ങളെ അതിന് വോട്ട് ചെയ്യാൻ കിട്ടില്ല" എന്നാണ്. അതാണ് തറവാടിത്തമെന്ന് പറയുന്നത്. യു.പി.എ. ഗവൺമെന്റുണ്ടാകുന്ന കാലഘട്ടത്തിൽ, പാർട്ടികൾ ഉണ്ടാക്കിയിട്ടുള്ള ഒരു രേഖ, ഒരു തീരുമാനം, ഒരു സൗഹൃദം നിലനിർത്തണമെന്നുള്ളതാണ് അതിന്റെ അർത്ഥം. ഞാൻ ചോദിക്കട്ടെ, ബി.ജെ.പി. വരാൻ പാടില്ലെന്നുള്ള നിലപാട് സി.പി.ഐ.(എം)-നും സി.പി.ഐ.-ക്കും മാത്രമല്ലല്ലോ. നിങ്ങൾ മാത്രം തീരുമാനിച്ചുവെന്നിരിക്കട്ടെ, സി.പി.ഐ.(എം)-കാർ വിചാരിച്ചാൽ പിന്നെയും എന്തെങ്കിലും നടക്കും, വെസ്റ്റ്ബംഗാളിലും കേരളത്തിലും ത്രിപുരയിലുമൊക്കെ നടക്കും. സി.പി.ഐ-കാർ എവിടെയാണുള്ളത്? ഞാൻ ആ പാർട്ടിയെ കുറ്റംപറയുകയല്ല. അതിലും മോശമായ പാർട്ടിയില്ലേ? രണ്ടാൾ ഉണ്ടെങ്കിൽ ഒരു പാർട്ടിയുണ്ടാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിന് തേജസ്സോ ഓജസ്സോ ഇല്ല. ഇൻഡ്യാ രാജ്യത്ത് ഇന്ന് നടക്കുന്ന രാഷ്ട്രീയമാറ്റങ്ങൾ കേരളത്തിൽ ഉൾക്കൊള്ളാൻ സാധിക്കണം. കേരളത്തിൽ Congress vs. Marxist Party ആണ്. ഇത് യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. അതുകൊണ്ട് അത് നമ്മൾ അംഗീകരിക്കണം. കഴിഞ്ഞ അറുപത് അറുപത്തിയഞ്ചു വർഷം കമ്മ്യൂണിസ്റ്റ് പാർട്ടിയെയും മാർക്സിസ്റ്റ് പ്രസ്ഥാനത്തെയും നഖശിഖാന്തം എതിർത്ത ഒരു രാഷ്ട്രീയ നേതാവ് കേരളത്തിൽ ഉണ്ടായിരുന്നു. നാല് പ്രാവശ്യം മുഖ്യമന്ത്രിയായിരുന്നു. കേന്ദ്രത്തിൽ മന്ത്രിയായി. കോൺഗ്രസ്സാകുന്ന ആൽവൃക്ഷത്തിൽ slaughter tapping നടത്തി. ഞങ്ങൾ ദിവസേന പത്രത്തിൽ കാണുന്നുണ്ടല്ലോ, ഇന്നത്തെ പത്രത്തിലും ഉണ്ട്. ഒരു അമ്മയും അച്ഛനും രണ്ട് കുട്ടികൾക്ക് വിഷംകൊടുത്ത് കൊന്നു. എന്നിട്ട് ആ അച്ഛനും അമ്മയും തൂങ്ങിമരിച്ചു. ഇവിടെ 9 കുട്ടികൾക്ക് വിഷം കൊടുത്തിട്ട് കൊടുത്തയാൾ മരിച്ചില്ലല്ലോ? നിങ്ങളാരും വിചാരിക്കുന്ന ആളെക്കുറിച്ചല്ല ഞാൻ പറയുന്നത്. രാഷ്ട്രീയത്തിൽ അഭിമാനവും സത്യസന്ധതയും വേണ്ടേ? ഒന്നുകിൽ നാണവും മാനവുമുള്ള ആളുകൾ കുളിച്ച കുളത്തിലെങ്കിലും കുളിച്ചിരിക്കണം. ഒരു കാലത്ത് എല്ലാം അടക്കി ശക്തിയോടുകൂടി ഭരിച്ച ഒരു ഭരണാധികാരി, ആജീവനാന്തം കമ്മ്യൂണിസ്റ്റ് പാർട്ടിയെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും എതിർത്ത് അവരെ അടിച്ച് ചാമ്പലാക്കിയ ആ നേതാവിനെ ഒരു ശ്വാസമുണ്ടെങ്കിൽ അവർ ആ ശ്രീകോവിലിൽ കയറ്റുമോ? വേലിക്ക് നാലുപുറം നടന്നപ്പോഴേക്കും കുഴപ്പമായി. വേലിക്ക് നാലുപുറമാണ് നടന്നത്. പടിപ്പുരയിൽ കയറ്റി ഇരുത്തിയില്ല. എന്റെ നാട്ടിൽ വളരെ സമ്പത്തുള്ള ഒരു കുടുംബമുണ്ടായിരുന്നു. അയാൾ പറയും ഞാൻ ധനവാൻമാരായ ആളുകൾക്ക് എത്ര ചെലവ് ചെയ്തിട്ടും നശിക്കുന്നില്ലല്ലോയെന്ന്. അപ്പോൾ അദ്ദേഹത്തിന്റെ അമ്മ പറയും എത്ര ചെലവ് ചെയ്തിട്ടും നശിക്കുന്നില്ലെങ്കിൽ ആ പടിക്കൽക്കൂടി നടക്കാൻ രണ്ട് ദിവസം നടന്നിട്ട് വന്നു പറയും ഞാൻ നശിച്ചില്ലമ്മേയെന്ന്. എന്നാൽ നീ അവരുടെ പടിയിൽപ്പോയി ഇരിക്കാൻ പറയും. രണ്ട് ദിവസം പടിയിൽ കയറി ഇരിക്കും എന്നിട്ടും ഞാൻ നശിച്ചില്ലെന്ന് പറയും. എന്നാൽ പിന്നെ അവരുടെ വീട്ടിൽ നിന്ന് കുറച്ച് വെള്ളം വാങ്ങി കുടിക്കാൻ പറഞ്ഞു. അങ്ങനെ വെള്ളംവാങ്ങി കുടിക്കും എന്നിട്ടും നശിച്ചില്ല. ഇതുകൊണ്ടൊന്നും നശിക്കാഞ്ഞിട്ട് നാട്ടുകാരെ കൂട്ടിയിരുത്തിയിട്ട് ഇതുകൊണ്ടൊന്നും നശിച്ചില്ലെന്ന് പറയും. എന്നാൽ ഒരു കാര്യം ചെയ്യ് ആ വീട്ടിൽ സംബന്ധം വയ്ക്കാൻ പറഞ്ഞു. നിങ്ങൾ അതിനൊന്നും തയ്യാറാകരുതെന്നാണ് ഞാൻ പറയുന്നത്. എനിക്ക് സി.പി.ഐ. നേതാവ് ശ്രീ. വെളിയം ഭാർഗ്ഗവനോട് വലിയ ഇഷ്ടമാണ്. അദ്ദേഹം നന്നായി വായിക്കുന്ന ഒരാളാണ്. എല്ലാപേരോടും സ്നേഹമുള്ള ഒരാളാണ്, എല്ലാപേരോടും നന്നായി പെരുമാറുന്ന ഒരാളാണ്. പക്ഷേ ദുഷ്ടൻമാരോട് പറ്റുമോ? ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. വെളിയം ഭാർഗ്ഗവനോട് ഒരു കാര്യം പറയണം, നമ്മൾ ഇനി കുളിക്കാൻ തയ്യാറാകേണ്ടെന്ന്. എനിക്ക് കമ്മ്യൂണിസ്റ്റ്-മാർക്സിറ്റ് നേതാക്കൻമാരോടും ശ്രീ. വി. എസ്. അച്ചുതാനന്ദനോടും ഒരു കാര്യം പറയാനുള്ളത് നമ്മൾ ഇനി കുളിക്കാൻ തയ്യാറാകേണ്ട എന്നാണ്. പ്രത്യേകിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനോട് ഒരപേക്ഷയുണ്ട്. അദ്ദേഹം കേൾക്കും. കുരുക്ഷേത്ര യുദ്ധത്തിനുശേഷം ഗാന്ധാരി പോർക്കളം കാണാൻവേണ്ടി പോയി. ദുര്യോധനനെയൊക്കെ എന്ത് സ്നേഹമായിരുന്നുവെന്നോ ഗാന്ധാരിക്ക്. സ്വന്തം മകൻ,

LIBRARY ARCHIVES Kerala Legislative Assembly

നൂറ് കുട്ടികൾ അതുപോലെ എല്ലാപേരോടും ഇഷ്ടമുണ്ടായിരുന്നു. പക്ഷേ ദുര്യോധനൻ മരിച്ചു കിടക്കുന്നത് കണ്ടപ്പോൾ ഗാന്ധാരിക്ക് സഹിച്ചില്ല. അങ്ങനെ താലോലിച്ച് വളർത്തിയതാണ്. പട്ടു കിടക്കയിൽ ഉറക്കിയതാണ്. ദുര്യോധനൻ ചോരയിൽ കിടന്ന് പിടഞ്ഞ് മരിച്ചതു കണ്ടപ്പോൾ ഗാന്ധാരിക്ക് സഹിച്ചില്ല. അഭിമന്യു കിടപ്പുണ്ട്, കർണ്ണൻ, ഭീമൻ എല്ലാവരുമുണ്ട്. അത് കണ്ടപ്പോൾ ഗാന്ധാരിക്ക് വളരെ സങ്കടം തോന്നി. ഗാന്ധാരി ശ്രീകൃഷ്ണനോട് പറഞ്ഞ അതേ വിധത്തിൽ ഞാൻ ശ്രീ. അച്ചുതാനന്ദനോട് പറയുകയാണ് 'കല്ലുകൊണ്ടോ മനം താവകമാകിലും കല്ലിനു മാർദ്രതയുണ്ടിതു കാണുമ്പോൾ' എന്ന സ്വഭാവം അങ്ങേക്കുമുണ്ടാകണം. ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, 22 ക്യാരറ്റ് ചതിയോടെയുള്ള ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ശ്രീ. കെ. ശങ്കരനാരായണൻ പറഞ്ഞ ആ ഭാഗം ഞാൻ കടമെടുക്കുകയാണ്. ചതിയിൽ കളവില്ലാത്ത ബഡ്ജറ്റാണെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അഴിമതി ഭരണക്കാരുടെ ഈ ഇലക്ഷൻ സ്റ്റണ്ട് ബഡ്ജറ്റിനെയാണ് ഞാൻ എതിർക്കുന്നത്. സി.പി.ഐ.(എം.) തറവാടിത്തമുള്ള ഒരു പാർട്ടിയാണ്. അത് ബഹുമാനപ്പെട്ട കെ. ശങ്കരനാരായണന് ബോദ്ധ്യമായല്ലോ. ബി.ജെ.പി.-ക്ക് എതിരായി, വർഗ്ഗീയതയ്ക്കെതിരായി, തത്വാധിഷ്ഠിതമായ നിലപാട് തന്നെയാണ് രാജ്യത്താകെയുള്ളത്. പക്ഷേ നിങ്ങളുടെ അഖിലേന്ത്യാ സമ്മേളനം അംഗീകരിച്ച നയത്തിൽ കേരളത്തിലും ബംഗാളിലും സി.പി.ഐ.(എം.) തന്നെയാണ് മുഖ്യശത്രു എന്ന് പറഞ്ഞിട്ടുണ്ട്. അത് തറവാടിത്തമുള്ള നയമല്ല എന്ന് മാത്രമല്ല, നിങ്ങൾ അംഗീകരിച്ചിട്ടുള്ള നയവുമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിലും തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിലും അറുപതോളം മണ്ഡലങ്ങളിൽ ബി.ജെ.പി.-യുമായി കൂട്ടുകൂടുന്ന നയമാണ്. ആ നയത്തെ നമുക്ക് ഗണികാഗൃഹത്തിലുള്ളവരുടെ നയമായി വിശേഷിപ്പിക്കാം. ആ നയം സി.പി.ഐ.(എം.)-ന് ഇല്ല. വർഗ്ഗീയതയ്ക്കെതിരായി, കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിനെതിരായി തത്വാധിഷ്ഠിതമായ നിലപാട് തന്നെയാണ് ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. കർഷകത്തൊഴിലാളികൾക്ക് 27 മാസത്തെ പെൻഷൻ നിഷേധിച്ച ഒരു ഗവണ്മെന്റാണിത്. 80 രൂപ വീതം കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. കടത്തിന്റെ കാര്യത്തിലാണെങ്കിൽ കള്ളക്കണക്കുകൊണ്ട് കസറത്താണ്. എൽ.ഡി.എഫ്. ഗവണ്മെന്റ് വാങ്ങിയ കടത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. 12,000 കോടി രൂപയാണ് ഞങ്ങൾ 5 കൊല്ലം വാങ്ങിയത്. ഇവർ 5 കൊല്ലം വാങ്ങിയത് 31,620 കോടി രൂപ. അപ്പോൾ ഞങ്ങൾ വാങ്ങിയ 12,000 കോടി രൂപയുടെ കടത്തെക്കാൾ 31,620 കോടി രൂപ 5 വർഷംകൊണ്ട് വാങ്ങുമ്പോൾ നിങ്ങൾ പറഞ്ഞ 135 ശതമാനമല്ല 270 ശതമാനമാണ് വരുന്നത്. ആടിനെ പട്ടിയാക്കുന്ന, പട്ടിയെ പേപ്പട്ടിയാക്കുന്ന കണക്കിലെ കസറത്തുകളി കൊണ്ടുമാത്രം ഈ വസ്തുത ജനങ്ങൾ അറിയാതിരിക്കുകയില്ല. കമ്മി കുറയ്ക്കാൻ നിയമം കൊണ്ടുവരുമെന്നുപറഞ്ഞിട്ട് ഇപ്പോൾ റിക്കാർഡ് കമ്മിയായി ഉയർന്നു. 4,711 കോടി രൂപ കടം വാങ്ങിയ തുക എന്തു ചെയ്തു? അപ്പോൾ ഓരോ കേരളീയനും 14,000 രൂപ കടത്തിലാണ്. 45 വർഷം കൊണ്ട് 2001 വരെ അപ്പുറവും ഇപ്പുറവും ഉള്ളവർ ആകെ ഭരിച്ചിട്ടും ഒരാൾക്ക് 6,000 രൂപ മാത്രമേ കടമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇവർ 14,000 രൂപ ഓരോരുത്തർക്കും കടമുണ്ടാക്കി. കടം വാങ്ങിയ തുക എന്താണ് ചെയ്തത്? പദ്ധതിയേതര ചെലവിനും

LIBRARY ARCHIVES Kerala Legislative Assembly

ധൂർത്തിനും മാത്രമാണ് ഇത് ചെലവഴിച്ചത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നാല് വർഷംകൊണ്ട് 17,989 കോടി രൂപയാണ്. നടപ്പിലാക്കിയതാകട്ടെ കഴിഞ്ഞ ദിവസം സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിൽ വന്നല്ലോ; 17,519 കോടി രൂപ. ഈ വർഷവും അത് ആവർത്തിക്കും. 5 വർഷത്തിനിടയിൽ നികുതി, വൈദ്യുതിച്ചാർജ്ജ്, ബസ് ചാർജ്ജ്, വെള്ളക്കരം ഇതെല്ലാം വർദ്ധിപ്പിച്ച് ജീവനക്കാരിൽനിന്നും പ്രതിവർഷം 980 കോടിയോളം രൂപ പിടിച്ചുപറിച്ച് ജനങ്ങളുടെമേൽ 10,000 കോടി രൂപ അധികഭാരം അടിച്ചേൽപ്പിച്ചു. 31,000 കോടി രൂപ കടമെടുത്തു. എന്നിട്ടും വികസനത്തിന് അവധി പ്രഖ്യാപിച്ചിരിക്കുന്നു. ഓവർ ഡ്രാഫ്റ്റ് എടുത്ത ദിവസത്തിന്റെ കണക്ക് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ നിന്ന് നമുക്ക് കിട്ടിയല്ലോ. 2001-2002-ൽ 222 ദിവസം, 2002-2003-ൽ 196 ദിവസം, 2003-2004-ൽ 11 ദിവസം, 2004-2005-ൽ 180 ദിവസം എല്ലാം ചേർത്ത് 775 ദിവസം. ധനകാര്യ വകുപ്പുമന്ത്രിയുടെ അവസാനത്തെ ബഡ്ജറ്റ്, വിടവാങ്ങൽ പ്രസംഗമായിപ്പോയി എന്നു പറയുമ്പോൾ അതിൽ ഒരു അത്ഭുതവുമില്ല. ഞാൻ ആശിക്കുന്നത് ഇതുപോലെ ഒരു വിടവാങ്ങൽ പ്രസംഗം ഫെബ്രുവരി 24-ന് മുൻപ് എല്ലാ മന്ത്രിമാരും നടത്തുമെന്നാണ്. . ഭൂരിപക്ഷം ജനങ്ങളേയും നിങ്ങൾ മറന്നില്ലേ? കൃഷിക്കാർ 64 ശതമാനവും ഇപ്പോൾ കടക്കെണിയിലാണ്. അവരെ രക്ഷിക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടിയുണ്ടോ? കടക്കെണി, വിലത്തകർച്ച, വിളനാശം ഇതിനൊക്കെ എന്തെങ്കിലും നടപടിയുണ്ടോ? അതിന് തുകയുണ്ടോ? 45 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത മേഖലയിൽ മുൻ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അവരെ വഞ്ചിച്ചതല്ലാതെ അവർക്ക് ഒരു നയാപൈസയും വകയിരുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യവികസന മേഖലയുടെ വികസനത്തിനായി വ്യക്തമായ ഒരു പദ്ധതിയും ബഡ്ജറ്റിൽ ഇല്ല. 50,000 കോടി രൂപയുടെ വികസനം എന്നുള്ളത് കേവലം ഒരു ബഡായി പ്രസംഗം മാത്രം. വിഷൻ 2010 എന്നത് വേമ്പനാട് കായലിൽ വരച്ച ഒരു വര പോലെയായി. രാഷ്ട്രപതിയുടെ മോഹം പൂവണിയിക്കാൻവേണ്ടി ധനകാര്യ വകുപ്പുമന്ത്രിക്ക് ഒഴിഞ്ഞ ആവനാഴിയിൽ ഒരു അമ്പുപോലും ഇല്ല. കേന്ദ്ര പ്ളാനിംഗ് കമ്മിഷനുമായുള്ള ചർച്ചയ്ക്ക് മുഖ്യമന്ത്രി ഉണ്ടായിരുന്നല്ലോ. 1,340 കോടി രൂപയുടെ പദ്ധതിയാണല്ലോ സമർപ്പിച്ചത്. 200 കോടി രൂപയെങ്കിലും തരണമെന്ന് പറഞ്ഞല്ലോ! അത് കിട്ടിയില്ല എന്ന് മാത്രമല്ല അതിനുശേഷം ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് സംസ്ഥാനത്തിന്റെ വിഹിതം മാറ്റിവയ്ക്കും എന്നാണ്. എവിടെയാണ് സംസ്ഥാനത്തിന് വിഹിതം ഉള്ളത്? എങ്ങനെയാണ് കേരള വിഷൻ പ്രാവർത്തികമാക്കാൻ പോകുന്നത്? വിദേശ നിക്ഷേപകരുടെ ഇഷ്ടതോഴരായി നടിക്കുന്നവരാണ് യു.ഡി.എഫുകാർ. ഈ കഴിഞ്ഞ 5 വർഷത്തിനിടയിൽ പശ്ചിമബംഗാളിലെ നാലിലൊന്നുപോലും നിക്ഷേപം കൊണ്ടുവരാൻ ഈ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ജനസംഖ്യയുടെ മൂന്നിലൊന്നു വരുന്നതാണ് യുവജനങ്ങൾ. യുവജന ക്ഷേമത്തിന് ബഡ്ജറ്റിൽ നീക്കിവച്ചത് 20 ലക്ഷം രൂപയാണ്. ആകെ വരുമാനത്തിന്റെ റവന്യൂ ചെലവ് കണക്കാക്കിയത് 23,019 കോടി രൂപ. അതിലാണ് യുവജന ക്ഷേമത്തിന് 20 ലക്ഷം രൂപ. 50 ലക്ഷം അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ബഡ്ജറ്റിൽ ഫലപ്രദമായ, ബഡ്ജറ്റ് സപ്പോർട്ടുള്ള ഒരു പദ്ധതിയുമില്ല. സർക്കാർ ജീവനക്കാർക്ക് മാർച്ചിൽ ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് അങ്ങും

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയും ആവർത്തിച്ച് പറയുന്നു. എങ്ങനെ സാധിക്കാനാണ്? മാർച്ചിലെ ശമ്പളത്തോടുകൂടി സർക്കാർ ജീവനക്കാർക്ക് പുതുക്കിയ ശമ്പളം കൊടുക്കണമെങ്കിൽ ശ്രീ. ഗോപിനാഥ് മുതുകാടിനേക്കാൾ വലിയ മായാജാലം, അനന്തതയിൽനിന്നും പണമുണ്ടാക്കുന്ന മായാജാലം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കാണിക്കേണ്ടിവരും. അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു ഭരണമാണിത്. "ബാർ ഒന്നിന് കോഴ 45 ലക്ഷം രൂപ." പണം ഒളിപ്പിക്കാൻ മകനെ ദുബായ്ക്കയച്ചു. "ശ്രീ. വക്കം 15 കോടി രൂപയുടെ ഭൂമി വാങ്ങി, അഴിമതിയിൽ റിക്കോർഡിട്ട മന്ത്രി വക്കം പുരുഷോത്തമന്റെ ഭരണം പൊടിപൊടിക്കുന്നു" ഇതൊക്കെ ഇന്നലത്തെ മംഗളം പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്ന വാർത്തകളാണ്. 'വെയർ ഹൗസിംഗ് കോർപ്പറേഷനിൽ ക്രമക്കേട് മന്ത്രിമാർ തമ്മിൽ ഇടയുന്നു' ഇത് 24-1-2006-ലെ മലയാള മനോരമ പത്രത്തിലെ വാർത്തയാണ്. എം.ഡി.-യുടെ ധൂർത്തും കെടുകാര്യസ്ഥതയുംമൂലം മൂന്ന് വർഷത്തിനുള്ളിൽ കോർപ്പറേഷന് 277 ലക്ഷം രൂപയുടെ സഞ്ചിത നഷ്ടം ഉണ്ടായതായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഒപ്പുവച്ച റിപ്പോർട്ടിൽ പറയുകയാണ്. റിപ്പോർട്ടിന്റെ കോപ്പി ഇവിടെയുണ്ട്. എന്നിട്ടും ഒരു നടപടിയുമില്ല. നടപടി സ്വീകരിക്കുന്നതിനെ ചൊല്ലി ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും തമ്മിലുള്ള തർക്കമാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. വെയർ ഹൗസിംഗ് കോർപ്പറേഷനിലെ എം. ഡി. അഴിമതിയിലും കെടുകാര്യസ്ഥതയിലും മുങ്ങിക്കുളിച്ചുനിൽക്കുമ്പോൾ ഒന്നും ചെയ്യാൻ കഴിയാത്ത ഒരു സർക്കാർ. വെയർ ഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങളിൽ വൻ അഴിമതി. നിയമിക്കപ്പെട്ടവരുടെ ലിസ്റ്റ് ഇവിടെ ഉണ്ട്, അതിൽ നോക്കുമ്പോൾ കൃഷി വകുപ്പുമന്ത്രിയുടെ ബന്ധുക്കൾ, ജെ.എസ്.എസ്.-ന്റെയും കോൺഗ്രസ്സിന്റേയും നേതാക്കൾ. ഏഴ് തസ്തികകളിൽ ഒഴിവുണ്ട് എന്നുള്ളത് അവിടത്തെ തസ്തികകളുടെ എണ്ണം സംബന്ധിച്ച് ഇറക്കിയിട്ടുള്ള വിജ്ഞാപനത്തിൽ പറയുന്നു. എന്തൊക്കെ തിരിമറികളാണ്. ഇവരുടെ സ്വന്തക്കാരെ എടുക്കുന്നു, ഹൈക്കോടതി അതുസംബന്ധിച്ച് ഒരു ഉത്തരവിറക്കി, നിയമനങ്ങളെല്ലാം റദ്ദാക്കാൻ പറഞ്ഞു. നിയമനങ്ങൾ റദ്ദാക്കി. ഹൈക്കോടതി പറഞ്ഞത് അസിസ്റ്റന്റിനെ എടുക്കാൻ പാടില്ല എന്നാണല്ലോ, അതുകൊണ്ട് അത് റദ്ദാക്കിയിട്ട് ഇപ്പോൾ ഹെൽപ്പർ എന്നുപറഞ്ഞ് നിയമിക്കുകയാണ്. അങ്ങനെയുള്ള ആളുകളെയാണ് ഇപ്പോൾ സംരക്ഷിക്കുന്നത്. മണ്ഡരി പ്രതിരോധത്തിന്റെ മറവിൽ കോടികൾ വെട്ടിച്ചതായിട്ടാണ് റിപ്പോർട്ട്. രേഖകൾ എന്റെ കൈയിലുണ്ട്. എടുത്തുനോക്കിയാൽ ആ വെട്ടിപ്പിന്റെ വസ്തുതകൾ അറിയാവുന്നതാണ്. ഇടതുഭാഗത്തും വലതുഭാഗത്തും അക്കങ്ങൾ കൂട്ടുക, തെങ്ങിന്റെ എണ്ണം 12 എന്ന് അപേക്ഷാഫാറത്തിൽ കൃഷിക്കാരൻ എഴുതിക്കൊടുത്തു. ഇടതുഭാഗത്ത് രണ്ട് ചേർക്കുക, വലതുഭാഗത്ത് പൂജ്യം ചേർക്കുക. അങ്ങനെയാണ് ഇരുപത്തിരണ്ടര കോടി രൂപ മണ്ഡരിക്ക് മരുന്നു തളിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് അഴിമതി നടത്തിയത്. "ശ്രീ. ഇബ്രാഹിം കുഞ്ഞിനും, ശ്രീ. ശക്തനും ലോകായുക്തയുടെ നോട്ടീസ്"-മാതൃഭൂമി പത്രത്തിലെ വാർത്തയാണ്. നിയമനത്തിലും സ്ഥലം മാറ്റത്തിലും നടത്തിയ അഴിമതി കേസിലാണ് രണ്ട് മന്ത്രിമാർക്കും നോട്ടീസ് അയയ്ക്കാൻ ലോകായുക്ത ഉത്തരവിട്ടത്. പിൻവാതിൽ നിയമനം വ്യാപകമല്ലേ? കേരളകൗമുദി പത്രത്തിലെ റിപ്പോർട്ട് കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.സി.; സി-ഡിറ്റ്,

3-00 P. M.]

LIBRARY ARCHIVES Kerala Legislative Assembly

വനിതാ വികസന കോർപ്പറേഷൻ, ബിവറേജസ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ, കെ.എസ്.എഫ്.ഇ., കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്, കെ.എ സ്.ഇ.ബി., കേരളാ വാട്ടർ അതോറിറ്റി, സെക്രട്ടേറിയറ്റ്, കെ.ടി.ഡി.എഫ്.സി., കെ.എസ്. ഐ.ഡി.സി., കിൻഫ്രാ., ടെക്സ്ഫെഡ്, കെ.എസ്.ഐ.ഇ. എന്നീ സ്ഥാപനങ്ങളിലായി 33,000 ആളുകളെയാണ് ഈ ഗവണ്മെന്റ് പിൻവാതിലിലൂടെ നിയമിച്ചത്. അതിൽ ചില കാര്യങ്ങൾ ശ്രീ. മത്തായി ചാക്കോ രാവിലെ ഇവിടെ ഉന്നയിച്ചു. ശ്രീ. മത്തായി ചാക്കോ ഉന്നയിച്ചതിൽ സെക്രട്ടേറിയറ്റിൽ രണ്ട് ആളുകളെ നിയമിച്ച ഉത്തരവിന്റെ കാര്യം മാത്രമാണ് പറഞ്ഞത്. ഈ പിൻവാതിൽ നിയമനത്തിന്റെ കാര്യങ്ങൾ അങ്ങ് നോക്കിയോ? പിൻവാതിൽ നിയമനം ലഭിക്കണമെങ്കിൽ 20,000 രൂപ മുതൽ 50,000 രൂപ വരെ കോഴ കൊടുക്കണം. ഇത് അറിയാത്തവർ ആരാണുള്ളത്? കെ.എസ്.ആർ.ടി.സി. യിൽ 4,500 കണ്ടക്ടർമാരുടെ ലിസ്റ്റുണ്ടാക്കിയെങ്കിലും ഇതുവരെ ലിസ്റ്റ് പരസ്യപ്പെടുത്തി യിട്ടില്ല. അതിൽ 457 കണ്ടക്ടർമാരെ നിയമിച്ചു. 250-ഓളംപേർ മന്ത്രിയുടെ മണ്ഡല ത്തിലുള്ളവരും അവരുടെ ബന്ധുക്കളുമാണ്. 11 ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാ ണത്തിനു വേണ്ടിയെന്നു പറഞ്ഞ് കെ.എസ്.ആർ.ടി.സി.-യിൽ ഇല്ലാത്ത തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ 17 ആളുകളെ നിയമിച്ചു. കാട്ടാക്കട, പേരൂർക്കട, അട്ടക്കുളങ്ങര, ഈഞ്ചക്കൽ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കും എന്നാണ് പറയുന്നത്, മറ്റ് ജില്ലകളിലും ഉണ്ട്. അങ്ങനെയാണ് 11. അതിൽ ഒരിടത്തും ഷോപ്പിംഗ് കോംപ്ലക്സിനുള്ള സ്ഥലംപോലും കണ്ടെത്തിയിട്ടില്ല. അപ്പോഴേക്കും എ.ഇ.-മാരെ നിയമിക്കുന്നു, ഓവർസിയർമാരെ നിയമിക്കുന്നു. ഇത്തരത്തിൽ പിൻവാതിൽ നിയമനം വ്യാപകമായി ഈ ഗവൺമെന്റ് നടത്തുകയാണ്. സ്ഥലംമാറ്റ ത്തിന്റെ കാര്യത്തിൽ മന്ത്രി ഇടപെടാൻ പാടില്ല എന്ന് വ്യക്തമായിട്ടുള്ള കോടതി വിധി വന്നു. 1993-ൽ Mohan Nair vs. State of Kerala എന്ന കേസിൽ വ്യക്തമായിട്ടുള്ള വിധിയുണ്ട്. ആ വിധിപോലും മറികടക്കുകയാണ്. എന്നിട്ട് എന്താണ് ചെയ്യുന്നത്? നമ്മെ അമ്പരപ്പിക്കുന്ന കാര്യങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതെല്ലാം മന്ത്രിയുടെ കൈപ്പടയിൽ ഒപ്പിട്ടു കൊടുക്കുകയാണ്. അങ്ങനെ ഒരവിവേകം കാണിക്കാതെ പ്രൈവറ്റ് സെക്രട്ടറിയെ കൊണ്ടോ ഫോൺ ചെയ്തുപറഞ്ഞോ ചെയ്യിക്കണ്ടേ? എത്രയെത്ര കടലാസുകളുണ്ട്, ആ കടലാസുകളിൽ വേറെയൊന്നുമില്ല. പേരുകൾ മാത്രം. എന്നിട്ട് എഴുതി വച്ചിരിക്കുകയാണ്, Please see the list and examine. Do the needful. നേരെ എഴുതിയിരിക്കുകയാണ് ട്രാൻസ്ഫർ ഇപ്പോഴുള്ള സ്ഥലം, പോസ്റ്റ് ചെയ്യേണ്ട സ്ഥലം അങ്ങനെ എത്ര ലിസ്റ്റുകൾ. ഇത് അവിടെ ഇഷ്ടംപോലെ കിട്ടും, കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസിൽ ഇഷ്ടംപോലെ കിടക്കുകയാണ്. ലീഗൽ അഡ്വൈസ് മറികടന്നുകൊണ്ട്, കെ.എസ്.ആർ.ടി.സി.യുടെ ലീഗൽ അഡ്വൈസർ ശ്രീ. സജീവ് കുമാർ കെ. ഗോപാലിന്റെ ഉപദേശവും അദ്ദേഹം 2-11-2004-ൽ കൊടുത്ത റിപ്പോർട്ടും മറികടന്നുകൊണ്ടാണ് 22 ലക്ഷം രൂപ ഒരു കരാറുകാരന് കൊടുക്കുന്നത്. കൊടുക്കാൻ പാടില്ല എന്നുള്ള കോടതിയുടെ നിർദ്ദേശമുണ്ട്. എന്നിട്ടും കൊടുക്കുകയാണ്. ഇങ്ങനെയുള്ള ഒരു ഗവൺമെന്റ് അവതരിപ്പിക്കുന്ന ഒരു ബജറ്റിനെ എങ്ങനെ യായിരിക്കും നാട്ടുകാർ എടുക്കുക? മലയാള മനോരമ പത്രം കഴിഞ്ഞ ദിവസം പ്രധാനപ്പെട്ട ഒരു വാർത്ത പ്രസിദ്ധീകരിച്ചു, ഞാൻ ആ വാർത്ത മാത്രം വായിക്കാം. "വിധി നിർണ്ണായകമായ 73 സെക്കന്റ്', അഴിമതി കേസിൽ പ്രതിയായ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സാക്ഷികളെ ഭീഷണിപ്പെടുത്തിയ ടെലിഫോൺ സംഭാഷണത്തിന്റെ ശബ്ദരേഖ മലയാള മനോരമ ഓൺ ലൈനിൽ, മന്ത്രിയുടെ രാജിയിലേക്ക് നയിച്ച മൊഴിമാറ്റ കഥ കേൽക്കാൻ സന്ദർശിക്കുക www.manorama.com." ആ മന്ത്രിയെ ഇപ്പോൾ കാണുന്നില്ല. സാക്ഷികളെ ഭീഷണിപ്പെടുത്തുന്ന ഒരു മന്ത്രി, എന്താണ് നാട്ടിൽ നടക്കുന്നത്? ഇത്തരത്തിൽ ഈ ഗവൺമെന്റിലെ മന്ത്രിമാരും മുൻ മന്ത്രിമാരും ഉൾപ്പെടെ അഴിമതി നടത്തി ഖജനാവ് ധൂർത്തടിച്ചതല്ലാതെ കേരളത്തിന് അരുവുതേഞ്ഞ ഒരു നയാപൈസയുടെ നേട്ടവും ഉണ്ടായിട്ടില്ല. ലോട്ടറി ലോബിയും പോലീസും ഒത്തുകളിച്ച് 300 കേസുകളാണ് പിൻവലിച്ചത്. ഞാൻ അങ്ങേക്ക് ഒരു ലോട്ടറി ടിക്കറ്റ് കൊണ്ടുവന്നുതന്നു, അങ്ങ് സീരിയസ്സായിട്ട് എടുത്തോ എന്നറിയില്ല. ഒരേ സീരിയൽ നമ്പരാണ്. അത്തരത്തിലുള്ളവരുടെ പേരിലുള്ള കേസുകളും പിൻവലിക്കുകയാണ്. പാലക്കാട് മാത്രം 130 കോടി രൂപയുടെ അനധികൃത ലോട്ടറി പിടിച്ചെടുത്ത കേസ് പിൻവലിക്കാൻ ഈ ഗവൺമെന്റ് ഉത്തരവ് നൽകി. ഇത് ആർക്കുവേണ്ടിയാണ്? ഇതിന്റെ ഫലമായി മന്ത്രിക്ക് കമ്മീഷൻ കിട്ടുന്നുണ്ടാകും. പക്ഷേ നമ്മുടെ ഖജനാവിലേക്ക് വരേണ്ടുന്ന കോടികൾ നഷ്ടമാകുകയാണ്. ഞെട്ടിപ്പിക്കുന്ന മറ്റൊരു വാർത്ത! "ആളുകൾ കയറിയാൽ ബോട്ട് മുങ്ങിപ്പോകും. മൂന്നരക്കോടി രൂപ വെള്ളത്തിലായി"-മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്. ജലഗതാഗത വകുപ്പിൽ മൂന്നരക്കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച 10 ഫൈബർ ബോട്ടുകൾ ഉപയോഗശൂന്യമായി കായലിൽ കിടക്കുന്നു. മൂന്നരക്കോടി രൂപ സർക്കാരിന്റെ ഖജനാവിൽ നിന്ന് പോയി. നമ്മളെയെല്ലാം ഞെട്ടിച്ച മറ്റൊരുവാർത്ത ശ്രീ. രമേശ് ചെന്നിത്തല ഹിമാലയ ഗ്രൂപ്പിൽ നിന്ന് 10 കോടി രൂപ വാങ്ങിയതിന് കോടതിയിൽ തെളിവുണ്ട് എന്ന് ശ്രീ. ഹക്കിം പറഞ്ഞിരിക്കുകയാണ്. ഡി.സി.സി. അംഗമാണ് അഡ്വക്കേറ്റ് വി. എ. ഹക്കിം. ഹിമാലയ ഗ്രൂപ്പിൽ നിന്ന് 10 കോടി രൂപ കൈക്കൂലി വാങ്ങിയതായി ആരോപണം ഉയർത്തുക മാത്രമല്ല കോടതിയിൽ തെളിവ് ഹാജരാക്കുകയാണ്. കെ.പി.സി.സി. അദ്ധ്യക്ഷന് കർണ്ണാടകത്തിൽ 200 ഏക്കർ തോട്ടം, തിരുവനന്തപുരത്ത് കൊട്ടാരം പോലെ ഒരു വീട് . . . . . .

മി. സ്പീക്കർ: പ്ലീസ്, അങ്ങ് മുൻകൂട്ടി എഴുതിത്തരാതെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. പത്രവാർത്ത വായിക്കാൻ വേണ്ടിമാത്രം ഒരു പ്രസംഗം ആകരുത്. ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട് എങ്കിൽ അത് എഴുതിത്തരണം. മന്ത്രിമാർക്ക് മറുപടി പറയാനുള്ള അവസരം കൂടി കൊടുക്കണം. . . . . .
. . . . . (.....ബഹളം.....)

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഞാൻ അങ്ങയുടെ റൂളിംഗ് പൂർണ്ണമായി അംഗീകരിക്കുന്നു. ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്, ലൈവ് ടെലികാസ്റ്റ് വരുന്നതുകൊണ്ട് സഭയിൽ നടക്കുന്ന ഇതുപോലുള്ള ദുരാരോപണം വച്ചുകൊണ്ടുള്ള ആക്ഷേപരൂപത്തിലുള്ള പരാമർശം പബ്ലിഷ് ചെയ്യരുത് എന്ന് അങ്ങ് വിലക്കിയാലും ഇത് പിൻവലിക്കണമെന്ന് അങ്ങ് ആജ്ഞാപിച്ചാലും പിൻവലിക്കുന്ന സാഹചര്യമുണ്ടായാലും ലോകം മുഴുവൻ അറിയുകയാണ്. അതുകൊണ്ട് ഇതുപോലുള്ള പരാമർശങ്ങൾ ഒരു കാരണവശാലും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകരുതെന്നും മേലിൽ ഇതുപോലുള്ള സാഹചര്യം ഉണ്ടാകാതിരിക്കാനുള്ള താക്കീതുകൂടി അങ്ങ് കൊടുക്കണമെന്നും അപേക്ഷിക്കുന്നു. അതോടൊപ്പം ഇത് രേഖയിൽ നിന്ന് നീക്കം ചെയ്യാൻകൂടി അങ്ങ് റൂളിംഗ് കൊടുക്കണം.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് പറയുന്നതിനു മുമ്പ് ഞാൻ പറയുന്നതു കൂടി ഒന്ന് കേൾക്കണം. ശ്രീ. പിണറായിയെ പണറായി എന്നുപറഞ്ഞു കൊണ്ട് അവിടെയുള്ള ശ്രീ. സി. പി. മുഹമ്മദ് ഘോരഘോരം പ്രസംഗിക്കുമ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി എവിടെപ്പോയി..? ശ്രീ. പിണറായി വിജയൻ ലക്ഷങ്ങൾ അടിച്ചുമാറ്റിയെന്ന് ശ്രീ. പി. ടി. തോമസ് പറയുമ്പോൾ എവിടെപ്പോയി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ധാർമ്മികരോഷം? കർണ്ണാടകത്തിൽ വീട്, ഡൽഹിയിൽ വീട്, തിരുവനന്തപുരത്ത് വീട്, കർണ്ണാടകത്തിൽ 200 ഏക്കർ ഉണ്ട്, ഹരിയാനയിൽ 100 കോടി രൂപയുടെ ബിനാമി സമ്പാദ്യം എന്നിങ്ങനെ പോകുന്നു. ഒരു ട്യൂട്ടോറിയൽ വാദ്ധ്യാർക്ക് ഇത്രയും കൂടുതൽ പൈസ എങ്ങനെയാണ് സമ്പാദിക്കാൻ കഴിയുന്നത്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. റൂൾ 307. സർ ഈ നിയമസഭയിൽ തന്നെ ബഹുമാനപ്പെട്ട ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരിക്കുന്ന കാലത്ത് അന്നത്തെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയും മുൻ സ്പീക്കറും ആയിരുന്ന വ്യക്തിക്കെതിരായി, അതുപോലെ ഐ.ജി. ആയിരുന്ന ഡോ. അലക്സാണ്ടർക്കും എതിരായി സൺഡേ മാസികയിൽ വന്ന ഒരു ലേഖനം അഴിമതിയായി ഈ സഭയിൽ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ഉന്നയിച്ചു. ഇത്തരത്തിൽ സഭയിൽ ഇല്ലാത്ത ഇതുപോലുള്ള പ്രമുഖ വ്യക്തികളെക്കുറിച്ച് ആരോപണം പറയാൻ പാടില്ല എന്നും അത് expunge ചെയ്തുകൊണ്ടും അന്നത്തെ സ്പീക്കർ റൂളിംഗ് നൽകി. അന്നത്തെ റൂളിംഗ് അങ്ങ് പരിശോധിക്കണം. ശ്രീ. രമേശ് ചെന്നിത്തല കെ.പി.സി.സി. പ്രസിഡന്റാണ്. .....(ബഹളം).....

മി. സ്പീക്കർ: Please..... Please... take your seat..... Please... നിയമസഭാ നടപടികളെ സംബന്ധിച്ചിടത്തോളം പ്രസംഗിക്കുന്നവർക്ക് എന്തും പറയാമെന്നുള്ള നിലപാട് വരുന്നത് ശരിയല്ല. .....(ബഹളം).....please..... please....അവനവന് ശരിയെന്നു തോന്നുന്ന ഉത്തമബോദ്ധ്യമുള്ള കാര്യങ്ങൾ മുൻകൂട്ടി നോട്ടീസ് തന്ന് അത് പരാമർശിക്കപ്പെടുന്ന ആളുകൾക്ക് മറുപടി പറയാൻ സൗകര്യം കിട്ടത്തക്കവണ്ണം ഉന്നയിക്കുന്നതിൽ യാതൊരു തെറ്റുമില്ല. നമ്മുടെ രാജ്യത്ത് വളരെയേറെ പത്രങ്ങളുണ്ട്. പത്രങ്ങളിൽ നിരവധി തരത്തിലുള്ള റിപ്പോർട്ടുകൾ വരും. അതെല്ലാം വായിച്ച് ഇവിടെ പരസ്പരം ചെളിവാരിയെറിയുന്ന ഒരു രംഗം ഉണ്ടാക്കുന്നത് ശരിയല്ല. അതൊരു ജനാധിപത്യ പ്രക്രിയക്ക് നല്ലതല്ല. ആരോഗ്യകരമായ ഒരു കീഴ്വഴക്കമല്ല. അങ്ങോട്ടും ഇങ്ങോട്ടും പറയാൻ തുടങ്ങിയാൽ ഇത് നിയമസഭയുടെ അന്തസ്സിനെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് Please.... Please....ശ്രീ. ദേവകുമാർ നിങ്ങൾക്ക് എന്തുപറയാനും പറ്റും, പക്ഷേ സ്പീക്കർ റൂളിംഗ് തരുമ്പോൾ അനുസരിക്കാൻ തയ്യാറാകണം. ഇതിനെ സംബന്ധിച്ച് അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗ് ഉണ്ട്. ഞാൻ അത് വായിക്കാം. "28-6-1990-ൽ ശൂന്യവേളയിൽ ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

എതിരെയും സഭയ്ക്ക് പുറത്തുള്ളവർക്കെതിരെയും വ്യക്തമായ തെളിവുകൾ ഇല്ലാതെ ആരോപണങ്ങൾ ഉന്നയിക്കുന്നതിന്റെ ഔചിത്യത്തെ ഒരു ഭരണകക്ഷിഅംഗം ക്രമപ്രശ്നം വഴി ചോദ്യം ചെയ്തു. ധനാഭ്യർത്ഥനകൾ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു പ്രതിപക്ഷ അംഗം ഉന്നയിച്ച അഴിമതിയാരോപണവും ഇതുസംബന്ധിച്ച് വ്യക്തിപരമായ വിശദീകരണം നടത്തവേ മറ്റൊരു പ്രതിപക്ഷ അംഗം നടത്തിയ പരാമർശങ്ങളുമാണ് ക്രമപ്രശ്നത്തിന് ആധാരം." അന്ന് ബഹുമാനപ്പെട്ട സ്പീക്കർ താഴെ കാണിക്കുന്ന റൂളിംഗ് ആണ് നൽകിയത്.

"നമ്മുടെ പാർലമെന്ററി നടപടി ക്രമമനുസരിച്ച് ഒരംഗത്തിന് ഉത്തമവിശ്വാസമുള്ള കാര്യങ്ങളെ സംബന്ധിച്ച് തെളിവുകളോടുകൂടി നിയമസഭയിൽ ആരോപണം ഉന്നയിക്കുവാനുള്ള അവകാശമുണ്ട്. അത് ഇവിടെ ആരും നിഷേധിക്കുകയില്ല. അതാണ് Rule 285-ലെ വ്യവസ്ഥ. എന്നാൽ ഇങ്ങനെയൊരു ആരോപണം ഉന്നയിക്കുമ്പോൾ അതിന് ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒരാളെക്കുറിച്ച് ഒരു ആരോപണമുന്നയിച്ചാൽ സാമാന്യ നീതിയനുസരിച്ച് ആരോപണ വിധേയനായ ആളിന് മറുപടി പറയാനുള്ള സന്ദർഭമുണ്ടാകണം. അതാണ് നമ്മുടെ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും പൊതു നിയമങ്ങളിലുമുള്ള അടിസ്ഥാന പ്രമാണം..... അതേസമയത്ത് തന്നെ ശ്രീ. എ.പി. കുര്യനെ സംബന്ധിച്ച് ഇങ്ങനെയൊരു ആരോപണം അദ്ദേഹം സഭയിൽ ഇല്ലാത്ത സ്ഥിതിക്ക് ഉന്നയിച്ചു. പത്ര റിപ്പോർട്ടുകളുടെ മാത്രം അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല....." മുഴുവൻ വായിക്കുന്നില്ല. ആരോപണങ്ങൾ ഉന്നയിക്കാനുള്ള കുറുക്കുവഴിയായി പത്രറിപ്പോർട്ടുകൾ വായിക്കുന്നത് ശരിയല്ല. അവനവന് ബോദ്ധ്യമുള്ള ഏതെങ്കിലും ആരോപണങ്ങൾ നോട്ടീസ് തന്ന് ഉന്നയിക്കാൻ അംഗങ്ങൾക്ക് അധികാരമുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ വ്യവസ്ഥാപിതമായ വിധത്തിൽ നിയമസഭാചട്ടം 285 അനുസരിച്ച് ഇതിനുമുമ്പും അഴിമതിയാരോപണം ഉന്നയിച്ചിട്ടുള്ള ആളാണ്. ഞാൻ ആരോപണം ഉന്നയിക്കുന്നത് വസ്തുതകളുടെ പിൻബലത്തിലാണ്. എനിക്ക് ആരേയും ഭയപ്പെടേണ്ട കാര്യമില്ല. പക്ഷേ ഈ നാട്ടിലെ മാധ്യമങ്ങൾ വഴി പുറത്തുവന്ന സത്യം ബഹുമാനപ്പെട്ട കെ.പി.സി.സി. അംഗങ്ങളായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ശ്രീ. ആര്യാടൻമുഹമ്മദിന്റെയും ശ്രീ. വക്കം പുരുഷോത്തമന്റെയും ശ്രദ്ധയിൽപ്പെടുത്തേണ്ടത് എന്നേപ്പോലുള്ള ജനപ്രതിനിധികളുടെ കടമയായതുകൊണ്ട് ഞാനിതു ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഞാൻ ആരോപണം ഉന്നയിക്കുകയല്ല. എനിക്ക് ആരോപണം ഉന്നയിക്കാനുള്ള കാര്യമുണ്ട്, എനിക്കത് അറിയുകയും ചെയ്യാം.. റൂൾ 285-ഉം അറിയാം. ഇതിനുമുമ്പ് അത് ചെയ്തിട്ടുണ്ട്. പക്ഷേ ശ്രീ. പിണറായി വിജയനെപ്പറ്റി പറയുമ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചായ കുടിക്കാൻ പോയത് ശരിയായില്ല. സർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ചാർജ് ചെയ്ത 100 അഴിമതി കേസുകൾ പിൻവലിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ Please.... Please.... Shri Prathapan,..... Please..... Please..... ശ്രീ. സാജുപോൾ ഇരിക്കൂ, ശ്രീ. ജയരാജൻ പ്രസംഗിക്കൂ, ...(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: കേരളത്തിൽ ഒരു സർക്കാരും അഴിമതി കേസുകൾ ഇതുവരെ പിൻവലിച്ചിട്ടില്ല. ഇതിന്റെ ലക്ഷ്യം കമ്മിഷനാണ്. മുഖ്യമന്ത്രിയാണ് ഇതിന്റെയെല്ലാം പിന്നിലെ സൂത്രധാരൻ. സുപ്രീംകോടതി വിധിപോലും ഇവിടെ ലംഘിക്കുകയാണ്. Rahul Agarwal v Rakesh Jain and Anr. എന്ന കേസിൽ Justice K. G. Balakrishnan and B.N.Srikrishna എന്നിവരുടെ ഒരു ജഡ്ജ്മെന്റുണ്ട്. Withdrawal of prosecution, when can be allowed—Held—it must be permitted only when valid reasons are made out of for the same—can be allowed only in the interest of justice—whether the withdrawal of prosecution would advance the cause of justice, discretion under Section 321 should not be exercised to stifle the prosecution. സെക്ഷൻ 321 അനുസരിച്ച് ഒരു കേസ് പിൻവലിക്കുമ്പോൾ പബ്ലിക് ഇന്ററസ്റ്റും ജസ്റ്റിസിന്റെ ഇന്ററസ്റ്റും നോക്കണം. ഇതു രണ്ടും നോക്കിയിട്ടാണോ വിജിലൻസ് കേസ് പിൻവലിക്കുന്നത്? ഞാൻ ഓരോന്നോരോന്നായി പറയാം. സംസ്കൃത സർവകലാശാലയ്ക്ക് വേണ്ടി മുൻചീഫ് സെക്രട്ടറി ശ്രീ. ആർ. രാമചന്ദ്രൻ നായർ നടത്തിയ ഭൂമി ഇടപാട് സംബന്ധിച്ച കേസ് C.C. No.21/2000 (KKD) എൽ.ഡി.എഫ്. എടുത്തതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നോട്ട് ചെയ്യുന്നുണ്ടല്ലോ. C.C. No. 49/2000 (KKD), C.C No.31/2005 (Thrissur) ഈ മൂന്നു കേസുകൾ ഇപ്പോൾ പിൻവലിക്കാൻ ഉത്തരവിറക്കി. ഒരു കേസിൽ ശിക്ഷിക്കപ്പെട്ട ആളാണ് മുൻ ചീഫ് സെക്രട്ടറിയായ ശ്രീ. ആർ. രാമചന്ദ്രൻ നായർ, എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണറായിരുന്ന ശ്രീ. ജഗനാഥപിള്ളയുടെ പേരിൽ വിജിലൻസിൽ trapped കേസാണ് എടുത്തത്. 40,000 ഉറുപ്പിക കൈക്കൂലി കോടുത്തപ്പോൾ തൊണ്ടിസഹിതം പിടിച്ചതാണ്. മാർക്ക് ചെയ്ത നോട്ട് കൈക്കൂലി കൊടുക്കുമ്പോൾ തൊണ്ടി സഹിതം പിടിച്ചതാണ്. മറ്റൊരു കേസ് പോലെയല്ല. ഈ കേസിന്റെ നമ്പർ വി.സി. 1/2003 ആണ്. ഏതിലും എഴുതുകയാണ് കേസ് പിൻവലിക്കാൻ. പബ്ലിക് ഇന്ററസ്റ്റിന്റെ പേരിൽ കേസ് പിൻവലിച്ചിരിക്കുന്നു. സർക്കാരിന് 500 കോടി രൂപയുടെ നഷ്ടം വരുത്തിയ പി.ഡബ്ല്യു.ഡി. കരാറുണ്ട്. സംസ്ഥാന ഹൈവേയിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അഴിമതി കേസ് ഉണ്ട്. ആ കേസും (വി.സി.9/2004-05) പിൻവലിച്ചിരിക്കുന്നു. ക്യാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനിൽ തോട്ടണ്ടി വാങ്ങിയ വകയിൽ 43 ലക്ഷം രൂപ സർക്കാരിന് നഷ്ടമുണ്ടായി. ആ കേസ് (വി.സി. 1/1994) നേരത്തേ എടുത്തതാണ്. ആ കേസ് ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ പിൻവലിച്ചു. ലൂസിയ ഹോട്ടൽ ഉടമയുടെ പേരിലുള്ള സ്പിരിറ്റ് കേസും പിൻവലിച്ചു. ഇത്തരത്തിൽ നൂറോളം അഴിമതി കേസുകൾ പിൻവലിച്ചിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഗവണ്മെന്റും ഇങ്ങനെ ചെയ്യാറില്ല. ചിലപ്പോൾ, ക്രിമിനൽ കേസുകൾ, പൊളിറ്റിക്കൽ കേസുകൾ, കമ്മ്യൂണൽ കേസുകൾ തുടങ്ങിയവയിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഡിസ്ക്ഷനിലൂടെ അത് പിൻവലിക്കാറുണ്ട്. വിജിലൻസ് കേസുകൾ ഒരു ഗവൺമെന്റും കേരളത്തിന്റെ ചരിത്രത്തിൽ പിൻവലിച്ചിട്ടില്ല. എന്നാൽ വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുള്ള ഉത്തരവുകളാണ് ഇവിടെ കാണുന്നത്. ഇത് എന്തൊരു ഗവണ്മെന്റാണ്? ഇതിലെല്ലാമായി കേസുകൾ പിൻവലിക്കുന്നതിന് വിഹിതം കൊടുക്കണം. ഇലക്ഷൻ ഫണ്ട് പത്ത് കോടി രൂപ സമാഹരിക്കുന്നതിനുവേണ്ടിയാണ്.

അഴിമതിക്ക് കൂട്ടുനിൽക്കാത്ത ഉദ്യോഗസ്ഥനെ (ശ്രീ. ഈപ്പൻ വർഗ്ഗീസ്) ചീഫ് ടൗൺ പ്ലാനർ തസ്തികയിൽനിന്നും ഇപ്പോൾ സ്ഥലം മാറ്റി. എന്നിട്ട് ആ തസ്തികയിൽ അഴിമതിക്കാരനായ ശ്രീ. എസ്. രാജാറാമിനെ നിയമിച്ചു. അദ്ദേഹത്തിന്റെ പേരിൽ മൂന്ന് വിജിലൻസ് കേസുകളാണ് നിലവിലുള്ളത്. ഡി.പി.സി.-യുടെ മുമ്പാകെ വിജിലൻസ് ഡിപ്പാർട്ടുമെന്റ് സമർപ്പിച്ച കുറിപ്പാണ് ഇത് (ഒരു കുറിപ്പ് ഉയർത്തി കാട്ടി). എന്താണ് അതിൽ പറയുന്നത് The Administrative Department may be informed that Sri S. Rajaram is the prime accused in two vigilance Case Nos. 9/97 (ALP) and 9/03 (ALP). ..... The investigation of V.C. 9/03 (ALP) is in the ..... The Department may be requested to appoint Sri. S. Rajaram, in a non-sensitive post. എന്നിട്ട് മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി..... This is approved by the Chief Minister എന്ന് എഴുതി. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും തമ്മിലുള്ള വ്യത്യാസം അതാണ്. ശ്രീ. എസ്. രാജാറാമിനെ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ചിരിക്കുന്നു. എന്താണ് ഇതിൽ പറഞ്ഞത്? The Department may be requested to appoint Sri. S. Rajaram in a non-sensitive post. ചീഫ് ടൗൺ പ്ലാനറെന്ന് പറയുന്നത് കറവപ്പശുവാണ്. ഇപ്പോൾ ഇലക്ഷൻ ഫണ്ട് അഞ്ച് കോടി രൂപ സമാഹരിക്കാൻ അയാൾക്കൊരു കാട്ട കൊടുത്തിരിക്കുകയാണ്. എങ്ങനെയുണ്ട് സ്ഥിതി? 15 കോടി രൂപ ഇലക്ഷൻ ഫണ്ടിലായി. സി. ആന്റ് എ. ജി.-യെ ഞങ്ങൾ ബഹുമാനിക്കുന്നു. ഓഡിറ്റ് പാരഗ്രാഫിനെ ഞങ്ങൾ ഗൗരവമായി കാണുന്നു അവരുടെ റിപ്പോർട്ട് നിയമസഭയിൽ ചർച്ച ചെയ്യണം. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതും ഇന്നലെ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുമൊക്കെ നോക്കുമ്പോൾ പ്രാഥമികമായി ധാരണയില്ലാത്തവരാണ് ഞങ്ങളെന്നുള്ള കരുതൽ വേണ്ട. സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ട് ചർച്ച ചെയ്യാനുള്ള സാഹചര്യം വരും. ആ ചർച്ചയെ ഞങ്ങൾ എതിർക്കുന്നില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നാല് സി. ആന്റ് എ. ജി. റിപ്പോർട്ടുകൾ ഇവിടെ വന്നിട്ടുണ്ട്. ഞാൻ അത് ഓരോന്നോരോന്നായി എടുത്തുനോക്കി. സാഹസികമായ ഒരു ജോലി തന്നെയായിരുന്നു. ഇത് മുഴുവൻ നോക്കിയപ്പോൾ 4563.34 കോടി രൂപയുടെ അഴിമതിയും ക്രമക്കേടും യു. ഡി. എഫ്.-ന്റെ കാലത്ത് നടത്തിയിട്ടുണ്ടെന്നാണ് കാണാൻ കഴിഞ്ഞത്. ബ്രഹ്മപുരം 400 കോടി രൂപയായിരുന്നു. പ്രതി ശ്രീ. സി. വി. പത്മരാജൻ. കുറ്റ്യാടിയെക്കുറിച്ച് ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ പറഞ്ഞതുണ്ട്. നമ്പ്യാർ കമ്മീഷൻ റിപ്പോർട്ട് എല്ലാപേർക്കും അറിയാം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് നന്നായിട്ടറിയാം. ശ്രീ. സി. വി. പത്മരാജൻ കുറ്റക്കാരനെന്ന് ഇതിൽ പറയുന്നുണ്ട്. ശ്രീ. സി. വി. പത്മരാജൻ ഇപ്പോൾ എവിടെയുണ്ട്? ക്യാബിനറ്റ് പദവിയിലാണ്. സി. ആന്റ് എ. ജി. മാത്രമല്ല, ജുഡൂഷ്യൽ ഓഫീസറും കുറ്റക്കാരനെന്ന് കണ്ടെത്തിയ കേസിൽ ക്യാബിനറ്റ് റാങ്കിൽ കേരളത്തിൽ വിലസുകയാണ്. എന്നിട്ട് വേശ്യ ചാരിത്ര്യോപസംഗം നടത്തുന്നതുപോലെ നിയമസഭയിൽ വന്ന് പറയുകയാണ്. കമ്മ്യൂണിസ്റ്റുകാർ ആരും ഭയപ്പെടുന്നവരല്ല. നിങ്ങൾ ഞങ്ങളുടെ മെക്കിട്ടു കയറിയിട്ട് കാര്യമില്ല. നിങ്ങളുടെ കുറച്ച് എം.പി.-മാർ ചോദ്യം ചോദിക്കാൻ കൈക്കൂലി വാങ്ങിയ കേസുണ്ടല്ലോ? അവരെല്ലാം ശ്രീ. വക്കം പുരുഷോത്തമന്റെ പാർട്ടിക്കാരല്ലേ? അവരിൽ ഏതെങ്കിലും കമ്മ്യൂണിസ്റ്റുകാരുണ്ടോ? നാണമുണ്ടോ നിങ്ങളുടെ നാഷണൽ പാർട്ടിക്ക്? കോൺഗ്രസ് പാർട്ടി? ശ്രീ. പി. ടി. തോമസ്

LIBRARY ARCHIVES Kerala Legislative Assembly

എവിടെപ്പോയി? ശ്രീ. പി.ടി. തോമസിന് അറിയില്ല ശ്രീ. പിണറായി വിജയനെ. കമ്മ്യൂണിസ്റ്റുകാർ നാട്ടിനുവേണ്ടി ജീവൻ കൊടുക്കും. കുറ്റ്യാടി വിപുലീകരണ പദ്ധതിയിൽ 204 കോടി രൂപയുടെ അഴിമതി നടത്തി. പ്രതി ആരാണ്? ശ്രീ. എ. കെ. ആന്റണി, ശ്രീ. സി. വി. പത്മരാജൻ, ശ്രീ. ജി. കാർത്തികേയൻ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ 40 കോടി രൂപയുടെ ക്രമക്കേടിലെ പ്രതി ആരാണ്? ഡോ. എം. എ. കുട്ടപ്പൻ. നേര്യമംഗലം വൈദ്യുത നിലയം വിപുലീകരണ പദ്ധതിയിൽ എൽ.ഡി.എഫ്. സർക്കാർ എം.ഒ.യു. റൂട്ടിലൂടെ കരാർ കൊടുക്കാൻ പാടില്ലെന്ന് വിലക്കിയിട്ടും 2003-ൽ കരാർ കൊടുത്തു. ശ്രീ. കടവൂർ ശിവദാസൻ കള്ളന് ചൂട്ടുപിടിക്കുകയാണ്. എന്നിട്ട് ഇവിടെ വന്ന് വേശ്യയുടെ ചാരിത്ര്യ പ്രസംഗം നടത്തുകയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ വാങ്ങിക്കൂട്ടിയതിൽ രണ്ടുകോടി പത്ത് ലക്ഷം രൂപയുടെ അഴിമതി നടത്തി. പ്രതി ശ്രീ. കടവൂർ ശിവദാസൻ. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപാടിൽ 106 കോടി രൂപയുടെ അഴിമതി. പ്രതിയാരാണ്? ശ്രീ. ജി. കാർത്തികേയനോ ശ്രീ. അടൂർ പ്രകാശോ? അതൊന്നു പറഞ്ഞുതരണം.

ശ്രീ. കെ. ബാബു: ഇവിടെ ശ്രീ. എം.വി. ജയരാജൻ ഉന്നയിക്കുന്ന ആരോപണങ്ങളെല്ലാംതന്നെ ഈ ഗവണ്മെന്റിനെതിരായി അവിശ്വാസ പ്രമേയം ഉന്നയിച്ച സമയത്ത് ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ അതിന് മറുപടി പറയുകയും ചെയ്തതാണ്. വീണ്ടും അത് ഇവിടെ ഉന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. എം. വി. ജയരാജൻ: എസ്.എൻ.സി. ലാവ്‌ലിൻ പ്രശ്നവും ഇതുപോലെ ഇവിടെ ചർച്ച നടത്തിയിട്ടുണ്ട്. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലെ മാത്രം കാര്യമാണ്. 4500 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടം വരുത്തിയ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കൊള്ളരുതായ്മയെക്കുറിച്ച് ഞാൻ പറയുന്നില്ലെങ്കിൽ പിന്നെ എന്നെ ഇങ്ങോട്ടയച്ച ജനങ്ങളോട് ഞാൻ എന്ത് പറയും? അതുകൊണ്ട് നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇടതുപക്ഷ പ്രസ്ഥാനത്തേയും വിശിഷ്യാ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) യെയും അതിന്റെ തലപ്പത്തിരിക്കുന്ന നേതാക്കളെയും വഴിയിൽ വച്ച ചെണ്ടയെപ്പോലെ കൊട്ടാനുള്ളതല്ല. കൊട്ടാൻ നോക്കിയാൽ തിരിച്ചങ്ങ് കൊടുക്കും. അത് മനസ്സിലാക്കണം. അതുകൊണ്ട് ഞങ്ങൾക്ക് നല്ലതുപോലെ അറിയാം. ഞങ്ങൾ ആരേയും ഭയപ്പെടുന്നില്ല. ഏത് അന്വേഷണവും നടത്തിക്കോളൂ. വിജിലൻസ് അന്വേഷണവും ആവാം. നെഞ്ചത്ത് കൈവച്ച് ശ്രീ. ആര്യാടൻ മുഹമ്മദിന് പറയാൻ പറ്റുമോ? ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച് സി. ആന്റ് എ. ജി. ഹൈക്കോടതിയിൽ കൊടുത്ത റിപ്പോർട്ട് ഇവിടെയുണ്ട്. എന്നിട്ട് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് സർക്കാർ പറഞ്ഞു. ആ സർക്കാരിൽ ശ്രീ. ആര്യാടൻ മുഹമ്മദ് നിൽക്കുന്നു എങ്കിൽ, കൂട്ട് ഉത്തരവാദിത്വമുള്ള ഈ മന്ത്രിസഭയിലെ അംഗം ആണെങ്കിൽ ശ്രീ. പി. ടി. തോമസിനോട് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞുകൊടുക്കണം. ശ്രീ. എ. കെ. ആന്റണി 18-1-2002-ൽ അയച്ച കത്തിൽ കനേഡിയൻ ഹൈക്കമ്മീഷനോട് പറഞ്ഞിട്ടുണ്ട്. The State Government look forward to continue support from the Canadian Government in developing this hospital Malabar Cancer Centre..... അതിന്

LIBRARY ARCHIVES Kerala Legislative Assembly

സഹായം വാങ്ങിയെടുക്കുന്നതിന് ശ്രീ. കടവൂർ ശിവദാസൻ മലബാർ എന്ന ഒറ്റക്കാര ണത്താൽ ജനങ്ങളെ വഞ്ചിച്ചു. ആ ജനങ്ങൾ ശ്രീ. കടവൂർ ശിവദാസന് ശിക്ഷ കൊടുക്കും. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ശ്രീ. എം. വി. ജയരാജൻ ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് കുറച്ചെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയും. എന്നാൽ അതിനിടയിൽ എന്നെപ്പറ്റി 15 കോടി രൂപയ്ക്ക് പുതിയ തായി കുറെ വസ്തുക്കൾ വാങ്ങി എന്നുപറഞ്ഞു. നാളെ പറയേണ്ടതാണ്. ഇന്ന് പറഞ്ഞാൽ അത് നാളത്തെ പത്രത്തിൽ വരും. ഇതിന്റെ മറ്റൊരു വശവും കൂടി പത്രത്തിൽ വന്നോട്ടെ. അദ്ദേഹം പറഞ്ഞ പത്രത്തിൽ പറഞ്ഞിരിക്കുന്നത്, വെഞ്ഞാറമൂട് ഗോകുലം മെഡിക്കൽ കോളേജിന് അടുത്ത് 50 ഏക്കർ സ്ഥലം മക്കളുടെ പേരിൽ വാങ്ങിച്ചിട്ടുണ്ടെന്നാണ്. ഞാൻ ഇത് അവരോട് ചോദിച്ചു. അവർ അതുവഴി നടന്നിട്ടുപോലുമില്ല. അതുകൊണ്ട് അങ്ങനെ വല്ല വസ്തുവും ഉണ്ടെങ്കിൽ അതിന്റെ രേഖ കൊണ്ടുതന്നാൽ ശ്രീ. എം., വി. ജയരാജന് എഴുതി കൊടുക്കാം. അതല്ല പത്രം ആണ് രേഖ കൊണ്ടുവരുന്നതെങ്കിൽ ആ 50 ഏക്കർ ആ പത്രത്തിന് എഴുതിക്കൊടുക്കാം. മാത്രമല്ല 14 അംബാസഡർ കാർ 14 ഡി.സി.സി.-അംഗങ്ങൾക്ക് 56 ലക്ഷം രൂപയ്ക്ക് വാങ്ങിച്ചു കൊടുത്തു എന്നുപറഞ്ഞു. അവർ ആരെങ്കിലും ശബ്ദിച്ചാൽ വാങ്ങിയത് തിരിച്ച് എടുക്കണം എന്നുള്ളതുകൊണ്ട് 14 കാറും എന്റെ പേരിലാണ് വാങ്ങിച്ചിരിക്കു ന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ നമ്പർ ഇങ്ങ് കൊണ്ടുവന്നാൽ പറയുന്ന ആളിന് എഴുതിക്കൊടുക്കാം. എന്റെ പേരിലാണല്ലോ? എനിക്ക് എഴുതിക്കൊടുക്കാം. ഇത്തരം കാര്യങ്ങളെക്കുറിച്ച് അടിസ്ഥാനരഹിതമായി പയുന്നത് ശരിയല്ല, ബാക്കിയുള്ളത് നാളെ പറയാം. ഇത് എഴുതി തന്നതൊന്നുമല്ല. എനിക്ക് ഇത് പറയാൻ അവസരം കിട്ടിയല്ലോ. ഞാനൊരു ഡി.സി.സി. അംഗങ്ങൾക്കും കാറ് വാങ്ങിച്ചു കൊടുത്തിട്ടില്ല. ഡി.സി.സി അംഗങ്ങൾക്കൊക്കെ മുമ്പേ കാറ് ഉള്ളതുതന്നെയാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly